2021 മെയ്
10
തിങ്കൾ
1196 മേടം 27

മെട്രൊ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | മുംബൈ www.metrovaartha.com 12 പേജ് ₹ 7.00 KOZHIKODE

സത്യം, സത്യമായിട്ടും സത്യം..!
ലോക്ക് ഡൗണിനെ തുടർന്ന് പരിശോധനകൾ ശക്തമാക്കിയ പൊലീസിനു മുന്നിൽ സത്യവാങ്മൂലം കാണിക്കുകയാണ് ഈ സ്കൂട്ടർ യാത്രികർ. അനാവശ്യ യാത്രകൾ നടത്തുന്നവരെ ആദ്യം താക്കീത് നൽകി തിരിച്ചയയ്ക്കുകയായിരുന്നെങ്കിലും ഇപ്പോൾ വാഹനം പിടിച്ചെടുക്കുന്നതടക്കമുള്ള കർശന നടപടികൾ കൈക്കൊള്ളുന്നു. തിരുവനന്തപുരം നഗരത്തിലെ വാഹന പരിശോധനയിൽ നിന്ന്.
കെ.ബി. ജയചന്ദ്രൻ

ഡിആർഡിഒ മരുന്ന് ഒരു മാസത്തിനകം; ഓക്സിജൻ ആശ്രിതത്വത്തിനും പരിഹാരം

പ്രതീക്ഷ പകർന്ന് 2ഡിജി പ്രോജക്റ്റ് ഡയറക്റ്റർ ഡോ. സുധീർ ചന്ദന

ന്യൂഡൽഹി: കൊവിഡ് 19നെതിരേ വികസിപ്പിച്ച മരുന്ന് ഒരു മാസത്തിനുള്ളിൽ ആശുപത്രിയിലെത്തുമെന്നും രാജ്യത്ത് രോഗികളുടെ ഓക്സിജൻ ആശ്രിതത്വത്തിന് ഇതോടെ കുറവുണ്ടാകുമെന്നും ഡിആർഡിഒ. മരുന്നിന്റെ അസംസ്കൃത വസ്തുക്കൾക്ക് ക്ഷാമമില്ലെന്നും ഉത്പാദനത്തിൽ പ്രതിസന്ധിയുണ്ടാവില്ലെന്നാണു കരുതുന്നതെന്നും ഡിആർഡിഒ അറിയിച്ചു.

കൊവിഡിനെതിരേ ഡിആർഡിഒ വികസിപ്പിച്ച മരുന്ന് 2ഡിഓക്സിഡിഗ്ലൂക്കോസിന്റെ (2ഡിജി) പ്രോജക്റ്റ് ഡയറക്റ്റർ ഡോ. സുധീർ ചന്ദനയുടേതാണു മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിക്കിടെ പ്രതീക്ഷ പകരുന്ന സന്ദേശം.

ഡിആർഡിഒയ്ക്കു കീഴിലെ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ന്യൂക്ലിയർ മെഡിസിൻ ആൻഡ് അലൈഡ് സയൻസസും (ഇൻമാസ്) ഹൈദരാബാദിലെ ഡോ. റെഡ്ഡീസ് ലബോറട്ടറീസും ചേർന്നു വികസിപ്പിച്ച 2 ഡിജി എന്ന മരുന്നിന്റെ അടിയന്തര ഉപയോഗത്തിന് ഡ്രഗ്സ് കൺട്രോളർ ജനറൽ ഒഫ് ഇന്ത്യ കഴിഞ്ഞ ദിവസം അനുമതി നൽകിയിരുന്നു. ഗ്ലൂക്കോസിന്റെ മറ്റൊരു വകഭേദമാണു മരുന്ന്. ഗ്ലൂക്കോസ് പോലെ വെള്ളത്തിൽ അലിയിച്ച് കഴിക്കാനുമാകും. മരുന്നിൽ അടങ്ങിയിരിക്കുന്ന തന്മാത്രകൾ വേഗം രോഗമുക്തി നൽകുകയും കൃത്രിമ ഓക്സിജനോടുള്ള ആശ്രിതത്വം കുറയ്ക്കുകയും ചെയ്യുമെന്നാണു കണ്ടെത്തിയത്.

ആശുപത്രികളിലെ സാധാരണ പരിചരണത്തിനൊപ്പം 2ഡിജി നൽകുന്നത് വേഗത്തിലുള്ള രോഗമുക്തിക്കും ഓക്സിജൻ ആശ്രിതത്വം കുറയ്ക്കാനും സഹായിക്കുമെന്നാണു കണ്ടെത്തിയിട്ടുള്ളതെന്നു ഡോ. സുധീർ ചന്ദന.

ഡോ. സുധീർ ചന്ദന

ഗ്ലൂക്കോസിന്റെ വകഭേദമായതിനാൽ പാർശ്വഫലങ്ങളില്ല. ഗ്ലൂക്കോസ് പോലെ ഇതു വളരെ വേഗം ശരീരത്തിൽ വ്യാപിക്കുകയാണ് ചെയ്യുന്നത്. വൈറസ് ബാധിച്ച കോശങ്ങളിലെത്തുന്ന മരുന്ന് വൈറസിന്റെ വളർച്ചയെയും പെരുകാനുള്ള ശേഷിയെയും വൈറസ് പ്രോട്ടീനുകളിലെ ഊർജോത്പാദനത്തെയും തടയുന്നു. ശ്വാസകോശത്തിലെ അണുബാധയും 2ഡിജിക്ക് പ്രതിരോധിക്കാനാകുന്നുണ്ട്. അതുകൊണ്ടാണ് ഓക്സിജൻ ആശ്രിതത്വം കുറയ്ക്കാനാകുന്നത്. ഒരു മാസത്തിനുള്ളിൽ മരുന്ന് രോഗികൾക്ക് ലഭ്യമാക്കുമെന്നും ഡോ. സുധീർ ചന്ദന.

മാധ്യമപ്രവർത്തകൻ വിപിൻ ചന്ദ് കൊവിഡ് ബാധിച്ചു മരിച്ചു

കൊച്ചി: മാതൃഭൂമി ന്യൂസ് സീനിയർ ചീഫ് റിപ്പോർട്ടർ വിപിൻ ചന്ദ് (42) അന്തരിച്ചു. കൊവിഡ് ബാധിതനായ ശേഷം എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

പറവൂർ ആലങ്ങാട് കൊടുവഴങ്ങ പാലപ്പുറത്ത് ചന്ദ്രന്റെ മകനാണ്. ഇന്നലെ പുലർച്ചയോടെയായിരുന്നു അന്ത്യം. ന്യൂമോണിയയും ബാധിച്ചതിനെ തുടർന്ന് രണ്ടാഴ്ചയിലേറെയായി വിപിൻ ചികിത്സയിൽ കഴിയുകയായിരുന്നു.

2005ൽ ഇന്ത്യാവിഷനിലൂടെ മാധ്യമപ്രവർത്തനത്തിന് തുടക്കം കുറിച്ച വിപിൻ ചന്ദ് 2012ൽ മാതൃഭൂമി ന്യൂസ് പ്രവർത്തനം ആരംഭിച്ചത് മുതൽ അതിനൊപ്പമായിരുന്നു. ഭാര്യ: ശ്രീദേവി. മകൻ: മഹേശ്വർ. വിപിന്റെ അകാല നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കേന്ദ്രമന്ത്രി വി. മുരളീധരൻ എന്നിവരടക്കമുള്ള പ്രമുഖർ അനുശോചിച്ചു.

പാസ് തേടി 1.75 ലക്ഷം; പറ്റില്ലെന്ന് പൊലീസ്

81,797 പേർക്ക് അനുമതി നിഷേധിച്ചു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ലോക്ഡൗൺ കാലത്ത് പൊതുജനങ്ങൾക്ക് അടിയന്തരഘട്ടങ്ങളിൽ യാത്ര ചെയ്യാനുള്ള പാസ് അനുവദിക്കുന്ന പൊലീസിന്റെ ഓൺലൈൻ സംവിധാനത്തിൽ അപേക്ഷകരുടെ വൻ തിരക്ക്. ഇന്നലെ വൈകിട്ട് ഏഴു വരെയുള്ള കണക്കനുസരിച്ച് 1,75,125 പേരാണ് ഇ പാസിനായി അപേക്ഷിച്ചത്. ഇതിൽ 15,761 പേർക്ക് യാത്രാനുമതി നൽകി. 81,797 പേർക്ക് അനുമതി നിഷേധിച്ചു. 77,567 അപേക്ഷകൾ പരിഗണനയിലാണ്. അപേക്ഷകൾ തീർപ്പാക്കാൻ 24 മണിക്കൂറും സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരെ ഡിജിപി നിയോഗിച്ചു.

ഞായറാഴ്ചയായ ഇന്നലെ യാത്ര ചെയ്യുന്നതിന് മാത്രം ഒരു ലക്ഷത്തോളം അപേക്ഷകൾ ലഭിച്ചുവെന്നാണ് കണക്ക്. തിരക്ക് വർധിച്ചതോടെ ഇ പാസ് വെബ് സൈറ്റ് പ്രവർത്തനരഹിതമായി.

www.pass.bsafe.kerala.gov.in

വെബ്സൈറ്റ് വഴി അടുത്ത ദിവസത്തേക്ക് അപേക്ഷിക്കേണ്ട പലർക്കും പാസ് ലഭിച്ചില്ല. അപേക്ഷ നൽകിയവരിലേറെയും പാസ് സേവനം ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളവരെന്ന് സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് ചെയ്തതോടെ, ഇന്നലെ യാത്രക്കൊരുങ്ങിയ 25,000 പേരുടെ പാസിനുള്ള അപേക്ഷ പൊലീസ് തള്ളി.

ശനിയാഴ്ച രാത്രി മാത്രം നാൽപതിനായിരത്തിനു മുകളിലായിരുന്നു അപേക്ഷകർ. ഒരേ സമയം അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർധിച്ചതോടെയാണ് സെർവർ പണിമുടക്കിയത്. ഇന്നലെ ഉച്ചയോടെ തകരാർ പരിഹരിച്ചു. ജില്ലകൾ കടന്ന് ബന്ധുവീടുകൾ സന്ദർശിക്കുന്നതിനു വരെ പാസ് ആവശ്യപ്പെട്ട് അപേക്ഷകരെത്തിയതോടെയാണ് സ്പെഷ്യൽ ബ്രാഞ്ച് വിശദ പരിശോധന നടത്തിയത്. തുടർന്ന് അനാവശ്യമെന്നു ബോധ്യമായ അപേക്ഷകർക്കു പാസ് നിരസിക്കുകയായിരുന്നു.

അനാവശ്യ യാത്രകൾക്കുള്ള അപേക്ഷകൾ ക്രമാതീതമായി വർധിച്ചാൽ, അത്യാവശ്യക്കാർക്കു പാസ് നൽകാൻ കാലതാമസമുണ്ടാകുമെന്നു പൊലീസ് അധികൃതർ വ്യക്തമാക്കി.

ഇ പാസ് അത്യാവശ്യ യാത്രയ്ക്ക്: ഡിജിപി

തിരുവനന്തപുരം: വളരെ അത്യാവശ്യഘട്ടങ്ങളിൽ യാത്ര ചെയ്യുന്നതിന് മാത്രമേ പൊലീസിന്റെ ഓൺലൈൻ ഇ-പാസിന് അപേക്ഷിക്കാവൂവെന്ന് സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ. അപേക്ഷിക്കുന്ന എല്ലാവർക്കും പാസ് നൽകാനാവില്ലെന്നും കൂടുതൽ പരിശോധന ആവശ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലോക്ഡൗൺ നിയന്ത്രണങ്ങളും പരിശോധനകളും ഇന്ന് മുതൽ കൂടുതൽ ശക്തിപ്പെടുത്തും.

- അവശ്യവിഭാഗത്തിൽപ്പെട്ടവർക്ക് സാധുതയുള്ള തിരിച്ചറിയൽ കാർഡുണ്ടെങ്കിൽ വേറെ പാസിന്റെ ആവശ്യമില്ല.
- വീട്ടുജോലിക്കാർ, ഹോം നേഴ്സ് എന്നിവർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്കു വേണ്ടി തൊഴിലുടമയ്ക്ക് പാസിന് അപേക്ഷിക്കാം.
- മരുന്ന്, ഭക്ഷ്യവസ്തുക്കൾ വാങ്ങൽ മുതലായ വളരെ അത്യാവശ്യ കാര്യങ്ങൾക്ക് സത്യവാങ്മൂലം മതി. എന്നാൽ ഈ സൗകര്യം ദുരുപയോഗം ചെയ്താൽ കർശന നടപടി സ്വീകരിക്കും.

25,000ത്തിൽ അധികം പൊലീസ് ഉദ്യോഗസ്ഥരുടെ സേവനം നിലവിലുണ്ട്. ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്കു ജോലിഭാരം കുറയ്ക്കാൻ ഇന്നു മുതൽ കൂടുതൽ പൊലീസിനെ വിന്യസിക്കും- ഡിജിപി പറഞ്ഞു.

35,801 പേർക്ക് കൊവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 35,801 പേർക്ക് കൊവിഡ്-19 സ്ഥിരീകരിച്ചു. 24 മണിക്കൂറിനിടെ 1,23,980 സാംപിളുകൾ പരിശോധിച്ചതിൽ 28.88 ആണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 68 മരണങ്ങളാണ് കൊവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 5,814 ആയി.

എറണാകുളം 4767, തിരുവനന്തപുരം 4240, മലപ്പുറം 3850, കോഴിക്കോട് 3805, തൃശൂർ 3753, പാലക്കാട് 2881, കൊല്ലം 2390, കോട്ടയം 2324, കണ്ണൂർ 2297, ആലപ്പുഴ 2088, ഇടുക്കി 1046, പത്തനംതിട്ട 939, കാസർഗോഡ് 766, വയനാട് 655 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗബാധ സ്ഥിരീകരിച്ചത്.

രോഗം സ്ഥിരീകരിച്ചവരിൽ 316 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 32,627 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 2,743 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 115 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 29,318 പേരുടെ പരിശോധനാഫലം ഇന്നലെ നെഗറ്റീവ് ആയി. 4,23,514 പേരാണ് നിലവിൽ ചികിത്സയിലുള്ളത്.

പിഎം കിസാൻ സമ്മാൻ: 2000 രൂപ ഇന്ന് വിതരണം ചെയ്തേക്കും

ന്യൂഡൽഹി: ചെറുകിട, നാമമാത്ര കർഷകർക്കു പ്രധാനമന്ത്രിയുടെ കിസാൻ സമ്മാൻ നിധിക്കു കീഴിൽ കേന്ദ്ര സർക്കാർ നൽകുന്ന സഹായധനത്തിന്റെ എട്ടാം ഗഡു ഇന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്തിയേക്കും. 11 കോടി കർഷകർക്ക് ഏപ്രിൽ- ജൂലൈ മാസത്തിലെ ഗഡുവായി 2000 രൂപയാണു ലഭിക്കുക. 2019ലാണ് ചെറുകിട കർഷകർക്ക് വർഷം മൂന്നു ഗഡുക്കളായി 6000 രൂപ നേരിട്ട് അക്കൗണ്ടിലേക്കു നൽകുന്ന പദ്ധതി നരേന്ദ്ര മോദി സർക്കാർ പ്രഖ്യാപിച്ചത്. ഏപ്രിൽ- ജൂലൈ, ഓഗസ്റ്റ്- നവംബർ, ഡിസംബർ- മാർച്ച് മാസങ്ങളിലായാണു പണം അനുവദിക്കുക. ഏപ്രിൽ ആദ്യം എത്തേണ്ടിയിരുന്ന ഗഡുവാണ് ഇപ്പോൾ നൽകുന്നത്.

സ്വർണം

ഗ്രാം	- 4,460
പവൻ	- 35,680

മെട്രൊ മാധം

എണ്ണക്കമ്പനികളുടെ കൊള്ളയ്ക്ക് കേന്ദ്ര സർക്കാർ ഒത്താശ നൽകുന്നു: മുല്ലപ്പള്ളി.

കമ്പനികളോടും വേണ്ടേ ഒരു 'കമ്പനി'...?

www.facebook.com/metrovaarthaofficial

ആശ്വസിക്കാം; ചൈനീസ് റോക്കറ്റ് പതിച്ചത് ഇന്ത്യൻ സമുദ്രത്തിൽ

- റോക്കറ്റ് വീണത് മാലദ്വീപിനു വടക്കുകിഴക്ക് ഇന്നലെ രാവിലെ ഒമ്പതു മണിയോടെ
- റോക്കറ്റ് വിക്ഷേപണത്തിൽ ചൈന ഉത്തരവാദിത്വം കാണിക്കണമന്നു നാസ

ബീജിങ്: ലോകജനതയെ പരിഭ്രാന്തിയിലാക്കിയ ചൈനീസ് റോക്കറ്റ് മാലദ്വീപിനു സമീപം ഇന്ത്യൻ മഹാസമുദ്രത്തിൽ പതിച്ചു. ഇന്നലെ രാവിലെ ഒമ്പതു മണിയോടെയാണു ലോങ്മാർച്ച് 5 ബി എന്ന റോക്കറ്റിന്റെ 18 ടൺ ഭാരമുള്ള അവശിഷ്ടം മാലദ്വീപിനു വടക്കുകിഴക്കായി കടലിൽ പതിച്ചത്. ഇതോടെ, ഓസ്ട്രേലിയ മുതൽ അമെരിക്ക വരെയുള്ള രാജ്യങ്ങളിൽ നിലനിന്ന ആശങ്കയ്ക്ക് വിരാമം. എന്നാൽ, ബഹിരാകാശ വിക്ഷേപണങ്ങളിലെ സുരക്ഷാ നിലവാരങ്ങൾ പാലിക്കുന്നതിൽ ചൈന ഉത്തരവാദിത്വം കാണിക്കണമെന്നു യുഎസ് ബഹിരാകാശ ഏജൻസി നാസ ആവശ്യപ്പെട്ടു.

കഴിഞ്ഞ 29നാണ് ഭൂമിയുടെ ഭ്രമണപഥത്തിൽ നിർമിക്കുന്ന തങ്ങളുടെ പുതിയ ബഹിരാകാശ നിലയത്തിന്റെ ആദ്യ മൊഡ്യൂളുമായി ലോങ്മാർച്ച് 5ബി വിക്ഷേപിച്ചത്. വ്യത്യസ്ത ഘട്ടങ്ങളായി കുതിക്കുന്ന റോക്കറ്റിന് പക്ഷേ, തിരിച്ചുള്ള യാത്രയിൽ നിയന്ത്രണം നഷ്ടമാകുകയായിരുന്നു.

2020ൽ ലോങ്മാർച്ച് റോക്കറ്റ് പശ്ചിമാഫ്രിക്കൻ രാജ്യമായ ഐവറി കോസ്റ്റിലെ ജനവാസ കേന്ദ്രത്തിലാണ് വീണത്. ആളുകളെ ഒഴിപ്പിച്ചതിനാൽ ജീവൻ രക്ഷിക്കാനായെങ്കിലും നിരവധി വീടുകൾ തകർന്നിരുന്നു. 1979ൽ യുഎസിന്റെ സ്കൈലാബ് വീണതിനുശേഷമുള്ള ആദ്യ റോക്കറ്റ് വീഴ്ചയായിരുന്നു ഇത്. റോക്കറ്റിന്റെ മടക്കയാത്രയിൽ അന്തരീക്ഷത്തിലേക്കു കയറുമ്പോൾ നിയന്ത്രണം ഉറപ്പിക്കുന്ന സാങ്കേതിക വിദ്യയിലെ പാളിച്ചയാണ് ചൈനയുടെ റോക്കറ്റുകൾ പതിവായി ഭൂമിക്കു ഭീഷണിയുയർത്താൻ കാരണമെന്നു ബഹിരാകാശ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

എന്നാൽ, റോക്കറ്റിന്റെ നിയന്ത്രണം പൂർണമായി നഷ്ടമായിരുന്നില്ലെന്നും സഞ്ചാരഗതി കൃത്യമായി നിരീക്ഷിക്കാനായെന്നുമാണു ചൈനയുടെ വാദം.

കൊവിഡ് പ്രതിരോധം: കേരളത്തിന് 241 കോടി കേന്ദ്ര സഹായം

അനുവദിച്ചത് ത്രിതല പഞ്ചായത്തുകൾക്കുള്ള ഗ്രാന്റ്

ന്യൂഡൽഹി: കൊവിഡ് പ്രതിരോധത്തിനായി കേരളം ഉൾപ്പെടെ 25 സംസ്ഥാനങ്ങളിലെ ത്രിതല പഞ്ചായത്തുകൾക്കുള്ള ഗ്രാന്റ് കേന്ദ്ര സർക്കാർ മുൻകൂറായി അനുവദിച്ചു. ആകെ 8923.8 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ 240.6 കോടി രൂപ കേരളത്തിന് ലഭിക്കും. കൊവിഡ് വ്യാപനം രൂക്ഷമായതു പരിഗണിച്ചാണു മുൻകൂർ പണം അനുവദിച്ചത്.

രാജ്യത്ത് കൊവിഡ് വ്യാപനം ഏറ്റവും രൂക്ഷമായ 20 ജില്ലകളിൽ ആറും കേരളത്തിലാണ്. കോഴിക്കോട്, എറണാകുളം, മലപ്പുറം, തൃശൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിലാണ് വൈറസ് വ്യാപന തീവ്രത രൂക്ഷം. സംസ്ഥാനത്തെ 13 ജില്ലകളിലും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 20 ശതമാനത്തിന് മുകളിലാണ്.

നടപ്പു സാമ്പത്തിക വർഷത്തെ യുനൈറ്റഡ് ഗ്രാന്റ് വിഭാഗത്തിൽ ആദ്യ ഗഡുവാണ് ഇപ്പോൾ അനുവദിച്ചത്. കൊവിഡ് പ്രതിരോധ മേഖലയിൽ ഇതു ചെലവഴിക്കാം. പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരം ജൂണിലാണ് ആദ്യ ഗഡു നൽകേണ്ടത്. എന്നാൽ, കൊവിഡ് സാഹചര്യം പരിഗണിച്ച് ഈ തുക നേരത്തേ നൽകണമെന്ന പഞ്ചായത്തിരാജ് മന്ത്രാലയത്തിന്റെ ആവശ്യം ധനമന്ത്രാലയം അംഗീകരിക്കുകയായിരുന്നു. പണമനുവദിക്കുന്നതിനു ധനകാര്യ കമ്മിഷൻ നിർദേശിച്ച ഉപാധികളിലും പ്രത്യേക സാഹചര്യം പരിഗണിച്ച് ഇളവു നൽകിയിട്ടുണ്ട് ധനമന്ത്രാലയം.

വിജനമായ തേക്കിൻകാട് മൈതാനം സ്വരാജ് റൗണ്ടിലെ റോഡുകൾ. മേഘാവൃതമായ ആകാശം. ഒരു ലോക്ഡൗൺ നഗര കാഴ്ച. -കെ.കെ. നജീബ്

എംഎൽഎ അറിയാൻ....

വടക്കാഞ്ചേരി

1. നിയോജക മണ്ഡലത്തിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകണം.
2. തൃശൂർ ഗവ. മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കണം. രോഗികളും കൂട്ടിരിപ്പുകാരും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണം.
3. ഓട്ടുപാറ ജില്ലാ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് നിർമിക്കുന്നതിനും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.
4. സ്വാശ്രയ കുടിവെള്ള സംഘങ്ങൾ രൂപീകരിച്ച് മൈക്രോ കുടിവെള്ള പദ്ധതികൾ (വടക്കാഞ്ചേരി മോഡൽ) തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മണ്ഡലത്തിലാകെ ആരംഭിക്കണം.
5. സ്വാഭാവിക ശുദ്ധജലസ്രോതസുകളുടെ (പഞ്ചായത്ത് കിണറുകൾ) വീണ്ടെടുപ്പിനും സംരക്ഷണത്തിനും പ്രാമുഖ്യം നൽകണം.

രോഗിനിരക്കു കൂടുന്നു, ജാഗ്രതയോടെ തൃശൂർ

സ്വന്തംലേഖകൻ

തൃശൂർ: ജില്ലയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുത്തനെ ഉയരുന്നതിൽ ആശങ്ക. ഇന്നലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 31.34% ആണ്. ജില്ലയിൽ ഇതുവരെയുള്ള ഉയർന്ന കണക്കാണിത്. സംസ്ഥാനത്ത് ഇന്നലെ ശരാശരി നിരക്ക് 28.88 ആണ്. അതീവ ജാഗ്രത വേണ്ട ദിവസങ്ങളാണു വരാനിരിക്കുന്നതെന്ന് ആരോഗ്യപ്രവർത്തകരുടെ നിർദേശം. വ്യാപനത്തോതിൽ സംസ്ഥാനത്ത് അഞ്ചാം സ്ഥാനത്താണ് ജില്ല.

ജില്ലയിൽ ഇന്നലെ 3753 പേർക്ക് കൂടി കൊവിഡ്-19 സ്ഥിരീകരിച്ചു. 1929 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിത രായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 49,958 ആണ്. തൃശൂർ സ്വദേശികളായ 98 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ജില്ലയിൽ ഇതുവരെ കൊവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം 1,81,232 ആണ്. 1,30359 പേരെയാണ് ആകെ രോഗമുക്തരായി ഡിസ്ചാർജ്ജ് ചെയ്തത്.

ജില്ലയിൽ ഇന്നലെ സമ്പർക്കം വഴി 3730 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്ന് എത്തിയ 05 പേർക്കും, 12 ആരോഗ്യ പ്രവർത്തകർക്കും, ഉറവിടം അറിയാത്ത 06 പേർക്കും രോഗബാധ ഉണ്ടായിട്ടുണ്ട്. രോഗ ബാധിതരിൽ 60 വയസിനുമുകളിൽ 259 പുരുഷൻമാരും 311 സ്ത്രീകളും പത്ത് വയസിനു താഴെ 124 ആൺകുട്ടികളും 99 പെൺകുട്ടികളുമുണ്ട്. രോഗ സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവർ - 1. തൃശൂർ ഗവ. മെഡിക്കൽ കോളെജിൽ - 563 2. വിവിധ കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ- 1122, 3. സർക്കാർ ആശുപത്രികളിൽ - 341, 4. സ്വകാര്യ ആശുപത്രികളിൽ - 916. കൂടാതെ 43263 പേർ വീടുകളിലും ചികിത്സയിൽ കഴിയുന്നുണ്ട്. 4244 പേർ പുതിയതായി ചികിത്സയിൽ പ്രവേശിച്ചതിൽ 475 പേർ ആശുപത്രിയിലും 3769 പേർ വീടുകളിലുമാണ്.

11,974 സാമ്പിളുകളാണ് പരിശോധനയ്ക്ക് എടുത്തത്. ഇതിൽ 6002 പേർക്ക് ആന്റിജൻ പരിശോധനയും, 5533 പേർക്ക് ആർടി-പിസിആർ പരിശോധനയും, 439 പേർക്ക് ട്രൂനാറ്റ്/സിബിനാറ്റ് പരിശോധനയുമാണ് നടത്തിയത്. ജില്ലയിൽ ഇതുവരെ ആകെ 1509067 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്.

തെരുവിൽ കഴിയുന്നവർക്ക് കുന്നംകുളം നഗരസഭ കൗൺസിലർമാർ ഭക്ഷണ പൊതി കൈമാറുന്നു.

തെരുവിലുള്ളവർക്ക് അന്നം മുടങ്ങിയില്ല

കുന്നംകുളം: ലോക്ഡൗൺ കാലത്ത് തെരുവോരങ്ങളിൽ ഭക്ഷണവുമില്ലാതെ കഴിയുന്നവരെ അന്നമൂട്ടി കുന്നംകുളം നഗരസഭ. തെരുവുകളിൽ കഴിയുന്നവരുടെ കാര്യത്തിൽ കരുതൽ വേണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. തുടർന്നാണ് വൈകുന്നേരം നടന്ന പ്രതിദിന കൊവിഡ് വിലയിരുത്തൽ മീറ്റിംഗിൽ നഗരസഭ ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. അതിനെ തുടർന്ന് ഇന്നലെ മുതൽ കുന്നംകുളം പട്ടണത്തിൽ കടത്തിണ്ണകളിൽ കഴിയുന്ന അതിഥിതൊഴിലാളികളുൾപ്പെടെയുള്ളവർക്ക് ഭക്ഷണം നൽകാൻ ആരംഭിച്ചു.

യേശുദാസ് റോഡിൽ വ്യാപാരഭവന് സമീപം കഴിയുന്ന ഇരുപതോളം പേർക്ക് ഇതിന്റെ ഭാഗമായി നഗരസഭ സുഭിക്ഷ ഹോട്ടൽ വഴി ഭക്ഷണവിതരണം ചെയ്തു. വിതരണത്തിനായി ആർ.ആർ.ടി അംഗങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ പി.എം.സുരേഷ്, ടി.സോമശേഖരൻ തുടങ്ങിയവർ ഭക്ഷണ വിതരണത്തിന് നേതൃത്വം നൽകി. കൗൺസിലർമാരായ എ എസ്. സുജീഷ് , വി.കെ.സുനിൽകുമാർ , എ.വി. വിനോദ് തുടങ്ങിയവർ പങ്കെടുത്തു.

കൊടുങ്ങല്ലൂർ: ലോക് ഡൗണിന്റെ ഭാഗമായി നഗരത്തിൽ ഭക്ഷണം കിട്ടാതെ നിർദ്ധനരായവർക്ക് കൊടുങ്ങല്ലൂർ സിപിഐ മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ ഭക്ഷണം വിതരണം ചെയ്തു. വിതരണം നഗരസഭ ചെയർമാൻ ഷിനിജ ടീച്ചറുടെ നേതൃത്വത്തിൽ പുല്ലൂറ്റ് കടലായ മേഖലയിൽ ഉദ്ഘാടനം ചെയ്തു. ഉച്ചക്കും വൈകിട്ടും മണ്ഡലം സെക്രട്ടറി പി.പി സുഭാഷിന്റെ നേതൃത്വത്തിൽ പൊതിച്ചോറും വിതരണം ചെയ്തു. എം.ജി രാജൻ, ബിജോയ് കളത്തേരി, ബാബു ആകാശ് അക്ഷയ് ശ്യാം, വിവേക് മഹേഷ് നേതൃത്വം നല്കി.

ഇരിങ്ങാലക്കുട: ലോക്ഡൗൺ മൂലം ഭക്ഷണം ലഭിക്കാത്തവർക്കും, വഴിയോരത്തു, കടത്തിണ്ണകളിലും ജീവിക്കേണ്ടി വന്ന ഹതഭാഗ്യർക്കും താങ്ങായി സേവാഭാരതി. പ്രവർത്തകരായ നിധിൻ കണ്ണോളി, ലിജു, ജോസ്, കൃപേഷ്, നിധിൻ (കുട്ടു) എന്നിവരുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട സർക്കാർ ആശുപത്രി പരിസരത്തു, മറ്റു ഭാഗങ്ങളിലും പൊതിച്ചോർ വിതരണം ചെയ്തു.

മിണാലൂർ കാവുള്ളാട്ട് നാരായണന്റെ മരണാനന്തര ചടങ്ങുകൾ ഒഴിവാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന ഭാര്യ കാർത്ത്യായനി നിയുക്ത എംഎൽഎ സേവ്യർ ചിറ്റിലപ്പിള്ളിക്കു കൈമാറുന്നു.

മരണാനന്തര ചടങ്ങുകൾ ഒഴിവാക്കി, തുക വാക്സിൻ ചലഞ്ചിലേക്ക്

വടക്കാഞ്ചേരി: വാക്സിൻ ചലഞ്ചിൽ പങ്കെടുക്കാൻ മരണാനന്തര ചടങ്ങുകൾ ഒഴിവാക്കി കുടുംബം മാതൃകയായി. മിണാലൂർ കാവുള്ളാട്ട് നാരായണൻ മുളങ്കു ന്നത്തുകാവ് ഗവ: മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ കഴിഞ്ഞ ഏപ്രിൽ 28 നു മരിച്ചിരുന്നു. കൊവിഡ് പടരുന്ന സാഹചര്യത്തിൽ മരണാനന്തര ചടങ്ങുകൾ ഒഴിവാക്കാനും വാക്സിൻ ചലഞ്ചിൽ പങ്കെടുക്കാനും കുടുംബം തീരുമാനമെടുത്തു. ചടങ്ങുകൾക്കായി കരുതിവച്ചിരുന്ന 5000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കൈമാറാനും തീരുമാനിച്ചു. കുടുംബാംഗങ്ങളുടെ ആഗ്രഹ പ്രകാരം നിയുക്ത എംഎൽഎ സേവ്യർ ചിറ്റിലപ്പിള്ളി വീട്ടിൽ എന്നി നാരായണന്റെ ഭാര്യ കാർത്ത്യായനിയിൽ നിന്നും തുക ഏറ്റു വാങ്ങി. സിപിഎം ഏരിയാ കമ്മിറ്റി അംഗം പി മോഹൻദാസ്, വടക്കാഞ്ചേരി നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ എം.ആർ അനൂപ് കിഷോർ, കൗൺസിലർ കെ. ശ്രീകുമാർ, കെ.ആർ ഉണ്ണികൃഷ്ണൻ എന്നിവരും നാരായണന്റെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

ദുരിതാശ്വാസ നിധിയിലേക്ക് സംഭവാന നൽകി വരനും വധുവും

ചാലക്കുടി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭവാന നൽകുവാൻ വരനും വധുവും കൊരട്ടി സ്റ്റേഷനിലെത്തി. കൊവിഡ് പ്രോട്ടോക്കോൾ പ്രകാരം വിവാഹം നടത്തിയ ശേഷം വരന്റെ വീട്ടിലേക്ക് പോകുന്നതിനിടയിലാണ് വരനും വധവും കൊരട്ടി സ്റ്റേഷനിലെത്തി എസ്എച്ച്ഒ ബി.കെ.അരുണിന് തുക കൈമാറിയത്. കൊരട്ടി കാതിക്കുടം ചേരിയേക്കര വീട്ടിൽ വിജയൻ ലളിത ദമ്പതികളുടെ മകൻ വിജിലും, മുന്നൂർപ്പിള്ളി കളത്തിൽ ചന്ദ്രന്റേയും, വിജയയുടേയും മകളായ നിമിഷയും തമ്മിലുള്ള വിവാഹം മുന്നൂർപ്പിള്ളി എസ്.എൻഡിപി ക്ഷേത്രത്തിൽ നടത്തിയ ശേഷം വരന്റെ വീട്ടിലേക്ക് വരുന്നതിനിടയിലാണ് വധുവിനേയും കൂട്ടി സ്റ്റേഷനിലെത്തി തുക കൈമാറിയത്. മാതൃക പ്രവർത്തനം നടത്തിയവരെ ബി.കെ. അരുൺ മുഴുവൻ പൊലീസുകാരുടേയും അഭിനന്ദനവും ആശംസയും അറിയിച്ചു.

ക്വാറന്റെനിലുള്ളവർക്ക് വൈദ്യുതിയെത്തിച്ച് നഗരസഭ

കുന്നംകുളം: കൊവിഡ് പോസറ്റീവായ രണ്ട് പേർ ക്വാറന്റൈനിൽ താമസിക്കുന്ന കാണിപ്പയ്യൂരിലെ വീട്ടിൽ ലൈൻ തകരാറ് മൂലം വൈദ്യുതി ലഭിക്കുന്നില്ലെന്ന പരാതി നഗരസഭ അധികൃതർ പരിഹരിച്ചു. നഗരസഭ കൺട്രോൾ റൂമിൽ പരാതി ലഭിച്ചതിനെ തുടർന്ന് നഗരസഭയും കുന്നംകുളം സിവിൽ ഡിഫൻസ് സേനയും കെ.എസ്.ഇ.ബിയും ചേർന്ന് സംയുക്തമായി ഇടപെട്ടാണ് വൈദ്യുതി തകരാർ ഉടനടി പരിഹരിച്ചത്. സിവിൽ ഡിഫൻസ് സേനാംഗങ്ങളായ ഇലക്ട്രീഷ്യൻ ദിലീപ്, സജി അപർണ്ണ തുടങ്ങിയവർ നേതൃത്വം നൽകി.

കിറ്റുകൾ വിതരണം ചെയ്തു

വടക്കാഞ്ചേരി: അലുമിനിയം ഫേബ്രിക്കേറ്റേഴ്സ് സമതി വടക്കാഞ്ചേരി ഏരിയ കമ്മറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. വടക്കാഞ്ചേരി നഗരസഭയിലും തെക്കുംകര, മുള്ളൂർക്കര, വള്ളത്തോൾ നഗർ, വരവൂർ, എരുമപ്പെട്ടി, ചേലക്കര, ദേശമംഗലം കൊണ്ടാഴി, വേലൂർ എന്നീ പഞ്ചായത്തുകളിലും വിതരണം ചെയ്തു. നിയുക്ത എംഎൽഎ സേവ്യർ ചിറ്റിലപ്പിള്ളി ഉദ്ഘാടനം നിർവഹിച്ചു.

പുന്നയൂർക്കുളം: അണ്ടത്തോട് സ്കിൽ ഗ്രൂപ്പ് ക്ലബ്ബിന്റെ നേതൃത്വത്തിൽ റംസാൻ-കൊവിഡ് കിറ്റ് വിതരണം നടത്തി. അണ്ടത്തോട് സെന്ററിൽ നടന്ന പരിപാടി വടക്കേക്കാട് പൊലീസ് എസ്.എച്ച്.ഒ. കെ ബാലൻ ഉദ്ഘാടനം നിർവഹിച്ചു. ക്ലബ്ബ് പ്രസിഡന്റ് അസ്ലം തെങ്ങിൽ, അബ്ദുസമദ്, ഉസ്മാൻ ആനോടിയിൽ, യൂസഫ് പാറംപുരക്കൽ, ജാഫർ ചാലിൽ, ഫിറോസ്, ഷജീർ, അസീം തുടങ്ങിയവർ നേതൃത്വം നൽകി.

പുന്നയൂർക്കുളം : പുന്നയൂർക്കുളം സേവ ചാരിറ്റബിൾ ട്രസ്റ്റും വടക്കേക്കാട് ജനമൈത്രി പൊലീസും സംയുക്തമായി അകലാട് നായാടി കോളനിയിൽ ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. കൊവിഡ് മൂലം ദുരിതത്തിൽ ആയ നായാടി കോളനി നിവാസികളുടെ നിലവിലെ വിഷമ അവസ്ഥ മനസ്സിലാക്കിയാണ് കിറ്റുകൾ വിതരണം ചെയ്തത്. വടക്കേക്കാട് സ്റ്റേഷൻ ഐ എസ് എച്ച് ഒ. കെ ബാലന്റെ നിർദ്ദേശ പ്രകാരം ആണ് ഭക്ഷണ കിറ്റുകൾ നൽകിയത്. വടക്കേക്കാട് സ്റ്റേഷനിൽ വെച്ച് എസ് ഐ ജോഷി പരിപാടിയുടെ വിതരണോത്ഘാടനം നിർവഹിച്ചു. സ്റ്റേഷൻ റൈറ്റർ ലത്തീഫ്, സേവ ഫൌണ്ടേഷൻ ട്രസ്റ്റ് അംഗങ്ങളായ സക്കരിയ , ഷാക്കിർ. സുനിൽ ചെറായി ജനമൈത്രി ബീറ്റ് ഓഫീസർമാരായ ഫിറോസ്, ദേവേഷ്, സിപി ഒ അനൂപ് തുടങ്ങിയവർ കിറ്റുകൾ നായാടി കോളനിയിലെ മുഴുവൻ വീടുകളിലേക്കും വാർഡ് മെമ്പർ ചിതു രാജേഷിന്റെയും മറ്റു ആർആർടി അംഗങ്ങളുടെ സാനിധ്യതിൽ വിതരണം ചെയ്തു. നിരവധി ജീവ കാരുണ്യ പ്രവർത്തങ്ങളിൽ ആളുകൾക്ക് ആശ്വാസകരവും മാതൃകപരവുമായ പ്രവർത്തനമാണ് കാഴ്ച്ച വെക്കുന്നതെന്ന് ഐ എസ് എച്ച് ഒ കെ ബാലൻ പറഞ്ഞു.

ചാലക്കുടി താലൂക്കാശുപത്രിയിൽ കൊവിഡ് ചികിത്സാ സൗകര്യങ്ങൾ വിപുലമാക്കി

ചാലക്കുടി താലൂക്കാശുപത്രിയിലേക്ക് അഞ്ച് ഓക്സിജൻ സിലിണ്ടർ നിയുക്ത എംഎൽഎ സനീഷ് കുമാർ കൈമാറുന്നു

ചാലക്കുടി: താലൂക്കാശുപത്രിയിൽ അടിയന്തിരമായി നാല് വെന്റിലേറ്ററുകളും കൂടുതൽ ഐസിയു ബെഡുകളും ഒരുക്കാൻ നടപടി സ്വീകരിച്ചു വരുന്നതായി നിയുക്ത എണഎൽഎ സനീഷ് കുമാർ ജോസഫ്. തെരഞ്ഞെടുക്കപ്പെട്ട ശേഷം ആദ്യമായി താലൂക്കാശുപത്രി സന്ദർശിക്കുകയും സൂപ്രണ്ട് ഡോ. എൻ.എ. ഷീജയുമായി കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ചും ആശുപത്രിയുടെ പ്രവർത്തനങ്ങളെ കുറിച്ചും ചർച്ചകൾ നടത്തി. പുതിയ ക്യാഷ്വലിറ്റി, ഒപി വിഭാഗവും ഓകിസിജൻ പ്ലാന്റും സനീഷ് കുമാർ സന്ദർശിച്ചു.

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുവാനും ആർടിപിസിആർ പരിശോധനയുടെ കാല താമസം ഒഴിവാക്കുവാൻ സ്വാകാര്യ സ്ഥാപനത്തിന്റെ സഹായത്തോടെ അടിയന്തിരിമായി താലൂക്ക് ആശുപത്രിയിൽ ആർടിപിസിആർ പരിശോധന മെഷീൻ സ്ഥാപിക്കുവാനും തീരുമാനമായി. ഓക്സിജന്റെ ലഭ്യത ഉറപ്പ് വരുത്താൻ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി അഞ്ച് ഓക്സിജൻ സിലിണ്ടറുകൾ സനീഷ് കുമാർ ജോസഫ് ആശുപത്രിക്ക് സൂപ്രണ്ടിന് കൈമാറി. പന്ത്രണ്ട് സിലിണ്ടറുകൾ മാത്രമുണ്ടായിരുന്ന ആശുപത്രിയിൽ ഇപ്പോൾ നല്ലവരായ സുമനസുകളുടേയും നഗരസഭയുടേയും സഹകരണത്തോടെ 135 സിലിണ്ടറുകളായി വർധിപ്പിക്കാൻ സാധിച്ചെങ്കിലും കഴിയുന്നതനുസരിച്ച് ഓക്സിജൻ നിറച്ചു കിട്ടുവാൻ കാല താമസം നേരിടുന്നത് പലപ്പോഴും പ്രതിസന്ധിക്ക് കാരണമാക്കുന്നത് പരിഹരിക്കുവാൻ ജില്ല കലക്റ്ററും ഡിഎംഒയുമായി ബന്ധപ്പെട്ടിടുണ്ടെന്നും പ്രശ്നത്തിന് പരിഹാരം കാണുവാൻ സത്വരന നടപടികൾ സ്വീകരിക്കാമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചതായി എംഎൽഎ പറഞ്ഞു.

കുടുതൽ ഓക്സിജൻ സിലിണ്ടറുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കൂടുതൽ ആധുനിക ചികിത്സ സൗകര്യങ്ങൾ കൊവിഡ് രോഗികൾക്ക് ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വെന്റിലേറ്റർ സൗകര്യം ആറിൽ നിന്ന് പത്തായി ഉയർത്തുന്നതാണ്. ഒരു വെന്റിലേറ്റർ സ്ഥാപ്പിക്കുവാൻ ഏകദേശം എട്ട് ലക്ഷത്തോളം രൂപയാണ് ചെലവ് വരുന്നത്. ഇതിനാവശ്യമായ തുക ചാലക്കുടിയിലെ സർവീസ് സഹകരണ ബാങ്കുകൾ നൽകാമെന്ന് സമതിച്ചിട്ടുണ്ട്. പതിനെട്ട് ഐസിയു ബെഡുകൾ അൻപതിൽ കൂടുതലാക്കുവാനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.നഗരസഭ ചെയർമാൻ വി.ഒ.പൈലപ്പൻ, സ്ഥിരം സമിതിയധ്യക്ഷൻമാരായ കെ.വി.പോൾ, അഡ്വ.ബിജു എസ്. ചിറയത്ത്, കൗൺസിലർമാരായ എബി ജോർജ്ജ്, ഷിബു വാലപ്പൻ, എം.എം. അനിൽകുമാർ തുടങ്ങിയവരും എംഎൽഎ സനീഷ് കൂമാർ ജോസഫിനൊപ്പം ആശുപത്രി സന്ദർശിച്ച് സുപ്രണ്ടുമായി പ്രവർത്തനങ്ങൾ വിലയിരുത്തി.

ചാരായവുമായി ഒരാൾ പിടിയിൽ

ചാലക്കുടി: ആഡംബര കാറിൽ വിൽപ്പനക്കായി കൊണ്ടു പോയിരുന്ന ഇരുപത് ലിറ്റർ വാറ്റ് ചാരയം കൊരട്ടി പൊലീസ് പിടികൂടി. എടക്കുന്ന് സ്വദേശി ജോൺ പോൾ (33)ആണ് പിടിയിലായത്. എടക്കുന്നിലെ വീട്ടിൽ നിന്ന് വിൽപ്പനക്കായി ഒരു ലിറ്ററിന്റെ കുപ്പികളിലാക്കി കാറിന്റെ പുറകിൽ കവറുകളിലാക്കി കൊണ്ടു പോകുന്നതിനിടയിലാണ് ദേശീയ പാതയിൽ വാഹന പരിശോധനക്കിടിയിൽ കൊരട്ടി പൊലീസ് പിടികൂടുകയായിരുന്നു.

അങ്കമാലി ഭാഗത്തേക്ക് ചാരായവുമായി പോകുമ്പോഴാണ് പിടിയിലാക്കുന്നത്. സംഭവത്തിൽ കൂടുതൽ പ്രതികൾക്ക് ബന്ധമുണ്ടോയെന്ന് പരിശോധിച്ച് വരികയാണെന്ന് കൊരട്ടി എസ്എച്ച്ഒ ബി.കെ അരുൺ പറഞ്ഞു. തമിഴ്നാട് മീനാക്ഷി പുരത്ത് സ്പിരിറ്റ് കേസിലും അങ്കമാലി പൊലീസ് സ്റ്റേഷൻ നിരവധി അടിപിടി കേസിലേയും പ്രതിയാണ്. കൊരട്ടി എസ്ഐമാരായ എസ്.കെ. വിനയൻ, സി.കെ. സുരേഷ്, എഎസ്ഐമാരായ എം. എസ്.പ്രദീപ്, മുഹമ്മദ് ബാഷി, മുരുകേഷ് കടവത്ത്, സിനീയർ സിപിഒ വി. ആർ.രജ്ജിത്ത്, ഡാൻസാഫ് എഎസ്ഐമാരായ സി.എ.ജോബ്, പി.പി.ജയകൃഷ്ണൻ, മാനുവൽ, അംഗങ്ങളായ സുരജ് വി.ദേവ്, ലിജു ഈയ്യാനി അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

ലോക്ഡൗൺ തുടങ്ങി രണ്ടാം ദിവസത്തിലും ചാരായ വേട്ട നടത്തി കൊരട്ടി പൊലീസ് ശ്രദ്ധയാകർഷിക്കുന്നു. ആദ്യ ദിനത്തിൽ ചാരായം വാറ്റി കൊണ്ടിരിക്കുന്നതിനിടയിൽ ആറ്റപ്പാടത്ത് നിന്ന് നാല് ലിറ്റർ ചാരായവും മൂന്നുപേരെയും കസ്റ്റഡിയിലെടുത്തിരുന്നു. രണ്ടാം ദിനത്തിലാണ് ഇരുപത് ലിറ്ററോളം ചാരായവും പ്രതിയും പിടിയിലാക്കുന്നത്. സംഭവത്തെ കുറിച്ച് കുടുതൽ അന്വേഷിച്ചു വരുന്നതായി പൊലീസ് പറഞ്ഞു.

കൊവിഡ് പ്രതിരോധം: കൊടുങ്ങല്ലൂരിൽ വിപുലമായ ഒരുക്കങ്ങൾ

മാള: കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ആറ് പഞ്ചായത്തിലും കൊടുങ്ങല്ലൂർ നഗരസഭയിലും വിപുലമായ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് അഡ്വ.വി.ആർ സുനിൽകുമാർ എംഎൽഎ പറഞ്ഞു. മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഒരുക്കിയ പ്രവർത്തനങ്ങൾ നേരിൽകണ്ട് എംഎൽഎ വിലയിരുത്തി.മണ്ഡലത്തിലെ വിവിധ ഡൊമിസലറി കെയർ കേന്ദ്രങ്ങളിലായി 295 കിടക്കകളും മറ്റു പ്രാഥമിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ മുസരീസ് ഹെറിറ്റേജ് സെന്ററും മാളയിലെ നീം കെയർ ഹോസ്പിറ്റലും 200 കിടക്കകളുള്ള കേൾക്കുന്നിലെ വിജയഗിരി സ്കൂൾ ഹോസ്റ്റലും ഫസ്റ്റ് ലൈൻ ചികിത്സ കേന്ദ്രങ്ങളായി പ്രവർത്തിക്കും.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ആമ്പുലൻസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററും ഒരോ വാർഡുകളിലും മെമ്പർ മാർക്കൊപ്പം 15 ൽ കുറയാത്ത ആർ ആർ ടി പ്രവർത്തകരും സജ്ജീവമായി രംഗത്തുണ്ടെന്നും സുനിൽകുമാർ പറഞ്ഞു.

ഇതരസംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ശേഖരിച്ച് ആവർക്ക് ആവശ്യമായ ഭക്ഷണവും മറ്റും നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും ഒരോ പഞ്ചായത്തുകളിലും രോഗികൾക്ക് ഭക്ഷണം ലഭ്യമല്ലാത്തവർക്കും ഭക്ഷണം നൽകാനായി സമൂഹ അടുക്കളയും ആരംഭിച്ചീട്ടുണ്ടെന്നും എംഎൽഎ പറഞ്ഞു.

അവശ്യ സാധനങ്ങൾ വിതരണം ചെയ്തു

ചാലക്കുടി: ജീവിതത്തിൽ വളരെ പ്രയാസം നേരിടുന്ന 100 കുടുംബങ്ങൾക്ക് സൗജന്യ അവശ്യ സാധനങ്ങൾ വിതരണം ചെയ്തു. കുന്നപ്പിള്ളിയിലെ ആർആർടി പ്രവർത്തകർ മാതൃകയായി. മേലൂർ പഞ്ചായത്ത് ഏപ്രിൽ 28 മുതൽ കണ്ടൈൻമെന്റ് സോണിൽ ആയിരുന്നു. കൊവിഡ് മൂലം തൊഴിൽ നഷ്ടപ്പെടുകയും ജോലിക്ക് പോകാൻ കഴിയാത്ത സാഹചര്യം ഉടലെടുത്തപ്പോഴാണ് മേലൂർ പഞ്ചായത്തിലെ 6-ാം വാർഡ് കുന്നപ്പിള്ളിയിലെ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ആർആർടി പ്രവർത്തകർ സുമനസുകളുടെ സഹായത്താൽ സൗജന്യ കിറ്റുകൾ എത്തിച്ചത്. കൊവിഡ് വന്നവർക്കും ക്വാറന്റൈൻ ഇരിക്കുന്നവർക്ക് മരുന്നുകളും മറ്റു സേവനങ്ങളും എത്തിക്കുന്നുണ്ട്. വാർഡ് മെമ്പർ പി. ആർ. ബിബിൻ രാജ്, ഹെൽത്ത് ഇൻസ്പെക്ടർ കെ. എം. മഞ്ചേഷ്, ആർആർടി പ്രവർത്തകരായ രതിഷ് പി. ആർ, ശരത് പ്രകാശ്, വിപിൻ വേലായുധൻ, നിഷാദ് കെ. ഡി. നേതൃത്വം നൽകിവരുന്നു.

വീടുകൾ അണുവിമുക്തമാക്കി

പുന്നയൂർക്കുളം : സേവാഭാരതി പുന്നയൂർക്കുളം യൂണിറ്റിന്റെ നേതൃത്വത്തിൽ കൊവിഡ് ബാധിച്ച് നെഗറ്റീവ് ആയവരുടെ ഭവനങ്ങൾ അണുവിമുക്തമാക്കി. ഹെൽപ്പ് ഡെസ്ക്കിലേക്ക് വന്ന ഫോൺ കോളിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിലെ വിവിധ വീടുകളിൽ അണുനശീകരണ പ്രവർത്തനം നടത്തിയത്. പ്രവർത്തകരുടെ നേതൃത്വത്തിൽ പി പി ഇ കിറ്റ് അണിഞ്ഞാണ് അണുനശീകരണ ലായിനി ഉപയോഗിച്ച് ശുചീകരണ പ്രവർത്തനം നടത്തിയത്. സേവാഭാരതി പ്രവർത്തകരായ നൈജിൽ, സെക്രട്ടറി രനീഷ് പുന്നയൂർക്കുളം , അനീഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ തികച്ചും സൗജന്യമായി അണുനശീകരണം പ്രവർത്തനം നടത്തിയത്.

കുടിവെള്ളം വിതരണം ചെയ്തു

പുന്നയൂർക്കുളം: വടക്കേക്കാട് അഞ്ചാം വാർഡ് കോൺഗ്രസ് കമ്മിറ്റിയും പ്രിയദശിനി സ്പോർട്ട്സ് ക്ലാബും സംയുക്തമായി ജലക്ഷാമം നേരിടുന്ന വീടുകളിൽ കുടിവെള്ളമെത്തിച്ചു. വാർഡ് മെമ്പർ ഹാഫിയ ജാഫർ , കോൺഗ്രസ് കമ്മിറ്റി അംഗങ്ങളായ പ്രസിഡന്റ് ജാഫർ , ബ്ലോക് സെക്രട്ടറി കെ.എസ്.വിജയൻ , പാച്ചു. യൂസഫ് മാഷ്, മുഹമ്മദലി, മുൻ മെമ്പർ കുഞ്ഞിമൊയ്തു തുടങ്ങിയവർ നേതൃത്വം നൽകി.

കാരായ്മ കഴക ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കണം: വാര്യർ സമാജം

ഇരിഞ്ഞാലക്കുട: കാരായ്മ കഴകക്കാരുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. കഴക പ്രവർത്തി അമ്പലവാസികളുടെ കുല തൊഴിലായി നിലനിർത്തും വിധം ജോലിഭാരവും ജോലിസമയവും ക്രമീകരിച്ച് സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കണമെന്ന് സമസ്തകേരള വാര്യർ സമാജം ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ഓൺലൈൻ ആയി നടന്ന വാർഷിക പൊതുയോഗം സമാജം സംസ്ഥാന ട്രഷറർ പി.വി ശങ്കരനുണ്ണി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് പി.വി.ധരണീധരൻ അധ്യക്ഷതവഹിച്ചു. സാഹിത്യകാരൻ ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, സംസ്ഥാന വൈസ് പ്രസിഡന്റ് കെ.വി ചന്ദ്രൻ, വനിതാ വിഭാഗം സെക്രട്ടറി രമ ഉണ്ണികൃഷ്ണൻ, ജില്ലാ സെക്രട്ടറി എ.സി സുരേഷ്, സി.വി.ഗംഗാദരൻ, എൻ.എസ്.സുരേഷ്, ഇ രാജേഷ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി എം. ഉണ്ണികൃഷ്ണ വാരിയർ(പ്രസിഡന്റ്), ഇന്ദു ശങ്കരൻകുട്ടി (വൈസ് പ്രസിഡന്റ്), എ.സി. സുരേഷ്(സെക്രട്ടറി), ആർ. ശ്രീറാം(ജോയിന്റ് സെക്രട്ടറി), പി.വി ശങ്കരൻകുട്ടി(ട്രഷറർ), പി.വി ധരണീധരൻ, ടി.വി ശങ്കരൻകുട്ടി (സംസ്ഥാന കമ്മിറ്റി അംഗങ്ങൾ) രമ ഉണ്ണികൃഷ്ണൻ(വനിതാ വിഭാഗം പ്രസിഡന്റ്), ലതാ രവീന്ദ്രൻ(സെക്രട്ടറി), രാജലക്ഷ്മി വിജയൻ (ട്രഷറർ) സന്ദീപ് ബാലകൃഷ്ണൻ (യുവജന വിഭാഗം പ്രസിഡന്റ്),അഖിലേഷ് അജിതൻ (സെക്രട്ടറി), ടി.ആർ അരുൺ(ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

MERGER OF BRANCH

ഞങ്ങളുടെ Guruvayur ശാഖ Chavakkad ശാഖയുമായി യോജിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. സംയോജിത ശാഖ താഴെ പറയുന്ന മേൽവിലാസത്തിൽ 13.08.2021 മുതൽ പ്രവർത്തിക്കുന്നതായിരിക്കും. കൂടാതെ, യോജിപ്പിച്ച ശാഖയിലെ എല്ലാ ഇടപാടുകാർക്കും സംയോജിത ശാഖയിൽ ഇടപാടുകൾ തുടരാവുന്നതാണ്. എല്ലാ ഇടപാടുകാരുടെയും തുടർന്നുള്ള സഹകരണവും പിന്തുണയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

Muthoot Finance Ltd.
Opp. Pvt. Bustand, Enamavu Road,
Chavakkad, Thrissur District, Pin – 680506.
Ph: 0487-250 2766
Email id: mgcha665@muthootgroup.com

Muthoot Finance
Muthoot Family · 800 years of Business Legacy

മാതൃദിനത്തിൽ മാതൃസ്നേഹം വിഷയമായ നാടകത്തെക്കുറിച്ച് ചർച്ച

ഹരി ഇരിങ്ങാലക്കുട

ഇരിങ്ങാലക്കുട: കഴിഞ്ഞ വർഷത്തെപ്പോലെ ഇത്തവണയും ലോക് ഡൗണിനിടയിൽ വന്നെത്തിയ ലോക മാതൃദിനം ആഘോഷങ്ങളില്ലാതെ ഔപചാരികതയിലൊതുങ്ങി. 'അമ്മ' യെന്ന രണ്ടക്ഷരത്തിന് മനുഷ്യകുലം കല്പിച്ചു നൽകിയിട്ടുള്ള സ്ഥാനം അമൂല്യമാണ്. ഭൂമിയെ തന്നെ മാതാവായി സങ്കല്പിക്കുന്ന ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം മാതൃദിനത്തിനും ഏറെ പ്രസക്തിയുണ്ട്. വന്ദിപ്പിൻ മാതാവിനെ.... എന്നു തുടങ്ങുന്ന വള്ളത്തോൾ കവിത മാതൃസ്നേഹത്തിന്റെ അടയാളപ്പെടുത്തൽ കൂടിയാണ്.

ലോക മാതൃദിനത്തിൽ കവിയും, നാടകകൃത്തുമായ രാമകൃഷ്ണൻ കണ്ണോം എഴുതിയ 'സാന്ത്വനമായ് ഒരു സായന്തനം ' എന്ന റേഡിയോ നാടകത്തിന്റെ ഓൺലൈൻ പുസ്തക ചർച്ച സംഘടിപ്പിച്ചു. അമ്മ മനസിന്റെ അതിർത്തിയും ആകൃതിയും നിർണയിക്കുക അസാധ്യമാണെന്നും അണുകുടുംബത്തിൽ മാത്രം ആശ്വാസം കണ്ടെത്തുന്ന തലമുറകളെ മാറ്റി ചിന്തിപ്പിക്കാൻ പ്രേരിപ്പി ആവിഷ്കാരമാണ് ഈ നാടകമെന്നും ചർച്ചയിൽ പങ്കെടുത്ത സാഹിത്യകാരൻ ഉണ്ണികൃഷ്ണൻ കിഴുത്താണി അഭിപ്രായപ്പെട്ടു.



നാടകകൃത്ത് രാമകൃഷ്ണൻ കണ്ണോം

മാതൃത്വത്തിന്റെ നൊമ്പരങ്ങളും സ്പന്ദനങ്ങളും ഹൃദ്യമായി ആവിഷ്കരിക്കാൻ കഴിഞ്ഞതിൽ രാമകൃഷ്ണൻ കണ്ണോം പ്രത്യേകം അഭിനന്ദനമർഹിക്കുന്നതായി പി.ഹരിശങ്കർ പറഞ്ഞു. നാടകരംഗത്തെ പ്രമുഖരായ വി.പി.രാമചന്ദ്രൻ, എ.പ്രഭാകരൻ, ഹരിദാസ് നീലഞ്ചേരി, ഷെറി ഗോവിന്ദ്, സന്തോഷ് മുണ്ടൂർ , ജനാർദനൻ പൂമംഗലം, ബിജു പുത്തൂർ, രാജഗോപാലാൻ മൊറാഴ , നന്ദകുമാർ ചാലക്കുടി എന്നിവരും നാടക ചർച്ചയിൽ പങ്കെടുത്തു.

പനി ക്ലിനിക്ക് ഇനി കൊവിഡ് ക്ലിനിക്ക്

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് കേസുകളുടെ എണ്ണം കുതിച്ചുയരുന്ന സാഹചര്യത്തിൽ, ചികിത്സാ സൗകര്യങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന് പുതിയ മാർഗരേഖയുമായി ആരോഗ്യവകുപ്പ്. സർക്കാർ, സ്വകാര്യ മേഖലയിലെ മുഴുവൻ ആശുപത്രികളിലെയും പനി ക്ലിനിക്ക് എത്രയുംവേഗം കൊവിഡ് ക്ലിനിക്കാക്കി മാറ്റാൻ നിർദേശം.

കൊവിഡ് ക്ലിനിക്കിൽ ലബോറട്ടറി സൗകര്യങ്ങളുൾപ്പെടെ സജ്ജമാക്കണം. ഈ മാസം 31 വരെ സർക്കാർ ആശുപത്രികൾ കൊവിഡ് ചികിത്സയിലും കൊവിഡ് ഇതര കേസുകളിൽ അടിയന്തര സ്വഭാവമുള്ളവയിലും മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദേശത്തിൽ പറയുന്നു.

കർണാടകവും തമിഴ്നാടും ഇന്നു മുതൽ ലോക്ഡൗൺ

അതിർത്തികളിൽ പരിശോധന ശക്തമാക്കി

സ്വന്തംലേഖകൻ

പാലക്കാട്: കർണാടകയും തമിഴ്നാടും ഇന്നു മുതൽ സമ്പൂർണ ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വാളയാർ അടക്കമുള്ള അതിർത്തികളിൽ പരിശോധന ശക്തമാക്കി പൊലീസ്. കൂടുതൽ പേർ സംസ്ഥാനത്തേക്ക് എത്താനുള്ള സാധ്യത മുന്നിൽക്കണ്ടാണ് നീക്കം. കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ അന്തർസംസ്ഥാന ചെക്പോസ്റ്റുകളിൽ പരിശോധന ഇന്നലെ കർശനമായി നടന്നു. ലോക്ഡൗൺ വിവരങ്ങളെകുറിച്ച് വ്യക്തമായ ധാരണയില്ലാതെ പലരും അതിർത്തി കടന്ന് കേരളത്തിലേക്ക് പ്രവേശിക്കുന്നുണ്ട്.

അന്തർ ജില്ലാ യാത്രകൾക്ക് പാസ് ഏർപ്പെടുത്തുമ്പോഴും അന്തർസംസ്ഥാന യാത്രയെ കുറിച്ച് കേരളം തീരുമാനങ്ങളെടുത്തിട്ടില്ല. എങ്കിലും അതിർത്തി ചെക് പോസ്റ്റുകളിൽ പൊലീസ് കർശന പരിശോധന തുടരുകയാണ്. അയൽ സംസ്ഥാനങ്ങൾ ലോക്ഡൗണിലേക്ക് പോകുന്ന സാഹചര്യത്തിൽ വാളയാർ അടക്കമുള്ള അതിർത്തികൾ കടന്ന് കൂടുതൽ പേർ കേരളത്തിൽ എത്താനുള്ള സാധ്യത പൊലീസ് മുന്നിൽ കാണുന്നുണ്ട്. കൊവിഡ് ജാഗ്രതാ പോർട്ടലിൽ നിർദേശിച്ചിരിക്കുന്ന പരിശോധനകൾ മാത്രമേ ഇപ്പോൾ ചെക് പോസ്റ്റുകളിൽ നടക്കുന്നുള്ളൂ. ഇതേ തുടർന്നാണ് വാളയാർ ചെക്ക് പോസ്റ്റിൽ പരിശോധന കർശനമാക്കാൻ പൊലീസ് തീരുമാനിച്ചത്.

അത്യാവശ്യ യാത്രക്കാർ മാത്രം അതിർത്തി കടന്ന് എത്തിയാൽ മതിയെന്നാണ് പൊലീസിന്റെ നിർദേശം. കൊവിഡ് രജിസ്ട്രേഷനില്ലാത്ത ആരെയും അതിർത്തി കടത്തി വിടില്ലെന്നും പൊലീസ് പറഞ്ഞു. അല്ലെങ്കിൽ, മെഡിക്കൽ എമർജൻസി, വിവാഹം, മരണം പോലുള്ള അവശ്യ സന്ദർഭങ്ങൾ ആണെങ്കിൽ മാത്രമേ അതിർത്തി കടത്തിവിടുകയുള്ളൂ. ചരക്ക് വാഹനങ്ങൾ, അവശ്യ സർവീസുകൾ, മെഡിക്കൽ അത്യാവശ്യങ്ങൾ എന്നീ വാഹനങ്ങളെ ചെക്ക്പോസ്റ്റ് കടക്കാൻ അനുവദിക്കുന്നുണ്ട്. ലോക്ഡൗൺ തുടരുന്നത് വരെ അതിർത്തികളിൽ വാഹന പരിശോധന കർശനക്കാൻ തന്നെയാണ് പൊലീന്റെ തീരുമാനം.

കൺസ്യൂമർഫെഡ് ഓൺലൈൻ വ്യാപാരം വെബ് പോർട്ടൽ പ്രകാശനം ഇന്ന്

കോഴിക്കോട് : കൊവിഡ് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന്റെ ഭാഗമായി അവശ്യസാധനങ്ങളും മരുന്നുകളും വീടുകളിലെത്തിക്കാൻ കൺസ്യൂമർഫെസ് ഓൺലൈൻ വ്യാപാരം ആരംഭിക്കുന്നു. ഇതിനായുള്ള ഓൺലൈൻ വെബ്പോർട്ടലിന്റെ പ്രകാശനം ഇന്ന് 11 മണിക്ക് കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് നിർവഹിക്കും. കൺസ്യൂമർഫെഡ് കോഴിക്കോട് റീജ്യണൽ ഓഫീസിൽ നടക്കുന്ന ചടങ്ങിൽ കൺസ്യൂമർഫെഡ് ചെയർമാൻ എം. മെഹബൂബ് അധ്യക്ഷത വഹിക്കും.

കൊവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി അവശ്യസാധന ലഭ്യത ഉറപ്പുവരുത്താൻ കൺസ്യൂമർഫെഡ് വിപുലമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. അവശ്യമരുന്നുകളും, മാസ്കും സാനിറ്റൈസറും ഉൾപ്പെടെയുള്ള 10 ഇനങ്ങൾ ഉൾപ്പെടുത്തി കൊവിഡ് പ്രതിരോധ കിറ്റ് 200 രൂപയ്ക്ക് വിപണിയിലെത്തിച്ചിരുന്നു. കൂടാതെ ത്രിവേണി സൂപ്പർമാർക്കറ്റുകളിലെയും, നീതി മെഡിക്കൽ സ്റ്റോറുകളിലെയും വാട്സാപ്പ് നമ്പറിൽ ലഭിക്കുന്ന ഓഡറുകൾ ഹോം ഡെലിവറിയായി എത്തിക്കുന്നതിന് പുറമേയാണ് ഓൺലൈൻ ആയി ഓഡറുകൾ സ്വീകരിച്ച് സാധനങ്ങൾ വീടുകളിലെത്തിക്കുന്ന സംവിധാനം ആരംഭിക്കുന്നത്.

എല്ലാ നിത്യോപയോഗ സാധനങ്ങളും ഓർഡർ ചെയ്താൽ എത്രയും വേഗം ഹോം ഡെലിവറി ചെയ്യാനുള്ള സാങ്കേതിക വിദ്യയോടെയാണ് വെബ്പോർട്ടൽ തയാറാക്കിയിട്ടുള്ളത്. തുടക്കത്തിൽ കോഴിക്കോട് ജില്ലയിലെ 14 കേന്ദ്രങ്ങളിൽ ട്രയൽ റണ്ണായി വിതരണം ആരംഭിക്കും. തുടർന്ന് എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ ആരംഭിക്കാനും പിന്നീട് മറ്റ് ജില്ലകളിൽ ആരംഭിക്കാനുമാണ് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നത്.

മുന്നണി പോരാളികളിൽ ഇവരുമുണ്ട്...

സുധീർ നാഥ്

ഡിഗ്രി രണ്ടാം വർഷ വിദ്യാർഥിയാണ് മകൻ വിനായക് ബാബു. നല്ല ഉറക്കത്തിലാണെങ്കിലും ഒരു സന്ദേശം വാട്ട്സ്അപ്പിൽ ലഭിച്ചാൽ നോക്കും. ആവശ്യമെങ്കിൽ രാത്രി തന്നെ കാറുമെടുത്ത് സഹായിക്കാൻ പോകും. കൊവിഡ് രൂക്ഷമായ സാഹചര്യത്തിൽ ഡൽഹിയിലെ യുവജനങ്ങൾ കർമനിരതരാണ്. യുവാക്കളുടെ നേതൃത്വത്തിൽ നവമാധ്യമങ്ങളിൽ രൂപം കൊണ്ട ഗ്രൂപ്പുകൾ ഡൽഹിയിലെ ആയിരങ്ങളുടെ ജീവനാണ് രക്ഷിച്ചത്. യുവാക്കളുടെ ഒരു ഗ്രൂപ്പിൽ സഹായ ആവശ്യം വന്നാൽ അത് ഡൽഹിയിലെ നൂറിലേറെ ഗ്രൂപ്പുകളിൽ എത്തും. സഹായം ആവശ്യമുള്ള വ്യക്തിക്ക് തീർച്ചയായും അവരുടെ സഹായം ലഭിച്ചിരിക്കും. ഓക്സിജൻ സിലിണ്ടറും ആശുപത്രി അഡ്മിഷനുമാണ് മിക്ക അഭ്യർഥനകളും. മരുന്നിന്റെ വലിയ ക്ഷാമം ഡൽഹിയിൽ നേരിടുന്നുണ്ട്. അതുകൊണ്ടു തന്നെ മരുന്നു സംഘടിപ്പിച്ചു കൊടുക്കണം എന്ന അഭ്യർഥനയുമുണ്ട്.

10 സുധീർ നാഥ്

ഡൽഹി ജിടിബി ആശുപത്രിയുടെ പുറത്ത് സ്ട്രക്ച്ചറുകളിൽ കൊവിഡ് രോഗികളെ കിടത്തി ശുശ്രൂഷിക്കുന്ന ആരോഗ്യ പ്രവർത്തകർ.

യുവാക്കളെപ്പോലെ തന്നെ എഴുതിച്ചേർക്കാൻ വിട്ടുപോകുന്ന ശുചീകരണ തൊഴിലാളികൾ, നഴ്സിങ് ഓർഡർലിമാരും സെക്യൂരിറ്റി ജീവനക്കാരും. ഒരു ദിവസത്തെ അവധി പോലുമില്ലാതെ ദിവസവും ജോലി ചെയ്യുന്നവർ. അവർക്കും കുട്ടികളും മാതാപിതാക്കളും ബന്ധുക്കളുമൊക്കെയുണ്ട്. സ്വന്തം ജീവിതം അവർക്കും വിലപ്പെട്ടതു തന്നെയാണ്. വിശ്രമമില്ലാതെ രോഗികളെ വാർഡുകളിൽ നിന്ന് ഐസിയുവിലേക്കും മറ്റ് വാർഡുകളിലേക്കും കൊണ്ടെത്തിക്കുന്നത് ഇവരാണ്. കൊവിഡ് ആശുപത്രിയിൽ ബന്ധുജനങ്ങൾക്ക് പ്രവേശനം ഇല്ല. ഡിസ്ചാർജ് ചെയ്യുമ്പോൾ ട്രോളിയിൽ കയറ്റി സ്വന്തക്കാരുടെ അരികെ എത്തിക്കുന്നത് ഇവരാണ്. രോഗികളുടെ ബന്ധുജനങ്ങളുടെ ശകാരങ്ങൾ മുഴുവൻ കേട്ടാലും ക്ഷമയോടെ തങ്ങളുടെ കർത്തവ്യം നിർവഹിക്കുന്നത് ഇവരാണ്. ആശുപത്രിയും പരിസരവും അണുവിമുക്തമാക്കി എന്നും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നത് ഇവരാണ്. അസുഖം വന്നു കിടപ്പിലായാൽ പട്ടിണിയായി പോകുന്നവർ വരെ ഈ കൂട്ടത്തിലുണ്ട്. ഒന്നോ രണ്ടോ ദിവസം അവർ ഡ്യൂട്ടിക്ക് വരാതായാൽ എന്ത് പറ്റി എന്ന് അന്വേഷിക്കുന്ന എത്ര പേരുണ്ടാവും നമ്മുടെ കൂട്ടത്തിൽ?

ഡോക്റ്റർമാരോടും നഴ്സുമാരോടുമൊപ്പം അവരുമുണ്ട്. അവർ ഒട്ടും പിന്നിലല്ല. ഡോക്റ്ററായാലും നഴ്സ് ആയാലും മേല്പറഞ്ഞ തൊഴിലാളി വിഭാഗമായാലും പിപിഇ കിറ്റ് എന്നു പറയുന്ന പുറംചട്ടയിടുമ്പോൾ ഉണ്ടാവുന്ന ശാരീരിക അസ്വസ്ഥതകൾ എല്ലാവർക്കും ഒരുപോലെയാണ്. സമൂഹത്തിൽ അവരുടെ സേവനവും ആദരണീയം തന്നെയാണ്.

വാർഡ് തല സമിതികൾ ശക്തിപ്പെടുത്താൻ നിർദേശം

തിരുവനന്തപുരം: കൊവിഡ് വ്യാപന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വാർഡ്തല സമിതികൾ ശക്തിപ്പെടുത്താൻ പഞ്ചായത്ത് ഡയറക്റ്റർ നിർദേശം നൽകി. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിലാണ് നിർദേശം.

ഗ്രാമപഞ്ചായത്തുകളിൽ നിർദേശിച്ചതനുസരിച്ചുള്ള വാർഡ്തല സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്റ്റർമാർ ഉറപ്പുവരുത്തണം. ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് കൂടുതലുള്ള ജില്ലകളിലെ പഞ്ചായത്തുകളിൽ സന്ദർശനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിന് ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറെ ഉൾപ്പെടുത്തി ടീം രൂപീകരിക്കും.

വാർഡ്തല സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ, ഓരോ പഞ്ചായത്തുകളിലെയും പോസിറ്റീവ് കേസുകളുടെ എണ്ണം, രോഗപ്രതിരോധ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച ജില്ലാതല റിപ്പോർട്ട് 10ന് ഉച്ചയ്ക്ക് 12 മണിക്കകം ലഭ്യമാക്കാനും നിർദേശിച്ചിട്ടുണ്ട്. തീവ്ര രോഗവ്യാപനത്തിന്റെ സാഹചര്യത്തിൽ കൂടുതൽ പരിശോധന നടത്താനും ടെസ്റ്റിങ് കേന്ദ്രങ്ങളിൽ ആളുകളെ എത്തിക്കുന്നതിന് വാഹന സൗകര്യം ഒരുക്കുന്നതിനും പഞ്ചായത്തുകൾക്ക് നിർദേശം നൽകും. ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ ആവശ്യക്കാർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് പഞ്ചായത്തുകൾ നടപടി സ്വീകരിക്കും. പ്രത്യേക പരിഗണന ആവശ്യമുള്ള ജനവിഭാഗങ്ങളുടെ പട്ടിക തയാറാക്കി സഹായം എത്തിക്കും.

പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരു വിവരം റിപ്പോർട്ടായി നൽകാനും നിർദേശമുണ്ട്. ജില്ലകളിൽ ഗ്രാമപഞ്ചായത്തുകളുടെ എണ്ണത്തിന് ആനുപാതികമായി റിസർവ് നോഡൽ ഓഫീസർമാരുടെ പട്ടിക തയാറാക്കും. കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ചുമതല നൽകിയിട്ടുള്ള നോഡൽ ഓഫീസർമാരിൽ ചുമതല ഏറ്റെടുത്തിട്ടില്ലാത്തവരുടെ വിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

വേനൽ മഴ: കൊല്ലം ജില്ലയിൽ യെല്ലോ അലർട്ട്

മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. വിവിധ ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു. വെള്ളിയാഴ്ച വരെയാണ് മുന്നറിയിപ്പ്. ഇന്ന് കൊല്ലം ജില്ലയിലും നാളെ ഇടുക്കി ജില്ലയിലുമാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചത്.

ഒറ്റപ്പെട്ടയിടങ്ങളിൽ 24 മണിക്കൂറിൽ 64.5 മില്ലീ മീറ്റർ മുതൽ 115.5 മി.മീറ്റർ വരെ ലഭിക്കുന്ന ശക്തമായ മഴയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ഇന്ന് രാവിലെ കേരള - കർണാടക തീരങ്ങളിലും അതിനോട് ചേർന്നുള്ള ലക്ഷദ്വീപ് തീരങ്ങളിലും മണിക്കൂറിൽ 40 മുതൽ 50 കി.മീ. വേഗത്തിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

രാവിലെ കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്നും മുന്നറിയിപ്പുണ്ട്.സംസ്ഥാനത്ത് ഇന്നലെയും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴ ലഭിച്ചു.

ക്രിമിനൽ കേസിലെ പ്രതിയെ ഗൂണ്ടാ സംഘം വെട്ടിക്കൊന്നു

തിരുവനന്തപുരം: നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ യുവാവിനെ ഗൂണ്ടാ സംഘം വെട്ടിക്കൊലപ്പെടുത്തി. മണമ്പൂർ പെരുംകുളം മെഷീൻ കോളനി കല്ലറതോട്ടം വീട്ടിൽ ഫ്രാൻസിസിന്റെ മകൻ ജോഷി (38) ആണ് മരിച്ചത്. ഇന്നലെ രാവിലെ 10 മണിയ്ക്കാണ് സംഭവം. കവലയൂർ പനയ്ക്കോട്ടുകോണം പാറയിൽ കടവിന് സമീപത്തെ ജോഷിയുടെ വീട്ടിലേക്കുള്ള വഴിയിൽ വച്ചായിരുന്നു പത്തോളം പേർ വരുന്ന സംഘത്തിന്റെ ആക്രമണം.

അക്രമത്തിൽ കൈയ്ക്കും കഴുത്തിനും കാലിനും ഗുരുതരമായി പരിക്കേറ്റു. അക്രമികളെ ഭയന്ന് ആരും രക്ഷിക്കാനെത്തിയില്ല. അവർ പോയ ശേഷം നാട്ടുകാർ കടയ്ക്കാവൂർ പൊലീസിൽ വിവരമറിയിച്ചു. പൊലീസ് എത്തിയാണ് ജോഷിയെ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ എത്തിച്ചത്.

കൊലപാതകം, വധശ്രമം, മോഷണം, കവർച്ച, കഞ്ചാവ് കടത്ത് തുടങ്ങി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലായി 15ഓളം കേസുകളിലെ പ്രതിയാണ് ജോഷിയെന്നും, കഞ്ചാവ് കച്ചവടത്തിലെ കുടിപ്പകയാണ് സംഭവത്തിന് കാരണമെന്നും പൊലീസ് പറയുന്നു. വിരലടയാള വിദഗ്ധർ സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു. റൂറൽ ജില്ലാ പൊലീസ് മേധാവി സി.കെ. മധു ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും സ്ഥലത്തെത്തി.

സംഭവത്തിനു ദൃക്സാക്ഷിയായ സുഹൃത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വർക്കല ഡിവൈഎസ്പി ബാബു കുട്ടൻ, ആറ്റിങ്ങൽ ഡിവൈഎസ്പി.ഹരി, ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ശ്രീകാന്ത്, കടയ്ക്കാവൂർ സി.ഐ. ജയപ്രകാശ് എന്നിവരുടെ നേതൃത്വത്തിൽ പ്രതികൾക്കായുള്ള അന്വേഷണം ആരംഭിച്ചു.

മാധ്യമ പ്രവർത്തകരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണം: വി. മുരളീധരൻ

തിരുവനന്തപുരം: കേരളത്തിലെ മാധ്യമപ്രവർത്തകരെയും കൊവിഡ് മുൻനിര പോരാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ.

മാതൃഭൂമി ന്യൂസിലെ വിപിൻ ചന്ദിന്റെ അകാലവിയോഗത്തെക്കുറിച്ച് മാധ്യമസുഹൃത്തുക്കളോട് സംസാരിച്ചപ്പോഴാണ് കേരളത്തിൽ മാധ്യമപ്രവർത്തകരെ കൊവിഡ് വാക്സിൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നറിഞ്ഞത്. കേരള സർക്കാർ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്.

രാജ്യത്ത് മധ്യപ്രദേശ്, ഉത്തർപ്രദേശ്, കർണാടക, തമിഴ്നാട്, ഒഡിഷ, ഉത്തരാഖണ്ഡ്, ബിഹാർ, ഡൽഹി, പഞ്ചാബ്, പശ്ചിമബംഗാൾ, ഗോവ, മണിപ്പൂർ എന്നീ 12 സംസ്ഥാനങ്ങൾ മാധ്യമപ്രവർത്തകരെ കൊവിഡ് മുന്നണിപ്പോരാളികളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ശരിയായ വിവരകൈമാറ്റം കൊവിഡ് പോരാട്ടത്തിൽ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടു തന്നെ മാധ്യമപ്രവർത്തനവും. ഈ മഹാമാരിക്കെതിരായ പോരാട്ടം യുദ്ധസമാനമാണ്. യുദ്ധരംഗത്ത് ജീവൻ പണയം വച്ച് ജോലിയെടുക്കുന്നവരാണ് മാധ്യമപ്രവർത്തകർ. അവർക്ക് പ്രതിരോധകവചം നൽകിയേ മതിയാകൂ. ഇക്കാര്യത്തിൽ വീഴ്ച വരുത്തരുതെന്ന് സംസ്ഥാന സർക്കാരിനോട് അഭ്യർഥിക്കുന്നു- മുരളീധരൻ പറഞ്ഞു.

ആരോഗ്യപ്രവർത്തകർക്കും പൊലീസ് സേനയ്ക്കും നൽകുന്ന മുൻഗണന മാധ്യമപ്രവർത്തകർക്കും ഉറപ്പാക്കണമെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രനും ആവശ്യപ്പെട്ടു. അതിന് സംസ്ഥാന സർക്കാരും മുഖ്യമന്ത്രിയും സത്വര നടപടി സ്വീകരിക്കണമെന്നും മുല്ലപ്പള്ളി വ്യക്തമാക്കി.

ഇന്ധന വില വർധിപ്പിച്ച് കേന്ദ്രം കൊള്ളയടിക്കുന്നു: മുല്ലപ്പള്ളി

തിരുവനന്തപുരം: തുടർച്ചയായി ഇന്ധന വില വർധിപ്പിച്ച് കേന്ദ്ര സർക്കാർ ജനങ്ങളെ കൊള്ളയടിക്കുന്നുവെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ.

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുപിന്നാലെയാണ് കേന്ദ്ര സർക്കാരിന്റെ ഇരുട്ടടി. കൊവിഡ് വ്യാപനം രൂക്ഷമാവുകയും മിക്ക സംസ്ഥാനങ്ങളും ലോക് ഡൗണിലേക്ക് പോകുകയും ചെയ്യുമ്പോഴാണ് എണ്ണ കമ്പനികളുടെ കൊള്ളയ്ക്ക് കേന്ദ്ര സർക്കാർ ഒത്താശ നൽകുന്നത്.

ഇന്ധനവില വർധനവിലൂടെ ജനങ്ങളുടെ മേൽ അമിത നികുതി ഭാരം അടിച്ചേൽപ്പിക്കുകയാണ്.കുത്തിച്ചുയരുന്ന ഇന്ധനവില അവശ്യസാധനങ്ങളുടെ വില വർധനവിന് വഴിവയ്ക്കും. ജനം ദുരിതമനുഭിക്കുമ്പോൾ ഇന്ധനവിലയിലെ നികുതി കുറച്ച് ആശ്വാസം നൽകാനുള്ള ഉത്തരവാദിത്തം കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്കുണ്ടെന്നും മുല്ലപ്പള്ളി പറഞ്ഞു.

സച്ചിദാനന്ദന്റെ വിലക്കിനെതിരെ പ്രതിഷേധം ശക്തം

തിരുവനന്തപുരം: കവി സച്ചിദാനന്ദന് ഫെയ്സ്ബുക്ക് വിലക്ക് ഏർപ്പെടുത്തിയതിനെതിരെ പ്രതിഷേധം ശക്തം. ജനപ്രതിനിധികൾ, എഴുത്തുകാർ, പുരോഗമന പ്രസ്ഥാനങ്ങൾ, ഇടത് യുവജനസംഘടനകൾ തുടങ്ങി നിരവധിപേരാണ് സച്ചിദാനന്ദന് പിന്തുണയുമായി രംഗത്തെത്തുന്നത്. സച്ചിദാനന്ദന്റെ കുറിപ്പ് ടൈംലൈനിൽ പങ്കുവച്ച് നിരവധി ആളുകൾ സമൂഹമാധ്യമങ്ങളിലും പ്രതിഷേധത്തിന്റെ ഭാഗമായി.

ഫെയ്സ്ബുക്ക് അക്കൗണ്ട് സസ്പെൻഡ് ചെയ്ത നടപടി അത്യന്തം അപലപനീയമാണെന്ന് ശശി തരൂർ എംപി ഫെയ്സ്ബുക്കിൽ കുറിച്ചു. രാഷ്ട്രീയത്തിലെ ഇത്തരം സെൻസർഷിപ്പുകൾ ഒരിക്കലും അനുവദിച്ച് കൊടുക്കരുതെന്നും തരൂർ പറഞ്ഞു. സച്ചിദാനന്ദന് നേരെ ഇത്തരത്തിൽ ജനാധിപത്യവിരുദ്ധ നീക്കമുണ്ടായത് ഇന്ത്യയിൽ അഭിപ്രായ സ്വാതന്ത്ര്യം അത്രമേൽ ഭീഷണി നേരിടുന്നു എന്നതിന്റെ തെളിവാണെന്ന് ഡിവൈഎഫ്ഐ കുറ്റപ്പെടുത്തി.

സുധേഷിന്റെ മകൾ ഡ്രൈവറെ മർദിച്ച സംഭവം: തുടർനടപടി പൊലീസ് മേധാവിയുടെ പരിഗണനയിൽ

തിരുവനന്തപുരം: സംസ്ഥാന പൊലീസ് മേധാവി പട്ടികയിലേക്ക് പരിഗണിക്കുന്ന വിജിലൻസ് ഡയറക്റ്റർ സുധേഷ് കുമാറിന്റെ മകൾ പൊലീസ് ഡ്രൈവറെ മർദിച്ച കേസ് നിലനിൽക്കുമെന്ന് വസ്തുതാന്വേഷണ റിപ്പോർട്ട്. എന്നാൽ തുടർനടപടി സംബന്ധിച്ച് സംസ്ഥാന പൊലീസ് മേധാവിക്ക് തീരുമാനിക്കാമെന്നു റിപ്പോർട്ടിൽ പറയുന്നു.

സംഭവത്തിൽ സുധേഷ് കുമാറിന്റെ മകൾക്കെതിരേ കുറ്റപത്രം നൽകിയേക്കും. അടുത്ത നടപടികൾ ക്രൈംബ്രാഞ്ചിന് തീരുമാനിക്കാമെന്നാണ് പൊലീസ് മേധാവി നിലപാടെടുത്തിരിക്കുന്നത്. ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് സർക്കാരിന്റെ അഭിപ്രായം തേടിയേക്കും. എഡിജിപിയായിരുന്ന സുധേഷ് കുമാറിന്റെ മകൾ മൂന്നുവർഷം മുമ്പ് പൊലീസ് ഡ്രൈവർ ഗവാസ്കറെ മർദിച്ച കേസിലാണ് ഇപ്പോൾ റിപ്പോർട്ട് വന്നിരിക്കുന്നത്. സംഭവം അന്ന് വലിയ വിവാദത്തിന് വഴിവച്ചിരുന്നു.

ഗുരുതരമായി പരുക്കേറ്റ് ഗവാസ്കർ ആശുപത്രിയിൽ ചികിത്സ തേടിയതോടെയാണ് സംഭവം പുറംലോകമറിഞ്ഞത്. മർദനവുമായി ബന്ധപ്പെട്ട് ഗവാസ്കറിന്റെ ഭാര്യ രേഷ്മ മുഖ്യമന്ത്രിയുടെ ഓഫിസിലെത്തി നേരിട്ട് പരാതി നൽകിയിരുന്നു. ഉചിതമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നേരത്തെ പലതവണ പൊലീസ് കേസ് നടപടികളിലേക്ക് പോകാൻ തീരുമാനിച്ചിരുന്നുവെങ്കിലും തുടർനടപടി തടസപ്പെടുകയായിരുന്നു. അതിനിടെ സുധേഷ് കുമാറിന്റെ മകളെ ജാതി പറഞ്ഞ് ആക്ഷേപിച്ചു എന്ന കേസ് വ്യാജമാണെന്നും തെളിഞ്ഞു.

സംസ്ഥാനത്തു പുതിയ പൊലീസ് മേധാവിയെ പരിഗണിക്കുന്ന പശ്ചാത്തലത്തിലാണ് ഇപ്പോൾ വസ്തുന്വേഷണ റിപ്പോർട്ട് എന്ന പേരിൽ വ്യക്തയില്ലാതെ കുറിപ്പ് നൽകിയിരിക്കുന്നത്. തുടരന്വേഷണം വേണ്ടെന്ന് ലോക്നാഥ് ബെഹ്റ തീരുമാനിച്ചാൽ കേസ് അവിടെ അവസാനിക്കും.

സ്ത്രീകൾക്ക് പരാതി നൽകാൻ പ്രത്യേക കിയോസ്ക് വരുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: അടിയന്തര ഘട്ടങ്ങളിൽ പരാതി നൽകാൻ സ്ത്രീകൾക്ക് മാത്രമായി നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കിയോസ്ക് സംവിധാനം ഏർപ്പെടുത്തുമെന്ന് സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. കൊച്ചിയിൽ ഹൈക്കോടതി കെട്ടിടത്തിന് സമീപത്തായി മറൈൻ ഡ്രൈവിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചി ഡെപ്യൂട്ടി കമ്മീഷണർക്കാണ് കിയോസ്ക് സ്ഥാപിക്കുന്നതിന്റെ ചുമതല.

തുടക്കത്തിൽ കൊച്ചിയിൽ നടപ്പിലാക്കുന്ന ഈ സംവിധാനം തിരുവനന്തപുരം, കൊല്ലം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിലേയ്ക്ക് ഘട്ടംഘട്ടമായി വ്യാപിപ്പിക്കും. സ്ത്രീകൾക്ക് സുഗമമായി പരാതി നൽകാൻ ഈ സംവിധാനത്തിലൂടെ കഴിയും. കൊവിഡ് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ അടിയന്തിരഘട്ടങ്ങളിൽ വ്യക്തികൾക്ക് പൊലീസ് സ്റ്റേഷനിൽ നേരിട്ട് പോകാതെ തന്നെ പരാതി നൽകാൻ കഴിയുന്ന കിയോസ്ക് സംവിധാനം കൊച്ചി കടവന്ത്രയ്ക്ക് സമീപം കഴിഞ്ഞ ദിവസം സ്ഥാപിച്ചിരുന്നു.

വീഡിയോ കോൾ സംവിധാനത്തിലൂടെ സ്പെഷ്യൽ കൺട്രോൾ റൂമിലെ പൊലീസ് ഉദ്യോഗസ്ഥനുമായി സംസാരിച്ച് പരാതി നൽകാൻ ഈ സംവിധാനത്തിലൂടെ കഴിയും. പരാതി ഓൺലൈനായി കേട്ടശേഷം ഉദ്യോഗസ്ഥർ ആവശ്യമായ നിർദേശങ്ങൾ പരാതിക്കാർക്ക് നൽകുകയും പരാതി സ്വീകരിക്കുകയും ചെയ്യും. കിയോസ്ക് വഴി ലഭിക്കുന്ന പരാതികളിന്മേൽ അതത് പൊലീസ് സ്റ്റേഷനുകളുടെ സഹായത്തോടെ പരിഹാരം കണ്ടെത്തും. കൂടാതെ അന്വേഷണ പുരോഗതിയും മറ്റും ഫോൺ മുഖാന്തിരം പരാതിക്കാരനെ യഥാസമയം അറിയിക്കുകയും ചെയ്യും.

വൈറസിനെ വലയിലാക്കാൻ... ലോക്ഡൗണിനെ തുടർന്നുള്ള നിയന്ത്രണങ്ങളാണ് നാട്ടിൽ എവിടെയും. അനാവശ്യയാത്രകൾ നിരുത്സാഹപ്പെടുത്താൻ റോഡുകളിലെ വാഹന പരിശോധന ശക്തമാക്കി പൊലീസ് പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും, വീടുകളിൽ സുരക്ഷിതമായി ഇരിക്കാതെ പലവിധ കാരണങ്ങൾ പറഞ്ഞ് പുറത്തിറങ്ങി നടക്കാനുള്ള ശ്രമമാണ് പലരുടേയും. നഗരത്തിലെ വാഹന പരിശോധനയിൽ നിന്ന്.

മനു ഷെല്ലി

ഇന്നലെ 4767 കൊവിഡ് ബാധിതർ

കൊച്ചി: ജില്ലയിൽ ഇന്നലെ 4767 പേർക്കു കൊവിഡ്. സമ്പർക്കം വഴി രോഗം സ്ഥിരീകരിച്ചവർ - 4668, വിദേശം/ ഇതര സംസ്ഥാനത്ത് നിന്നെത്തിയവർ - 10, ഉറവിടമറിയാത്തവർ- 79, ആരോഗ്യ പ്രവർത്തകർ - 10.

ഇതോടെ ജില്ലയിൽ കൊവിഡ് രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 67210 ആയി ഉയർന്നു.

കൊവിഡ് സ്ഥിരീകരിച്ചവരുടെ പ്രാദേശിക വിവരങ്ങൾ: തൃക്കാക്കര 185, തൃപ്പൂണിത്തുറ 128, കടുങ്ങല്ലൂർ 103, ആലങ്ങാട് 100, പള്ളിപ്പുറം 84, പായിപ്ര 82, ഉദയംപേരൂർ 81, എളംകുന്നപ്പുഴ 79, ചെങ്ങമനാട് 78, കൂത്താട്ടുകുളം 76, കീഴ്മാട് 74, കുമ്പളം 73, പള്ളുരുത്തി 73, കുമ്പളങ്ങി 69, ഞാറക്കൽ 69, ആലുവ 65, കിഴക്കമ്പലം 61, കലൂർ 60, കോതമംഗലം 60, പിറവം 60, മുളന്തുരുത്തി 59, കളമശ്ശേരി 58, ചേരാനല്ലൂർ 58, മൂവാറ്റുപുഴ 57, ചേന്ദമംഗലം 56, വാഴക്കുളം 54, വെങ്ങോല 54, ചൂർണ്ണിക്കര 53, ശ്രീമൂലനഗരം 51, എറണാകുളം സൗത്ത് 50, ഏലൂർ 50, ഫോർട്ട് കൊച്ചി 49, ആയവന 48, കുന്നത്തുനാട് 48, നോർത്തുപറവൂർ 48, നെടുമ്പാശ്ശേരി -47, പെരുമ്പാവൂർ 47, മട്ടാഞ്ചേരി 47, കുന്നുകര 46, മരട് 46, കടവന്ത്ര 45, നായരമ്പലം 45, ഏഴിക്കര 44, പല്ലാരിമംഗലം 44, മൂക്കന്നൂർ 44, അങ്കമാലി 42, പാറക്കടവ് 42, വൈറ്റില 41, എളമക്കര 39, കുട്ടമ്പുഴ 39, വരാപ്പുഴ 39, കോട്ടപ്പടി 38, പാലാരിവട്ടം 37, വടക്കേക്കര 36, വടുതല 36, വെണ്ണല 36, ഇടപ്പള്ളി 35, ചോറ്റാനിക്കര 35, നെല്ലിക്കുഴി - 35, വാളകം 35, ഒക്കൽ 34, കോട്ടുവള്ളി 34, ആവോലി 33, കവളങ്ങാട് 33, തേവര 31, മഞ്ഞപ്ര 31, കരുമാലൂർ 29, പാലക്കുഴ 29, കാലടി 28, പാമ്പാകുട 28, പൂതൃക്ക 28, എടത്തല 27, എറണാകുളം നോർത്ത് 26, കൂവപ്പടി 26, ചിറ്റാറ്റുകര 26, പച്ചാളം 26, പുത്തൻവേലിക്കര 26, എടക്കാട്ടുവയൽ 25, കടമക്കുടി 25, മലയാറ്റൂർ നീലീശ്വരം 25, അയ്യമ്പുഴ 23, തോപ്പുംപടി 23, മഴുവന്നൂർ 23, കുഴിപ്പള്ളി 22, തുറവൂർ 22, മാറാടി 22, മുളവുകാട് 22, അശമന്നൂർ 21, ഇലഞ്ഞി 21, കാഞ്ഞൂർ 21, ചെല്ലാനം 21, തിരുമാറാടി 21, പൈങ്ങോട്ടൂർ 21, വാരപ്പെട്ടി21, തമ്മനം 20, ഇടക്കൊച്ചി 19, രായമംഗലം 19, പോണേക്കര 18, ഐക്കാരനാട് 17, വടവുകോട് 17, ആമ്പല്ലൂർ 15, പനമ്പള്ളി നഗർ 15, പിണ്ടിമന 15, എടവനക്കാട് 13, തിരുവാണിയൂർ 13, ആരക്കുഴ 12, കറുകുറ്റി 12, കല്ലൂർക്കാട് 11, കീരംപാറ 11, പെരുമ്പടപ്പ് 11, വേങ്ങൂർ 10, ഐഎൻ എച്ച്എസ് 18, സിഐഎസ്എഫ് രണ്ട്, പൊലീസ് ഉദ്യോഗസ്ഥൻ ഒന്ന്, അതിഥി തൊഴിലാളി 27. പത്തിൽ താഴെ കേസുകൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങൾ: മുണ്ടംവേലി,മഞ്ഞള്ളൂർ,അയ്യപ്പൻകാവ്,മണീട്,മുടക്കുഴ,പോത്താനിക്കാട്,രാമമംഗലം,പൂണിത്തുറ,എളംകുളം,ചളിക്കവട്ടം.

ഹെൽപ് ലൈൻ ഇന്നു മുതൽ

കളമശേരി: കളമശേരി നിയമസഭാമണ്ഡലത്തിൽ നിയുക്ത എംഎൽഎ പി.രാജീവിന്റെ നേതൃത്വത്തിൽ കേന്ദ്രീകൃത കൊവിഡ് പ്രതിരോധ ഹെൽപ്പ്ലൈൻ സംവിധാനം ഇന്നു മുതൽ ആരംഭിക്കും. മണ്ഡലത്തിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ സഹായത്തിനും പ്രാദേശിക സംവിധാനങ്ങളുടെ ഏകോപനത്തിനുമായാണു കൊവിഡ് ഹെൽപ്പ്ലൈൻ ആരംഭിക്കുന്നത്. മണ്ഡലത്തിലെ ജില്ലാ പഞ്ചായത്ത് ബ്ലോക്ക്, പഞ്ചായത്ത് അംഗങ്ങളും ഏലൂർ, കളമശേരി മുൻസിപ്പാലിറ്റി ചെയർ പേഴ്സൺമാരും കുന്നുകര കരുമാലൂർ, കടുങ്ങല്ലൂർ, ആലങ്ങാട് പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും മുഴുവൻ മുൻസിപ്പൽ കൗൺസിലർമാരും പഞ്ചായത്ത് അംഗങ്ങളും പങ്കെടുത്ത ഓൺലൈൻ യോഗത്തിലാണ് ഹെൽപ്പ് ലൈൻ സംവിധാനം ആരംഭിക്കാൻ തീരുമാനിച്ചത്. ഹെൽപ്പ് ലൈനിൽ ബന്ധപ്പെടുന്നവർക്ക് വിദഗ്ദ ഡോക്റ്റർമാരുമായി വീഡിയോ കോൾ വഴി സംസാരിക്കാൻ അവസരം ഒരുക്കും. അവശ്യ മരുന്നുകൾ വേണ്ടവർക്ക് മരുന്നുകളും മറ്റു സഹായങ്ങളും സന്നദ്ധ പ്രവർത്തകർ വീടുകളിൽ എത്തിച്ചു നൽകും.

ജില്ലാ അതിർത്തികളിൽ കർശന പരിശോധന

പഴുതുകളടച്ച് പൊലീസ്

കൊച്ചി: തുടർച്ചയായ രണ്ടാം ദിവസം ലോക്ഡൗൺ പരിശോധനകൾ കൂടുതൽ കർശനമാക്കി പൊലീസ്. കൊവിഡ് വ്യാപകമാകുന്നത് കണക്കിലെടുത്ത് ജില്ലാ അതിർത്തികൾ അടച്ചിട്ടാണു പരിശോധന. ഇന്നലെ ഞായറാഴ്ച ആയതിനാൽ നിരത്തുകളിൽ ആദ്യ ദിവസത്തേക്കാൾ വാഹനങ്ങൾ കുറവായിരുന്നു. എറണാകുളം റൂറൽ പൊലീസ് പരിധിയിൽ പ്രധാന ജംക്ഷനുകളിലെല്ലാം വാഹനങ്ങൾ പരിശോധിച്ച ശേഷമാണു കടത്തിവിടുന്നത്. അവശ്യ യാത്രക്കാരെ ബുദ്ധിമുട്ടിക്കാത്ത തരത്തിലുള്ള പരിശോധനകളാണ് നടത്തുന്നതെന്നു ജില്ലാ പൊലീസ് മേധാവി കെ.കാർത്തിക് പറഞ്ഞു. ആലുവ മാർക്കറ്റ് പ്രത്യേക ബാരിക്കേഡുകൾ കെട്ടി തിരിച്ചിട്ടുണ്ട്.

നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ആലുവ മാർക്കറ്റിൽ പൊലീസ് ബാനർ കെട്ടുന്നു.

രാവിലെ പതിനൊന്നുമണി വരെ മാത്രമാണ് ആലുവ മാർക്കറ്റിൽ കച്ചവടം. മൊത്ത വിൽപ്പനക്കു മാത്രമെ ഇവിടെ അനുവാദമുള്ളു. പതിനൊന്നു മണിക്ക് ശേഷം മർക്കറ്റിലേക്ക് പ്രവേശനമില്ല. ക്വാറന്റൈനിൽ കഴിയുന്നവർക്കു ഭക്ഷണവും മരുന്നും എത്തിക്കാനുള്ള സഹായവും പൊലീസ് നൽകുന്നു. മദ്യവിൽപ്പന തടയുന്നതിനു റൈഡുകൾ നടക്കുന്നുണ്ട്. വരും ദിവസങ്ങളിൽ പരിശോധന ശക്തമാക്കുമെന്ന് എസ്പി പറഞ്ഞു. ക്വാറന്റൈൻ ലംഘിച്ചതിനു നാലു പേരെ അറസ്റ്റ് ചെയ്തു. കൊവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തതിനു 243 കേസുകൾ രജിസ്റ്റർ ചെയ്തു. 55 പേരെ അറസ്റ്റ് ചെയ്തു. 160 വാഹനങ്ങൾ കണ്ടുകെട്ടി. മാസ്ക്ക് ധരിക്കാത്തതിനു 1444 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്തതിനു 1667 പേർക്കെതിരെയും നടപടിയെടുത്തു.

കൊച്ചി സിറ്റി പൊലീസ് കമ്മീഷണറേറ്റിൽ ഇന്നലെ വൈകിട്ടു വരെ കൊവിഡ് മാനദണ്ഡം ലംഘിച്ചതിനു എപ്പിഡമിക് ഡിസീസ് ആക്റ്റ് പ്രകാരം 82 കേസുകൾ രജിസ്റ്റർ ചെയ്തു. മാസ്ക് ധരിക്കാത്തതിനു 139 പേർക്കെതിരേയും സാമൂഹിക അകലം പാലിക്കാത്തതിനു 119 പേർക്കെതിരേയും കേസെടുത്തു. 50 വാഹനങ്ങൾ പിടിച്ചെടുത്തു. ജില്ലാ അതിർത്തികൾ കേന്ദ്രീകരിച്ചു കർശനമായി നിരീക്ഷണം തുടരുകയാണ്.

അതിർത്തി അടച്ചിട്ടാണു പരിശോധന. ഈ ഭാഗത്തു മറ്റു ജില്ലകളിലേക്ക് അടിയന്തിരമായി പോകേണ്ട വാഹനങ്ങൾക്കു പ്രത്യേക പാത ഒരുക്കിയിട്ടുണ്ടെന്നു സിറ്റി പൊലീസ് കമ്മീഷണർ അറിയിച്ചു. പ്രധാന റോഡുകളും ഇടറോഡുകളും കേന്ദ്രീകരിച്ചു 100 ജംക്ഷനുകളിൽ പൊലീസ് പിക്കറ്റ് ഏർപ്പെടുത്തി.

കണ്ടെയ്ൻമെന്റ് സോണുകളിൽ പുറത്തിറങ്ങാൻ കഴിയാത്തവർക്കു ജനമൈത്രി ബീറ്റ് ഓഫിസർമാർ ആഹാരവും മരുന്നുകളും എത്തിച്ചു കൊടുക്കും.

എല്ലാ വ്യാപാര സ്ഥാപനങ്ങളെയും അവശ്യ സർവീസിൽ പെടുത്തണം: വ്യാപാരി വ്യവസായി

തൃപ്പൂണിത്തുറ: എല്ലാ വ്യാപാര സ്ഥാപനങ്ങളെയും അവശ്യ സർവീസായി പ്രഖ്യാപിക്കണമെന്നും കൊവിഡ് പ്രതിരോധ വാക്സിൻ നൽകുന്നതിൽ ആരോഗ്യ പ്രവർത്തകർക്കും പൊലീസിനും നൽകുന്ന മുൻഗണന ലൈസൻസുള്ള മുഴുവൻ വ്യാപാരികൾക്കും നൽകണമെന്നും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തൃപ്പൂണിത്തുറ മേഖല കമ്മിറ്റി ആവശ്യപ്പെട്ടു. കൊവിഡ് വ്യാപനം തടയുന്നതിനായി സർക്കാർ കൈക്കൊള്ളുന്ന എല്ലാ നടപടിക്കളെയും സ്വാഗതം ചെയ്യുന്നു.നിയന്ത്രണങ്ങളുടെയും തുടർന്നുള്ള ലോക്ക്ഡൗണിന്റെയും പേരിൽ വലിയൊരു വിഭാഗം വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതു വ്യാപാരികളെയും അനുബന്ധ തൊഴിലാളികളെയും സാരമായി ബാധിച്ചിരിക്കുകയാണ്.

സർക്കാരിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും അർദ്ധ സർക്കാരുകളുടെയും വാടക കെട്ടിടങ്ങളിലെ വ്യാപാരികൾക്ക് മൂന്നു മാസത്തെയെങ്കിലും വാടക ഒഴിവാക്കി തരുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദേശം നൽകണം. സ്വകാര്യ വാടക കെട്ടിടങ്ങളിൽ വ്യാപാരം ചെയ്യുന്ന കച്ചവടക്കാർക്കും മൂന്നു മാസത്തെ വാടക ഇളവ് നൽകുവാൻ മുഖ്യമന്ത്രി ഇടപെട്ടു കെട്ടിട ഉടമകൾക്ക് നിർദേശം നൽകണം. ബാങ്കുകൾ, കെഎസ്എഫ്ഇ, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് ആറു മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കണം.

വൈദ്യുത ചാർജിൽ ഇളവനുസരിച്ചു ബിൽ അടയ്ക്കുന്നതിനു ആറു മാസത്തെ സാവകാശം അനുവദിക്കണമെന്നും ജിഎസ്ടി ആർ1 ഫയൽ ചെയ്യുന്നതിന് സാവകാശം അനുവദിക്കണമെന്നും തൃപ്പൂണിത്തുറ മേഖല കമ്മിറ്റിക്കു വേണ്ടി പ്രസിഡന്റ് ടി.ബി നാസർ, ജനറൽ സെക്രട്ടറി സാം തോമസ്, ട്രഷറർ ടി.പി റോയ് എന്നിവർ ആവശ്യപ്പെട്ടു.

വിദേശമദ്യം കടത്ത്; രണ്ടു പേർ അറസ്റ്റിൽ

കൊച്ചി: വാഴക്കണ്ണിന്റെ മറവിൽ വിദേശമദ്യം കടത്തിയ രണ്ടു പേർ അറസ്റ്റിൽ. നെടുങ്ങപ്ര വേലൻമാവുകുടി ബിബിൻ (36), അരുവപ്പാറ കരോട്ടുകുടി സുനീഷ് (35) എന്നിവരെയാണ് പെരുമ്പാവൂർ വല്ലത്തിനു സമീപം ജില്ലാ പൊലീസ് മേധാവി കെ.കാർത്തിക്കിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. ഇവരിൽ നിന്നു 30 കുപ്പി മദ്യവും കടത്താനുപയോഗിച്ച വാഹനവും പിടികൂടി.

ബിബിൻ, സുനീഷ്.

കേരളത്തിൽ നിന്നും പൈനാപ്പിളുമായാണ് സംഘം തമിഴ്നാട്ടിലേക്ക് പോകുന്നത്. അവിടെ നിന്നും മദ്യം സംഘടിപ്പിച്ച് പായ്ക്ക് ചെയ്ത് അതിന് മുകളിൽ വാഴക്കണ്ണ് കയറ്റിയാണ് മദ്യം കൊണ്ടു വന്നത്. മദ്യം കടത്തുന്നതിനെക്കുറിച്ച് എസ്പി കെ. കാർത്തിക്കിന് രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവർ നിരീക്ഷണത്തിലായിരുന്നു. റെയ്ഡിന് എറണാകുളം റൂറൽ ജില്ലാ ഡാൻസാഫ് ടിമും പെരുമ്പാവൂർ പൊലീസ് സ്റ്റേഷനിലെ എസ്ഐ വി.ആർ.ഉണ്ണികൃഷ്ണൻ, സിപിഒ എം.ബി. സുബൈർ, വി.ആർ.രതീഷ്കുമാർ എന്നിവരും ഉണ്ടായിരുന്നു.

പടിഞ്ഞാറൻ കൊച്ചിയിൽ പിടിച്ചെടുത്തത് നിരവധി വാഹനങ്ങൾ

മട്ടാഞ്ചേരി: കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ച സമ്പൂർണ ലോക്ഡൗൺ പടിഞ്ഞാറൻ കൊച്ചിയിൽ കർശനമായി നടപ്പാക്കി പൊലീസ്.പഴുതുകളടച്ച് കൊണ്ടുള്ള പരിശോധന സംവിധാനമാണ് പടിഞ്ഞാറൻ കൊച്ചിയിൽ അസി.കമ്മിഷണർ ജി.ഡി.വിജയകുമാറിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നത്.

അതിർത്തികളിലെ പരിശോധന കേന്ദ്രങ്ങൾക്ക് പുറമേ ബൈ റോഡുകളിലും പരിശോധന ശക്തമാക്കി.

ഇതിന് പുറമേ മൊബൈൽ പെട്രോളിങ്ങുമുണ്ട്.

ഇരുചക്ര വാഹനങ്ങളിലെ പൊലീസ് പെട്രോളിങ് കൂടാതെ പൊലിസ് ഇൻസ്പെക്റ്റർ, സബ് ഇൻസ്പെക്റ്റർ എന്നിവരുടെ നേതൃത്വത്തിൽ ജീപ്പുകളിലും പരിശോധന ശക്തമാക്കിയതോടെ അനാവശ്യമായി നിരത്തിലിറങ്ങുന്നവരുടെ എണ്ണം കുറഞ്ഞു. പടിഞ്ഞാറൻ കൊച്ചിയിൽ കൊവിഡ് വ്യാപനം രൂക്ഷമായ പശ്ചാത്തലത്തിൽ കർശനമായി തന്നെ പോകാനാണ് പൊലീസിന്റെ തീരുമാനം.

പള്ളുരുത്തിയിൽ പൊലീസ് പിടിച്ചെടുത്ത വാഹനങ്ങൾ.

കൊവിഡ് ദുരിതമറിഞ്ഞ തങ്കച്ചൻ തനി തങ്കമായി

അങ്കമാലി: കൊവിഡ് രണ്ടാം തരംഗത്തിൽ നാട് മുഴുവൻ വിറങ്ങലിച്ചു നിൽക്കുമ്പോൾ അങ്കമാലി നഗരസഭയ്ക്ക് കൈത്താങ്ങായി വികെഡി തങ്കച്ചൻ. അങ്കമാലി താലൂക്ക് ആശുപത്രിയിൽ ആരോഗ്യ പ്രവർത്തകർക്കു പ്രതിരോധ കിറ്റുകൾ കുറവുണ്ടെന്ന് ആശുപത്രി സൂപ്രണ്ട് ഡോ: നസീമ നജീബ് അറിയിച്ചപ്പോൾ സഹായ ഹസ്തവുമായി തങ്കച്ചൻ ആശുപത്രിയിൽ ഓടിയെത്തിയത് വെറും കയ്യോടെയായിരുന്നില്ല. കൊവിഡ് പ്രതിരോധ വസ്തുക്കളായ സർജിക്കൽ മാസ്ക്, പിപിഇ കിറ്റ്, ഓക്സി മീറ്റർ, ഗ്ലൗസ് എന്നിവയടങ്ങിയ ഒരു ലക്ഷം രൂപയോളം വില വരുന്ന അവശ്യ വസ്തുക്കൾ ആശുപത്രി സൂപ്രണ്ടിന് നൽകിയാണ് തങ്കച്ചൻ മടങ്ങിയത്.

വിജനമായി കുമ്പളം ടോൾ പ്ലാസ

മരട്: ലോക്ഡൗൺ രണ്ടു ദിവസം പിന്നിട്ടപ്പോൾ കുമ്പളം ടോൾ പ്ലാസ ഉത്സവം കഴിഞ്ഞ പൂരപ്പറമ്പ് പോലെ. പൊലീസ് പരിശോധന കർശനമാക്കിയതോടെ വാഹനങ്ങളുടെ ഒഴുക്കു കുറഞ്ഞതാണു കാരണം. ദേശീയപാതയിൽ കുമ്പളം ജംക്ഷനിൽ ഇരുവശവും ബാരിക്കേഡുകൾ സ്ഥാപിച്ചു വാഹന പരിശോധന ശക്തമാക്കിയിട്ടുണ്ട്.

ഇതോടെ നിരത്തിൽ രാവിലെ മുതൽ വാഹനങ്ങൾ കുറവായിരുന്നു.

കുമ്പളം ടോൾ പ്ലാസയിലൂടെ കടന്ന് പോകുന്ന വാഹനങ്ങൾ തീരെ കുറവായതിനാൽ ഹർത്താലിന്റെ പ്രതീതിയായിരുന്നു.

മാടവന ജംക്ഷൻ, പനങ്ങാട്, ചേപ്പനം ഭാഗത്തേക്കുള്ള യാത്രയും ബാരിക്കേഡ് സ്ഥാപിച്ചു തടഞ്ഞു. കുണ്ടന്നൂർ ജംക്ഷൻ, വൈറ്റില എന്നിവിടങ്ങളിലും വ്യാപകമായി ഇരുചക്രവാഹനങ്ങളുൾപ്പെടെ പരിശോധിച്ചു.നിയമം ലംഘിച്ച് അനാവശ്യമായി പുറത്തിറങ്ങുന്ന യാത്രക്കാരെ പിടികൂടുമെന്നാണു പൊലീസ് നൽകുന്ന മുന്നറിയിപ്പ്.

ദേശീയപാതയിൽ തിരക്കൊഴിഞ്ഞ കുമ്പളം ടോൾ പ്ലാസ.

സ്വകാര്യ ആശുപത്രിയുടെ കൊള്ള

അഞ്ച് ദിവസത്തെ പിപിഇ കിറ്റിന് 37,352 രൂപ: അന്വേഷിക്കണമെന്നു ഹൈക്കോടതി

കൊച്ചി: കൊവിഡ് ചികിത്സയ്ക്കു വലിയ ഫീസ് ഈടാക്കിയ സ്വകാര്യ ആശുപത്രിയ്ക്കെതിരെ രോഗികൾ രംഗത്ത്. ആലുവയിലെ ഒരു സ്വകാര്യ ആശുപത്രിയ്ക്കെതിരെയാണു വ്യാപകമായി പരാതികൾ ഉയർന്നത്. തൃശൂർ സ്വദേശിയായ രോഗിയിൽ നിന്ന് പിപിഇ കിറ്റിന് അഞ്ച് ദിവസത്തേയ്ക്ക് 37,352 രൂപയാണ് ഈടാക്കിയത്. ഇതിനെതിരെ യുവാവ് രംഗത്തെത്തിയതോടെയാണ് വിവരം പുറത്തുവരുന്നത്. സംഭവത്തിൽ ഇടപെട്ട ഹൈക്കോടതി പരാതി പരിശോധിക്കാൻ അധികൃതരോട് ആവശ്യപ്പെട്ടു. ഐഎംഎ ഭാരവാഹികളോട് ആശുപത്രി സന്ദർശിക്കാനും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ആവശ്യപ്പെട്ടു. സംഭവത്തിൽ ഡിഎംഒയോട് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്റ്റർ എസ് സുഹാസ് ആവശ്യപ്പെട്ടിട്ടുണ്ട്.

പത്ത് ദിവസം ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞതിന് ആൻസൻ എന്ന രോഗിയ്ക്ക് 1,67,381 രൂപയാണ് ബില്ല് നൽകേണ്ടി വന്നത്. രോഗികൾ പൊലീസിനും ഡിഎംഒയ്ക്കും പരാതി നൽകി.

അഞ്ച് ദിവസം ആശുപത്രിയിൽ ചികിത്സയിൽ കിടന്ന തൃശൂർ സ്വദേശിയായ മറ്റൊരു കൊറോണ രോഗിയ്ക്കും സമാനമായ അനുഭവമാണുണ്ടായത്. 67,880 രൂപയാണ് ഇയാൾക്ക് നൽകേണ്ടി വന്നത്.

ഇതിൽ 37,572 രൂപ പിപിഇ കിറ്റിന് മാത്രമാണ് ഈടാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ കൊവിഡ് ചികിത്സയ്ക്ക് അമിത നിരക്ക് ഈടാക്കുന്നതിനെതിരേ ഹൈക്കോടതി കഴിഞ്ഞ ദിവസങ്ങളിൽ കടുത്ത വിമർശനമാണ് ഉന്നയിച്ചത്. സർക്കാർ ഉത്തരവുകൾ സ്വകാര്യ ആശുപത്രികൾ പാലിക്കുന്നില്ലെന്നും, അതുകൊണ്ട് തന്നെ സർക്കാർ ഇക്കാര്യത്തിൽ സമയബന്ധിതമായി നയരൂപീകരണം നടത്തണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. കൊവിഡ് ചികിത്സയുടെ മറവിൽ കൊള്ളലാഭം ഉണ്ടാക്കാനുള്ള ശ്രമങ്ങളേയും കോടതി വിമർശിച്ചിരുന്നു.

ആശുപത്രികൾക്കും ലാബുകൾക്കുമെതിരേ കർശന നടപടി വേണം: സിപിഎം

മട്ടാഞ്ചേരി: കൊവിഡ് നിർണയിക്കുന്നതിനുള്ള ആർടിപിസിആർ പരിശോധന നിർത്തിവെച്ച സ്വകാര്യ ആശുപത്രി, ലാബുകൾക്കെതിരേ ശക്തമായ നടപടി സ്വീകരിക്കണമെന്ന് സിപിഎം കൊച്ചി ഏരിയ സെക്രട്ടറി കെ.എം. റിയാദ് ആവശ്യപ്പെട്ടു.

1700 രൂപയായിരുന്നപ്പോൾ ധ്രുതഗതിയിൽ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികൾ 500 രൂപയായി കുറച്ച് സർക്കാർ ഉത്തരവ് വന്നതോടെ പരിശോധന നിർത്തുകയായിരുന്നു. ഇത് പാവപ്പെട്ട ജനങ്ങളോടും, സർക്കാരിനോടുമുള്ള വെല്ലു വിളിയാണ്. കൊച്ചി ഏരിയയിൽ, പനയപ്പിള്ളിയിലെ സ്വകാര്യ ആശുപത്രികൾ അടക്കമുള്ള പ്രമുഖ ആശുപത്രികളും ലാബുകളും പരിശോധന നിർത്തിവെച്ചിരിക്കുകയാണ്.

കൊവിഡ് ബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ കൊവിഡ് നിർണയിക്കുന്നതിനുള്ള ടെസ്റ്റിന് ആളുകൾ നെട്ടോട്ടം ഓടുകയാണ്. ഈ അവസരത്തിൽ പരിശോധന നിർത്തിവെച്ച സ്ഥാപനങ്ങൾക്കെതിരേ ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പും ശക്തമായ നടപടി സ്വീകരിക്കണമെന്നും റിയാദ് ആവശ്യപ്പെട്ടു.

മെഡിക്കൽ ഉപകരണങ്ങൾക്ക് കൊള്ള വില

മരട്: കൊവിഡ് വ്യാപനം വർധിക്കുന്ന സാഹചര്യത്തിൽ മാസ്ക്,സർജിക്കൽ ഗ്ലൗസ്, ഫിങ്കർ ഓക്സി മീറ്റർ തുടങ്ങിയ കൊവിഡ് പ്രതിരോധ ഉപകരണങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും തോന്നിയ വില ഈടാക്കുന്നതായി പരാതി. ഈ സാഹചര്യത്തിൽ അമിത വില ഈടാക്കാതിരിക്കാൻ ബന്ധപ്പെട്ട അധികൃതർ സത്വര നടപടി സ്വീകരിക്കണമെന്ന് കേരള കൺസ്യൂമർ പ്രൊട്ടക്ഷൻ ആന്റ് വെൽഫെയർ ഫെഡറേഷൻ ജനറൽ സെക്രട്ടറി ജി.കെ.പിള്ള തെക്കേടത്ത് മുഖ്യമന്ത്രിക്കയച്ച കത്തിൽ ആവശ്യപ്പെട്ടു.

ഒരു ജോഡി സർജിക്കൽ ഗ്ലൗസിന് നീതി സ്റ്റോറുകളിലും മറ്റ് ന്യായവില ഷോപ്പുകളിലും പത്തു രൂപ ഈടാക്കുമ്പോൾ പുറത്തു 30 രൂപ വരെ വസൂലാക്കുന്നു. എൻ 95 മാസ്കിന് ന്യായവില ഷോപ്പുകളിൽ 30 രൂപയിൽ താഴെ വിലയുള്ളുവെങ്കിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിൽ 130രൂപ വരെ വസൂലാക്കുന്നു. ഫിങ്കർ ഓക്സി മീറ്ററുകൾക്ക് ആയിരം രൂപാവരെയാണ് കൂടുതൽ ഈടാക്കുന്നത്. ഓക്സിജൻ റീഫില്ലിങ് കേന്ദ്രങ്ങളും തോന്നി നിരക്കാണ് ഈടാക്കുന്നതെന്നു പരാതിയുയർന്നിട്ടുണ്ട്.

തെരുവിൽ കഴിയുന്നവർക്ക് ഭക്ഷണവുമായി കോർപ്പറേഷൻ

കൊച്ചി: കോർപ്പറേഷന്റെ നേതൃത്വത്തിൽ ലോക്ഡൗൺ കാലത്ത് തെരുവിൽ കഴിയുന്നവർക്കും ഭക്ഷണം വിതരണം ചെയ്തു തുടങ്ങി. അസി. പൊലീസ് കമ്മീഷണറുമായി മേയർ നടത്തിയ ചർച്ചയിൽ നഗരസഭയും പൊലീസും ചേർന്ന് തെരുവിൽ കഴിയുന്നവർക്കുള്ള ഭക്ഷണം നൽകുന്നതിനു തീരുമാനിച്ചിരുന്നു.

കൊവിഡിന്റെ രണ്ടാം തരംഗം രൂക്ഷമായപ്പോൾ മുതൽ കഴിഞ്ഞ 18 ദിവസങ്ങളായി എറണാകുളം ടിഡിഎം ഹാളിൽ പാകം ചെയ്ത് നഗരത്തിലെ വീടുകളിൽ കഴിയുന്ന കൊവിഡ് രോഗികൾക്കും ക്വാറന്റൈനിലുള്ളവർക്കുമായി നഗരസഭ ഭക്ഷണം എത്തിച്ചു നൽകിയിരുന്നു. ഇതിനു പുറമേയാണ് മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം തെരുവിൽ കഴിയുന്നവർക്കായുള്ള ഭക്ഷണ കൗണ്ടറുകൾ അരംഭിച്ചത്. എറണാകുളം ടിഡിഎം ഹാളിൽ തന്നെ ആരംഭിച്ചിട്ടുള്ള കൗണ്ടറിൽ നിന്നുള്ള ഭക്ഷണം വിതരണം ഐജി വിജയൻ ഉദ്ഘാടനം ചെയ്തു. പതിവ് ഭക്ഷണം വിതരണം എറണാകുളം നന്മ ഫൗണ്ടേഷൻ പ്രസിഡന്റ് രഞ്ജിത്ത് വാര്യരും നിർവ്വഹിച്ചു.

നാലു ലക്ഷത്തിൽ താഴാതെ പ്രതിദിന കണക്ക്

- ദക്ഷിണേന്ത്യയിൽ സം 1.40 ലക്ഷത്തിലേറെ പുതിയ കേസുകൾ
- തമിഴ്നാട്ടിലും പുതുച്ചേരിയിലും ലോക്ഡൗൺ ഇന്നു മുതൽ
- കർണാടകയിൽ ലോക്ഡൗണിനു സമാനമായ നിയന്ത്രണങ്ങൾ
- യുപിയും ഡൽഹിയും ലോക്ഡൗൺ നീട്ടി

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് പ്രതിദിന രോഗബാധ നാലു ലക്ഷത്തിനു മുകളിൽ തുടരുകയാണ്. അവസാന 24 മണിക്കൂറിൽ സ്ഥിരീകരിച്ചത് 4,03,738 പുതിയ കേസുകൾ. ഇതിൽ 1.40 ലക്ഷത്തിലേറെയും ദക്ഷിണേന്ത്യയിൽ. കർണാടക, കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളിൽ ആശങ്കാജനകമായ സാഹചര്യം നിലനിൽക്കുന്നു. ഇതിനിടെ, പുതുച്ചേരിയും ഇന്നു മുതൽ രണ്ടാഴ്ച ലോക് ഡൗൺ പ്രഖ്യാപിച്ചു. കേസുകൾ വർധിക്കാൻ തുടങ്ങിയ സാഹചര്യത്തിലാണിത്.

തമിഴ്നാട്ടിൽ രണ്ടാഴ്ച ലോക്ഡൗൺ ഇന്നാരംഭിക്കുകയാണ്. കേരളത്തിൽ ലോക് ഡൗൺ നിലവിൽ വന്നു കഴിഞ്ഞു. കർണാടകയിൽ ഇന്നു മുതൽ ഈ മാസം 24 വരെ ലോക്ഡൗണിനു സമാനമായ കർശന നിയന്ത്രണം പ്രഖ്യാപിച്ചിട്ടുണ്ട്. ഉച്ചയ്ക്കു 12 മുതൽ രാവിലെ ആറുവരെ കർഫ്യൂ നിലവിലുള്ള ആന്ധ്രയും ഭാഗിക ലോക് ഡൗണിൽ. മേയ് ആറിനു തുടങ്ങിയ ഈ നിയന്ത്രണം രണ്ടാഴ്ചത്തേക്കാണ്.

രാജ്യത്ത് അവസാന ദിവസം 4,092 പേരുടെ മരണമാണ് വൈറസ് മൂലമെന്നു സ്ഥിരീകരിച്ചത്. ഇതോടെ മരണസംഖ്യ 2,42,362ൽ എത്തി. ആക്റ്റിവ് കേസുകൾ 37.36 ലക്ഷം. ഇതുവരെ രോഗം ബാധിച്ചവർ 2.23 കോടിക്ക് അടുത്ത്. ഇതിൽ 1.83 കോടിയിലേറെ പേർ രോഗമുക്തരായി. 18.65 ലക്ഷത്തിലേറെ സാംപിളുകൾ അവസാന ദിവസം രാജ്യത്തു പരിശോധിച്ചു.

മഹാരാഷ്ട്രയിൽ 53,605 പേർക്കു കൂടി രോഗബാധ കണ്ടെത്തി. 864 പേരാണ് അവിടെ അവസാന ദിവസം മരിച്ചത്. 6.28 ലക്ഷത്തിലേറെ ആക്റ്റിവ് കേസുകൾ സംസ്ഥാനത്തുണ്ട്. കർണാടകയിൽ 47,563 പേർക്കു കൂടി കൊവിഡ് സ്ഥിരീകരിച്ചു. 482 പേർ കൂടി മരിച്ചതോടെ സംസ്ഥാനത്തെ കൊവിഡ് മരണം 18,000 പിന്നിട്ടു. 21,354 പുതിയ കേസുകളും 285 മരണവും റിപ്പോർട്ട് ചെയ്ത ബംഗളൂരു അർബനിലാണ് ഏറ്റവും വലിയ ആശങ്ക. രാജ്യത്തു തന്നെ കൊവിഡ് ബാധ ഏറ്റവും രൂക്ഷമായ ജില്ലയാണിത്.

തമിഴ്നാട്ടിൽ ദിനംപ്രതി പുതിയ കേസുകൾ വർധിക്കുകയാണ്. 27,397 പുതിയ കേസുകൾ കഴിഞ്ഞ ദിവസം സംസ്ഥാനത്തു സ്ഥിരീകരിച്ചു. 241 പേരുടെ മരണവും കൊവിഡ് മൂലമെന്നു കണ്ടെത്തി. കഴിഞ്ഞ ദിവസം 26,465 കേസുകളും 197 മരണവുമായിരുന്നു. 1.39 ലക്ഷം ആക്റ്റിവ് കേസുകളാണ് തമിഴകത്തുള്ളത്. ചെന്നൈയിൽ മാത്രം 6,800ലേറെ പേർക്ക് കഴിഞ്ഞ ദിവസം രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

തമിഴകത്തെ പുതിയ മന്ത്രിസഭയുടെ ആദ്യ യോഗം ഇന്നലെ ചേർന്നു. കൊവിഡ് സാഹചര്യം കൃത്യമായി വിലയിരുത്തി നടപടികളെടുക്കുന്നതിലാവണം പ്രധാന ശ്രദ്ധയെന്ന് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ മന്ത്രിമാരോടു നിർദേശിച്ചു. ലോക്ഡൗൺ കൃത്യമായി നടപ്പാവുന്നു എന്നും ഓക്സിജൻ പാഴാകുന്നില്ലെന്നും ഉറപ്പാക്കണമെന്നും അദ്ദേഹം. റെംഡെസിവിർ പോലുള്ള മരുന്നുകൾ കരിഞ്ചന്തയിൽ വിൽപ്പന നടത്തുന്നുണ്ടെന്ന റിപ്പോർട്ടുകളും സ്റ്റാലിൻ പരാമർശിച്ചു.

ആന്ധ്രപ്രദേശിൽ 20,065 പുതിയ കേസുകൾ കണ്ടെത്തി. 96 പേരാണ് ആന്ധ്രയിൽ അവസാന ദിവസം മരിച്ചത്. കഴിഞ്ഞ വർഷം ഓഗസ്റ്റ് 22ന് 97 പേരുടെ മരണം രേഖപ്പെടുത്തിയ ശേഷം ഇതാദ്യമായാണ് ആന്ധ്രയിൽ ഇത്രയും പേർ ഒരു ദിവസം മരിക്കുന്നത്. 1.87 ലക്ഷത്തിലേറെ ആക്റ്റിവ് കേസുകൾ ആന്ധ്രയിലുണ്ട്. തെലങ്കാനയിൽ അയ്യായിരത്തിലേറെയും പുതുച്ചേരിയിൽ 1,700ൽ ഏറെയും പുതിയ കേസുകളാണ് അവസാന ദിവസം കണ്ടെത്തിയിരിക്കുന്നത്.

ഉത്തർപ്രദേശിൽ ലോക്ഡൗൺ ഈ മാസം 17 വരെ നീട്ടി. കൊറോണ കർഫ്യൂ ഫലം കാണുന്നുണ്ടെന്ന് സംസ്ഥാന സർക്കാർ. ആക്റ്റിവ് കേസുകൾ കുറയുന്നുണ്ട്. അവസാന ദിവസം 26,847 പുതിയ കേസുകളും 298 മരണവുമാണ് യുപിയിൽ സ്ഥിരീകരിച്ചത്. 34,721 പേർ രോഗമുക്തരായി. പതിനയ്യായിരത്തിലേറെ പേർ ഇതുവരെ സംസ്ഥാനത്തു മരിച്ചു.

യുപിയിലെ സജീവ കേസുകൾ ഇപ്പോൾ 2.45 ലക്ഷമാണ്. ഏപ്രിൽ 30ന് 3.10 ലക്ഷം പേർ സംസ്ഥാനത്തു ചികിത്സയിലുണ്ടായിരുന്നു. പ്രതിദിന കേസുകളും കുറയുന്നുണ്ട്. ഏപ്രിൽ 24ന് 38,000 പേർക്ക് രോഗം സ്ഥിരീകരിച്ച ശേഷം സംസ്ഥാനത്തെ ഗ്രാഫ് താഴോട്ടാണെന്ന് ആരോഗ്യ വിഭാഗം ചൂണ്ടിക്കാട്ടുന്നു. 2.45 ലക്ഷം സാംപിളുകളാണ് കഴിഞ്ഞ ദിവസം സംസ്ഥാനത്തു പരിശോധിച്ചത്. ഇനിയും സാംപിൾ പരിശോധന വർധിപ്പിക്കാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നിർദേശം നൽകി.

ഡൽഹിയിലും മേയ് 17 വരെ ലോക്ഡൗൺ നീട്ടിയിട്ടുണ്ട്. മെട്രൊ ട്രെയ്ൻ സർവീസുകൾ നിർത്തിവയ്ക്കും. പൊതുസ്ഥലങ്ങളിൽ വിവാഹച്ചടങ്ങുകൾ വിലക്കി. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും 23 ശതമാനമുണ്ട്. ഇനിയും കർശന നിയന്ത്രണം ആവശ്യമാണെന്ന് മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ പറഞ്ഞു. ഛത്തിസ്ഗഡും കടുത്ത നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചു. വിവാഹച്ചടങ്ങുകൾക്കു പരമാവധി പത്തു പേർ മാത്രം അനുവദനീയം. മത, സാമൂഹിക, രാഷ്ട്രീയ പരിപാടികളെല്ലാം വിലക്കി.

നൂറ്റിമൂന്നാം വയസിൽ കൊവിഡിനെ തോൽപ്പിച്ചു

പൽഘർ: മഹാരാഷ്ട്രയിൽ 103 വയസുള്ള ശ്യാംറാവു ഇംഗ്ലെ കൊവിഡ് മുക്തനായി ആശുപത്രി വിട്ടത് ജില്ലാ കലക്റ്ററുടെയും ആശുപത്രി ജീവനക്കാരുടെയും സ്വീകരണം ഏറ്റുവാങ്ങി. ശനിയാഴ്ചയായിരുന്നു ശ്യാംറാവുവിനെ ഡിസ്ചാർജ് ചെയ്തത്. വീരേന്ദ്ര നഗർ പ്രദേശത്തുകാരനായ ഇയാൾ പോസിറ്റീവായ ശേഷം പൽഘറിലെ കൊവിഡ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ചികിത്സയിൽ ശ്യാംറാവു പൂർണമായി സഹകരിച്ചുവെന്ന് ആശുപത്രി അധികൃതർ. ചിരിയോടെ നടന്നാണ് ഇയാൾ ആശുപത്രിയിൽ നിന്നു പോയതെന്നും അവർ. പൽഘർ ജില്ലാ കലക്റ്റർ ഡോ. മണിക് ഗുർസാലും ആശുപത്രി ജീവനക്കാരും പൂക്കൾ നൽകി യാത്രയാക്കി.

ഹേമമാലിനിയുടെ സെക്രട്ടറി കൊവിഡ് ബാധിച്ചു മരിച്ചു

ന്യൂഡൽഹി: നടിയും എംപിയുമായ ഹേമമാലിനിയുടെ സെക്രട്ടറി മാർക്കണ്ഡ് മെഹ്ത കൊവിഡ് 19 ബാധിച്ചു മരിച്ചു. ഹേമമാലിനി തന്നെയാണ് ഇക്കാര്യം ട്വിറ്ററിലൂടെ അറിയിച്ചത്. നാൽപ്പതു വർഷത്തിലേറെയായി ഹേമമാലിനിയുടെ സെക്രട്ടറിയായിരുന്നു മെഹ്ത. കുടുംബാംഗത്തെയാണ് നഷ്ടമായതെന്നു ഹേമമാലിനിയുടെ മകൾ ഇഷാ ദിയോൾ പറഞ്ഞു.

ഹിമന്ത ബിശ്വ ശർമ അസം മുഖ്യമന്ത്രിയാകും

നിയമസഭാ കക്ഷി യോഗത്തിൽ ശർമയെ നിർദേശിച്ചത് സർബാനന്ദ സോനോവാൾ

ഗോഹട്ടി: നിയമസഭാ തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച് ഒരാഴ്ച പിന്നിടുമ്പോൾ വടക്കുകിഴക്കൻ ജനാധിപത്യ സഖ്യത്തിന്റെ (എൻഇഡിഎ) കൺവീനർ ഹിമന്ത ബിശ്വ ശർമ അസം മുഖ്യമന്ത്രി സ്ഥാനത്തേക്ക് ബിജെപി നേതൃത്വം തെരഞ്ഞെടുത്തു. സത്യപ്രതിജ്ഞ ഇന്നുണ്ടായേക്കും. ഇന്നലെ ചേർന്ന നിയമസഭാ കക്ഷിയോഗം ഏകകണ്ഠമായാണു ശർമയെ തെരഞ്ഞെടുത്തത്.

ബിജെപിയുടെ കേന്ദ്ര നിരീക്ഷകനായി എത്തിയ കൃഷി മന്ത്രി നരേന്ദ്ര സിങ് തോമറിന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ ഇപ്പോഴത്തെ മുഖ്യമന്ത്രിയും ശർമയുടെ എതിരാളിയെന്നു കരുതപ്പെട്ടിരുന്ന നേതാവുമായ സർബാനന്ദ സോനോവാളാണ് സഹപ്രവർത്തകന്റെ പേര് നിർദേശിച്ചത്. ബിജെപി സംസ്ഥാന അധ്യക്ഷനും രാജ്നീത് കുമാർ ദാസും നന്ദിത ഗർലോസയും പിന്താങ്ങി. ഇന്നലെ വൈകിട്ട് ഗവർണർ ജഗദീഷ് മുഖിയെ കണ്ട ശർമ സർക്കാർ രൂപീകരിക്കാൻ അവകാശമുന്നയിച്ചു.

അസം ലെജിസ്ലേറ്റിവ് അസംബ്ലി ഹാളിൽ ചേർന്ന യോഗത്തിനുശേഷം സഖ്യകക്ഷികളായ എജിപി, യുപിപിഎൽ എംഎൽഎമാർ കൂടി ഉൾപ്പെട്ട എൻഡിഎ നിയമസഭാ കക്ഷി യോഗം ചേർന്ന് ശർമയെ നേതാവായി അംഗീകരിച്ചു. രാവിലെ ഗവർണറെ കണ്ട സോനോവാൾ രാജി നൽകിയിരുന്നു. നിയമസഭാ കക്ഷി യോഗത്തിന് സോനോവാളും ശർമയും ഒരു വാഹനത്തിലാണെത്തിയത്. സോനോവാളിനെയും ശർമയെയും ശനിയാഴ്ച ഡൽഹിക്കു വിളിപ്പിച്ച കേന്ദ്ര നേതൃത്വം ചർച്ച നടത്തിയിരുന്നു.

ഹിതേശ്വർ സൈക്കിയയ്ക്കും തരുൺ ഗൊഗൊയ്ക്കും കീഴിൽ കോൺഗ്രസിൽ രാഷ്ട്രീയപ്രവർത്തനം തുടങ്ങിയ ഹിമന്ത ബിശ്വ ശർമ 2015ലാണു ബിജെപിയിലെത്തിയത്. 2001 മുതൽ എംഎൽഎയാണ്. 2011ൽ ഭരണവിരുദ്ധ വികാരം ശക്തമായിട്ടും ശക്തമായ പ്രചാരണത്തിലൂടെയും സംഘാടന പാടവത്തിലൂടെയും കോൺഗ്രസിന് ഭരണത്തുടർച്ച സമ്മാനിച്ചതിൽ നിർണായക പങ്കുണ്ടായിരുന്നു ശർമയ്ക്ക്. എന്നാൽ, ഭരണം ലഭിച്ചതോടെ ഗൊഗോയ് തന്നെ നേതൃത്വത്തിൽ തുടരട്ടെയെന്നു തീരുമാനിക്കുകയായിരുന്നു കോൺഗ്രസ് നേതൃത്വം. പാർട്ടിയിൽ അവഗണിക്കപ്പെടുന്നുവെന്ന പരാതി ഹൈക്കമാൻഡ് ചെവിക്കൊള്ളുന്നില്ലെന്നും കൂടിക്കാഴ്ചയിൽ തന്നോടു സംസാരിക്കുന്നതിനെക്കാൾ വളർത്തു നായയ്ക്ക് ബിസ്കറ്റ് കൊടുക്കുന്നതിലാണു രാഹുൽ ഗാന്ധിയുടെ ശ്രദ്ധയെന്നും ആരോപിച്ചാണ് ശർമ കോൺഗ്രസ് വിട്ടത്. എൻഡിഎയുടെ വടക്കുകിഴക്കൻ മേഖലാ കൺവീനറാക്കിയാണ് ബിജെപി അദ്ദേഹത്തെ സ്വീകരിച്ചത്. പിന്നീട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളെയെല്ലാം ബിജെപി സഖ്യത്തിന്റെ ഭരണത്തിനു കീഴിലാക്കാൻ ശർമയുടെ നേതൃത്വത്തിനായി. സോനോവാൾ സർക്കാരിൽ ധനം, ആരോഗ്യം വകുപ്പുകളുടെ ചുമതല വഹിച്ച ശർമയുടെ ഭരണമികവും ശ്രദ്ധിക്കപ്പെട്ടു. ഇത്തവണ എൻഡിഎയ്ക്കു ഭരണത്തുടർച്ച ലഭിച്ചാൽ ശർമ മുഖ്യമന്ത്രിയാകുമെന്നു സൂചനകളുണ്ടായിരുന്നു.

ദക്ഷിണേന്ത്യയിൽ ചികിത്സയിൽ 13.75 ലക്ഷം പേർ

ചെന്നൈ: കൊവിഡ് രണ്ടാം തരംഗം അതിരൂക്ഷമായ ദക്ഷിണേന്ത്യയിൽ ഇപ്പോൾ രോഗബാധിതരായി ചികിത്സയിലുള്ളത് 13.75 ലക്ഷത്തിലേറെ പേർ. രാജ്യത്തു തന്നെ ആക്റ്റിവ് കേസുകളിൽ രണ്ടാം സ്ഥാനത്താണു കർണാടക. കേരളം മൂന്നാമതും. ആറു ലക്ഷത്തിലേറെ കേസുകളുള്ള മഹാരാഷ്ട്രയാണ് മുന്നിൽ. കർണാടകയിൽ 5.48 ലക്ഷത്തിലേറെ പേരാണ് ഇപ്പോൾ രോഗികളായിട്ടുള്ളത്; കേരളത്തിൽ നാലു ലക്ഷത്തിലേറെയും. തമിഴ്നാട്ടിൽ 1.39 ലക്ഷത്തിലേറെയും ആന്ധ്രയിൽ 1.87 ലക്ഷത്തിലേറെയും സജീവ കേസുകളുണ്ട്. തെലങ്കാനയിൽ 68,462. പുതുച്ചേരിയിൽ 13,585.

സജീവ കേസുകളിൽ രാജ്യത്തു നാലാം സ്ഥാനത്ത് ഉത്തർപ്രദേശാണ്- 2.45 ലക്ഷം. രാജസ്ഥാനിൽ 1.99 ലക്ഷത്തിലേറെയാണ് ആക്റ്റിവ് കേസുകൾ. ഗുജറാത്ത്, ഛത്തിസ്ഗഡ്, പശ്ചിമ ബംഗാൾ, ഹരിയാന, ബിഹാർ, മധ്യപ്രദേശ് സംസ്ഥാനങ്ങളിലും ഒരു ലക്ഷത്തിലേറെ സജീവ കേസുകളുണ്ട്.

കാബൂളിലെ സ്കൂളിൽ ബോംബാക്രമണം; 50 പേരെങ്കിലും മരിച്ചു

കാബൂൾ: അഫ്ഗാൻ തലസ്ഥാനത്ത് സ്കൂൾ കവാടത്തിനു പുറത്ത് തുടർച്ചയായി മൂന്നു ബോംബ് സ്ഫോടനങ്ങളിൽ ചുരുങ്ങിയത് 50 പേർ മരിച്ചെന്നു റിപ്പോർട്ട്. പതിനൊന്നിനും 15നും ഇടയിൽ പ്രായമുള്ള പെൺകുട്ടികളാണു മരിച്ചവരിൽ ഭൂരിഭാഗവുമെന്ന് അഫ്ഗാൻ ആഭ്യന്തര മന്ത്രാലയം. നൂറിലേറെ കുട്ടികൾക്കു പരുക്കേറ്റിട്ടുണ്ട്. കുട്ടികൾ സ്കൂൾ വിട്ട് പുറത്തിറങ്ങുന്ന സമയത്താണു സ്ഫോടനങ്ങളുണ്ടായത്. ആക്രമണത്തിൽ തങ്ങൾക്ക് ഉത്തരവാദിത്വമില്ലെന്ന് താലിബാൻ. കുട്ടികൾക്കു നേരേയുണ്ടായ ആക്രമണങ്ങളെ അവർ അപലപിക്കുകയും ചെയ്തു.

സ്ഫോടക വസ്തുക്കൾ നിറച്ച വാഹനത്തിലാണ് ആദ്യ സ്ഫോടനമുണ്ടായത്. ഇതിനു പിന്നാലെ മറ്റു രണ്ടു സ്ഫോടനങ്ങൾ കൂടിയുണ്ടായി. മരണസംഖ്യ ഇനിയും ഉയരാമെന്നു സർക്കാർ വൃത്തങ്ങൾ. ഹസാരസ് വംശജർക്ക് ആധിപത്യമുള്ള മേഖലയിലാണ് സ്ഫോടനങ്ങൾ. അതുകൊണ്ടു തന്നെ ഇതു വംശീയ ആക്രമണമാണെന്നും സംശയമുണ്ട്. ഹസറാസിൽ ഏറെയും ഷിയ മുസ്‌ലിംകളാണ്. ഇവിടെ ഐഎസ് ആക്രമണങ്ങൾ പതിവുമാണ്. എന്നാൽ, സ്കൂൾ കുട്ടികൾക്കെതിരായ ആക്രമണത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല.

സെയ്ദ് അൽ-ഷാദാ സ്കൂളിലാണു ദുരന്തം. രാവിലെ ആൺകുട്ടികളും ഉച്ച കഴിഞ്ഞ് പെൺകുട്ടികളുമാണ് ഈ സ്കൂൾ കോംപൗണ്ടിൽ പഠിക്കാനെത്തുന്നത്. വൈകുന്നേരം പെൺകുട്ടികൾ മടങ്ങുമ്പോഴായിരുന്നു ആക്രമണം. സ്ഫോടനമുണ്ടായതിനു പിന്നാലെ തടിച്ചുകൂടിയ ജനങ്ങൾ കോപാകുലരായി ആംബുലൻസുകളും മറ്റു വാഹനങ്ങളും ആക്രമിച്ചു. ആരോഗ്യ പ്രവർത്തകരെയും അവർ മർദിച്ചു.

കൊവിഡിനു പിന്നാലെ ഫംഗസ് ബാധയും അന്ധതയും

അഹമ്മദാബാദ്: ഗുജറാത്തിലും മഹാരാഷ്ട്രയിലും കൊവിഡ് 19ൽ നിന്നു മുക്തി നേടിയവരിൽ മ്യൂകോർമൈകോസിസ് എന്ന ഫംഗസ് ബാധയുണ്ടാകുന്നതായി റിപ്പോർട്ട്. അന്ധതയ്ക്കും ഗുരുതരമായ രോഗബാധയ്ക്കും ചില കേസുകളിൽ മരണത്തിനും കാരണമാകുന്നുണ്ട് ഈ ഫംഗസ് ബാധയെന്നു ഡോക്റ്റർമാർ. സൂറത്തുൾപ്പെടെ ഗുജറാത്തിന്റെ പല ഭാഗങ്ങളിൽ നിന്നും മ്യൂകോർമൈകോസിസ് ബാധിച്ച രോഗികൾ ചികിത്സയ്ക്കെത്തുന്നുണ്ടെന്നു സൂറത്തിലെ കിരൺ സൂപ്പർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ചെയർമാൻ മാഥുർ സാവനി പറഞ്ഞു. 50 പേർ ഇപ്പോൾ ചികിത്സയിലുണ്ട്. അറുപതു പേർ ചികിത്സ തേടി ആശുപത്രിയുമായി ബന്ധപ്പെട്ടു. ഇവരെല്ലാവരും മൂന്നാഴ്ചയ്ക്കിടെ കൊവിഡ് മുക്തി നേടിയവരാണെന്നും ഏഴു പേർക്കു കാഴ്ച നഷ്ടമായെന്നും സാവനി.

സൂറത്തിലെ സിവിൽ ആശുപത്രിയിൽ മ്യൂകോർമൈകോസിസ് രോഗികൾക്കായി പ്രത്യേക വാർഡ് സജ്ജമാക്കിയെന്ന് ആർഎംഒ ഡോ. കേതൻ നായിക്ക് അറിയിച്ചു. അഹമ്മദാബാദിലെ അസർവ സിവിൽ ആശുപത്രിയിൽ പ്രതിദിനം അഞ്ചു രോഗികളെങ്കിലും എത്തുന്നുണ്ടെന്ന് അധികൃതർ. കൊവിഡിന്റെ രണ്ടാം തരംഗം ആരംഭിച്ചതോടെയാണിതെന്ന് ആശുപത്രിയിലെ ഇഎൻടി സ്പെഷ്യലിസ്റ്റ് ഡോ. ദേവാംഗ് ഗുപ്ത. അഞ്ചിലൊരാൾക്കെങ്കിലും കണ്ണിനാണു പ്രശ്നം. നിരവധി പേരെ അന്ധത ബാധിച്ചുവെന്നും ഗുപ്ത.

മഹാരാഷ്ട്രയിൽ കൊവിഡ് മുക്തി നേടിയ എട്ടു പേർ മ്യൂകോർമൈകോസിസ് മൂലം മരിച്ചെന്ന് സംസ്ഥാന സർക്കാരിനു കീഴിലുള്ള ഡയറക്റ്ററേറ്റ് ഒഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിന്റെ മേധാവി ഡോ. തത്യറാവു ലഹാനെ. 200 പേർ ചികിത്സയിലുണ്ട്. ശരീരത്തിന്റെ സ്വാഭാവിക രോഗപ്രതിരോധ വ്യവസ്ഥയെ കൊവിഡ് ദുർബലമാക്കും. ഈ അവസരം മുതലെടുത്താണ് ഫംഗസ് ബാധിക്കുന്നതെന്നും ഡോ. ലഹാനെ. മ്യൂകോർമൈകോസിസ് പുതിയ രോഗമല്ല. പക്ഷേ, കൊവിഡിനെതിരേ ഉപയോഗിക്കുന്ന സ്റ്റിറോയ്ഡുകൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് വർധിപ്പിക്കും. അതിനൊപ്പം ചില മരുന്നുകൾ സ്വാഭാവിക രോഗപ്രതിരോധ ശേഷി കുറയ്ക്കുകയും ചെയ്യും. ഇത്തരമൊരു സാഹചര്യം ഫംഗസുകൾക്ക് അവസരമുണ്ടാക്കുകയാണെന്നും ലഹാനെ. ഫംഗസ് തലച്ചോറിനെ ബാധിച്ചാൽ സ്ഥിതി ഗുരുതരമാകുമെന്നും ഡോ. ലഹാനെ പറഞ്ഞു.

തലവേദന, പനി, കണ്ണിനു താഴെയും മൂക്കിലും സൈനസിലും വേദന, ഭാഗികമായി കാഴ്ച നശിക്കുക തുടങ്ങിയവയാണ് രോഗലക്ഷണം. 21 ദിവസം തുടർച്ചയായി കുത്തിവയ്പ്പെടുക്കേണ്ടിവരും രോഗികൾക്ക്. ഒരു കുത്തിവയ്പ്പിന് 9000 രൂപയാകുമെന്നും ഡോക്റ്റർ ലഹാനെ.

മോദി സർക്കാരിന്റെ അലംഭാവം വിനയായി: ലാൻസെറ്റ്

ന്യൂഡൽഹി: കൊവിഡ് 19 രണ്ടാം തരംഗത്തിന്റെ തീവ്രവ്യാപനത്തിൽ കേന്ദ്ര സർക്കാരിനെ രൂക്ഷമായി വിമർശിച്ച് അന്താരാഷ്ട്ര മെഡിക്കൽ ജേണലായ ലാൻസെറ്റ്. ഒന്നാം തരംഗത്തെ മികച്ച രീതിയിൽ നേരിട്ട കേന്ദ്ര സർക്കാർ പിന്നീട് തികഞ്ഞ അലംഭാവമാണു പുലർത്തിയതെന്നു മാസികയുടെ പുതിയ ലക്കത്തിലെ മുഖപ്രസംഗത്തിൽ കുറ്റപ്പെടുത്തുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി മഹാമാരിയെ നേരിടുന്നതിനെക്കാൾ പ്രാധാന്യം കൊടുത്തതു വിമർശനങ്ങളെ അടിച്ചമർത്താനാണെന്നും മുഖപ്രസംഗം.

ഏറെ മാസങ്ങൾക്കു ശേഷം ഏപ്രിലിലാണ് കൊവിഡ് 19 ദൗത്യ സംഘം യോഗം ചേർന്നത്. ഇന്ത്യയുടെ കൊവിഡ് 19 പ്രതിരോധ തന്ത്രം പുനഃക്രമീകരിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. പിഴവുകളുടെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുകയും ഉത്തരവാദിത്വവും സുതാര്യതയുമുള്ള നേതൃത്വം ഉറപ്പാക്കുകയും ചെയ്യുകയാണ് ഇപ്പോൾ വേണ്ടത്. ഇന്ത്യയിൽ കൊവിഡ് 19 വ്യാപനം അന്തിമ ഘട്ടത്തിലെന്ന ധാരണ പരത്താനാണ് സർക്കാർ ശ്രമിച്ചത്. മഹാമാരി അന്ത്യത്തോടടുക്കുന്നുവെന്നാണ് മാർച്ച് ആദ്യം ആരോഗ്യ മന്ത്രി ഹർഷവർധൻ പറഞ്ഞത്. അപായ മുന്നറിയിപ്പുകൾ നൽകിയിട്ടും 'രോഗവിസ്ഫോടന' സാഹചര്യമൊരുക്കുന്ന മത, രാഷ്ട്രീയ പരിപാടികൾക്ക് സർക്കാർ അനുമതി നൽകി. ജനസംഖ്യയുടെ രണ്ടു ശതമാനത്തിൽ താഴെയുള്ളവർക്കു മാത്രം വാക്സിൻ നൽകിയതിനു പിന്നാലെ സംസ്ഥാനങ്ങളുമായി ചർച്ച നടത്താതെ കേന്ദ്രം നയം മാറ്റി. ഇതേ നില തുടർന്നാൽ

ഇന്ത്യയിലെ കൊവിഡ് മരണങ്ങൾ പത്തു ലക്ഷം കടക്കുമെന്നും അങ്ങനെയൊരു ദുരന്തം സംഭവിച്ചാൽ പൂർണ ഉത്തരവാദിത്വം മോദി സർക്കാരിനായിരിക്കുമെന്നും മുഖപ്രസംഗത്തിൽ പറയുന്നു.

വായുവിലൂടെയും കൊവിഡ് പകരും; മാർഗനിർദേശം പുതുക്കി യുഎസ്

വാഷിങ്ടൺ: കൊവിഡ് 19 വായുവിലൂടെയും പകരാമെന്നും രോഗം ബാധിച്ച ആളുടെ ഉച്ഛ്വാസ വായുവിൽ വൈറസ് ഏറെ നേരമുണ്ടാകുമെന്നും യുഎസ് സെന്റർ ഫൊർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവെൻഷൻ (സിഡിസി). പുതുക്കിയ മാർഗനിർദേശങ്ങളിലാണു മുന്നറിയിപ്പ്.

വായുവിലൂടെയല്ല വൈറസ് പകരുന്നതെന്നായിരുന്നു രോഗവ്യാപനത്തിന്റെ തുടക്കകാലത്ത് ലാൻസെറ്റ് മെഡിക്കൽ ജേണലുൾപ്പെടെ വാദിച്ചിരുന്നത്. രോഗിയുടെ ഉച്ഛ്വാസവായുവിലെ സ്രവകണങ്ങളിലൂടെയാണു രോഗം മറ്റൊരാളിലേക്കെത്തുന്നതെന്നായിരുന്നു അന്നത്തെ നിഗമനം. എന്നാൽ, വായുവിലൂടെയും രോഗം പടരുമെന്ന് മൂന്നാഴ്ച മുൻപ് ലാൻസെറ്റ് പ്രസിദ്ധീകരിച്ച പഠനങ്ങൾ വ്യക്തമാക്കിയിരുന്നു. ഇതിനു പിന്നാലെയാണു സിഡിസിയും ഇക്കാര്യം സ്ഥിരീകരിക്കുന്നത്.

രോഗയിൽ നിന്നു ആറടി അകലം പാലിച്ചാൽ പോലും വൈറസ് പടർന്നേക്കാം. രോഗബാധിതനായ ഒരാളുടെ സ്രവകണങ്ങളിൽ നിന്നു വരുന്ന വൈറസ് ആറടി അകലത്തിന് ഇപ്പുറവും 15 മിനിറ്റ് തങ്ങി നിൽക്കും. ചിലപ്പോൾ മണിക്കൂറോളം ഇത് അന്തരീക്ഷത്തിൽ ഉണ്ടാകും. കൃത്യമായി മാസ്ക് ഉപയോഗിക്കുകയാണ് രോഗവ്യാപനത്തെ പ്രതിരോധിക്കാനുള്ള മാർഗമെന്നും പഠനത്തിൽ പറയുന്നു.

വാക്സിന് ജിഎസ്ടി ഒഴിവാക്കിയാൽ വില കൂടിയേക്കാം: നിർമല

ന്യൂഡൽഹി: കൊവിഡ് വാക്സിനുകൾക്കും മരുന്നുകൾക്കും ഓക്സിജൻ കോൺസൻട്രേറ്ററുകൾക്കും ജിഎസ്ടി ഒഴിവാക്കിയാൽ അതു വിപരീത ഫലമുണ്ടാക്കാൻ സാധ്യതയുണ്ടെന്ന് ധനമന്ത്രി നിർമല സീതാരാമൻ. കൊവിഡ് ചികിത്സയ്ക്കുള്ള എല്ലാ വസ്തുക്കൾക്കും നികുതി ഒഴിവാക്കണമെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി അടക്കം പലരും ആവശ്യപ്പെടുന്ന പശ്ചാത്തലത്തിലാണ് ധനമന്ത്രിയുടെ ഈ വിശദീകരണം.

ജിഎസ്ടി ഒഴിവാക്കുമ്പോൾ ഉത്പാദകർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആനുകൂല്യം ലഭിക്കില്ല. അസംസ്കൃത വസ്തുക്കൾ വാങ്ങുമ്പോൾ നൽകുന്ന നികുതി കൂടി അങ്ങനെ ഉപയോക്താക്കളിലേക്കു കൈമാറ്റം ചെയ്യപ്പെടും. അതോടെ വില കൂടും- ധനമന്ത്രി പറഞ്ഞു.

കൊവിഡ് വാക്സിന് അഞ്ചു ശതമാനം ജിഎസ്ടിയാണു ചുമത്തുന്നത്; കൊവിഡ് മരുന്നുകൾക്കും ഓക്സിജൻ കോൺസൻട്രേറ്ററുകൾക്കും 12 ശതമാനവും. വാക്സിന് അഞ്ചു ശതമാനം ജിഎസ്ടി നിരക്ക് ഉത്പാദകർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആനുകൂല്യത്തിനായി ഉപയോഗിക്കാം. വാക്സിന്റെ നികുതി വരുമാനത്തിൽ 70 ശതമാനവും ലഭിക്കുന്നത് സംസ്ഥാനങ്ങൾക്കാണെന്നും ധനമന്ത്രി വിശദീകരിക്കുന്നു. അഞ്ചു ശതമാനം നാമമാത്രമായ നികുതി ചുമത്തുന്നത് ഉത്പാദകർക്കും ഉപയോക്താക്കൾക്കും ഒരുപോലെ ഉപകാരപ്രദമാവുകയാണ് ചെയ്യുന്നതെന്നും നിർമല.

കൊവിഡ് ചികിത്സയ്ക്കു വേണ്ട നിരവധി വസ്തുക്കൾക്ക് ഇറക്കുമതി തീരുവ ഒഴിവാക്കിയിട്ടുണ്ടെന്നും ധനമന്ത്രി പറഞ്ഞു. ഓക്സിജൻ കോൺസൻട്രേറ്ററുകൾ, സിലിണ്ടറുകൾ, ക്രയോജനിക് സ്റ്റോറെജ് ടാങ്കുകൾ, കൊവിഡ് ചികിത്സയ്ക്കുള്ള മരുന്നുകൾ തുടങ്ങിയവയ്ക്ക് ഇറക്കുമതി തീരുവയും ആരോഗ്യ സെസും ഒഴിവാക്കിയിട്ടുണ്ട്. സൗജന്യ വിതരണത്തിനായി ഇന്ത്യൻ റെഡ് ക്രോസ് ഇറക്കുമതി ചെയ്യുന്ന ദുരിതാശ്വാസ സാധനങ്ങൾക്ക് ഐജിഎസ്ടിയും ഒഴിവാക്കിയിട്ടുണ്ട്- നിർമല വിശദീകരിച്ചു.

തെരുവിലെ മൃഗങ്ങൾക്കായി ഒഡീശ മുഖ്യമന്ത്രിയുടെ 60 ലക്ഷം

ഭുവനേശ്വർ: തെരുവിൽ അലയുന്ന മൃഗങ്ങൾക്കു ഭക്ഷണം നൽകാൻ 60 ലക്ഷം രൂപ നീക്കിവച്ച് ഒഡീശ മുഖ്യമന്ത്രി നവീൻ പട്നായിക്ക്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണു ഇതിനായി തുക അനുവദിച്ചത്.

ലോക്ഡൗണിനെത്തുടർന്നു വ്യാപാര സ്ഥാപനങ്ങൾ അടച്ചതുമൂലം തെരുവു നായകളും പശുക്കളുമുൾപ്പെടെ മൃഗങ്ങൾ നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്താണു നടപടി.

മൃഗസ്നേഹി സംഘടനകളും അവയുടെ വൊളന്റിയർമാരും വഴി പദ്ധതി നടപ്പാക്കും.

ഭുവനേശ്വർ, കട്ടക്ക്, സംബൽപ്പൂർ, റൂർക്കല, ബ്രഹ്മപുർ മെട്രൊപൊളിറ്റൻ കോർപ്പറേഷനുകൾക്ക് ദിവസം 20000 രൂപ വീതവും മുനിസിപ്പാലറ്റികൾക്ക് 5000 രൂപ വീതവും മറ്റു നഗരങ്ങൾക്കും പഞ്ചായത്തുകൾക്കും 2000 രൂപ വീതവുമാണ് അനുവദിച്ചത്.

പഞ്ചാബിൽ ലോക്ഡൗൺ ലംഘനസമരവുമായി കർഷക സംഘടനകൾ

ചണ്ഡിഗഡ്: കൊവിഡ് 19 വ്യാപനം നേരിടാൻ പ്രഖ്യാപിച്ച വാരാന്ത്യ ലോക്ഡൗണിനെതിരേ തെരുവിലിറങ്ങി പഞ്ചാബിലെ കർഷക സംഘടനകൾ. കാർഷിക നിയമങ്ങൾക്കെതിരേ സമരം ചെയ്യുന്ന 32 സംഘടനകളാണ് നിയന്ത്രണത്തിനെതിരേ മോഗ, പട്യാല, അമൃത്സർ, അജ്നല, നഭ, ജലന്ധർ, ഹോഷിയാർപുർ, ഭട്ടിൻഡ തുടങ്ങി നിരവധി നഗരങ്ങളിൽ മാർച്ച് നടത്തിയത്.

യൂണിയനുകളുടെ കൊടികളുമായെത്തി ചന്തകളിൽ കയറിയ സ്ത്രീകൾ ഉൾപ്പെടെ പ്രകടനക്കാർ കട തുറക്കണമെന്നു വ്യാപാരികളോട് അഭ്യർഥിച്ചു. എന്നാൽ, വ്യാപാരികൾ ഇതിനു തയാറായിട്ടില്ല. കർഷക പ്രക്ഷോഭം കണക്കിലെടുത്ത് കൂടുതൽ പൊലീസിനെ നിയോഗിച്ചിട്ടുണ്ട്. സർക്കാർ തീരുമാനത്തിനെതിരായ തങ്ങൾ ഒന്നും ചെയ്യില്ലെന്നു കർഷകരെ അറിയിച്ചതായി പഞ്ചാബ് പ്രദേശ് വ്യാപാർ മണ്ഡൽ ജനറൽ സെക്രട്ടറി സമീർ ജയിൻ പറഞ്ഞു. സർക്കാർ നിർദേശം ലംഘിക്കാനില്ലെന്നും ജനാധിപത്യപരമായ മാർഗങ്ങളിലൂടെ പ്രതിഷേധം അറിയിക്കുമെന്നും ലുധിയാനയിലെ വ്യാപാരിയായ സുനിൽ മെഹ്റ പറഞ്ഞു.

അതേസമയം, എല്ലാ കടകളും തുറക്കണമെന്നും തങ്ങൾ വ്യാപാരികൾക്കു പിന്തുണ നൽകാമെന്നും ഭാരതീയ കിസാൻ യൂണിയൻ (ഏകത ഉഗ്രഹൻ) ജനറൽ സെക്രട്ടറി സുഖ്ദേവ് സിങ് കൊക്രികലൻ. കൊവിഡിന്റെ രണ്ടാം തരംഗത്തിനു മുന്നോടിയായി ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ ഒന്നും ചെയ്യാത്ത സർക്കാരാണ് ഇപ്പോൾ ലോക്ഡൗൺ പ്രഖ്യാപിക്കുന്നതെന്നും കൊക്രികലൻ. എന്നാൽ, ലോക്ഡൗൺ ലംഘന ശ്രമങ്ങൾക്കെതിരേ കർശന നടപടിയെടുക്കാൻ മുഖ്യമന്ത്രി അമരീന്ദർ സിങ്, സംസ്ഥാന ഡിജിപിക്കു നിർദേശം നൽകി. ഈ മാസം 15 വരെയാണ് ലോക്ഡൗണും രാത്രി കർഫ്യൂവും ഏർപ്പെടുത്തിയിരിക്കുന്നത്.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1196 മേടം 27, 1442 റമദാൻ 28

തിങ്കൾ 10 മേയ് 2021

മാധ്യമ പ്രവർത്തകരോട് ഈ അനീതി അരുത്

കൊവിഡ് ഒരു മഹാമാരിയായി പ്രഖ്യാപിക്കപ്പെട്ടത് കഴിഞ്ഞവർഷം മാർച്ച് 11നായിരുന്നു. അന്നാണ് കേരളം അടച്ചിടൽ തുടങ്ങിയത്. മറ്റു സംസ്ഥാനങ്ങളിൽ അത്തരം നടപടികൾ തുടങ്ങാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനവും പിന്നീട് പ്രഖ്യാപനവും വേണ്ടിവന്നു. കൊവിഡിനെ നാം ഒറ്റക്കെട്ടായി അതിജീവിക്കുമെന്ന ആ സന്ദേശം ഏറ്റെടുത്ത ഡോക്റ്റർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, വളണ്ടിയർമാർ, ജനപ്രതിനിധികൾ, പൊലീസുകാർ, അഗ്നിശമന സേനാംഗങ്ങൾ തുടങ്ങിയവരെപ്പോലെ തന്നെ കൊവിഡുമായി അനുദിനം മല്ലിട്ടു കഴിയുന്ന മറ്റൊരു വിഭാഗം ഇന്നാട്ടിലുണ്ട്. മറ്റുള്ളവരുടെ ത്യാഗോജ്വലമായ കഥകളും മഹാമാരിക്കെതിരായ സന്ദേശങ്ങളും അനുനിമിഷവും ജനങ്ങളിലേക്കെത്തിക്കുന്ന മാധ്യമ പ്രവർത്തകർ. കഴിഞ്ഞ പതിന്നാല് മാസങ്ങളായി പത്രപ്രവർത്തകരും മാധ്യമ സ്ഥാപനങ്ങളും കൊവിഡുമായി പൊരുതിക്കൊണ്ടാണ് വാർത്തകൾ ജനങ്ങളിലേക്ക് എത്തിക്കുന്നത്. നിരവധി മാധ്യമ പ്രവർത്തകൾക്ക് ഇതിനിടെ കൊവിഡ് പിടിപെടുകയും ചെയ്തു. ഭീഷണമായ രണ്ടാം ഘട്ടം അവരുടെ ജീവനും അപഹരിച്ചു തുടങ്ങിയിരിക്കുന്നു. മാധ്യമ പ്രവർത്തകരും കൊവിഡ് പോരാളികളാണ്. അത് അംഗീകരിക്കുകയും, അവർക്കും വാക്സിനേഷനിലും മറ്റും തക്കതായ പരിഗണന നൽകുകയും ചെയ്യേണ്ടത് സാമാന്യ മര്യാദ മാത്രമാണ്.

യുദ്ധവും ദുരന്തവുമെല്ലാം മാധ്യമങ്ങൾക്ക് വാർത്തയാണ്. അവയ്ക്കിടയിൽ പെട്ടുപോകുന്ന നിസഹായരായ മനുഷ്യരാണ് മാധ്യമപ്രവർത്തകരുടെ വിഷയം. അവരുടെ വിഹ്വലതകളും വേദനകളും ജനമധ്യത്തിലെത്തിച്ച് പരിഹാരങ്ങൾ തേടുകയാണ് ഉദ്ദേശ്യം. എന്നാൽ കേവലമൊരു ദുരന്തമല്ല കൊവിഡ് മഹാമാരി. എന്താണ് ഈ രോഗമെന്നു തന്നെ ആർക്കും നിശ്ചയമില്ലാതിരുന്ന ദിവസങ്ങളിൽ രോഗത്തെ ഭയക്കാതെ അതിനു നടുവിലേക്ക് ചാടിയിറങ്ങുകയും ജനങ്ങൾക്കും സർക്കാരുകൾക്കും നടുവിൽ ആശയവിനിമയത്തിന്റെ പാലം തീർക്കാൻ ശ്രമിക്കുകയുമാണ് അവർ ചെയ്തത്. അവരിൽ പലരും നേരം പുലരുമ്പോൾ ജോലിക്കിറങ്ങി രാത്രി വൈകി വീട്ടിലേക്കു മടങ്ങുന്നവരാണ്. മറ്റുള്ളവർ സ്വന്തം വീടുകളിൽ സ്വസ്ഥമായും സുരക്ഷിതമായും ഇരിക്കുമ്പോൾ തന്റെ വീട്ടുകാരുടെയും കുഞ്ഞുങ്ങളുടെയും സുരക്ഷിതത്വം അപകടത്തിലാക്കിയാണ് പലപ്പോഴും മാധ്യമ പ്രവർത്തകർ ജോലി നിർവഹിക്കുന്നത്. ആശുപത്രി വരാന്തകളിലും സംസ്കാര സ്ഥലങ്ങളിലും മോർച്ചറികളിലും അഗതിമന്ദിരങ്ങളിലും വിദ്യാലയങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാംപുകളിലുമെല്ലാം കയറിയിറങ്ങി വാർത്തകൾ ശേഖരിക്കാനും സംപ്രേഷണം ചെയ്യാനും ഒരു മടിയും പറഞ്ഞിട്ടുമില്ല.

ജോലിക്കിടയിൽ ഇതുവരെ ആയിരത്തിലേറെ മാധ്യമ പ്രവർത്തകർ വിവിധ രാജ്യങ്ങളിൽ കൊവിഡ് ബാധിച്ചു മരിച്ചിട്ടുണ്ടെന്നാണ് ജനീവ ആസ്ഥാനമായ പ്രസ് എംബ്ലം കാംപെയ്ൻ എന്ന മാധ്യമാവകാശ സംഘടന പുറത്തുവിട്ട കണക്കുകൾ പറയുന്നത്. 181 മാധ്യമ പ്രവർത്തകർ മരിച്ച ബ്രസീലും 140 പേർ മരിച്ച പെറുവും കഴിഞ്ഞാൽ 107 പേർ മരണമടഞ്ഞ ഇന്ത്യയാണ് പട്ടികയിൽ മൂന്നാമത്. കഴിഞ്ഞ രണ്ടാഴ്ചയക്കുള്ളിലാണ് ഇവരിൽ 45 പേർ മരിച്ചത് എന്നത് ഞെട്ടലുണ്ടാക്കുന്നതാണ്. ഈ റിപ്പോർട്ട് പുറത്തുവന്നതിനുശേഷം ഒരു ഡസൻ മാധ്യമപ്രവർത്തകർ കൂടി കൊവിഡിന് ഇരകളായി. മഹാമാരിയിൽ ഉഴലുന്നവരുടെ പ്രശ്നങ്ങൾ മുതൽ രോഗ പ്രതിരോധ മാർഗങ്ങൾ വരെയുള്ള കാര്യങ്ങളിൽ ജനങ്ങളെ ബോധവത്കരിക്കുന്നതിനുവേണ്ടി സ്വയം എരിഞ്ഞുതീരുകയായിരുന്നു ഈ മാധ്യമ പ്രവർത്തകരെന്ന് ഏവരും ഓർമിക്കേണ്ടതാണ്. കൊവിഡ് സംബന്ധിച്ച വസ്തുതാപരമായ കാര്യങ്ങളെല്ലാം മാധ്യമങ്ങൾ വഴി തന്നെയാണ് ഏവരും അറിഞ്ഞത് എന്നും തിരിച്ചറിയണം.

രാജ്യത്ത് കർണാടകം, തമിഴ്നാട്, തെലങ്കാന, മധ്യപ്രദേശ്, ഡൽഹി, പശ്ചിമ ബംഗാൾ, ഒഡിഷ, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങൾ മാധ്യമപ്രവർത്തകരെ കൊവിഡ് മുന്നണി പോരാളികളായി പ്രഖ്യാപിച്ചിട്ടും കേരളം ഇക്കാര്യത്തിൽ ചെറുവിരൽ അനക്കാൻ കൂട്ടാക്കാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. സംസ്ഥാനത്ത് കഴിഞ്ഞ ഒരു കൊല്ലത്തിനിടയിൽ കൊവിഡ് പിടിപെട്ട നിരവധി മാധ്യമ പ്രവർത്തകരുണ്ട്. ചില ജില്ലകളിൽ കൊവിഡ് വാക്സിൻ നൽകിയപ്പോൾ പത്രലേഖകർക്ക് മുൻഗണന നൽകിയത് മറക്കുന്നില്ല. പക്ഷേ അതുകൊണ്ടായില്ല. അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലെ ജീവനക്കാർ ഏവരും കൊവിഡ് ഭീഷണിയുടെ നടുവിൽനിന്നാണ് വാർത്തകൾ ജനങ്ങളിലെത്തിക്കുന്നത്. ലേഖകർ മുതൽ പത്രം അച്ചടിക്കുന്ന ജീവനക്കാരൻ വരെയുള്ള ഏവരെയും മുന്നണി പോരാളികളായി സർക്കാർ കാണണം. കേരളത്തിലെ യുവമാധ്യമ പ്രവർത്തകർ പോലും കൊവിഡിന് ഇരകളായി അകാലത്തു മറയുമ്പോൾ അവരുടെ കുടുംബങ്ങളുടെ നഷ്ടം എത്ര വലുതാണെന്ന് തിരിച്ചറിയണം. കരുതലിന്റെയും കാരുണ്യത്തിന്റെയും മാനവികതയുടെയും കാവൽക്കാരാണെന്ന് അഭിമാനിക്കുന്ന സർക്കാർ ആരോഗ്യ പ്രവർത്തകർ, പൊലീസ്, ശുചീകരണ തൊഴിലാളികൾ എന്നിവരുടെ ഗണത്തിൽ പത്രസ്ഥാപനങ്ങളിലെ ജീവനക്കാരെയും ഉൾപ്പെടുത്താൻ അമാന്തിച്ചു കൂടാ.

ഒരു തർക്കോവ്സ്കി സമസ്യ

അക്ഷരജാലകം

എം.കെ. ഹരികുമാർ
9995312097
Email : mkharikumar797@gmail.com

മനുഷ്യന്റെ യഥാർത്ഥവും സഫലീകരിച്ചിട്ടില്ലാത്തതുമായ ആഗ്രഹങ്ങൾ പൂർത്തീകരിച്ചു കൊടുക്കുന്ന ഒരിടം ഭൂമിയിൽ ഉണ്ടാകുമോ ? അങ്ങനെ ഉണ്ടായാൽ തന്നെ അവിടെ ചെന്നിട്ട് ആഗ്രഹം സാധിക്കാതെ തിരിച്ചു പോരുന്നവരുണ്ടാകുമോ ? എങ്കിൽ അവർക്ക് എന്തോ സംഭവിച്ചിട്ടുണ്ടാകും. ആ കൂട്ടത്തിൽ ഒരുപക്ഷേ, നമ്മളെല്ലാം ഉണ്ടാകും. കാരണം ഏറ്റവും ആന്തരികമായ ആഗ്രഹങ്ങൾ എന്താണെന്ന് നമുക്കറിയില്ലല്ലോ. അറിഞ്ഞാൽ തന്നെ അതിനൊപ്പം നില്ക്കാനുള്ള ത്രാണി നമുക്കുണ്ടാകുമോ ? മനുഷ്യന്റെയുള്ളിൽ നടക്കുന്ന സംഘട്ടനം ചെകുത്താനും ദൈവവും തമ്മിലാണെന്ന് സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ റഷ്യൻ എഴുത്തുകാരനായ ദസ്തയെവ്സ്കി പറഞ്ഞത് ഇതിനു തെളിവല്ലേ ? തന്റെയുള്ളിൽ പിശാചും പുണ്യവാളനുമുണ്ടെന്നും ആർക്കാണ് അധിപത്യമെന്നു വ്യക്തമാകുന്നില്ലെന്നും അതാണ് തന്റെ നരകാവസ്ഥയ്ക്കു കാരണമെന്നുമാണ് ദസ്തയെവ്സ്കി മുഴുവൻ കൃതികളിലൂടെയും ആവിഷ്കരിക്കാൻ ശ്രമിച്ചത്. മനുഷ്യൻ ഒരു ചീത്തമൃഗമാണെന്ന് ബ്രിട്ടീഷ് കലാകാരനായ ബ്രിയോൺ ജിസിൻ പറഞ്ഞത് ദസ്തയെവ്സ്കിയുടെ അദ്യ നോവൽ 'നോട്സ് ഫ്രം അണ്ടർഗ്രൗണ്ടി'ന്റെ പശ്ചാത്തലത്തിൽ ശരിയായ പ്രസ്താവമാണ്.

പ്രമുഖ റഷ്യൻ സംവിധായകനായ ആന്ദ്രേ തർക്കോവ്സ്കി (1932-1986) യുടെ 'സ്റ്റാക്കർ '(1979) എന്ന സിനിമ മനുഷ്യാവസ്ഥയുടെ അസാധാരണവും ഗഹനവുമായ ചില മേഖലകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോവുകയാണ്. ലോകസിനിമയിലെ എക്കാലത്തെയും മികച്ച അമ്പത് ചിത്രങ്ങൾ തിരഞ്ഞെടുത്താൽ അതിൽ നിശ്ചയമായും സ്റ്റാക്കർ ഉൾപ്പെട്ടിരിക്കും. ഈ ചിത്രത്തിന്റെ ഛായാഗ്രഹണം നിർവ്വഹിച്ച അലക്സാണ്ടർ ക്ന്യാഷിൻസ്കി പ്രമേയത്തെ എങ്ങനെ മറ്റൊരു കാഴ്ചയുടെ ഭാഷയാക്കി പുനഃസൃഷ്ടിക്കാമെന്നു കാണിച്ചുതന്നു. സിനിമാ ഛായാഗ്രഹണം ഒരാ ധ്യാനമാണ് ; ഫോട്ടോഗ്രാഫിയല്ലത്.

ചിത്രത്തിലെ സംഗീതത്തിന് ജീവൻ നല്കിയ എഡ്വേർഡ് ആർതിമേവ് മനുഷ്യപ്രകൃതിയെയാണ്, അതിന്റെ ആന്തരാത്മാവിനെയാണ് ശബ്ദങ്ങൾ ഉപയോഗിച്ച് ചൂഴ്ന്നെടുത്തത്. ഈ ചിത്രത്തിൽ എഴുത്തുകാരനായി വരുന്ന കഥാപാത്രം പറയുന്നതു പോലെ ബാഹ്യമായ സംഗീതവുമായി ബന്ധം സ്ഥാപിക്കുന്ന മറ്റൊരു സംഗീത വ്യവസ്ഥ മനുഷ്യനിലുണ്ടെന്നു വ്യക്തമാക്കുന്ന അനുഭവമാണിത്. സഹോദരന്മാരായ ആർകദിയും ബോറിസ് നടനോവിച്ച് സ്ട്രൂഗാത്സ്കിയും ചേർന്നെഴുതിയ 'റോഡ്സൈഡ് പിക്നിക് 'എന്ന നോവലാണ് സിനിമയ്ക്ക് പ്രേരണയായിട്ടുള്ളത്. തർക്കോവ്സ്കിയോടൊപ്പം ഈ സഹോദരൻമാരും ചേർന്നാണു 'സ്റ്റാക്കറു'ടെ തിരക്കഥയെഴുതിയത്.

ഓരോ പ്രഭാതം പോലെ

സ്റ്റാക്കർ ഒരു വഴികാട്ടിയാണ്; അപകടകരമായ വിധം വഴി കാട്ടുന്ന അയാൾ നിർദോഷിയായ മോഷ്ടാവുമാണ്. അപ്രാപ്യവും വന്യവും വിജനവുമായ ഒരു സങ്കേതത്തിലേക്ക് അയാൾ ആവശ്യക്കാരെ കൊണ്ടുപോകുന്നു. അവിടെ ചെന്നാൽ മനുഷ്യർക്ക് അവരുടെ ദീർഘകാലമായുള്ള ആഗ്രഹങ്ങൾ സഫലമാകുമെന്നാണ് വിശ്വാസം. പവിത്രവും പുരാതനവുമായ ഒരു കർമമേഖലയായാണ് ആ സ്ഥലത്തെ (സോൺ) സ്റ്റാക്കർ കാണുന്നത്. ജീവിതം മുരടിക്കുമ്പോഴാണ്, ഇരുട്ടുകൊണ്ട് അടയുമ്പോഴാണ് ചിലർ ഈ സങ്കേതം തേടി വരുന്നത്. ജീവിതത്തിന്റെ അർഥശൂന്യതയെ, സ്ഥിരം ചാലുകളെ മറികടക്കാനായി നമ്മൾ എന്തെല്ലാം കർമങ്ങൾ ചെയ്യുന്നു! . അതിൽ ചിലതെല്ലാം ദിവ്യമാണ്. യുക്തിക്ക് അവിടെ സ്ഥാനമില്ല. സിനിമയുടെ തുടക്കം മുതലേ സംവിധായകൻ ഇരുട്ടും വെളിച്ചവുമുപയോഗിച്ച് ചമയ്ക്കുന്ന ദൃശ്യങ്ങൾ ഓരോ പ്രഭാതം പോലെ സാവധാനം വിടരുകയാണ്. ഒരു പൂവ് ഇതളുകൾ വിടർത്തുന്ന പോലെ ശുദ്ധമാണ്, നിഷ്കളങ്കമാണത്. ചെളിയും വെള്ളവും നിറഞ്ഞ വൃത്തിഹീനമായ പ്രദേശത്തുനിന്നാണ് രണ്ടു സന്ദർശകരോടൊപ്പം (ഒരാൾ സയൻസ് പ്രൊഫസറും മറ്റേയാൾ സാഹിത്യകാരനും) സ്റ്റാക്കർ ആഗ്രഹസാഫല്യത്തിന്റെ ഇരുണ്ട താഴ്വരയിലെ കെട്ടിടത്തെ ലക്ഷ്യമാക്കി യാത്ര തിരിക്കുന്നത്.

അവർ യാത്രയിലുടനീളം ഒരു കാര്യം ശ്രദ്ധിക്കുന്നു, ആരും അറിയരുത്! അവരുടെ വാഹനം നിഗൂഢമായ ഒരിടത്തെ ലക്ഷ്യമാക്കി കുതിക്കുകയാണ്. എന്നാൽ അതിനു രഹസ്യസ്വഭാവമുണ്ട്. അതിക്രമിച്ചു കടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ശിക്ഷ ഉറപ്പാണ്. അതുകൊണ്ട് അവർ റെയ്ൽവേ ട്രാക്ക് ഉപയോഗിക്കുന്നു. റെയ്ൽവേ പൊലീസിന്റെ വെടിയുണ്ടകൾക്കിടയിലൂടെ സാഹസികമായി സഞ്ചരിക്കുന്നു. തുടർന്ന് ഒരു റെയ്ൽകാർ മോഷ്ടിച്ചെടുത്താണ് രഹസ്യസങ്കേതത്തിനടുത്തുള്ള കാട്ടിൽ എത്തുന്നത്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആ സ്ഥലത്ത് കാലുകുത്തുന്നത് ശിക്ഷാർഹമായിരിക്കെ, സ്റ്റാക്കറെ അതിന് പ്രേരിപ്പിക്കുന്നത് തന്റെ വിശ്വാസമാണ്; തന്റെ ആദർശമാണ്. നഷ്ടപ്പെടലിന്റെ അമിതഭാരംകൊണ്ട് തന്റെ പ്രതീക്ഷകളുടെ ചിറകുകൾ കരിഞ്ഞുപോയെങ്കിലും, അയാൾ ഏകാന്തമായ ഒരനുഷ്ഠാനം പോലെ ആ നിയമലംഘനം തുടരുകയാണ്. സോൺ എന്നറിയപ്പെടുന്ന ആ സങ്കേതത്തിലേക്ക് അയാൾ സഞ്ചാരികളെ നയിക്കുന്നു. അവിടെ ചില കെട്ടിടാവശിഷ്ടങ്ങളും പൊന്തക്കാടുകളുമാണ് കാണാനാകുന്നത്. സ്റ്റാക്കർ അവിടെ നേരത്തേ പോയിട്ടുണ്ടെങ്കിലും കൃത്യമായി വഴി അറിയില്ല. വഴികൾ മാറിപ്പോകുന്ന ഒരു അവസ്ഥയാണുള്ളത്. കൂടെ വന്ന രണ്ടു പേരെ ട്രാക്കിനരികിൽ നിർത്തിയ ശേഷം കുറ്റിക്കാടുകൾക്കിടയിലൂടെ നടന്ന സ്റ്റാക്കർ മോഹാലസ്യപ്പെട്ട് താഴെ വീഴുന്നതും പച്ചിലകളിൽ മുഖം ചേർത്ത് തേങ്ങുന്നതും അയാളുടെ മനോഗതം തുറന്നു കാട്ടുന്നു. ഭയവും വിശ്വാസവുമാണ് അയാളെ കീഴടക്കുന്നത്; അയാൾ പ്രകൃതിയുടെ മടിത്തട്ടിൽ ഒരു കുഞ്ഞിനെപ്പോലെ പറ്റിക്കൂടാൻ ശ്രമിക്കുന്ന ആ രംഗം തർക്കോവ്സ്കി എന്ന സംവിധായകന്റെ അപാരതയാണ് ബോധ്യപ്പെടുത്തിയത്. പിന്നീട് അയാൾ തിരിച്ചു വന്ന് അവരെയും കൂട്ടിക്കൊണ്ടു പോകുന്നു.

സാരഥിയില്ലാത്ത വാഹനം

സഞ്ചാരികളുടെ മനോനിലയ്ക്കനുസരിച്ചാണ് വഴി തെളിയുന്നതെന്ന് അയാൾ ഇടയ്ക്ക് സൂചിപ്പിക്കുന്നുണ്ട്. അവരാണ് പാത കണ്ടുപിടിക്കേണ്ടത്. അതവരുടെ വിധിയാണ്. ദുരൂഹതയുടെയും ഭയത്തിന്റെയും അന്തരീക്ഷത്തിൽ, പെട്ടെന്ന് അവിടെ ജലപ്രവാഹമുണ്ടാകുന്നു. നടന്നു പരീക്ഷീണിതരായ സഞ്ചാരികൾ ജലം ഒഴിഞ്ഞ ഒരു തുണ്ട് ഭൂമിയിൽ കിടന്നു ഞരങ്ങുന്നു. മനുഷ്യന്റെ നിഷ്കളങ്കതയും അലിവുള്ള ഹൃദയവുമാണ് ആഗ്രഹങ്ങൾ പൂർത്തീകരിക്കാനെത്തുന്നവരെ സഹായിക്കുന്നതെന്ന് സ്റ്റാക്കർ പറഞ്ഞെങ്കിലും, അതൊന്നും സഞ്ചാരികൾ ഏറ്റെടുക്കുന്നില്ല. മനുഷ്യൻ ജനിക്കുമ്പോൾ മൃദുഹൃദയനാണ്; മരിക്കുമ്പോൾ കഠിനഹൃദയനുമാണെന്നു അയാൾ വിശദീകരിക്കുന്നുണ്ട്.

ഓരോ നിമിഷത്തിലും ഈ സിനിമ ജീവിതത്തിലേക്ക് സഞ്ചരിക്കുകയാണ്. സാരഥിയില്ലാത്ത ഒരു വാഹനം പോലെ അത് ഇറക്കത്തിലേക്ക് ഓടുന്നു. ജീവിതത്തിന്റെ അനുനിമിഷം സങ്കീർണമാകുന്ന, കുതറുന്ന, അപരിഹാര്യമാകുന്ന, പകിടകളിയിലെന്ന പോലെ നിസഹായമാകുന്ന, വിപരീതങ്ങളുടെ അധീശത്വത്തിൽ അമരുന്ന, എപ്പോഴും കെണികളിലകപ്പെടുന്ന ഒരു നൈരന്തര്യമാണ് 'സ്റ്റാക്കറി'ലൂടെ പുറത്തുവരുന്നത്. സങ്കേതത്തിലേക്ക് എത്താൻ ശ്രമിക്കുന്നവർ ദിശതെറ്റി അലയുന്നു. അവർ തെറ്റു ചെയ്യാതെ തന്നെ ശിക്ഷിക്കപ്പെടുന്നു. അവർ പരസ്പരം കലഹിക്കുന്നു. ഉത്തരമുണ്ട് ; എന്നാൽ ചോദ്യങ്ങൾ അറിയില്ല. അല്ലെങ്കിൽ ചോദ്യങ്ങൾ ഉണ്ടാകാം; ഉത്തരങ്ങൾ കൈവിട്ടു പോയിരിക്കുന്നു. ചോദ്യവും ഉത്തരവും മാറിപ്പോകുന്ന അവസ്ഥ.

ദുരൂഹമായ ജീവിതരാശിയിൽ ഒരു പുതിയ ഊർജത്തിനു വേണ്ടി, സ്വപ്നത്തിനു വേണ്ടി, സാഹസത്തിനു വേണ്ടി ബുദ്ധിപരമായ പുതിയ ഇന്ദ്രിയത്തിനു വേണ്ടി, അജ്ഞാതത്വത്തെ ഭേദിക്കാൻ വേണ്ടിയാണ് അവർ ഈ നിഗൂഢ സ്ഥലം തേടി യാത്രപോകുന്നത് . അവർ നിയമം ലംഘിച്ചും മരണത്തിന്റെ വായ്ത്തലയിലൂടെ നടന്നുമാണ് അവിടെയെത്തുന്നത്. സ്റ്റാക്കർക്ക് ഈ സ്ഥലത്തെപ്പറ്റി പലതും പറയാനുണ്ട്. മനുഷ്യന്റെ വിധിയായി അയാൾ അത് വ്യാഖ്യാനിക്കുന്നു. അവിടെ ഋജുവായ പാതകളില്ലത്രേ. എപ്പോഴും ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്ന സോണിൽ എത്താൻ കഴിയാതെ ഭയാശങ്കയിൽ ദുർബലരായി കഴിയുന്ന സന്ദർശകരുടെ അടുത്ത് ഒരു നായ വന്നു നിൽക്കുന്ന ദൃശ്യമുണ്ട്. അത് മനുഷ്യന്റെ നിസഹായതയ്ക്ക് ഒരു ഭാഷയേയുള്ളവെന്ന് വ്യക്തമാക്കുന്നു.

ആന്തരാഭിലാഷങ്ങൾ

സ്റ്റാക്കർ കാണുന്ന സ്വപ്നം തകർച്ചകളുടേതാണ്. പ്രാപഞ്ചികമായ തലതിരിച്ചിലുകൾ അയാൾ കാണുകയാണ് . നിരാശയിലും പരാജയത്തിലും കഴിയുന്നവരാണ് അങ്ങോട്ട് പോവുക. ഏത് ആഗ്രഹവും സാധിച്ചു കൊടുക്കുന്ന മുറിയാണത്. അവിടെ ഭൗതികലോകത്തിന്റെ യുക്തിയോ നിയമമോ ഇല്ല. വളരെ ഭ്രമാത്മകവും ഭീതിജനകവും വിജനവുമാണത്. പൊർക്യുവിൻ എന്ന ഒരു മുൻ സ്റ്റാക്കറുടെ കാര്യം അയാൾ വിവരിക്കുന്നു. സ്വന്തം സഹോദരനെ അവിടെ കൊണ്ടുപോയ ആ സ്റ്റാക്കർക്ക് ധാരാളം പണം കിട്ടി. എന്നാൽ അയാൾ പിന്നീട് ആത്മഹത്യ ചെയ്തു. ഇതിനിടയിൽ പ്രൊഫസർ ആ കെട്ടിടം ബോംബുവച്ചു തകർക്കുമെന്ന് പ്രഖ്യാപിക്കുകയാണ്. ഇതിനായി അയാൾ കൊണ്ടുവന്ന ബോംബ് അവരെ കാണിക്കുന്നുമുണ്ട്. ഇത് സംഘർഷത്തിനു കാരണമാകുന്നു. ഈ സ്ഥലം ഭാവിയിൽ ചിലരെങ്കിലും തെറ്റായി ഉപയോഗിക്കുന്നത് തടയുകയാണ് പ്രൊഫസറുടെ ലക്ഷ്യം.

സന്ദർശകനായ എഴുത്തുകാരൻ സ്റ്റാക്കറെയാണ് കുറ്റപ്പെടുത്തുന്നത്. അയാളുടെ മനസ്സ് സഞ്ചരിച്ചത് മറ്റൊരു രീതിയിലാണ്. ഒരാളുടെ സ്വന്തം ആന്തരികാഭിലാഷങ്ങൾ അയാൾക്കു പോലും അജ്ഞാതമായിരിക്കും. അതുകൊണ്ടാണ് സ്വത്തിനുവേണ്ടി അമിതമായി ആഗ്രഹിച്ച പൊർക്യുവിൻ എന്ന സ്റ്റാക്കർ കുറ്റബോധത്താൽ ആത്മഹത്യ ചെയ്തതത്രേ. സ്വന്തം അഭിലാഷങ്ങളെ അതിരുവിട്ടു അന്വേഷിക്കുന്നത് അപകടകരമാണെന്ന് എഴുത്തുകാരൻ വിശദീകരിക്കുന്നു. എന്നാൽ തങ്ങൾ തേടി വന്ന വിചിത്രമായ ആ മുറിയുടെ അടുത്ത് എത്തിയിട്ടും, സ്റ്റാക്കർ നിർബന്ധിച്ചിട്ടും, ഒടുവിൽ പ്രൊഫസറും എഴുത്തുകാരനും പിന്മാറുകയാണ്. അവർ രണ്ടുപേരും പിന്തിരിയുന്നത് വ്യക്തിപരമായ കാരണങ്ങളാലാണ്. അവർക്ക് സ്വന്തം ആഗ്രഹങ്ങളുടെ നിഗൂഢത കാണാൻ താല്പര്യമില്ല .

അവർ ആ അത്ഭുതമുറിയെയും അതിനെ ചുറ്റിപ്പറ്റിയുള്ള വർത്തമാനങ്ങളെയും തള്ളിക്കളയുന്നു.അവർ അതെല്ലാം അന്ധവിശ്വാസങ്ങളായി വിലയിരുത്തുന്നു. അവർ അപ്രതീക്ഷിതമായ ചുവടുമാറ്റത്തിലൂടെ സ്റ്റാക്കറെ വിമർശിക്കുകയും കളിയാക്കുകയും ചെയ്യുന്നു.

ഏകാന്തതയുടെ പിശാച്

'സ്റ്റാക്കർ ' കണ്ട ശേഷം ഒരു പ്രേക്ഷകനു അതിലെ ഓരോ ദൃശ്യവും പിന്തുടരുന്നതായി തോന്നും. കാരണം ഈ ചിത്രത്തിൽ മനുഷ്യാവസ്ഥയുടെ പശ ഒട്ടിച്ചു വച്ചിരിക്കയാണ്. ഏകാന്തതയുടെ പിശാച് പിടിച്ചുതിന്നാൻ വരുമ്പോൾ മനുഷ്യൻ എത്തിച്ചേരുന്ന ഉന്മാദത്തിന്റെയും വിഷാദത്തിന്റെയും മരുഭൂമിയിലേക്ക് തർക്കോവ്സ്കി നമ്മെ കയറ്റി വിടുന്നു. സ്റ്റാക്കറെ പോലെ പ്രേക്ഷകനും ഈ രാവണൻ കോട്ടയിൽ ചുറ്റിത്തിരിയുന്നു. അസ്തിത്വത്തെക്കുറിച്ചുള്ള ആധി കുത്തി നിറച്ച ശരീരങ്ങളായി മാറുന്ന നമ്മെ ചലച്ചിത്രകാരൻ അത്മീയാനുഭവംകൊണ്ടു നിറയ്ക്കുന്നു.

ദസ്തയെവ്സ്കിയുടെ 'ദ് ഇഡിയറ്റ്' ചലച്ചിത്രമാക്കാൻ ആഗ്രഹിച്ച തർക്കാവ്സ്കിക്ക് റഷ്യയിൽ അധികാരികളിൽ നിന്നു അനുകൂലമായ സമീപനമല്ല കിട്ടിയത്. പല പരിശ്രമങ്ങളിൽ നിന്നും അദ്ദേഹം പിന്മാറുകയായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം നാടകരംഗത്തേക്ക് തിരിഞ്ഞത്. മിറർ , സൊളാരിസ്, നൊസ്റ്റാൾജിയ, സാക്രിഫൈസ് എന്നീ ചിത്രങ്ങളും ഏറെ പ്രശംസിക്കപ്പെട്ടു. 'സ്കൾപ്റ്റിങ് ഇൻ ടൈം' എന്ന പുസ്തകം സിനിമാനുഭവങ്ങളും വിചിന്തനങ്ങളുമാണ് ഉൾക്കൊള്ളുന്നത്.

കാലമുദ്രകൾ

വി.ബി ജ്യോതിരാജ്

വി.പി. ശിവകുമാർ, യു.പി.ജയരാജ്, വിക്ടർ ലീനസ്, ജയനാരായണൻ എന്നിവരെപ്പോലെ കാതലുള്ള, ആഴമുള്ള കഥകളാണ് വി.ബി. ജ്യോതിരാജ് എഴുതിയത്.

ടി.ആർ.

ടി.ആർ എഴുതിയ 'പുതിയ ക്രമം' ,'ജാസ്സക്കിനെ കൊല്ലരുത് ' തുടങ്ങിയ കഥകൾ ഇപ്പോഴും മോഹിപ്പിക്കുന്നു. ആധുനികാനന്തര കഥാകൃത്തുക്കൾക്ക് പൊതുവേ സംഭവിച്ച മുരടിപ്പ്, ആശയദാരിദ്ര്യം, ആഖ്യാനമികവിന്റെ അഭാവം, ഭാഷാപരമായ ഉള്ളടക്കക്കുറവ്, ദാർശനികമായ വിചിന്തനത്തിനുള്ള പരാധീനത തുടങ്ങിയവ എത്ര ഭയാനകമാണെന്ന് അറിയുമ്പോൾ ടി. ആറിലേക്ക് മടങ്ങാതെ വയ്യ.

ജോൺസൺ

സംഗീതത്തിലുള്ള ജന്മവാസനകൊണ്ട് സ്വയം പഠിച്ചു വളർന്ന ജോൺസൺ മലയാളസിനിമയിൽ ഒരു കാലത്ത്, വർഷത്തിൽ മുപ്പതു ചിത്രങ്ങൾക്ക് വരെ സംഗീതം നൽകിയിരുന്നു. സംഗീതത്തിലുള്ള തന്റെ ജ്ഞാനം അമിതമായി പ്രകടിപ്പിക്കുന്ന സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു.

മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത

അനുഭവങ്ങൾ പങ്കുവയ്ക്കാനും മറ്റുള്ളവരെ സന്തോഷത്തിന്റെ അവസ്ഥയിൽ നിലനിർത്താനുമായി തമാശ പറഞ്ഞും ഉദ്ബോധിപ്പിച്ചും ജീവിച്ച വലിയ മെത്രാപ്പോലീത്ത നമ്മുടെ സാമൂഹികാന്തരീക്ഷത്തെ പ്രസന്നമധുരമാക്കി ; ചിന്താപരമായി സൗഖ്യത്തിലേക്ക് നയിച്ചു; വിശുദ്ധമായ പ്രവൃത്തികളെക്കുറിച്ച് ഓർമിപ്പിച്ചു.

ഡോ.പി .ആർ. ജയശീലൻ

'വിഷാദകാവ്യത്തിൽ നിന്നു പ്രസാദാത്മക ജീവിതത്തിലേക്ക്' എന്ന പേരിൽ ഡോ. പി. ആർ.ജയശീലൻ എഴുതിയ ലേഖനം (സാഹിത്യചക്രവാളം, ഏപ്രിൽ) ഉചിതവും ശ്രദ്ധേയവുമായി. ഇരുപത്തിയാറാം വയസിൽ വിടപറഞ്ഞ സുധാകരൻ തേവലക്കാട് (1939-1965) എന്ന കവിയെ അദ്ദേഹത്തിന്റെ സമ്പൂർണകവിതകളുടെ (കേരള സാഹിത്യ അക്കാദമി) അടിസ്ഥാനത്തിൽ പരിചയപ്പെടുത്തുന്ന ലേഖനമാണിത്.

വാക്കുകൾ

1) വലിയ എഴുത്തുകാർ യഥാർഥ്യത്തെ നിർവചിക്കുന്നു; രണ്ടാം തരം എഴുത്തുകാർ വെറുതെ പ്രസ്താവനകൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

**- എഡ്വേർഡ് ആൽബി ,
അമെരിക്കൻ നാടകകൃത്ത്**

2) ശാന്തമായ കൂട്ടിലെ ചുംബനമാണ് പ്രണയം; ആ സമയത്ത് ഇലകൾ വിറയ്ക്കുകയും അത് വെള്ളത്തിൽ പ്രതിഫലിക്കുകയും ചെയ്യും.

**-ഫ്രെഡറിക്കോ ഗാർസിയ ലോർക ,
സ്പാനീഷ് കവി**

3) ദൈവം നിങ്ങൾക്ക് ഒരു മുഖം നൽകിയിട്ടുണ്ട്; എന്നാൽ നിങ്ങളാകട്ടെ മറ്റൊരു മുഖം ഉണ്ടാക്കുകയാണ്.

**- ഷേക്സ്പിയർ,
ഇംഗ്ലീഷ് നാടകകൃത്ത്.**

4) ദുരിതകാലത്ത്, സന്തോഷമുണ്ടായിരുന്ന കാലഘട്ടത്തെക്കുറിച്ച് ഓർക്കുന്നതുപോലെ കടുത്ത ദുഃഖം വേറെയില്ല .

**-ദാന്തെ ,
ഇറ്റാലിയൻ കവി**

5) നമ്മൾ ജയിക്കുകയാണെങ്കിൽ മറ്റാർക്കെങ്കിലും നഷ്ടപ്പെടും. എന്നാൽ മറ്റാർക്കെങ്കിലും നഷ്ടപ്പെടുന്നുണ്ടെങ്കിൽ നമുക്കും നഷ്ടപ്പെടും. ആ നിമിഷം നമുക്ക് മനസ്സിലാകുന്നില്ല. ഇത് വേദനിപ്പിക്കുന്ന തരത്തിൽ വ്യക്തമാക്കിതരുകയാണ് പുതിയ ആത്മീയത.

**- നീലേ ഡൊണാൾഡ് വാൽഷ്,
അമെരിക്കൻ ദൈവശാസ്ത്രജ്ഞൻ**

സകാത് എന്ന വിശുദ്ധകർമം

ഡോ. ഉമറുൽ ഫാറൂഖ് സഖാഫി കോട്ടുമല

ശരീരത്തിന്റെ സകാത്താണ് ഫിത്ര് സകാത്ത്. മറ്റു സകാത്തുകളൊക്കെ സമ്പത്തിന്റെ സകാത്തുകളുമാണ്. ഫിത്ര് സകാത്ത് പൂർണമായും റംസാനുമായി ബന്ധിച്ചിരിക്കുന്നു. അഥവാ റംസാൻ കഴിയുന്ന നിമിഷമാണ് അത് നിർബന്ധമാകുന്നത്. റംസാൻ ഒന്ന് മുതലും കൊടുക്കാം. പക്ഷേ പെരുന്നാൾ നിസ്കാരത്തിന്റെ ശേഷം നൽകാനായി മനപ്പൂർവം പിന്തിക്കൽ കറാഹത്തും പെരുന്നാൾ ദിവസത്തിനു ശേഷം നൽകാനായി മനപ്പൂർവം പിന്തിക്കൽ ഹറാമുമാണ്. ഫർള് നിസ്കാരത്തിനു ശേഷമുള്ള റവാത്തിബ് സുന്നത്ത് നിസ്കാരം നിർവഹിക്കുന്നത് ഫർളിലെ പോരായ്മകളെ പരിഹരിക്കുന്നതുപോലെ ഫിത്ര് സകാത്ത് നോമ്പിന്റെ പോരായ്മകളെ പരിഹരിക്കുന്നു. അഥവാ നോമ്പിൽ എന്തെങ്കിലും പ്രശ്നങ്ങൾ നാമറിയാതെ വന്നിട്ടുണ്ടെങ്കിൽ അവ പരിഹരിക്കാനുള്ള മാർഗമാണ് ഫിത്ര് സകാത്ത്.

ഒരു സ്വാഅ് അതായത് 3.200 ലിറ്റർ (ഏകദേശം രണ്ടര കിലോ മുതൽ മൂന്ന് കിലോ വരെ) ആണ് സകാത്ത് ഓരോ വ്യക്തിക്കുമായി കൊടുക്കേണ്ടത്. ഫിത്ര് സകാത്ത് എവിടെവച്ചാണോ നിർബന്ധമാകുന്നത്, അഥവാ ചെറിയ പെരുന്നാളിലെ ആദ്യ നിമിഷം ഒരാൾ എവിടെയാണോ ഉള്ളത് അവിടെയാണ് സകാത്ത് നൽകേണ്ടത്. മറ്റു സ്ഥലങ്ങളിലും നൽകാമെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്. നാട്ടിലെ സാധാരണ ഭക്ഷണത്തിൽ നിന്ന് തന്നെ നിശ്ചിത വിഹിതം നൽകണമെന്നാണ് ശാഫിഈ മദ്ഹബ്. കാരണം പെരുന്നാൾ ദിവസം ഒരാളും പട്ടിണി കിടക്കുന്നവരായി ഉണ്ടാകരുതെന്ന് മതം നിശ്കർഷിച്ചു.

തന്റെയും താൻ ചെലവു കൊടുക്കൽ നിർബന്ധമായവരുടെയും പെരുന്നാൾ ദിവസത്തേക്കാവശ്യമായ ഭക്ഷണം, വസ്ത്രം തുടങ്ങിയ അത്യാവശ്യങ്ങൾ കഴിഞ്ഞ് ബാക്കി വല്ലതുമുണ്ടെങ്കിൽ ഈ സകാത്ത് നിർബന്ധമാകും. അതുകൊണ്ടുതന്നെ ഒരു വ്യക്തി പലപ്പോഴും സകാത്ത് വാങ്ങാനും നൽകാനും അർഹതപ്പെട്ടവനാകുന്നു. അയാൾ ഫഖീറോ മിസ്കീനോ ആണെങ്കിൽ സകാത്ത് വാങ്ങാം. പക്ഷേ, അയാളുടെ കൈയിൽ അന്നേ ദിവസത്തേക്ക് വേണ്ടതിലധികം ഭക്ഷണമുണ്ടെങ്കിൽ അയാൾ സകാത്ത് നൽകലും നിർബന്ധമാകും.

ഇത്രമാത്രം ഉദാരമായ സമീപനമാണ് ഈ സകാത്തിന്റെ വിഷയത്തിൽ ഇസ്‌ലാം സ്വീകരിച്ചത്. ഇതിന്റെ പിന്നിലുള്ള പ്രധാന രഹസ്യം മനുഷ്യരുടെ പട്ടിണിയകറ്റുക എന്നതുതന്നെ.

സകാത്ത് പാവങ്ങളുടെ അവകാശമാണ്. അതൊരിക്കലും ഔദാര്യം കൈപറ്റലല്ല. അതുകൊണ്ട് തന്നെയാണ് സകാത്ത് വീട്ടിലേക്ക് എത്തിച്ചു കൊടുക്കണമെന്ന് ഇസ്‌ലാം പറഞ്ഞത്. അതാണ് ഏറ്റവും ശ്രേഷ്ഠമായത്. കാരണം അവകാശപ്പെട്ടത് അവകാശികൾക്ക് അങ്ങോട്ട് നൽകണമല്ലോ. സകാത്ത് അവകാശമായി കിട്ടുന്നതു കൊണ്ടുതന്നെ ഒരു വിശ്വാസിക്കും ഉള്ളിലോ പുറത്തോ ജാള്യതയുടെ ആവശ്യമില്ല. പെരുന്നാൾ മാനസികമായും ശാരീരികമായും സംതൃപ്തിയോടെ കൊണ്ടാടുകയും ചെയ്യാം. ഇസ്‌ലാമിന്റെ ഈ നിലപാട് കോടാനുകോടി പാവങ്ങൾക്ക് നൽകുന്ന ആശ്വാസം ചില്ലറയല്ല. ആഘോഷ വേളകളിൽ മറ്റുള്ളവരുടെ ഔദാര്യം പ്രതീക്ഷിച്ചിരിക്കുന്ന ഒരു ഗതികേട് വിശ്വാസിക്ക് ഉണ്ടാകാതിരിക്കുന്നത് ഇക്കാരണത്താലാണ്. ലോകത്തുള്ള എല്ലാ സംസ്കാരങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും ഇത്തരം സമീപനങ്ങളാണ് ഉയർന്നുവരേണ്ടത്.

പാവങ്ങളെ ഔദാര്യം സ്വീകരിക്കുന്നവരായി വിലകുറച്ചു കാണിക്കാതെ അവർക്കാവശ്യമുള്ളതെല്ലാം നൽകുന്ന വിശാലമായ സംവിധാനമാണ് സകാത്ത്. ഫിത്ര് സകാത്ത് ആഘോഷ ദിവസത്തിൽ സുഭിക്ഷ ജീവിതം നൽകുമ്പോൾ മറ്റുള്ള സകാത്ത് പാവങ്ങളുടെ കണ്ണീർ എന്നെന്നും ഒപ്പുന്നു. സർക്കാറുകളുടെ വക കിട്ടുന്ന ഭക്ഷണം പോലും റേഷൻ കടകളിലും മറ്റും വരി നിന്ന് വാങ്ങണമെങ്കിൽ ഇസ്‌ലാം പ്രകാരം എവിടെയും വരിയില്ല. ആരും അറിയുകയുമില്ല. അത് വീട്ടിലേക്കെത്തും. ഒരാളുടെ അഭിമാനമാണല്ലോ വലുത്.

കൊവിഡിനെ തുരത്താം... മാസ്ക് ഫോട്ടോ ക്യാംപെയ്ൻ...

CAPITAL CLICK
കെ.ബി.ജയചന്ദ്രൻ

ഇതും ഒരു കരുതൽകെട്ട്....

താലികെട്ടോളം പ്രാധാന്യം തന്നെ ഈ കെട്ടിനും.....ലോക് ഡൗണിനിടെ വിവാഹം കഴിഞ്ഞു വരന്റെ ഗൃഹത്തിലേക്കു പോകുന്നതിനു മുൻപായി വധു കാറിലിരുന്നു മാസ്ക് കെട്ടുന്നു. നഗരത്തിലെ ദൃശ്യം.

നിയുക്ത എംഎൽഎ പറയുന്നു

ലക്ഷ്യം സമ്പൂർണ വികസനം: കെ അൻസലൻ

കുന്നത്തുകാൽ മണികണ്ഠ ൻനെയ്യാറ്റിൻകര: ചില സത്യ ങ്ങൾ വിളിച്ചുപറയുമ്പോൾ അത് രാഷ്ട്രീയ വൈരമായി കാ ണരുതെന്ന് നെയ്യാറ്റിൻകര മ ണ്ഡലത്തിൽ നിന്നും വീണ്ടും തെരെഞ്ഞെടുക്കപ്പെട്ട കെ.അ ൻസലൻ.

നെയ്യാറ്റിൻകര മുനിസിപ്പാ ലിറ്റിയും അതിയന്നൂർ പഞ്ചാ യത്തും കഴിഞ്ഞാൽ പിന്നെ ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം എന്നീ നാല് പഞ്ചാ യത്തുകളും യു ഡിഎഫിനോ ട് കൂറു പുലർത്തുന്ന പഞ്ചായ ത്തുകളായിരുന്നു. എന്നാൽ കഴിഞ്ഞ തവണ രാഷ്ട്രീയത്തി നതീതമായാണ് വോട്ടർമാർ തെരെഞ്ഞെടുത്തത്. എന്നിൽ അർപ്പിച്ച വിശ്വാസം ഞാൻ ക ത്ത് സൂക്ഷിക്കുന്നതിൽ ജാഗ്ര ത പുലർത്തിയിരുന്നു.

നെയ്യാറ്റിൻകര മണ്ഡലത്തി ലെ കുടിവെള്ള പദ്ധതിക്ക് ശാ ശ്വത പരിഹാരം കാണുന്നതി നായി രണ്ടു കുടിവെള്ള പദ്ധ തികൾ നടപ്പിലാക്കും. ഒന്നാമ ത്തേത് കാരോട് കുടിവെള്ള പ ദ്ധതി. 89 കോടി രൂപയുടെ ടെ ൻഡർ. മറ്റൊന്ന് 26 കോടി രൂപ യ്ക്ക് ടെൻഡർ ചെയ്തിട്ടുള്ള അതിയന്നൂർ കുടിവെള്ള പദ്ധ തി. ഈ രണ്ടു പദ്ധതിയും നട പ്പാകുന്നതോടെ 25 വർഷത്തേ ക്ക് നെയ്യാറ്റിൻകരമണ്ഡല ത്തിൽ കുടിവെള്ള ഷാമമുണ്ടാ കില്ല.

കണ്ണിപ്പുറത്തും ആയയി ലും പാലങ്ങൾ നിമ്മിക്കും. അ തിൽ കണ്ണിപ്പുറം പാലത്തിന്റെ ടെണ്ടർ നടപടികൾ ആയിട്ടു ണ്ട്. ആയയിൽ പാലത്തിന് ഭൂ മി ഏറ്റെടുക്കേണ്ട നടപടികൾ പൂർത്തിയാക്കാനുണ്ട്. ആരോ ഗ്യ രംഗത്ത് വികസനമുന്നേറ്റം നടത്തും. പ്രത്യേകിച്ചും നെയ്യാ റ്റിൻകര ജനറൽ ആശുപത്രി യുടെ വികസനത്തിന് കൂടുത ൽ ഊന്നൽ നൽകും. വിദ്യാ ഭ്യാസ മേഖലയിൽ പുതിയ പ ദ്ധതികൾ നടപ്പിലാക്കും. എല്ലാ സ്കൂളുകളും ഹൈടെക് നില വാരത്തിലാക്കും.

യന്ത്രവൽക്കരണം ഉൾപ്പെട യുള്ള പദ്ധതികളിലൂടെകാർ ഷികോത്പ്പാദനം വർധിപ്പി ക്കും. കഴിഞ്ഞ കാലത്ത് പിഡ ബ്ള്യുഡി റോഡുകൾനവീകരി ച്ചതുപോലെ ഇനി ശേഷിക്കു ന്ന എല്ലാ റോഡുകളും നവീക രിക്കുവാനുള്ളഅടിയന്തിര ന ടപടികൾസ്വീകരിക്കും.

ഡോക്ടർമാരുടെ സേവനം ഇനി ഓൺലൈനിലും

കൊട്ടാരക്കര: ലോക്ക്ഡൗൺ കാലത്ത് ചികിത്സാ ആവശ്യ ങ്ങൾക്ക് ഡോക്ടർമാരുടെ ഓ ൺ ലൈൻ സേവ നം ലഭ്യമാക്കി കെ. എൻ. ബാലഗോപാ ൽ. ആദ്യഘട്ടത്തി ൽ മൂന്ന് ഡോക്ടർ മാരുടെ സേവനമാ ണ് ഉറപ്പാക്കിയിരി ക്കുന്നത്.

എല്ലാ ദിവസവും രാത്രി എ ട്ടു മുതൽ ഒൻപത് വരെ ഫിസി ഷ്യനായ ഡോ. രഞ്ജിത്ത് നാ ഥനും, രാവിലെ ഒൻപതു മുത ൽ പത്തു വരെ ഫിസിഷ്യനായ ഡോ. ഷിബു യ ശോധരനും, ഉച്ച യ്ക്ക് രണ്ട് മുതൽ നാലു വരെ പീഡി യാട്രിഷ്യനായ ഡോ. റിയാസും ഓ ൺലൈനിൽ ചി കിത്സാ നിർദ്ദേശ ങ്ങൾ നൽകും. ഡോക്ടർമാരെ നേരിട്ട് കാണാൻ അടിയന്തിര സാഹചര്യത്തിലല്ലാതെ ആശു പത്രികളിൽ എത്തുന്ന സ്ഥിതി ഒഴിവാക്കാൻ കൂടിയാണ് ഓ ൺ ലൈൻ സേവനം ഉറപ്പാ ക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ഡോക്ടർമാരുടെ സേ വനം ഓൺ ലൈനിൽ ലഭ്യമാ ക്കുമെന്ന് അദ്ദേഹം പറഞ്ഞു. ബന്ധപ്പെടേണ്ട നമ്പർ: ഡോ. രഞ്ജിത്ത് നാഥൻ - 9744468418, ഡോ. ഷിബു യ ശോധരൻ - 9961989648, ഡോ. റിയാസ് - 9447150183.

അപേക്ഷ ക്ഷണിച്ചു

കരുനാഗപ്പള്ളി: ഡോ സൈജു ഖാലിദിന്റെ നന്മ മരം ഫൌ ണ്ടേഷൻ വൃക്ഷ വ്യാപന പ്രവർ ത്തനങ്ങളിൽ മാതൃകപരമായി ഏർപ്പെടുന്നവരെ സംസ്ഥാന തല അവാർഡ് നൽകി ആദരി ക്കുന്നു. ബന്ധപ്പെട്ട മേഖലയി ൽ ചെയ്തിട്ടുള്ള പ്രവർത്തന ങ്ങളുടെ വിശദമായ വിവരങ്ങൾ നന്മമരം സംസ്ഥാന കോർഡി നേറ്റർ, ഷാജഹാൻ, രാജധാനി ഗോൾഡ് ആന്റ് ഡയമണ്ട്, കരു നാഗപ്പള്ളി എന്ന വിലാസത്തി ൽ 30 നകം ലഭിക്കേണ്ടതാണ്.

കുടുംബശ്രീ യൂണിറ്റ് ഭക്ഷണ വിതരണം നടത്തി

സൗജന്യ ഭക്ഷണത്തിന്റെ വിതരണോത്ഘാടനം ഗ്രാമപഞ്ചായ ത്ത് പ്രസിഡന്റ് ആർ. സത്യഭാമ നിർവഹിക്കുന്നു.

കൊട്ടാരക്കര: നെടുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ വിവി ധ പ്രദേശങ്ങളിൽ ഒറ്റയ്ക്ക് ക ഴിയുകയും ഭക്ഷണമില്ലാതെ അലയുകയും ചെയ്യുന്ന ആൾ ക്കാർക്ക് സൗജന്യ ഭക്ഷണ വി തരണം ആരംഭിച്ചു.

സൗജന്യ ഭക്ഷണതിന്റെ വി തരണോത്ഘാടനം ഗ്രാമപ ഞ്ചായത്ത് പ്രസിഡന്റ് ആർ. സത്യഭാമ നിർവഹിച്ചു.കഴി ഞ്ഞ ദിവസം പഞ്ചായത്തിലെ 72 ഓളം പേരെ കണ്ടെത്തി യാണ് ഭക്ഷണ വിതരണം നട ത്തി. കുടുംബശ്രീയുടെ സിഡി എസിന്റെ ചുമതലയിൽ പ്രവർ ത്തിച്ചുവരുന്ന ജനകീയ ഹോട്ട ൽ വഴിയാണ് ഭക്ഷണം തയ്യാ റാക്കി വീടുകളിൽ സൗജന്യമാ യി എത്തിക്കുന്നത് അത്യാവ ശ്യക്കാർക്ക് 25 രൂപ നിരക്കി ലും ഭക്ഷണമെത്തിക്കാനുള്ള ക്രമീകരണങ്ങളും ഏർപ്പെടു ത്തിയിട്ടുണ്ട്.

ഭക്ഷണത്തിന് ആവശ്യമു ള്ളവർ അതാത് വാർഡ് മെമ്പ ർമാരെ ബന്ധപ്പെടേണ്ടതാണ്. വൈസ് പ്രസിഡന്റ് ജലജ സു രേഷ്, സ്ഥിരം സമിതി ചെയർ മാൻമാരായ ആർ. രാജശേഖര ൻ പിള്ള , ആർ.എസ്. അജിത കുമാരി, മെമ്പർമാരായ രമണി വർഗ്ഗീസ്, രഞ്ജിനി, രമ്യ, വിദ്യ, സിഡിഎസ് ചെയർപേഴ്സ ൺ ജി. സന്ധ്യ എന്നിവർ ചട ങ്ങിൽ പങ്കെടുത്തു.

ജില്ലയിലെ വാക്സിനേഷൻ സെന്ററുകളിലെ തിരക്ക് നിയന്ത്രിക്കാൻ കൂടുതൽ നടപടി

തിരുവനന്തപുരം: ജില്ലയിലെ കൊവിഡ് വാക്സിനേഷൻ സെന്ററുകളിൽ തിരക്കു നിയ ന്ത്രിക്കുന്നതിനും ജനങ്ങ ൾക്കു കൂടുതൽ സൗകര്യമുറ പ്പാക്കുന്നതിനുമുള്ള നടപടിക ൾ സ്വീകരിച്ചതായി ജില്ലാ കള ക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു.

ഇതിന്റെ ഭാഗമായി തൊട്ടടു ത്ത ദിവസം വാക്സിനേഷൻ നടക്കുന്ന സെന്ററുകളുടെ വി വരം ജില്ലാ മെഡിക്കൽ ഓഫീ സർ തയ്യാറാക്കി ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥർക്ക് കൈമാറും. ബന്ധപ്പെട്ട പ്രദേ ശത്തെ സ്റ്റേഷൻ ഹൗസ് ഓഫീ സർമാർ വാക്സിനേഷൻ കേ ന്ദ്രങ്ങളിൽ മതിയായ പൊലീ സ് സാന്നിദ്ധ്യം ഉറപ്പാക്കുക യും ബലപ്രയോഗമോ ആ ൾക്കൂട്ടമോ കൂടാതെ കൃത്യമാ യ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വാക്സിൻ സ്വീകരി ക്കുന്നതിനുള്ള സൗകര്യം ഉറ പ്പാക്കുകയും ചെയ്യും.

ഓരോ വാക്സിനേഷൻ കേ ന്ദ്രങ്ങളിലും അതത് ദിവസം എത്രപേർക്ക് വാക്സിൻ ന ൽകുന്നുവെന്ന വിവരം അത ത് സെന്ററുകളിൽ പ്രദർശിപ്പി ക്കണം. വാക്സിൻ സെന്ററി ന്റെ ചുമതലയുള്ളയാൾ ഇ ക്കാര്യം ഉറപ്പാക്കണം. ടോക്ക ൻ സംവിധാനവും നടപ്പിലാ ക്കണം. വാക്സിനേഷൻ സെ ന്ററുകളിലെ തിരക്ക് നിയന്ത്രി ക്കുന്നതിന് പൊലീസ്, എക് സൈസ്, ഫയർ ഫോഴ്സ് തുട ങ്ങിയ യൂണിഫോം ഡ്യൂട്ടിയി ലുള്ള ഉദ്യോഗസ്ഥരുടെയോ സന്നദ്ധ സേനാ പ്രവർത്തകരു ടെയോ സേവനം ആവശ്യമെ ങ്കിൽ ബന്ധപ്പെട്ട പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർമാ ർക്ക് ഉപയോഗപ്പെടുത്താം.വാ ക്സിനേഷനു വരുന്നവർക്ക് ക്യൂ പാടില്ല.

പകരം മുൻകൂട്ടി തയ്യാറാ ക്കിയ ടോക്കൺ നൽകി ഇരി ക്കുവാനുള്ള സൗകര്യം ക്രമീ കരിക്കണം. ഇക്കാര്യം ബന്ധ പ്പെട്ട കേന്ദ്രങ്ങളുടെ ചുമതല യുള്ളവർ ഉറപ്പാക്കണം. ബ ന്ധപ്പെട്ട വാർഡ് മെമ്പർമാർ, കൗൺസിലർമാർ എന്നിവർ ഇക്കാര്യങ്ങൾക്ക് ആവശ്യമാ യ സഹായം നൽകാൻ തയ്യാ റാകണം. ആവശ്യമെങ്കിൽ വാ ർഡുതല സമിതി, വാർഡുതല വാർ റൂം എന്നിവയുടെ സേവ നവും ഉപയോഗപ്പെടുത്താം. വാക്സിനേഷൻ കേന്ദ്രങ്ങളി ൽ ആവശ്യമായ സന്നദ്ധപ്രവ ർത്തകരെ വാർഡുതല വാർ റൂമിൽ നിന്നും ലഭ്യമാക്കിയിട്ടു ണ്ടെന്ന് ജില്ലാ മെഡിക്കൽ ഓ ഫീസർ ഉറപ്പാക്കണം.

വാക്സിനേഷൻ കേന്ദ്രങ്ങ ളിൽ ഒരുതരത്തിലുള്ള കൊവി ഡ് പ്രോട്ടോക്കോൾ ലംഘന വും അനുവദിക്കില്ലന്നും ഇത് ലംഘിക്കുന്നവർക്കെതിരെ ദു രന്തനിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കുമെന്നും ക ളക്ടർ അറിയിച്ചു.

'ഭയം വേണ്ട ജാഗ്രതമതി അരികിലുണ്ട് ഞങ്ങൾ' ഹെൽപ്പ് ലൈൻ തുടങ്ങി

ഏനോസ് നാടാർ യുവധാര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബി ന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഹെൽപ് ഡെസ്ക്.

നെയ്യാറ്റിൻകര: കിളിയൂർ ഏ നോസ് നാടാർ യുവധാര ആ ർട്സ് ആന്റ് സ്പോർട്സ് ക്ല ബ്ബിന്റെ ആഭിമുഖ്യത്തിൽ 'ഭ യം വേണ്ട ജാഗ്രതമതി അരി കിലുണ്ട് ഞങ്ങൾ ' എന്ന സ ന്ദേശവുമായി കൊവിഡ് 19 ഹെൽപ്പ് ലൈൻ ഡെസ്ക്കിന് തുടക്കമായി. ഹെൽപ്പ് ലൈനി ന്റെ ഉദ്ഘാടനം ക്ലബ് പ്രസി ഡന്റ് എ.ഷിബുവിന്റെ അധ്യ ക്ഷതയിൽ കൂതാളി ഇവിയുപി സ്ക്കൂൾ അധ്യാപകനായ ജെ. റൂഫസ് ഉദ്ഘാടനം ചെ യ്തു. പനി, ബി.പി, ഓക്സിജ ന്റെ അളവ് എന്നിവ പരിശോ ധിക്കുന്നതിനും ആവി കൊ ള്ളുന്നതിനുമുള്ള സൗകര്യ വും ഇവിടെ സൗജന്യമായി ല ഭ്യമാണ്.

പൊസിറ്റീവായവർക്കും നി രീക്ഷണത്തിൽ കഴിയുന്നവ ർക്കും ചികിത്സ, ഭക്ഷണം എ ന്നിവയുടെ ആവശ്യങ്ങൾക്ക് പ്രജോഷിന്റെയും നിഷയുടെ യും നേതൃത്വത്തിലുള്ള സേവ നങ്ങൾ ലഭിക്കുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു. ബ ന്ധപ്പെടേണ്ട നമ്പർ : 7012751453, 9497274407.

4000 ലിറ്റർ കോട പിടികൂടി

വെഞ്ഞാറമൂട്: കുളത്തുപ്പുഴ ഫോറസ്റ്റ് റേഞ്ച് പരിധിയിൽ ആറാം ബ്ലോക്കിൽ മുള്ളൻകു ന്ന് പാറ എന്ന സ്ഥലത്ത് നി ന്നും 4000 ലിറ്റർ കോടയും വാറ്റുപകരണങ്ങളും പിടികൂ ടി. കുഴികൾ കുത്തി 14 അടി യോളം നീളമുള്ള പ്ലാസ്റ്റിക് ക വറുകളിലാണ് കോട സൂക്ഷി ച്ചിരുന്നത്.

ലോക്ഡൗണിനെ തുടർന്ന് മദ്യഷോപ്പുകൾ അടഞ്ഞു കി ടക്കുന്ന സാഹചര്യത്തിൽ വ ൻലാഭം മുന്നിൽ കണ്ടുകൊ ണ്ടാണ് വൻതോതിൽ ചാരാ യ വാറ്റു നടന്നിരുന്നത്. ചാരാ യ വാറ്റ് സൗകര്യമൊരുക്കുന്ന തിനായി സമീപത്തുതന്നെ മൂ ന്നോളം വലിയ കുഴികൾ എ ടുത്ത് വെള്ളം ശേഖരിച്ചിരു ന്നു.

കാട്ടാനശല്യം ഉള്ള പ്രദേശ ത്ത് രാത്രികാലങ്ങളിലാണ് വ ൻതോതിൽ വാറ്റ് നടന്നിരുന്ന ത്. ചാരായ വാറ്റ് നടത്തുവാ നുള്ള അടുപ്പുകളും വാറ്റുപ കരണങ്ങളും സമീപത്തുനി ന്ന് കണ്ടെത്തി. വാമനപുരം എക്സൈസ് ഇൻസ്പെക്ടർ ജി. മോഹൻകുമാറിന്റെ നേ തൃത്വത്തിൽ നടത്തിയ റെ യ്ഡിലാണ് കോട ശേഖരം ക ണ്ടെത്തിയത്. കേസെടുത്ത ശേഷം കോട നശിപ്പിച്ചു. ഇതി ന്റെ പിന്നിലെ പ്രതികളെക്കു റിച്ച് അന്വേഷണം ആരംഭിച്ച തായി എക്സൈസ് ഇൻസ് പെക്ടർ അറിയിച്ചു.

പ്രിവന്റീവ് ഓഫീസർമാരാ യ മനോജ് കുമാർ, പി. ഡി. പ്ര സാദ്, എക്സൈസ് ഐ. ബി പ്രിവൻറ്റീവ് ഓഫിസർ ജി. സു രേഷ്, സിവിൽ എക്സൈസ് ഓഫീസർമാരായ സ്നേഹേ ഷ്, അനിരുദ്ധൻ സജീവ് കു മാർ, സജീകുമാർ, വിഷ്ണു, ഡ്രൈവർ സലിം എന്നിവർ സംഘത്തിലുണ്ടായിരുന്നു.

തിരുവനന്തപുരത്ത് 4,240 കൊവിഡ്

ടെസ്റ്റ് പോസിറ്റിവിറ്റി 28%

രോഗമുക്തി 2,632

തിരുവനന്തപുരം: ജില്ലയിൽ ഇന്ന് 4,240 പേർക്കു കൂടി കൊവിഡ് സ്ഥിരീകരിച്ചു. 2,632 പേർ രോഗമുക്തരായി. 38, 079 പേരാണ് രോഗം സ്ഥി രീകരിച്ച് ഇപ്പോൾ ചികിത്സയി ൽ കഴിയുന്നത്. ജില്ലയിലെ ടെ സ്റ്റ് പോസിറ്റിവിറ്റി നിരക്ക് 28 ശതമാനമാണ്. ഇന്നലെ രോ ഗം സ്ഥിരീകരിച്ചവരിൽ 3,781 പേർക്കു സമ്പർക്കത്തിലൂടെ യാണു രോഗബാധയുണ്ടായ ത്. ഇതിൽ 5 പേർ ആരോഗ്യ പ്രവർത്തകരാണ്. ജില്ലയിൽ പുതുതായി 6,280 പേരെക്കൂടി നിരീക്ഷണത്തിലാക്കി. ഇതോ ടെ കൊവിഡുമായി ബന്ധപ്പെ ട്ടു ജില്ലയിൽ നിരീക്ഷണത്തി ലുള്ളവരുടെ ആകെ എണ്ണം 92,304 ആയി.

ഇന്നലെ വരെ നിരീക്ഷണത്തി ലുണ്ടായിരുന്ന 2,706 പേർ നി രീക്ഷണകാലം പൂർത്തിയാ ക്കി.

സ്വകാര്യ വ്യക്തി നൽകിയ സ്ഥലത്ത് ശ്മശാനം പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് നാട്ടുകാർ

മലയിൻകീഴ്: വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന് സ്വകാര്യ വ്യക്തി ശ്മശാനത്തിന് നൽ കിയ സ്ഥലത്ത് ശ്മശാനം പ്ര വർത്തിക്കാൻ അനുവദിക്കി ല്ലെന്ന് നാട്ടുകാർ.

ഇന്നലെ രാവിലെ സ്ഥലം സന്ദർശിക്കാൻ നിയുക്ത എംഎൽഎ. ഐ.ബി. സതീ ഷ്, ഗ്രാമപഞ്ചായത്ത് പ്രസി ഡന്റ് ടി. ലാലി, വാർഡ് അംഗം ഷിബു, അസിസ്റ്റന്റ് സെക്രട്ട റി അനിൽകുമാർ എന്നിവ രോടൊപ്പം സ്ഥലം സന്ദർശി ക്കാനെത്തിയപ്പോഴാണ് പ്ര ദേശവാസികൾ ശ്മശാനം ഇ വിടെ നിർമിക്കാൻ അനുവദി ക്കില്ലെന്ന് അറിയിച്ചത്. ഒപ്പം കുടിവെള്ള പ്രശ്നമുൾപ്പെടെ നിരവധി വിഷയങ്ങൾ നിര ത്തിയാണ് നാട്ടുകാർ രംഗത്ത് എത്തിയത്. പള്ളിച്ചൽ, വിള വൂർക്കൽ പഞ്ചായത്തുകൾ ക്ക് ശ്മശാനം വന്നാൽ പ്ര യോജനപ്പെടുമെന്ന ധാരണ യിലാണ് സ്ഥലം കാണാനെ ത്തിയതെന്ന് അറിയിച്ച് നി യുക്ത എം.എൽ.എ.തിരിച്ചു പോയി. തടിച്ച് കൂടി ജനങ്ങൾ പൊതുശ്മശാനത്തിന് പ ഞ്ചായത്തിലെ മറ്റെവിടെയെ ങ്കിലും സ്ഥലം കണ്ടെത്തണ മെന്ന് പ്രസിഡന്റ് ലാലിയോ ടും ആവശ്യപ്പെട്ടു.

ശ്മശാനമില്ലാതെ ബുദ്ധിമു ട്ടുന്ന വിളവൂർക്കൽ പഞ്ചായ ത്തിന് മലയം സ്വദേശിയും കോൺഗ്രസ് നേതാവുമായ ബിനുതോമസാണ് മൂക്കുന്നി മലയിൽ സ്ഥലം വിട്ട് നൽകാ ൻ തയ്യാറായത്. ശ്മശാന ത്തെ സംബന്ധിച്ച വിവരങ്ങ ളും കളക്ട്രേറ്റിലും നൽകി. ജ നരോഷം ഉയർന്നതിനെ തുട ർന്ന് പദ്ധതിയ്ക്ക് പഞ്ചായ ത്തിനുള്ളിൽ തന്നെ സ്ഥലം കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുമെന്നുംപൊതുശ്മശാ നം പഞ്ചായത്ത് പ്രദേശത്ത് അനിവാര്യമാണെന്നും പ്രസി ഡന്റ് പറഞ്ഞു.

ജില്ലയിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

തിരുവനന്തപുരം: കൊവിഡ് രോഗവ്യാപനം നിയ ന്ത്രണവിധേയമാ ക്കുന്നതിന്റെ ഭാ ഗമായി ലോ ക്ക്ഡൗൺ പ്ര ഖ്യാപിച്ച സാ ഹചര്യത്തിൽ ജില്ലയിൽ അല ഞ്ഞുതിരിഞ്ഞു നടക്കുന്നവരെ ക ണ്ടെത്തി പുനരധിവ സിപ്പിക്കുന്നതിനായി ചാല സെൻട്രൽ സ്കൂൾ ഏറ്റെടു ത്തതായി ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു. ഏറ്റെടുത്ത സ്കൂൾ കെട്ടിടം തിരുവന ന്തപുരം നഗരസ ഭാ സെക്രട്ടറി ക്കു കൈമാറി യിട്ടുണ്ട്. പുന രധിവസിപ്പി ക്കന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ സ ജ്ജമാക്കുന്നതിനായി നഗരസഭാ സെക്രട്ടറിക്കു നിർദേശം നൽകിയതായും ക ളക്ടർ അറിയിച്ചു..

മൃതദേഹം തടഞ്ഞുവച്ച ആശുപത്രിക്ക് കാരണം കാണിക്കൽ നോട്ടീസ്

തിരുവനന്തപുരം: കൊവിഡ് ചികിത്സയ്ക്കു ചെലവായ നാലര ലക്ഷത്തോളം രൂപ പൂർണമായി അടയ്ക്കാത്ത തിന്റെ പേരിൽ മൃതദേഹം ത ടഞ്ഞുവച്ച കാട്ടാക്കട സ്വകാ ര്യ ആശുപത്രിക്കു ജില്ലാ കള ക്ടറുടെ കാരണം കാണിക്ക ൽ നോട്ടിസ്. കൊവിഡ് ചികി ത്സയ്ക്കിടെ മരിച്ച 46കാര ന്റെ മൃതദേഹം വിട്ടുകൊടു ക്കണമെങ്കിൽ ബന്ധുക്കൾ 4,44,808 രൂപയുടെ ബില്ല് പൂ ർണമായി അടയ്ക്കണമെ ന്നായിരുന്നു കാട്ടാക്കടയി ലെ സ്വകാര്യ ആശുപത്രി അ ധികൃതരുടെ ആവശ്യം. ബ ന്ധപ്പെട്ട അധികൃതർ വിഷ യത്തിൽ ഇടപെടൽ നടത്തി യിട്ടും ആശുപത്രിയുടെ ഉ ത്തരവാദപ്പെട്ടവർ വിട്ടുവീഴ്ച യ്ക്കു തയാറായില്ല.

മരണപ്പെട്ടയാളുടെ ചികി ത്സാ ചെലവുകൾ സംബ ന്ധിച്ചോ ആരോഗ്യസ്ഥിതി യെക്കുറിച്ചോ ബന്ധുക്കൾ ക്ക് അധികൃതർ കൃത്യമായ ധാരണ നൽകിയിരുന്നില്ലെ ന്നും ആരോപണമുയർന്നി രുന്നു. ഇതേത്തുടർന്നാണു കളക്ടർ ആശുപത്രി മാനേജ് മെന്റിനു കാരണം കാണിക്ക ൽ നോട്ടിസ് നൽകിയത്. ര ണ്ടു ദിവസത്തിനകം തൃപ്ത കരമായ മറുപടി നൽകിയി ല്ലെങ്കിൽ ദുരന്ത നിവാരണ നിയമപ്രകാരം നടപടിയു ണ്ടാകുമെന്നും നോട്ടിസിൽ പറയുന്നു

ബില്ല് അയ്ക്കാത്തതിന്റെ പേരിൽ മൃതദേഹം തടഞ്ഞുവച്ചാൽ നടപടി

തിരുവനന്തപുരം: കൊവി ഡ് ചികിത്സയിലിരിക്കെ മര ണപ്പെട്ടാൽ ആശുപത്രി ബി ല്ല് പൂർണമായി അടയ്ക്കും വരെ മൃതദേഹങ്ങൾ വിട്ടു കൊടുക്കാതിരിക്കുന്ന സ്വ കാര്യ ആശുപത്രികൾക്കെ തിരേ കർശന നിയമ നടപടി സ്വീകരിക്കുമെന്നു ജില്ലാ ക ളക്ടർ ഡോ. നവ്ജ്യോത് ഖോ സ. ഈ പ്രവണത ജില്ലയിൽ നിരോധിച്ചതായും ഇക്കാ ര്യം വ്യക്തമാക്കി ദുരന്ത നി വാരണ നിയമത്തിലെ 26, 30, 34 വകുപ്പുകൾ പ്രകാരം ഉത്തരവു പുറപ്പെടുവിച്ചതാ യും കളക്ടർ അറിയിച്ചു.

ജില്ലയിലെ ഒരു സ്വകാര്യ ആശുപത്രിയിലുണ്ടായ ഇ ത്തരം സംഭവത്തിൽ ജില്ലാ മെഡിക്കൽ ഓഫിസർ കളക്ട ർക്കു റിപ്പോർട്ട് നൽകിയതി ന്റെ അടിസ്ഥാനത്തിലാണു നടപടി. ഇത്തരം പ്രവൃത്തി കൾ മനുഷ്യത്വരഹിതമായ അനീതിയാണെന്നു കളക്ടർ പറഞ്ഞു. സ്വകാര്യ ആശുപ ത്രികൾ ചുമത്തുന്ന ഭീമമായ ബിൽ തുക പലപ്പോഴും രോ ഗികളുടെ ബന്ധുക്കൾക്കു താങ്ങാവുന്നതിലുമേറെയാ ണ്. രോഗിയുടെ ഗുരുതരാവ സ്ഥയെക്കുറിച്ചും ചികിത്സാ ചെലവുകളെക്കുറിച്ചും ബ ന്ധുക്കളെ കൃത്യമായി ബോ ധ്യപ്പെടുത്തേണ്ടത് ആശുപ ത്രി അധികൃതരുടെ ഉത്തര വാദിത്തമാണെന്നും കളക്ടർ വ്യക്തമാക്കി.

അതിർത്തിയിൽ മിന്നൽ പരിശോധന; പിടിച്ചെടുത്തത് 100 ലിറ്റർ വിദേശ മദ്യം

നിരവധിപേർ അറസ്റ്റിൽ

നെയ്യാറ്റിൻകര: കേരള അതി ർത്തിയിൽ ഏർപ്പെടുത്തിയ ആന്റി നർക്കോട്ടിക്കൽ സെല്ലി ന്റെ മിന്നൽ പരിശോധനയിൽ തമിഴ്നാട്ടിൽ നിന്നും കേരള ത്തിലേക്ക് കടത്താനായി കൊ ണ്ടുവന്ന 100 ലിറ്ററോളം തമിഴ് നാട് വിദേശ മദ്യം പിടികൂടി. ക ന്യാകുമാരി ജില്ലാ അതിർത്തി യിലെ പളുകൽ പഞ്ചായത്തി ലെ കന്നുമാമൂടിൽ പ്രവർത്തി ക്കുന്ന തമിഴ്നാട് ഔട്ട്ലെറ്റിൽ നിന്നും കേരളത്തിൽ വിൽപ്പ ന നടത്തുന്നതിനായി കൊ ണ്ടുവന്ന 81 കുപ്പി മദ്യവുമായി ഹോണ്ട ആക്ടിവ സ്കൂട്ടറിൽ വന്ന വെള്ളനാട്, കളക്കോട്,പ ഴയവീട് മുറിയിൽ അനീഷ് ച ന്ദ്(26), വെള്ളനാട്ചാങ്ങ, ലിജി ഭവനിൽ കിരൺകുമാർ (40) എന്നിവരെ പിടികൂടി. കന്നുമാ മൂട് ബിവറേജസിൽ നിന്നും കേരളത്തിലേക്ക് കടത്താൻ ശ്രമിച്ച 64 കുപ്പി വിദേശ മദ്യവു മായി ബൈക്കിൽ വന്ന നെ യ്യാറ്റിൻകര കോടതിക്ക് സമീ പം, അഴകിയ തോട്ടത്തിൽ വീ ട്ടിൽ സുരേഷ്(37), നെയാറ്റിൻ കര ഇരുമ്പിൽ തെക്കേ മൂല വീട്ടിൽ സജീവ്(28) എന്നിവ രെ അറസ്റ്റ് ചെയ്തു. ഇതേ ബി വറേജസിൽ നിന്നും 50 കുപ്പി മദ്യവുമായി ബുള്ളറ്റിൽ വന്ന പളുകൽ മൂവോട്ട് കോണം (ത മിഴ്നാട്) വേളാമ്പാറ പുത്തൻ വീട്ടിൽ ജോനിഷ് (27), വാഴിച്ച ൽച്ചൽ പുറ്റുത്തിപ്പാറ തിരു വോണം വീട്ടിൽ അമൽ (21) എന്നിവരാണ് അറസ്റ്റിലായത്. വെള്ളറട പൊലീസിന് കൈമാ റിയ പ്രതികളെ ഇന്ന് കോടതിയി ൽ ഹാജരാക്കി റിമാൻഡ് ചെ യ്യും. ഇതിനുപു റമെ പാറശാല , പൊഴിയൂർ പോ ലീസ് പരിധിയി ലും മദ്യം പിടികൂ ടിയെങ്കിലും രാ ത്രി വൈകിയും നിയമ നപടികൾ സ്വീകരിച്ചു വരുന്നതേയുള്ളുവെന്ന് ഷി ബുകുമാർ പറഞ്ഞു. വെള്ളറട പൊലീസ് പരിധിയിലെ കാര ക്കോണം , ചെറിയകൊല്ല ഭാഗ ത്ത് നിന്ന് മാത്രം 180 മില്ലി ലിറ്റ ർ വീതമുള്ള 194 കുപ്പി തമിഴ് നാട് വിദേശമദ്യവുമായി 7 പേ രെ കസ്റ്റഡിയിൽ. നർക്കോട്ടി ക്കൽ സെൽ എസ്ഐ ഷിബു കുമാറിന്റെ നേതൃത്വത്തിൽ ഇ ന്നലെ വെള്ളറട പൊലീസ് പ രിധിയിലെ കാരക്കോണം ജം ഗ്ഷനിൽ നടന്ന പരിശോധന യിലാണ് ബൈക്കുകളിൽ കട ത്തിയ മദ്യവുമായി പ്രതികളെ കൂടാനായത്. കേരള സർക്കാ ർ ഏർപ്പെടുത്തിയ ലോക് ഡൗ ണിന്റെ ഭാഗമായി കേവലത്തി ലെ മദ്യഷാപ്പുകൾ ദിവസങ്ങൾ ക്കു മുൻപ് അടച്ചിരുന്നു. ഇ തോടെ തമിഴ്നാട്ടിൽ നിന്നും മ ദ്യം വാങ്ങി കേരളത്തിലേക്ക് ക ടത്തി അമിതവിലയ്ക്ക് വിൽ പ്പന സജീവമായിരുന്നു. അതി ർത്തിയിലെ പൊലീസിന്റെ വാ ഹന പരിശോധനയ്ക്കിടെ നി രവധി സംഘങ്ങളെ പിടികൂടാ നായി സാഹചര്യത്തിൽ ഇതി നു തടയിടുന്നതിനായി റൂറൽ എസ്പി യുടെ നിർദ്ദേശപ്രകാ രം നാല് സബ്ഡിവിഷനുകളി ലായി 14 പേരെ നിയമിച്ചിരു ന്നു. ഊരമ്പ്, ചെങ്കവിള, കാര ക്കോണം, ചെറിയകൊല്ല എ ന്നവിടങ്ങളിലായി സംഘം നട ത്തിയ പരിശോധയ്ക്കിടെയാ ണ് വെള്ളറട മാത്രം ഇത്രയും മ ദ്യം പിടികൂടിയത്.

വേണു

വൈപ്പിൻ: പുതുവൈപ്പ് പാലിയംപറമ്പിൽ വേണു (58) അന്തരിച്ചു. ഭാര്യ: ഇന്ദിര. മക്കൾ: ജയശ്രീ, വിവേക്.

എ.കെ. സുരേന്ദ്രൻ

പറവൂർ: പെരുമ്പടന്ന മണ്ണുചിറയിൽ എ.കെ. സുരേന്ദ്രൻ (റിട്ട കേരള പൊലീസ് - 73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ യശോദ. മക്കൾ: ഡെൽഫി, സുജേഷ് കുമാർ (കേരള പോലീസ്, ഞാറക്കൽ). മരുമക്കൾ: സതീശൻ, ഗീതു.

കോരു

എടവണ്ണ: പാലപ്പെറ്റയിലെ വലിയ പറമ്പൻ കോരു (91) അന്തരിച്ചു. ഭാര്യ: ജാനകി. മക്കൾ: വേണുഗോപാലൻ, സരോജിനി, കുമാരി, സുലോചന, ശാരദാമണി, ലളിത. മരുമക്കൾ: അപ്പാണി(ചെങ്ങര), വേലായുധൻ (അരീക്കോട്), വേലായുധൻ (കാപ്പിൽ), നാരായണൻ (വെള്ളാമ്പുറം), സബിത (പന്നിക്കോട്), പരേതനായ നാരായണൻ (കൊളക്കാട്ടിരി).

ത്രേസ്യ

അങ്കമാലി: നസ്രത്ത് നഗർ എൻ എൻ 195-ൽ അറയ്ക്കൽ പരേതനായ ദേവസ്യയുടെ ഭാര്യ ത്രേസ്യ (80) അന്തരിച്ചു. സംസ്കാരം നടത്തി. അന്നനാട് ചാതേലി കുടുംബംഗാണ്. മക്കൾ: ജോയി (മേനാച്ചേരി സ്റ്റീൽസ്, അങ്കമാലി), മാർട്ടിൻ (എഫ്സിഐ, അങ്കമാലി), മേഴ്സി, ജോൺസൻ, ജോജോ, ജോയ്സി. മരുമക്കൾ: ദീപ, മഞ്ജു, തോമസ് ചെലയ്ക്കാപ്പിള്ളി (കൊരട്ടി),റിൻസി, ജെഫി, ബിജു പള്ളിപ്പാട്ട് (കിടങ്ങൂർ).

വി. ശശിരാജൻ

തിരുവനന്തപുരം: കുമാരപുരം സിൽവർഹിൽസ് ലയ്ൻ 'അഭരി'യിൽ വി. ശശിരാജൻ (70) അന്തരിച്ചു. ഭാര്യ ജി. ചന്ദ്രലീല (റിട്ട. ജോ. രജിസ്ട്രാർ, സഹകരണ വകുപ്പ്). മക്കൾ: ഡോ. ഭവ്യ (പീഡിയാട്രിഷൻ, എസ്.യു.റ്റി. പട്ടം), ഭാവേഷ് (യു എസ് ടി). മരുമക്കൾ: അഭിലാഷ് (എസ് ബി ഐ), ഗ്രീഷ്മ (സി എ ടി, തിരുവനന്തപുരം).

കെ.അർജുനനാചാരി

പനയം: വിമുക്ത ഭടൻ പെരിനാട് റെയിൽവേ സ്റ്റേഷനു സമീപം മതിനൂർ വീട്ടിൽ കെ.അർജുനനാചാരി (86) അന്തരിച്ചു. ഭാര്യ: വിജയമ്മാൾ. മക്കൾ: അഡ്വ. ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ (ദുബായ്). മരുമക്കൾ: ജയ, വിദ്യ (ദുബായ്).

ദാമോദരൻ നായർ

ചടയമംഗലം: ഇടയ്ക്കോട് പാറവിള വീട്ടിൽ ദാമോദരൻ നായർ (79) അന്തരിച്ചു.

തങ്കം

വൈപ്പിൻ: എളങ്കുന്നപ്പുഴ വളപ്പ് ചിരട്ടപ്പുരയ്ക്കൽ സി.എ. ഗോപികൃഷ്ണന്റെ (റിട്ട. പഞ്ചായത്ത് സെക്രട്ടറി) ഭാര്യ തങ്കം (ഗവ. എച്ച്.എസ്.എസ്. റിട്ട. അധ്യാപിക-68) അന്തരിച്ചു. മക്കൾ: ദീപ, ജയകൃഷ്ണൻ (സിപിഐ, തൃപ്പൂണിത്തുറ).

മീനാക്ഷി അമ്മ

പേരാമ്പ്ര : നൊച്ചാട് ചത്തോത്ത് താഴയിലെ പുളിക്കൂൽ രാമർനായരുടെ ഭാര്യ മീനാക്ഷി അമ്മ (75) അന്തരിച്ചു. മക്കൾ: ബാലകൃഷ്ണൻ (കോൺഗ്രസ് ബൂത്ത് പ്രസിഡന്റ്), ശോഭ, സുമ. മരുമക്കൾ : ഗിരിജ (മുതുവണ്ണാച്ച), രാജൻ (നന്മണ്ട), രാജൻ (മരുതേരി).

അമ്മിണി

എടവണ്ണ: പത്തപ്പിരിയം വെള്ളാം പുറത്ത് കറപ്പന്റെ ഭാര്യ അമ്മിണി (64) അന്തരിച്ചു. മക്കൾ: രാജൻ, ഉണ്ണികൃഷ്ണൻ, രമണി. മരുമക്കൾ: രാജൻ (മൂർക്കനാട്), ജിഷ, സന്ധ്യ.

പാത്തുകുട്ടി

ഏലൂർ: ഏലൂർ വടക്ക് ചേന്നോത്ത് വീട്ടിൽ പരേതനായ മുഹമ്മദിന്റെ ഭാര്യ പാത്തുകുട്ടി (90) അന്തരിച്ചു. ഖബറടക്കം നടത്തി. മക്കൾ ബീവി, ജമീല, ജമാൽ (ഡി.സി.സി മെമ്പർ) സാജിത, ലൈല, സലാം, സുനിത, നൗഷാദ് (കോൺഗ്രസ് മണ്ഡലം ബ്ലോക്ക് സെക്രട്ടറി) ,അനിത. മരുമക്കൾ ഹൗവ്വ ബീവി, റസിയ ബീവി, അഷറഫ്, മറിയം ബീവി, ഫൈസൽ പരേതരായ കോയകുട്ടി, അബ്ദുൽ കെരീം, മുഹമ്മദാലി, ഉബൈദ്.

തങ്കമണി

പെരിങ്ങോട്ടുകര: താന്ന്യം ചേന്ദംകുളങ്ങര പരേതനായ ശങ്കുണ്ണി ഭാര്യ തങ്കമണി (77) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30 ന് വീട്ടുവളപ്പിൽ. മക്കൾ: സതീഷ്, സുനന്ദ, ദിനേഷ്, ബിജു, രാജീവ്. മരുമക്കൾ: സതി, സുഗുണൻ, ശ്രീജ, ധന്യ, രാഗിത.

റോസമ്മ

മുളവന: പ്ലാവിള പുത്തൻ വീട്ടിൽ പരേതനായ യോഹന്നാന്റെ ഭാര്യ റോസമ്മ (43) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: റോഷൻ, റോസിലാൻഡ്.

ദിലീപ്കുമാർ

കുണ്ടറ: പുനുക്കന്നൂർ കോവിൽ മുക്ക് നെടിയവിള വീട്ടിൽ രാജന്റെ മകൻ ദിലീപ്കുമാർ (41) അന്തരിച്ചു. ഭാര്യ: സുമ. മകൾ: പാർവതി.

ജാനകിയമ്മാൾ

ശൂരനാട് വടക്ക്: ആനയടി ജയവിലാസത്ത് പരേതനായ രാഘവനാചാരിയുടെ ഭാര്യ ജാനകിയമ്മാൾ (70) അന്തരിച്ചു. മക്കൾ: ജയശ്രീ, ജയചന്ദ്രൻ, പരേതനായ ജയകുമാർ.

ആർ. സതീദേവി

കോതമംഗലം: സിപിഎം കോതമംഗലം ഏരിയാ സെക്രട്ടറി ആർ. അനിൽകുമാറിന്റെ മാതാവ് കുത്തുകുഴി പുത്തൻപുരയിൽ ആർ. സതീദേവി (81) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ് പുത്തൻപുരയിൽ പരേതനായ ഗോവിന്ദൻ നായർ. മകൻ : ആർ . അനിൽകുമാർ , മരുമകൾ : ലത.

മാധവി

പൂക്കാട്: പുത്തൻവളപ്പിൽ മാധവി (90) അന്തരിച്ചു. മക്കൾ: മൈഥിലി, സദാനന്ദൻ, സജീവൻ, പരേതനായ ദാസൻ. മരുമക്കൾ: ചോയി, ചന്ദ്രിക (കൊല്ലം), മിനി (കൊയിലാണ്ടി), ഷീജ (അരങ്ങാടത്ത്). സഹോദരങ്ങൾ: വേലായുധൻ, ദേവി പരേതരായ കല്യാണി, സാമികുട്ടി, രാമൻ, ചോയിച്ചി.

ഹസീന

എടവണ്ണ: കല്ലിടുമ്പിലെ വട്ടപ്പറമ്പൻ ഉമ്മറിന്റെ ഭാര്യ ഹസീന (53) അന്തരിച്ചു. മക്കൾ: ഹബീബ, ജുനൈദ്, സുറക്കാത്ത്, ജുവൈരിയ, സുമയ്യ, യൂനുസ് (ജിദ്ദ), മുന, ജുൻദൂബ്, അനുസ്. മരുമക്കൾ: സാദിഖലി, ഹാരിസ് ബാബു, തൗഫീഖ്, ശബ്ന, റസ്നത്ത്. സഹോദരങ്ങൾ: അലവി, സുബൈർ, നാസർ, ജലീൽ, കദീജ, ആയിശ, ആമിന, പരേതനായ മൊയ്തീൻ.

ഷീജ

കാഞ്ഞാണി: വലിയപറമ്പിൽ സജീവ് ഭാര്യ ഷീജ (51) അന്തരിച്ചു. സംസ്കാരം നടത്തി. മകൻ: പ്രിയദർശ്.

രാജമണി ജോർജ്

ആലുവ: കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് അസി. കലക്റ്റർ പരേതനായ ചേച്ചാകുന്നേൽ സി.ടി. എബ്രഹാമിന്റെ ഭാര്യയും ആലുവാ ഗവ.ഹൈസ്കൂൾ റിട്ട. അധ്യാപികയുമായ രാജമണി ജോർജ് (96) അന്തരിച്ചു. കൊച്ചിയിൽ കോവിഡ് ചികിത്സയിലായിരുന്നു. ഈരാളിൽ കുടുംബാംഗമാണ്. സംസ്കാരം ഇന്ന് രാവിലെ 11 ന് പുത്തൻകുരിശ് ക്രിസ്ത്യൻ സെമിത്തേരിയിൽ. മക്കൾ: തോമസ് എബ്രഹാം (സീനിയർ കോർപ്പറേറ്റ് ജനറൽ മാനേജർ , നെസ്റ്റ് ഗ്രൂപ്പ്), ഡോ. ശാന്താ എബ്രഹാം (കോലഞ്ചേരി മെഡിക്കൽ കോളജ്), സി.എ.ജോർജ് (ഇൻഡസ്ട്രിയൽ കൺസൽട്ടന്റ്) , ഡോ. സാറാ മത്തായി (സി.എം.സി വെല്ലൂർ), മരുമക്കൾ: റീബ തോമസ്, കെ.ഐ. വർഗീസ് (റിട്ട. ചീഫ് ജനറൽ മാനേജർ , ഫെഡറൽ ബാങ്ക്), ഉഷാ ജോർജ് , ഡോ. ജോൺ മത്തായി (സി.എം.സി. വെല്ലൂർ)

ജയകുമാർ

നെട്ടൂർ: രാംനിവാസിൽ ജയകുമാർ (57) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മായാദേവി. മകൻ : അനന്തകൃഷ്ണൻ.

ജോർജ്ജ്

മുരിയാട്: എലിഞ്ഞിക്കൽ തോമൻ മകൻ ജോർജ്ജ് (64) (സേവന കാറ്ററിങ്, മുരിയാട്) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ: ആനി. മക്കൾ: ജിൻസൻ, ജിന്റൊ, ജിൻസി. മരുമക്കൾ: സോണിയ, നാൻസി, ജോർജുകുട്ടി.

ആയിശ

എടവണ്ണ: മുണ്ടേങ്ങര ചെമ്പൻ കോളനിയിലെ പരേതനായ പുത്തൂപ്പാടൻ വീരാൻ കുട്ടിയുടെ ഭാര്യ എകരത്ത് ആയിശ (96) അന്തരിച്ചു. മക്കൾ:അബു (പോത്തുവെട്ടി), അബ്ദു സലാം (കോളനി),മുഹമ്മദാലി (മാലങ്ങാട്), ഫാത്തിമ (എടവണ്ണ), റുഖിയ (മമ്പാട്). സഹോദരങ്ങൾ: പരേതരായ എകരത്ത് അഹമ്മദ്, ഉണ്ണീൻ, അബു.

ത്രേസ്യാമ്മജോൺ

ചേർത്തല: പള്ളിപ്പുറം പഞ്ചായത്ത് 13-ാം വാർഡ് തിരുനല്ലൂർ തീയാട്ടുപറമ്പിൽ പരേതനായ ജോൺ ജോസഫിന്റെ (ലോനച്ചൻ, റിട്ട.റെയിൽവേ സ്റ്റേഷൻ മാസ്റ്റർ) ഭാര്യ ത്രേസ്യാമ്മജോൺ (തങ്കമ്മ-87) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സോഫി, സെലിൻ(റിട്ട.അധ്യാപിക സെന്റ് മേരീസ് സ്കൂൾ ചേർത്തല), ജോസഫ് (റിട്ട. ബാങ്ക് ജീവനക്കാരൻ), വർഗ്ഗീസ്(ബിസിനസ്). മരുമക്കൾ: പി.കെ മാണി പുഴേക്കാട്ടിൽ കുറുപ്പന്തറ (മാനേജിംഗ് ഡയറക്ടർ, മാരാരി മാർക്കറ്റിംഗ് ചേർത്തല), അൽഫോൻസ വലിയവീട്ടിൽ കീച്ചേരി, ഡേയ്സി (റിട്ട.അധ്യാപിക) കുഞ്ചറക്കാട്ട് കിടങ്ങൂർ, പരേതനായ വർക്കി ജെ കുന്നുംപുറം (റിട്ട. പ്രഥമാധ്യാപകൻ, സെന്റ് മേരീസ് സ്കൂൾ ചേർത്തല).

ജി.സദാനന്ദൻ

മടത്തറ: റിട്ട. കെഎസ്ആർടിസി ഡ്രൈവർ ടിബി ജംക്ഷൻ ലാൽ ഭവനിൽ ജി.സദാനന്ദൻ (81) അന്തരിച്ചു. ഭാര്യ: പരേതയായ പുഷ്പവല്ലി. മക്കൾ: എസ്.മോളി, സിന്ധു, ഇന്ദുലാൽ. മരുമക്കൾ: എസ്.സുനിൽകുമാർ, ജി.പൃഥിരാജ്, ആർ. ജയസൂര്യ.

തങ്കമണി

പുത്തൂർ: താഴം കളീയ്ക്കശേരിൽ പരേതനായ ബാലന്റെ ഭാര്യ തങ്കമണി (59) അന്തരിച്ചു. മക്കൾ: ഗീത, മായ, മിനി. മരുമക്കൾ: രമേശ്, മുകേഷ്.

രവീന്ദ്രൻ നായർ

കടയ്ക്കൽ: മതിര തോട്ടുമുക്ക് വിനയത്തിൽ രവീന്ദ്രൻ നായർ (73) അന്തരിച്ചു. ഭാര്യ: സ്വർണമ്മ. മക്കൾ: വിനീത, വിനയൻ. മരുമക്കൾ: ഗിരീഷ്, രശ്മി.

രോഹിണിക്കുട്ടിയമ്മ

ഓച്ചിറ: കായംകുളം പുള്ളിക്കണക്ക് പാലപ്പള്ളിൽ വീട്ടിൽ പരേതനായ ശ്രീധരൻ നായരുടെ ഭാര്യ രോഹിണിക്കുട്ടിയമ്മ (86) തമിഴ്നാട് ഈറോഡിൽ അന്തരിച്ചു.

ഛായാഗ്രഹകൻ അഴകപ്പന്റെ മാതാവ് പങ്കജം

തിരുവനന്തപുരം: പ്രശസ്ത ഛായാഗ്രഹകൻ എൻ.അഴകപ്പന്റെ മാതാവ് എൽ.പങ്കജം (87) കൊവിഡ് ബാധിച്ചു മരിച്ചു. നാഗർകോവിൽ രാമവർമപുരം സർവവർധിനി സ്ട്രീറ്റ് 22/30-ൽ പരേതനായ നാരായണപിള്ളയുടെ ഭാര്യയായിരുന്നു. 48 ദിവസം മുൻപാണ് നാരായണപിള്ള മരിച്ചത്. കാൽതെറ്റി തലയടിച്ച് വീണ് പരിക്കേറ്റതിനെത്തുടർന്നുണ്ടായ രക്തസ്രാവമായിരുന്നു മരണകാരണം. സോഡിയം കുറഞ്ഞതിനെത്തുടർന്ന് ചികിത്സയിലിരുന്ന പങ്കജത്തിന് കോവിഡ് ബാധിച്ചിരുന്നു. ഞായറാഴ്ച പുലർച്ചെ 2.50-ഓടെ മരിക്കുകയായിരുന്നു. മറ്റുമക്കൾ: പുനിതവതി, രാമസ്വമി. മരുമക്കൾ: ആർ.എസ്.പിള്ള, ഉമ അഴകപ്പൻ, ലത രാമസ്വാമി. സംസ്കാരം ഇന്ന് നാലിന് കൊവിഡ് പ്രോട്ടോക്കോൾ പ്രകാരം രാമവർമപുരത്തെ വീട്ടിൽ

സി. കെ ദേവി

വടക്കഞ്ചേരി: പുതുക്കോട് പ്ലാഴി ചിറക്കൽ വീട്ടിൽ പരേതനായ ഭാസ്കരൻ എഴുത്തച്ഛന്റെ ഭാര്യ സി. കെ ദേവി (78) അന്തരിച്ചു. മക്കൾ: നളിനി, വിജയ , ഗിരിജ, രഘുറാം, സുരേഷ്. മരുമക്കൾ: പരേതനായ നാരായണൻ, അയ്യപ്പൻ (റിട്ട. അധ്യാപകൻ, കെസിപി എച്ച്എസ്എസ്, കാവശ്ശേരി), ശശികുമാർ, സുനജ, രാജശ്രീ.

ഫാത്തിമക്കുട്ടി

എടവണ്ണ: പത്തപ്പിരിയം പന്തപ്പള്ളിയിലെ പരേതനായ സി.കെ. അബുവിന്റെ ഭാര്യ തേക്കിൻകാട്ടിൽ ഫാത്തിമക്കുട്ടി (79) അന്തരിച്ചു. മക്കൾ: നാസർമാൻ എന്ന കുഞ്ഞാണി, അൻവർ എന്ന വാപ്പു, ആയിശ, സുബൈദ, ജമീല, നസീമ, സാബിറ, സീനത്ത്. മരുമക്കൾ: വിച്ചി കോയാട്ടി (കോഴിക്കോട്), മുബാറക് (ബേപ്പൂർ), ഷുക്കൂർ (പഴയങ്ങാടി), സൈദ് (കൂറ്റമ്പാറ), റിട്ട. എസ്.ഐ. ബഷീർ (അലനല്ലൂർ), അൻവർ (മേലാറ്റൂർ), ഷമീമ (കോഴിക്കോട്), ഷമീമ(കൊപ്പം). സഹോദരങ്ങൾ: മുഹമ്മദ്, ഉമ്മർ പരേതരായ മായിൻകുട്ടി, സഫിയ.

സുകുമാരപിള്ള

കൊട്ടാരക്കര: ആനക്കോട്ടൂർ ലക്ഷ്മിവിലാസം വീട്ടിൽ സുകുമാരപിള്ള (70) അന്തരിച്ചു. ഭാര്യ - ലളിതകുമാരി അമ്മ. മകൾ - രാജലക്ഷ്മി (താലൂക്ക് ഓഫീസ്, കൊട്ടാരക്കര) മരുമകൻ - സുരേഷ്കുമാർ (അടൂർ കോടതി). സംസ്കാരം ഇന്ന് പകൽ 11 മണിക്ക് വീട്ടുവളപ്പിൽ. സഞ്ചയനം ഞായറാഴ്ച രാവിലെ 8 മണിക്ക്.

വി.തങ്കപ്പൻ

കായംകുളം: കണ്ണമ്പള്ളി ഭാഗം പുന്നക്കൽ വി.തങ്കപ്പൻ (74) അന്തരിച്ചു. ഭാര്യ പരേതയായ ലക്ഷ്മി.മക്കൾ രാജു, തങ്കമണി, രാധാമണി, സന്തോഷ്, രാജേഷ് .മരുമക്കൾ ഉഷ, രാധാകൃഷ്ണൻ ,തനൂജ, കാഞ്ചന .സഞ്ചയനം വ്യാഴം 8 ന്.

സുലൈമാൻ

വടക്കാഞ്ചേരി: ഉത്രാളിക്കാവ് ക്വാറി റോഡിൽ താമസിക്കുന്ന പുത്തൻകുളം സുലൈമാൻ (60) അന്തരിച്ചു. ഭാര്യ: ഖദീജ. മക്കൾ: ഷാബിജ, അബുതാഹിർ. മരുമകൻ: ഷറഫുദീൻ. കബറടക്കം നടത്തി

കെ.ടി അബൂബക്കർ മാസ്റ്റർ

എടവണ്ണ: കല്ലിടുമ്പിലെ കെ.ടി അബൂബക്കർ മാസ്റ്റർ (അറബി മാഷ് 74) അന്തരിച്ചു. ജി.യു.പി.എസ് പെരകമണ്ണ (ഒതായി), ജി.എൽ.പി.എസ് പാലപ്പെറ്റ എന്നീ സ്കൂളുകളിൽ അധ്യാപകനായിരുന്നു.ഭാര്യ: പരേതയായ പി.സി.അസ്മാബി (കുന്നുമ്മൽ). മക്കൾ: സലീമ, അലീമ, ഹസീന, മൻസൂർ (ജിദ്ദ), മുനീബ. മരുമക്കൾ: അബ്ദുള്ള (ഷാപ്പിൻകുന്ന്), അബ്ദുസ്സലാം (തിരുവാലി), അബ്ദുസ്സലാം(കൂരാട്), ജസ്ന (വാഴക്കാട്), ആമിർ (കാളികാവ്). ഖബറടക്കം നടത്തി.

ദാമോധരൻ

പഴുവിൽ വെസ്റ്റ്: വള്ളിയിൽ ദാമോധരൻ (90) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അംബുജാക്ഷി. മക്കൾ: പരേതനായ പ്രസാദ്, പ്രഭാത് സിംഗ്, പ്രമോദ്, പ്രഷി (സി.പി.എം. ഒല്ലൂർ ഏരിയ കമ്മിറ്റി അംഗം, ജനാധിപത്യ മഹിളാ അസോസിയേഷൻ ഒല്ലൂർ ഏരിയ പ്രസിഡന്റ്). മരുമക്കൾ: റാണി, ബിന്ദു, ബിജി, ഗണേഷ്.

ശാരദ അമ്മ

വടക്കഞ്ചേരി: മംഗലംപാലം മച്ചിങ്ങൽ വീട്ടിൽ അപ്പുനായർ ഭാര്യ ശാരദ അമ്മ (76) അന്തരിച്ചു. സംസ്കാരം നടന്നു.മക്കൾ: രവീന്ദ്രൻ (ദുബായ്). ശശീന്ദ്രൻ. മരുമക്കൾ: ലത, ദിവ്യ.

രാധാകൃഷ്ണൻ

കൊല്ലം: കോട്ടമുക്ക് വാഴോട്ട് വീട്ടിൽ രാധാകൃഷ്ണൻ (കണ്ണൻ68) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പത്മ.

തങ്കമ്മയമ്മ

പരവൂർ: പൂതക്കുളം ഹരിഹരപുരം തോട്ടിൻകര വീട്ടിൽ പരേതനായ രാഘവൻ നായരുടെ ഭാര്യ തങ്കമ്മയമ്മ (80) അന്തരിച്ചു. മക്കൾ: ശോഭന, ഗീത, പരേതനായ അശോകൻ. മരുമക്കൾ: ഹരിദാസൻ, പ്രസന്നൻ, വത്സല.

എൽ. ബീന

കൊല്ലം: ഏറം ചാത്തന്നൂർ മുളമൂട്ടിൽ വീട്ടിൽ മുംബൈ സെയിൽസ് ടാക്സ് റിട്ട. ഇൻസ്പെക്ടർ എൻ.ശശിധരന്റെ ഭാര്യ മുണ്ടയ്ക്കൽ തെക്കേവിള വല്ലകത്ത് കുടുംബാംഗം എൽ. ബീന (ലാലി68) അന്തരിച്ചു. മക്കൾ: കവിത, സൗരഭ്.

പൊന്നമ്മ

പരവൂർ: പൂതക്കുളം അമ്മാരത്തുമുക്ക് കുന്നുംപുറത്ത് വീട്ടിൽ പരമേശ്വരൻ ആചാരിയുടെ ഭാര്യ പൊന്നമ്മ (83) അന്തരിച്ചു. മക്കൾ: സുദേവൻ, ശ്രീദേവി, രജനി, ഹരിസുതൻ. മരുമക്കൾ: മീരാറാണി, അനിൽ, മോഹനൻ, പ്രീത.

കൊവിഡ് മരണങ്ങൾ

രുഗ്മിണിയമ്മ

തൃപ്പൂണിത്തുറ: കൊവിഡ് ബാധിച്ച് മരിച്ചു. ഉദയം പേരൂർ നടക്കാവ് വത്യപ്പിള്ളിൽ വീട്ടിൽ പരേതനായ ഗോവിന്ദൻ നായരുടെ ഭാര്യ രുഗ്മിണിയമ്മ (76) യാണ് മരിച്ചത്. സംസ്ക്കാരം നടത്തി. മക്കൾ : സുധീർകുമാർ, വിനോദ്കുമാർ. മരുമക്കൾ : അനിത, സ്മിത.

ഏലിയാമ്മ

കൊല്ലം: മുണ്ടയ്ക്കൽ പുത്തൻവയലിൽ വീട്ടിൽ ഏലിയാമ്മ (ലീല ,60) അന്തരിച്ചു. കൊവിഡ് ബാധിച്ചു ചികിത്സയിലിരിക്കെ ശനിയാഴ്ച രാത്രിയോടെയായിരുന്നു അന്ത്യം. സംസ്കാരം നടത്തി. ഭർത്താവ്: പി.കെ രാമചന്ദ്രൻ.മക്കൾ: സോണ ജറാൾഡ്, അരുൺ. മരുമക്കൾ: ജെറാൾഡ്, ജിജി.

സുജേഷ്

വടക്കാഞ്ചേരി: കിടങ്ങൂർ പ്ലാകൂട്ടത്തിൽ ഭാസ്ക്കരന്റെ മകൻ സുജേഷ് (38) കൊവിഡ് ബാധിച്ച് മരിച്ചു. മുളങ്കുന്നത്തുകാവ് ഗവ: മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. സംസ്കാരം കൊവിഡ് പ്രോട്ടോകോൾ പ്രകാരം സംസ്കാരം നടത്തി. ഭാര്യ: വിദ്യ. അമ്മ: മീനാക്ഷി. മക്കൾ: നന്ദന, അഭിനവ്.

മുനീർ



പുനലൂർ: കുളത്തൂപ്പുഴ സാംനഗർ സ്വദേശി മുനീർ (42) കൊവിഡ് ബാധിച്ച് അന്തരിച്ചു. കുളത്തൂപ്പുഴയിലെ ടാക്സി ഡ്രൈവറായിരുന്നു മുനീർ.

റോസിലി

കുന്നംകുളം: കേച്ചേരി എരനെല്ലൂരിൽ കൊവിഡ് ബാധിച്ച് വീട്ടമ്മ മരിച്ചു പുലിക്കോട്ടിൽ തമ്പി ഭാര്യ റോസിലിയാണ് (64) മരിച്ചത്. ശരീരം തളർന്ന് കിടപ്പിലായിരുന്ന റോസിലിയെ ശ്വാസ തടസ്സത്തെ തുടർന്ന് ആശുപത്രിയിലെത്തിക്കാനുള്ള ശ്രമത്തിനിടയാണ് മരണം സംഭവിച്ചത്. ഇവരുടെ മകൻ കൊവിഡ് പോസറ്റീവായി വീട്ടിൽ ചികിത്സയിൽ കഴിയുന്നതിനിടെയാണ് റോസിലിയെ ആശുപത്രിയിലെത്തിച്ചത്. ആശുപത്രിയിലെത്തിക്കും മുൻപേ മരണം സംഭവിച്ചതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ഇവർക്ക് കൊവിഡ് സ്ഥിരീകരിച്ചത്. സംസ്കാരം നടത്തി. സിബി, സൈബി, സോബി എന്നിവർ മക്കളാണ്.

രമണി

മാള: കൊവിഡ് ബാധിച്ച് വീട്ടമ്മ മരിച്ചു. കുണ്ടൂർ മൈത്ര കൈമാപ്ര ഉണ്ണിയുടെ ഭാര്യ രമണി (55) യാണ് മരിച്ചത്. മകൾ: സ്വാമിത. സംസ്കാരം ഇരിങ്ങാലക്കുടയിൽ നടത്തി.

ശശി

വടക്കഞ്ചേരി: കൊവിഡ് ബാധിച്ച് ചികിത്സയിരുന്ന കുടുംബനാഥൻ മരിച്ചു. മംഗലം ഡാം പറശ്ശേരി കുറ്റിക്കാട്ടിൽ ശശി (59) ആണ് മരിച്ചത്. കൊവിഡ് ബാധയെ തുടർന്ന് വള്ളുവനാട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഞായറാഴ്ച മരിച്ചു. ഭാര്യ: പത്മിനി. മക്കൾ: അനുശ്രീ, അഖിൽ മരുമകൻ: ബാബു.

സുരേഷ്

പേരാമ്പ്ര : പാലേരിയിൽ യുവാവ് കോവിഡ് ബാധിച്ച് മരിച്ചു. കളയംകുളത്ത് പരേതനായ ബാലന്റെ മകൻ സുരേഷ് (46) ആണ് മരിച്ചത്. രോഗബാധിതനായി മൊടക്കല്ലൂർ മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മൃതദേഹം കോവിഡ് പ്രോട്ടോക്കോൾ പ്രകാരം വീട്ടുവളപ്പിൽ സംസ്ക്കരിച്ചു. മാതാവ്: മാധവി. ഭാര്യ: ദിൽന. മക്കൾ: സൂര്യ സുരേഷ്, ആര്യ സുരേഷ്. സഹോദരങ്ങൾ: സുധാകരൻ, സുധ.

ഗോപാലൻ

മീഞ്ചന്ത: കൊവിഡ് ബാധിതനായി മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന നെച്ചാലത്ത് ഗോപാലൻ(78) അന്തരിച്ചു. ഭാര്യ : സുജാത. മക്കൾ : വിമൽരാജ്, അമൽരാജ്. മരുമകൾ: സംഗീത അമൽ. സഹോദരങ്ങൾ: സുബ്രഹ്മണ്യൻ, വത്സല, പരേതരായ ബാലൻ, സരോജിനി, മാധവി, ശോഭന.

മക്കാർ

കോതമംഗലം : ചെറുവട്ടൂർ ഊരംകുഴി തട്ടുപറമ്പിൽ ബാവയുടെ മകൻ മക്കാർ (47) അന്തരിച്ചു. കൊവിഡ് ബാധിതനായിരുന്നു. മുസ്ലിം ലീഗ് ഊരംകുഴി ശാഖ വൈസ് പ്രസിഡന്റ് ആണ്. ഖബറടക്കം നടത്തി. മാതാവ്: നാച്ചോമ്മ. ഭാര്യ: ഖദീജ. മക്കൾ: ജാഫർ, ജസ്ന. മരുമകൻ: ഷിഹാബ്.

ജോൺസൺ

കുന്നംകുളം: കൊവിഡ് ബാധിച്ച് ഓട്ടോ ഡ്രൈവറായ ഗൃഹനാഥൻ മരിച്ചു. ആളൂർ കൂത്തൂർ വീട്ടിൽ ജോൺസനാണ് (55) മരിച്ചത്. കൊവിഡ് പോസറ്റീവായതിനെ തുടർന്ന് മെയ് 2 മുതൽ തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. സംസ്കാരം പിന്നീട് നടക്കും. കണ്ടാണശ്ശേരി പഞ്ചായത്തിലെ ആശ പ്രവർത്തകയായ ലൈജിയാണ് ഭാര്യ. ആൽവിൻ, മെൽവിൻ എന്നിവർ മക്കളാണ്. കഴിഞ്ഞ വർഷവും ജോൺസന് കൊവിഡ് പോസറ്റീവായിരുന്നു.

പുഷ്പ

കാരമുക്ക്: ചള്ളേപറമ്പിൽ മാധവൻ ഭാര്യ പുഷ്പ (85) കൊവിഡ് 19 ബാധിച്ച് മരിച്ചു. സംസ്കാരം നടത്തി. മക്കൾ: ലക്ഷ്മണൻ, സരസ്വതി, പരേതരായ ശിവരാമൻ, ജയൻ. മരുമക്കൾ: ശാന്ത, ഗീത, മോഹനൻ, മിനി.

അജ്ഞാത മൃതദേഹം

ചേർത്തല: ചേർത്തല റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ തട്ടി മരിച്ച സ്ത്രീയെ മൂന്ന് ദിവസമായും തിരിച്ചറിഞ്ഞില്ല. വെള്ളിയാഴ്ച രാത്രി പത്തോടെ, റെയിൽവെ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിന്റെ പടിഞ്ഞാറെ ട്രാക്കിലാണ്, രാജധാനി എക്സ്പ്രസ് ട്രെയിൻ തട്ടി മരിച്ച നിലയിൽ സ്ത്രീയെ കണ്ടത്. 50 വയസ് പ്രായം തോന്നിക്കുന്ന, ഇരുനിറമുള്ള സ്ത്രീ, ചുരിദാറും പാന്റ്സും ബെൽറ്റും ധരിച്ചിരുന്നു. 150 സെ.മീ.ഉയരമുണ്ട്. നര ഇട കലർന്ന മുടി പകുതി മുറിച്ച നിലയിലാണ്. മൃതദേഹം ആശുപത്രി മോർച്ചറിയിൽ. വിശദ വിവരങ്ങൾക്ക് ചേർത്തല പൊലീസുമായി ബന്ധപ്പെടണം. ഫോൺ: 94979 87062, 94979 08996, 0478 - 2813205.

ഓമനയമ്മ

വടക്കേ മൈലക്കാട്:കാറ്റാടിമുക്ക് ചിറയിൽ പുത്തൻ വീട്ടിൽ പരേതനായ സഹദേവൻ നായരുടെ ഭാര്യ ഓമനയമ്മ (75) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: മുരളീധരൻ നായർ, ഷൈലജ, അനിത, സിന്ധു. മരുമക്കൾ: ഗോപിക, വിജയകുമാർ, സജീവ്കുമാർ, പരേതനായ രാജീവ്കുമാർ.

ആർ. അഖിലാധരൻ

കൊല്ലം: ഉളിയക്കോവിൽ പഴയത്തു രാഘവ നിവാസിൽ ആർ. അഖിലാധരൻ (64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ജലജകുമാരി.

ദേവകിയമ്മ

പുലിയില: പടിഞ്ഞാറ്റതിൽ വീട്ടിൽ പരേതനായ ചെല്ലപ്പൻ പിള്ളയുടെ ഭാര്യ ദേവകിയമ്മ (83) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: തങ്കമണിയമ്മ, രാധാമണിയമ്മ, ഓമനയമ്മ.

ശങ്കരപ്പിള്ള

കാവനാട്: വെൺകുളങ്ങര നഗറിൽ കണ്ണമ്പള്ളിൽ കളീലിൽ വീട്ടിൽ ശങ്കരപ്പിള്ള (91) അന്തരിച്ചു. ഭാര്യ: ഓമനയമ്മ. മക്കൾ: മോഹനൻ പിള്ള, സുശീല, ശ്യാമളയമ്മ, അജി, കുഞ്ഞുമോൾ, പരേതയായ സതി. മരുമക്കൾ: ബേബി, രാധാകൃഷ്ണപിള്ള, ബാബു, ഓമനക്കുട്ടൻ നായർ, പരേതയായ രമ.

പി.രാമചന്ദ്രൻപിള്ള

പന്മന: വിമുക്ത ഭടൻ കോലം അക്ഷരയിൽ (പുന്തല) പി.രാമചന്ദ്രൻപിള്ള (92) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ജി.സരസ്വതിയമ്മ. മക്കൾ: മോഹൻ പുന്തല (സിഎൽഒ, കെഎംഎംഎൽ ചവറ), പുന്തല ബാബു (ടൈറ്റാനിയം എംപ്ലോയീസ് യൂണിയൻ സെക്രട്ടറി), വിജയലക്ഷ്മി, രഘുനാഥ്. മരുമക്കൾ: പി.എസ്.മിനി, എസ്.മേഖല, സി.രാജേന്ദ്രൻപിള്ള (റിട്ട. റെയിൽവേ), കെ.സന്ധ്യ.

പി.എസ്.ജയന്തി

വേളമാനൂർ: കല്ലുവാതുക്കൽ അനിഴം വീട്ടിൽ രാധാകൃഷ്ണപിള്ളയുടെ ഭാര്യ പി.എസ്.ജയന്തി (46) അന്തരിച്ചു. മക്കൾ: ആദർശ്, ആർദ്ര.

ജി.ഭാനുമതി

കടയ്ക്കൽ: ചിതറ വളവുപച്ച തെക്കുംകര വീട്ടിൽ പരേതനായ സോമന്റെ ഭാര്യ ജി.ഭാനുമതി (81) അന്തരിച്ചു. മക്കൾ: ഷാജ്, ഷാജീവ് (ഗുഡ് ഇൻഡസ്ട്രീസ്, ചിതറ), പരേതയായ ഷൈലജ. മരുമക്കൾ: സിന്ധു, ശ്രീകൃഷ്ണപ്പണിക്കർ.

ഉമാമത്ത്

കൊല്ലം: കരിക്കോട് താമരശ്ശേരി വീട്ടിൽ അഹമ്മദ് കുഞ്ഞിന്റെ ഭാര്യ ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് റിട്ട. പ്രഫസർ ഉമാമത്ത് (67) അന്തരിച്ചു. മക്കൾ: ആനീസ, മിദ്?ലാജ്, അയൂബ്. മരുമക്കൾ: നിസാം, ജുബിന, നിബിയ.

ഇബ്രാഹിംകുട്ടി

കുണ്ടറ: കേരളപുരം കരിമ്പിൻകര തോട്ടത്തിൽ വീട്ടിൽ ഇബ്രാഹിംകുട്ടി (74) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: പരേതയായ ജമീലാബീവി. മക്കൾ: സലീലബീവി, നിസാറുദീൻ, നൗഷാദ്. മരുമക്കൾ: അബ്ദുൾ സത്താർ, ഷൈലജ, സിംലാ ബീവി.

സൈനുദ്ദീൻ

ഓച്ചിറ: കൃഷ്ണപുരം കിറ്റീത്തറ തെക്കതിൽ സൈനുദ്ദീൻ (64) അന്തരിച്ചു. ഭാര്യ: ആരിഫ ബീവി. മക്കൾ: മുംതാസ്, റസീന.

എം.ജി. പ്രേംനാഥ്

പരവൂർ: കുറുമണ്ടൽ സിതാരയിൽ എം.ജി. പ്രേംനാഥ് (62) അന്തരിച്ചു. ഭാര്യ: ലേഖ. മക്കൾ: ആര്യ പ്രേംനാഥ് (ഡിബിഎസ് ബാങ്ക്, ഹൈദ്രാബാദ്), അരുൺ പ്രേംനാഥ് (ആമസോൺ ഇന്ത്യ, ഹൈദ്രാബാദ്). മരുമകൻ: രാഹുൽ ആർ.നായർ (ഫിനാൻസ് പ്രഫഷനൽ, ഹൈദ്രാബാദ്).

'സത്യം' ചിത്രത്തിന്റെ അണിയറക്കഥയുമായി വിനയൻ

പൃഥിരാജിനെ നായകനാക്കി 2004 ൽ വിനയൻ സംവിധാനം ചെയ്ത ചിത്രമായിരുന്നു സത്യം. ഒരു ആക്ഷൻ ത്രില്ലർ ആയിരുന്നു ഇത്. ചിത്രം തിയെറ്ററുകളിൽ വൻ പരാജയമായിരുന്നു. ഇപ്പോഴിതാ സിനിമയുടെ പിന്നിലെ കഥ വെളിപ്പെടുത്തി സംവിധായകൻ തന്നെ രംഗത്ത് എത്തിയിരിക്കുന്നു.

വിനയന്റെ കുറിപ്പ്....

2004-ൽ ഇതുപോലൊരു മെയ് മാസമാണ് സത്യം എന്ന സിനിമയുടെ ഷൂട്ടിങ് ഞാൻ ആരംഭിച്ചത്. 17 വർഷം മുൻപ് പൃഥിരാജിന് ഇരുപത്തി ഒന്നോ? ഇരുപത്തിരണ്ടോ മാത്രം പ്രായമുള്ളപ്പോൾ ചെയ്ത ഒരു മുഴുനീള ആക്ഷൻ ത്രില്ലർ. ഫിലിം ചേമ്പറും നിർമാതാക്കളും നിർബന്ധിച്ചതു കൊണ്ടു തന്നെ തിരക്കഥ തീരാതെ ഷൂട്ടിങ് തുടങ്ങിയ ചിത്രം. ഫിലിം ഇൻഡസ്ട്രിക്ക് ഗുണം ചെയ്യുന്ന ഒരു നിലപാടിന്റെ പേരിൽ ചെയ്യേണ്ടി വന്ന സിനിമ. അതുകൊണ്ടു തന്നെ എന്റെ വ്യക്തി ജീവിതത്തിൽ ഏറെ നഷ്ടമുണ്ടാക്കിയ ചലച്ചിത്ര സംരംഭം. ആ ഫ്ലാഷ് ബാക്ക് ആലോചിക്കുമ്പോൾ ഇന്നും ത്രില്ലിങ് ആണ്..

പലർക്കും അതു പുതിയ അറിവും ആയിരിക്കും.പ്രത്യേകിച്ച് പുതിയ തലമുറയ്ക്ക്. അന്ന് വൻ തുകകൾ പ്രതിഫലം വാങ്ങുന്ന സിനിമാ താരങ്ങൾ പോലും ആ തുക നൽകുന്ന നിർമാതാവുമായി ഒരു എഗ്രിമെന്റും വച്ചിരുന്നില്ല. അതുകൊണ്ടു തന്നെ നിർമാതാക്കൾക്കു വലിയ പ്രശ്നങ്ങളുണ്ടാകുന്നെന്നും, സമയത്ത് സിനിമാ തുടങ്ങാൻ കഴിയുന്നില്ലന്നും, ആയതിനാൽ എഗ്രിമെന്റ് വേണമെന്ന ആവശ്യവുമായി നിർമാതാക്കളും, ഫിലിം ചേമ്പറും മുന്നോട്ടു വന്നു. പക്ഷേ താരസംഘടനയായ അമ്മ അതിനെ എതിർത്തു. അതിന്റെ ഒന്നും ആവശ്യമില്ല എന്നാണ് അവർ പറഞ്ഞത്.. നിർമാതാക്കളും താരങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന അവസ്ഥയിലേക്ക് പ്രശ്നങ്ങൾ മാറി...

നിലനിൽപ്പിനെ പേടിച്ചിട്ട് ആയിരിക്കും അന്നു മലയാള സിനിമയിലെ സംവിധായകരിൽ പ്രമുഖർ ഉൾപ്പടെ 99%വും അമ്മയുടെ നിലപാടിനൊപ്പം നിന്നു.. പക്ഷേ ഇത്രയും വലിയ സാമ്പത്തിക ഇടപാടു നടക്കുമ്പോൾ അതിനു സുതാര്യമായ ഒരു എഗ്രിമെന്റ് ഉണ്ടാകുന്നത് രണ്ടു കൂട്ടർക്കും നല്ലതല്ലേ എന്ന അഭിപ്രായമായിരുന്നു എനിക്ക്. എന്നാൽ ഇതു തങ്ങളെ കൂച്ചുവിലങ്ങിടാൻ കൊണ്ടുവന്ന പദ്ധതിയായിട്ടാണ് പ്രമുഖ താരങ്ങളിൽ പലരും കണ്ടത്. അതുകൊണ്ടു തന്നെ എഗ്രിമെന്റ് പ്രശ്നം കൂടുതൽ വഷളായി തീരുകയാണ് പിന്നീടുണ്ടായത്.. ഷൂട്ടിങ് ബഹിഷ്കരിക്കാൻ താരങ്ങൾ അമ്മയുടെ നേതൃത്വത്തിൽ തീരുമാനിച്ചു..

എന്റെ നിലപാട് എഗ്രിമെന്റ് വേണമെന്നാണങ്കിലും ഞാൻ ആ അഭിപ്രായം പരസ്യമായി പറഞ്ഞിരുന്നില്ല. പക്ഷേ അന്ന് ഒരു ദിവസം പ്രമുഖ നിർമാതാക്കളായ ശ്രീ സിയാദ് കോക്കറും, സാഗാ അപ്പച്ചനും, സാജൻ വർഗ്ഗീസും കൂടി എന്റെ വീട്ടിൽ വന്ന്, ഫിലിം ഇൻഡസ്ട്രിയുടെ നൻമയ്ക്കു വേണ്ടി വിനയൻ പ്രത്യക്ഷമായി തന്നെ ഞങ്ങളുടെ കൂടെ നിൽക്കണമെന്നും അതു മാത്രമല്ല പ്രമുഖ താരങ്ങളൊന്നും ഇല്ലങ്കിലും കുഴപ്പമില്ല രണ്ടാം നിരക്കാരെ വച്ച് ഉടനെ ഒരു ചിത്രത്തിന്റെ ഷൂട്ടിങ് തുടങ്ങണമെന്നും പറഞ്ഞു. ഉടനെ എന്നു പറഞ്ഞാൽ... താരങ്ങൾ പ്രതിഷേധിച്ച് ഷൂട്ടിങ് നിർത്തി, ഷോ നടത്താൻ മൂന്നാഴ്ചയ്ക്കകം വിദേശത്തേക്കു പോകുകയാണ്.. അതിനു മുൻപ് ഈ സിനിമ തുടങ്ങണം. ഞാൻ കണ്ണു തള്ളി നിന്നുപോയി..

പൃഥിരാജിനെ വച്ച് വെള്ളിനക്ഷത്രം എന്ന സിനിമ റിലീസ് ചെയ്ത് ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളു.. പുതിയൊരു സിനിമ ചെയ്യാനുള്ള തിരക്കഥയോ? കഥയോ? ഒന്നും കൈയ്യിലില്ല എന്നു പറഞ്ഞ് ഞാൻ ഒഴിഞ്ഞുമാറി. പക്ഷേ എങ്ങനെയും ഇതു നടത്തിയെ പറ്റുള്ളു എന്നും.. സംവിധായകൻ വിനയനേ ഇന്നിതു ചെയ്യാനുള്ള തന്റേടം ഉള്ളു എന്നുമൊക്കെ പറഞ്ഞപ്പോൾ ഞാനൊന്നു പൊങ്ങിപ്പോയോ എന്നൊരു സംശയം. സത്യത്തിൽ നിർമാതാക്കൾ അവരുടെ കാര്യം കാണാൻ വേണ്ടി എന്നെ ബലിയിടാക്കുക ആയിരുന്നോ എന്നു പിന്നീടു ഞാൻ ചിന്തിച്ചു. ഏതായാലും നിർമാതാക്കളും ഫിലിം ചേമ്പറും പറഞ്ഞതുകൊണ്ടു മാത്രമല്ല.. ഒരു എഗ്രിമെൻറുണ്ടാകുന്നതു നല്ലതാണന്ന എന്റെ നിലപാടു കൊണ്ടു കൂടിയാണ് താരങ്ങളുടെ സമരത്തിനെതിരെ സത്യം എന്ന സിനിമ ചെയ്യാൻ ഞാൻ തയ്യാറായത്.

അതൊരു സ്പോർട്സ്മാൻ സ്പിരിറ്റോടെയാണ് ഞാൻ കണ്ടത്. അന്ന് ആ ചിത്രത്തിന്റെ നിർമാതാവായി വന്നത് ശ്രീ വൈശാഖ രാജനായിരുന്നു.. ശ്രീ ആന്റോ ജോസഫിനെ ആണ് പ്രൊഡക്ഷൻ കൺട്രോളറായി നിശ്ചയിച്ചത്. അതിനു തൊട്ടു മുൻപ് ഞാൻ ചെയ്ത വെള്ളിനക്ഷത്രത്തിൻെറയും പ്രൊഡക്ഷൻ കൺട്രോളറും ശ്രീ ആന്റോ തന്നെ ആയിരുന്നു.. ശ്രീ ആന്റോയുടെ മിടുക്കും കഴിവും തന്നെ ആയിരുന്നു സത്യം എന്ന സിനിമ അത്ര മിന്നൽ വേഗത്തിൽ സംഭവിക്കാനുള്ള പ്രധാന കാരണം... പൃഥിരാജിന്റെ അഭിപ്രായവും ഒരു എഗ്രിമെന്റു വരുന്നതിൽ തെറ്റില്ല എന്നാണന്ന് അന്നെന്നേ വന്നു കണ്ടവർ പറഞ്ഞു.

അതിൻ പ്രകാരം ഞാൻ രാജുവിനെ(പൃഥിരാജ്) വിളിച്ച് കാര്യങ്ങൾ സംസാരിക്കുന്നു. കഥ ഒന്നും ആയില്ലങ്കിൽ കൂടി സിനിമ ഉടനേ തുടങ്ങണമെന്നും ഇതു വളയമില്ലാത്ത ചാട്ടമാണന്നും ഞാൻ രാജുവിനോട് ചിരിച്ചു കൊണ്ടാണ് പറഞ്ഞത്. എന്നോടുള്ള വിശ്വാസം കൊണ്ടായിരിക്കാം സാറെപ്പോൾ വിളിച്ചാലും എത്തിക്കോളാം എന്നാണ് രാജു മറുപടി പറഞ്ഞത്. ആരെയും ഭയക്കാതെ തന്റെ നിലപാടുകളും വ്യക്തിത്വവും പലപ്പോഴും ഉയർത്തിപ്പിടിച്ചിരുന്ന ചെറുപ്പക്കാരനാണ് പൃഥിരാജ് എന്നു ഞാൻ നേരത്തെപറഞ്ഞിട്ടുള്ളതാണ്. താരങ്ങൾ പങ്കെടുത്ത എല്ലാ സിനിമകളും നിർത്തി വച്ചപ്പോഴാണ് പൃഥിരാജിനെയും തിലകൻ ചേട്ടനെയും ക്യാപ്റ്റൻ രാജുവിനേയും ലാലു അലക്സിനേയും, ബാബുരാജിനെയും ഒക്കെ ഉൾപ്പെടുത്തി സത്യം എറണാകുളത്ത് ഷൂട്ടിങ് ആരംഭിച്ചത്. നായികയായി പുതുമുഖം പ്രിയാമണിയേയും കാസ്റ്റ് ചെയ്തു..ബാക്കി അഭിനേതാക്കളെ തമിഴിൽ നിന്നാണു കണ്ടെത്തിയത്.

ഒരു കഥയുടെ ത്രെഡ് മനസ്സിലുണ്ടായിരുന്നു എന്നതു ശരിയാണ്, പക്ഷേ തിരക്കഥയോ ക്ലൈമാക്സോ ഒന്നും ആയിട്ടില്ല.. ലോങ് ഷോട്ടെടുക്കുമ്പോൾ അടുത്ത സജഷൻ ഷോട്ടിന്റെ ഡയലോഗ് എഴുതേണ്ടിവന്ന ആ സാഹചര്യം ഇന്നോർക്കുമ്പോൾ ഭയം തോന്നുന്നു.സത്യം എന്ന സിനിമ നടന്നതോടെ താരങ്ങൾ ബഹിഷ്കരണ സമരം നിർത്തുകയും എഗ്രിമെന്റ് ഇടാമെന്ന അഭിപ്രായത്തിലോട്ടു വരികയും ചെയ്തു. അങ്ങനെയാണ് ഇന്നെല്ലാ താരങ്ങളും ടെക്നിഷ്യൻമാരും സിനിമ തുടങ്ങുന്നതിനു മുൻപ് ഒപ്പിടുന്ന എഗ്രിമെൻറ് ഉണ്ടായതെന്ന കാര്യം പുതിയ തലമുറയിലെ സിനിമാക്കാരിൽ എത്രപേർക്കറിയാം. ഏതായാലും സത്യം പൃഥിരാജിന്റെ കരിയറിൽ ദോഷമൊന്നും ഉണ്ടാക്കിയില്ലന്നു മാത്രമല്ല ഗുണമേ ചെയ്തുള്ളു.

അതിനു മുൻപ് ചെയ്ത മീരയുടെ ദുഖത്തിൽ രാജുവിന് ക്രിട്ടിക്സ് അവാർഡ് കിട്ടിയിരുന്നു എന്നാണെന്റെ ഓർമ്മ. എഗ്രിമെൻറ് വിഷയത്തിൽ പിന്നോക്കം പോയെങ്കിലും അതിനു വഴിവച്ച സത്യത്തിൽ അഭിനയിച്ചവർക്കെതിരെ അമ്മ അന്നു വിലക്കേർപ്പെടുത്തി. പൃഥിരാജും തിലകൻ ചേട്ടനുമൊഴികെ മറ്റെല്ലാവരും മാപ്പു പറഞ്ഞ് വിലക്കിൽ നിന്നും ഒഴിവായി.. അതിനു ശേഷം ഞാൻ ചെയ്ത അത്ഭുതദ്വീപ് എന്ന സിനിമയിലൂടെ തന്നെയാണ് പൃഥിരാജിന്റെ അന്നത്തെ വിലക്കു പൊട്ടിച്ചെറിഞ്ഞതെന്ന കാര്യമൊക്കെ അദ്ദേഹത്തിന്റെ മാതാവ് മല്ലികച്ചേച്ചി തന്നെ പൊതു വേദിയിൽ പറഞ്ഞിട്ടുള്ള തിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. 2004 ലെ ഈ പ്രശ്നങ്ങളുടെ ഒക്കെ ബാക്കിപത്രവും വൈരാഗ്യവും ആയിരുന്നു.

2008ൽ ഞാൻ സംഘടനാ നേതൃത്വത്തിൽ ഇരുന്നുകൊണ്ട് ഒരു നടന്റെ തെറ്റായ നടപടിക്കെതിരെ നീങ്ങിയതിന്റെ പേരിൽ എനിക്കെതിരെ ഉണ്ടായ അമ്മയുടെയും, ഫെഫ്കയുടെയും സംയുക്ത വിലക്ക് എന്നോർക്കണം. പക്ഷേ 2004ൽ എന്റെ വീട്ടിൽ വന്ന് സഹായം അഭ്യർത്ഥിച്ച് അതു വാങ്ങി എടുത്ത നിർമാതാക്കളോ കൂടെ നിന്നവരോ ആരും ആ വിലക്കു കാലത്ത് ഒരു വാക്കു കൊണ്ടു പോലുംഎന്നെ സഹായിച്ചില്ലന്നു മാത്രമല്ല, എന്നേ ദ്രോഹിക്കാൻ എല്ലാവിധ സഹായം കൊടുത്തതും അവരിൽ ചിലരാണ്. എനിക്കതിൽ ആരോടും പിണക്കം ഒന്നും ഇല്ല. കാരണം ഓരോരുത്തരും അവരുടെ നിലനിൽപ്പിനു വേണ്ടി ആയിരിക്കും അങ്ങനെ കളം മാറി ചവുട്ടിയത്.ഞാനെന്റെ മനസ്സാക്ഷിക്കു ശരിയെന്നു തോന്നിയതിന്റെ കൂടെയാണ് അന്നും നിന്നത്. എന്തെങ്കിലും താൽക്കാലിക ലാഭത്തിനു വേണ്ടി ഞാൻ നിലപാടു മാറ്റാറുമില്ല.

അതു കൊണ്ടായിരിക്കാം പത്തു വർഷത്തെ വിലക്കുകൾക്കു ശേഷവും ഇന്ന് മലയാളത്തിൽ നിർമാണം നടക്കുന്ന ഏറ്റവും വലിയ സിനിമയായ പത്തൊൻപതാം നൂറ്റാണ്ട് അറുപതോളം താരങ്ങളെ അണിനിരത്തി മുന്നോട്ടു കൊണ്ടു പോകാൻ എനിക്ക് അവസരം കിട്ടിയത്.അതുകൊണ്ടു തന്നെ ആയിരിക്കാം, എനിക്കു ചേർന്ന ഒരു നല്ല കഥ ഉണ്ടാക്കിക്കോളൂ. നമുക്കൊരു സിനിമ ചെയ്യാം എന്ന് അമ്മയുടെ പ്രസിഡന്റ് ശ്രീ മോഹൻലാൽ എന്നോട് ഇന്നു പറയുന്നത്. എല്ലാരോടും സ്നേഹം മാത്രമേ ഇന്നു മനസ്സിലുള്ളു. ദ്രോഹിച്ചവരോടു പോലും വിദ്വേഷമില്ല. ജീവിതം എന്ന മഹാ സാഗരത്തിലെ നീർക്കുമിളകൾ മാത്രമാണു നമ്മൾ എപ്പോൾ വേണമെങ്കിലും ഇല്ലാതാകാം. അതു വരേയ്ക്കും വ്യക്തിത്വം നിലനിർത്താൻ ശ്രമിക്കുന്നു എന്നു മാത്രം.

മാതൃദിനത്തിൽ വിത്യസ്ത ചിത്രവുമായി അഹാന

വ്യത്യസ്തമായൊരു മാതൃദിന പോസ്റ്റ് ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചിരിക്കുകയാണ് നടി അഹാന കൃഷ്ണകുമാർ. അമ്മ സിന്ധു കൃഷ്ണ തന്നെയും സഹോദരികളെയും എടുത്ത് നിൽക്കുന്ന ചിത്രങ്ങളാണ് അഹാന സോഷ്യൽ മീഡിയയിൽ പങ്കുവച്ചിരിക്കുന്നത്.ഹൃദയസ്പർശിയായ കുറിപ്പും താരം പങ്കുവച്ചിട്ടുണ്ട്.

"മദേഴ്സ് ഡേയുടെ സംഭവബഹുലമായ ദിനത്തിൽ എന്റെ അമ്മ ഞങ്ങളെ എല്ലാവരെയും ഒക്കത്തെടുക്കാൻ ഒരു ശ്രമം നടത്തി. അമ്മയ്ക്ക് ഇപ്പോഴും അത് ചെയ്യാനാകുമോ എന്ന് എനിക്ക് സംശയമുണ്ടായിരുന്നു." മറ്റ് മൂന്ന് പേരെയും എളുപ്പത്തിൽ എടുക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു, കാരണം അവർ എന്നേക്കാൾ ചെറുതാണല്ലോ, പക്ഷേ അമ്മയേക്കാൾ കുറച്ച് ഭാരം മാത്രം കുറവുള്ള എന്നെ എടുക്കാൻ സാധിക്കുമോ എന്ന കാര്യത്തിൽ എനിക്ക് സംശയം ഉണ്ടായിരുന്നു. എന്നാൽ മറ്റ് കാര്യങ്ങളെ പോലെ തന്നെ അമ്മ ഇതും നന്നായി കൈകാര്യം ചെയ്തു.ഞങ്ങളുടെ ഏറ്റവും വലിയ അനുഗ്രഹമായ അമ്മയ്ക്ക് മാതൃദിനാശംസകൾ എന്നാണ് അഹാന കുറിച്ചിരിക്കുന്നത്.

'അക്വേറിയം' ഒടിടി റിലീസിന്

ടി. ദീപേഷ് സംവിധാനം ചെയ്യുന്ന 'അക്വേറിയം' എന്ന സിനിമയുടെ ട്രെയിലർ പുറത്തിറങ്ങി. മെയ് 14ന് ചിത്രം സൈന പ്ലേ ഒടിടി പ്ലാറ്റ് ഫോമിലൂടെ റിലീസിനൊരുങ്ങുകയാണ്. 'പിതാവും പുത്രനും പരിശുദ്ധാത്മാവിനും' എന്ന പേര് ആയിരുന്നു ചിത്രത്തിന് ആദ്യം നൽകിയിരുന്നത്. വിവാദങ്ങൾക്കൊടുവിലാണ് അക്വേറിയം എന്നാക്കിയിരിക്കുന്നത്.

സണ്ണി വെയ്ൻ, ഹണിറോസ്, ശാരി എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ കലാസംവിധായകൻ സാബു സിറിൾ, സംവിധായകൻ വി.കെ പ്രകാശ്, കന്നടനടി രാജശ്രീ പൊന്നപ്പ എന്നിവരും അഭിനയിക്കുന്നുണ്ട്. രണ്ടു തവണ പ്രദർശനാനുമതി നിഷേധിക്കപ്പെട്ട ഈ സിനിമ സെൻസർ ബോർഡ് വിലക്കുകൾ മറികടന്നാണ് 'അക്വേറിയം' എന്ന പേരിൽ ഒടിടി റിലീസിനൊരുങ്ങുന്നത്.സംവിധായകൻ ദീപേഷിന്റെ കഥയ്ക്ക് ബൽറാം തിരക്കഥ സംഭാഷണമെഴുതുന്നു.

കണ്ണമ്പേത്ത് പ്രൊഡക്ഷൻസിന്റെ ബാനറിൽ ഷാജ് കണ്ണമ്പേത്ത് നിർമ്മിക്കുന്ന ഈ സിനിമയുടെ ഛായാഗ്രഹണം പ്രദീപ് എം.വർമ്മ നിർവ്വഹിക്കുന്നു. ബൽറാം എഴുതിയ വരികൾക്ക് മധു ഗോവിന്ദ് സംഗീതം പകരുന്നു.

ആര്യനന്ദ പിന്നണി ഗാനരംഗത്തേക്ക്

ദേശീയ ശ്രദ്ധയാകർഷിച്ച മലയാളിയായ കുട്ടി പാട്ടുകാരി ആര്യനന്ദ ബാബു ചലച്ചിത്ര പിന്നണി ഗായികയാകുന്നു. നവാഗതനായ പി സി സുധീർ കഥയെഴുതി സംവിധാനം ചെയ്ത 'ആനന്ദ കല്ല്യാണ'ത്തിലൂടെയാണ് ലോക മലയാളികളുടെ വാത്സല്യപാട്ടുകാരിയായ ആര്യനന്ദ സിനിമാ പിന്നണി ഗാനരംഗത്തേക്ക് ചുവടുവെയ്ക്കുന്നത്. പ്രശസ്ത സംഗീത സംവിധായകൻ രാജേഷ്ബാബു കെ ശൂനാട് സംഗീതം നൽകിയ ഗാനം സുബ്രഹ്മണ്യൻ. കെ കെയാണ് എഴുതിയത്.

നിയുക്ത എം എൽ എ യും ഗായികയുമായ ദലീമ, സിത്താര കൃഷ്ണകുമാർ , അഫ്സൽ, നജീം അർഷാദ്, ഹരീഷ് കണാരൻ എന്നിവർ തങ്ങളുടെ ഫെയ്സ്ബുക്ക് പേജിലൂടെ ആര്യനന്ദ പാടിയ ഗാനം റിലീസ് ചെയ്തു. ' ആരുമറിയാതെ നെഞ്ചിനുള്ളിലെന്നോ കാത്തുവെച്ചു നിന്നെ കണ്ണാളേ... എന്ന മലബാറിലെ ഖവാലി ശൈലിയിലുള്ള ഈ ഗാനം ആര്യനന്ദയ്ക്കൊപ്പം ഗായകരായ പി കെ സുനിൽകുമാറും , അൻവർ സാദത്തും ചേർന്ന് പാടുകയാണ്. ഗാനം റിലീസായി നിമിഷങ്ങൾക്കകം ആര്യനന്ദയുടെ ആരാധകർ പാട്ട് ഏറ്റെടുത്തുകഴിഞ്ഞു.ആനന്ദക്കല്യാണത്തിലെ റിലീസ് ചെയ്ത പാട്ടുകളെല്ലാം ഇതിനോടകം ഹിറ്റുകളായിരുന്നു.

ലോകത്താകമാനം സംഗീതാസ്വാദകരുടെ മനം കവർന്ന കുഞ്ഞുഗായികയാണ് കോഴിക്കോട് സ്വദേശിനിയായ ആര്യനന്ദ. ചെറിയ പ്രായത്തിലേ സംഗീത രംഗത്തെ മികവിന് ദേശീയ-സംസ്ഥാന പുരസ്ക്കാരങ്ങൾ ഒട്ടനവധി കരസ്ഥമാക്കിയ കുഞ്ഞുഗായികയാണ് ഈ സംഗീത പ്രതിഭ. രണ്ടര വയസ്സിൽ ഗുരുവായൂരിലെ ചെമ്പൈ സംഗീതോത്സവത്തിൽ ആദ്യമായി പാടിക്കൊണ്ടാണ് ആര്യനന്ദ സംഗീതപ്രേമികളുടെ മനം കവർന്നത്. ഇതോടെ ആര്യനന്ദയുടെ സംഗീതവഴി നേട്ടങ്ങളുടേതായിരുന്നു.

ലളിതഗാനം, ശാസ്ത്രീയ സംഗീതം അങ്ങനെ സംഗീത വഴിയുടെ എല്ലാ ശാഖകളിലും ഒന്നാം സ്ഥാനക്കാരിയായി ആര്യനന്ദ മാറി. 450 ഓളം വിവിധ ആൽബങ്ങളിൽ പാടി. രാജ്യത്തെ പ്രശസ്തരായ ഗായകർക്കൊപ്പം ഒട്ടേറെ വേദികളിലും പാടി. ഇതോടെ ആര്യനന്ദ ദേശീയ ശ്രദ്ധയാകർഷിച്ച സംഗീത പ്രതിഭയായി മാറി. സി ടി വി ലെ റിയാലിറ്റി ഷോ ആയ സരി ഗമ പ സംഗീത പരിപാടിയിൽ വിജയകിരീടം നേടി. ഹിന്ദി ഭാഷയിൽ പ്രാവിണ്യമില്ലാത്ത പ്രായത്തിലും ഭാഷാശുദ്ധിയോടെ ഹിന്ദിഗാനങ്ങൾ ആലപിച്ചതും സംഗീതരംഗത്ത് വലിയ സ്വീകാര്യതയാണ് ആര്യനന്ദയ്ക്ക് ലഭിച്ചത്. ലോക ശ്രദ്ധനേടിയ ഈ സംഗീത വിരുന്നിലൂടെ ആര്യനന്ദ സംഗീത പ്രതിഭകൾക്കിടയിലെ വിസ്മയ താരമായി മാറുകയായിരുന്നു.മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ കോഴിക്കോട് ടൗൺഹാളിൽ മലയാളം, ഹിന്ദി, തെലുങ്ക്, ഭാഷകളിൽ 'സനേഹപൂർവ്വം ആര്യനന്ദ'എന്ന സംഗീതാർച്ചനയിലൂടെ ആര്യനന്ദ ലിംക ബുക്ക് ഓഫ് റെക്കോർഡിൽ നോമിനിയായി തെരഞ്ഞെടുക്കപ്പെട്ടു. മൂന്ന് മണിക്കൂറുകൊണ്ട് 25 പാട്ടുകൾ തുടർച്ചയായി പാടിയായിരുന്നു ആര്യനന്ദയുടെ ഈ സംഗീത പ്രകടനം. ലോകപ്രശസ്ത ഗായകർക്കൊപ്പം വേദി പങ്കിടാനും പാടാനും കഴിഞ്ഞത് ഈശ്വരാനുഗ്രഹമാണെന്ന് ആര്യനന്ദ പറഞ്ഞു. ആനന്ദക്കല്ല്യാണത്തിലൂടെ ചലച്ചിത്ര പിന്നണി ഗാനരംഗത്തേക്ക് വരാൻ അവസരം നൽകിയ ചിത്രത്തിന്റെ അണിയറപ്രവർത്തകരോട് നന്ദിയുണ്ടെന്നും ആര്യനന്ദ പറയുന്നു.സംഗീത അദ്ധ്യാപകരായ രാജേഷ് ബാബുവിന്റെയും ഇന്ദുവിന്റെയും ഏകമകളാണ് ആര്യനന്ദ.

സീബ്ര മീഡിയയുടെ ബാനറിൽ മുജീബ് റഹ്മാനാണ് ആനന്ദക്കല്യാണം നിർമ്മിക്കുന്നത്. അഷ്ക്കർ സൗദാനും അർച്ചനയുമാണ് കേന്ദ്ര കഥാപാത്രങ്ങൾ. സംഗീതത്തിന് ഏറെ പ്രാധാന്യമുള്ള ഈ ചിത്രം നവാഗതരായ ഒട്ടേറെ സംഗീത പ്രതിഭകളെ പരിചയപ്പെടുത്തുന്ന സിനിമ കൂടിയാണ്. തെന്നിന്ത്യൻ ഗായിക സന മൊയ്തൂട്ടി മലയാളത്തിൽ ആദ്യമായി പാടിയ ചിത്രം കൂടിയാണ് ആനന്ദക്കല്യാണം. പി ആർ സുമേരൻ (പി ആർ ഒ)

കങ്കണ റണാവത്തിന് കൊവിഡ്

നടി കങ്കണ റണാവത്തിന് കൊവിഡ് സ്ഥിരീകരിച്ചു. താരം തന്നെയാണ് ഇക്കാര്യം ഇൻസ്റ്റാഗ്രാമിലൂടെ അറിയിച്ചത്. ശാരീരിക അസ്വസ്ഥത തോന്നിയതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് കൊവിഡ് കണ്ടെത്തിയത്. കങ്കണ ഇപ്പോൾ ക്വാറന്റൈനിലാണ്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി കണ്ണുകളിൽ നേരിയ ക്ഷീണവും ബലഹീനതയും അനുഭവപ്പെട്ടു. ഹിമാചലിലേക്ക് പോകാമെന്ന പ്രതീക്ഷയിലായിരുന്നു, അതിനാൽ ഇന്നലെ കൊവിഡ് ടെസ്റ്റ് നടത്തി, ഇന്ന് ഫലം വന്നു, ഞാൻ പോസിറ്റീവ് ആണ്.

നിലവിൽ ക്വാറന്റൈനിലാണ്. ഈ വൈറസ് എന്റെ ശരീരത്തിൽ പാർട്ടി നടത്തുന്ന കാര്യം ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോൾ അറിഞ്ഞ സ്ഥിതിക്ക് എനിക്കറിയാം ഞാൻ അതിനെ ഇല്ലാതെയാക്കും എന്ന്. പേടിച്ചാൽ അത് നിങ്ങളെ വീണ്ടും പേടിപ്പിക്കും എന്നുള്ളത് കൊണ്ട് ആരും ഒരു ശക്തിയ്ക്കും വഴങ്ങി കൊടുക്കരുത്.വരൂ നമുക്ക് കൊവിഡിനെ നശിപ്പിക്കാം. ഒന്നുമില്ല, ഇത് ചെറിയ ജലദോഷപ്പനി മാത്രമാണ്. മാധ്യമശ്രദ്ധ കിട്ടി ആളുകളെ പേടിപ്പിക്കുന്നു എന്ന് മാത്രം. ഹര ഹര മഹാദേവ്, കങ്കണ കുറിക്കുന്നു.

കൊവിഡ് കിച്ചൺ വീണ്ടും തുടങ്ങുന്നുവെന്ന് ബാദുഷ

കൊവിഡ് ഭീകരമായി തുടരുന്ന സാഹചര്യത്തിൽ കൊവിഡ് കിച്ചൺ എന്ന പദ്ധതി വീണ്ടും തുടങ്ങുന്നുവെന്ന് പ്രൊഡക്ഷൻ കൺട്രോളറും നിർമ്മാതാവുമായ ബാദുഷ. എറണാകുളം ജില്ലയിൽ കൊവിഡ് അതിഭീകരമായി തുടരുന്ന സാഹചര്യത്തിൽ ആരും പട്ടിണി കിടക്കരുത് എന്ന ആഗ്രഹത്തിനാലാണ് സംരംഭം പുനഃരാരംഭിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബാദുഷയുടെ വാക്കുകൾ:

പ്രിയരേ,

കോവിഡിന്റെ ഭീകരമായ ഘട്ടത്തിൽ എറണാകുളം ജില്ലയിൽ 'ആരും പട്ടിണി കിടക്കരുത്' എന്ന ഉദ്ദേശത്തിൽ ഒരു *കോവിഡ് കിച്ചൺ* കൂട്ടായ്മ ഉണ്ടായിരുന്നു. അത് ഒരു വൻ വിജയമായി മുമ്പോട്ട് പോകുകയുണ്ടായി. പക്ഷേ ഇന്നത്തെ നമ്മുടെ സാഹചര്യം എല്ലാം മോശമായ രീതിയിലാണ് പോയി കൊണ്ടിരിക്കുന്നത്. അതു കൊണ്ട് പഴയ പോലെ വിപുലീകരിച്ചുള്ള പരിപാടി സാധ്യമല്ല, ആകയാൽ നാളെ വൈകീട്ട് മുതൽ *കോവിഡ് കിച്ചൺ* വീണ്ടും പ്രവർത്തനം തുടങ്ങുകയാണ്.

നിലവിലെ സാഹചര്യം കണക്കിലെടുത്ത് വളരെ ലഘുവായ രീതിയിൽ പറ്റാവുന്നത്ര പാവങ്ങളുടെ വിശപ്പ് മാറ്റുക എന്ന ഉദ്ദേശത്തിൽ തുടങ്ങുന്ന കോവിഡ് കിച്ചണിന് എല്ലാവരുടേയും പ്രാർത്ഥനയും സഹകരണവും ഉണ്ടാവണം..

മലയാളത്തിലെ ആദ്യത്തെ സോംബി ചിത്രം 'രാ '

ഭയം നിറഞ്ഞ് വീടിനുള്ളിൽ അടഞ്ഞു കഴിയേണ്ടിവരുന്ന അവസ്ഥ നമുക്ക് ഇപ്പോൾ ഒരു നടക്കാത്ത കഥയല്ല. ഒന്നിച്ചുകൂടൽ അന്യം നിന്നുപോകുന്ന ഒരു കാലയളവിലൂടെയാണ് മനുഷ്യൻ ഇന്ന് കടന്നുപോകുന്നത്. സമാനമായ ഒരു അവസ്ഥയുടെ ഭീതി നിറഞ്ഞ നിമിഷങ്ങളെ വെള്ളിത്തിരയിൽ എത്തിക്കാൻ തയ്യാറെടുക്കുകയാണ്, മലയാളത്തിലെ ആദ്യത്തെ സോംബി മൂവിയായി എത്തുന്ന 'രാ' യുടെ അണിയറപ്രവർത്തകർ. ചിത്രത്തിന്റെ സ്നീക് പീക്ക് വീഡിയോ പുറത്തിറങ്ങി.'നൈറ്റ്ഫാൾ പാരനോയ' എന്ന ടാഗ്ലൈനോടെ പുറത്തിറങ്ങുന്ന 'രാ' പ്രേക്ഷകപ്രതീക്ഷകൾക്കൊപ്പം നിൽക്കുമെന്ന് ചിത്രത്തിന്റെ അണിയറ പ്രവർത്തകർ പറഞ്ഞു. പാട്ടും ഡാൻസും കോമഡിയും ഒന്നുമില്ലാതെ, ഭയം നിറഞ്ഞ നിശാജീവിതത്തിന്റെ നേർക്കാഴ്ചയായിരിക്കും ഈ സിനിമ. തമിഴിൽ 'ബ്രഹ്മപുരി' എന്ന ഹൊറർ ചിത്രവും, റിലീസിന് തയ്യാറെടുക്കുന്ന 'സണ്ടളർകർ' എന്ന ത്രില്ലർ ചിത്രവും ഒരുക്കിയ കൊച്ചിക്കാരനായ കിരൺ മോഹൻ ആണ് ചിത്രത്തിന്റെ സംവിധായകൻ. തമിഴ് ചലച്ചിത്രകാരൻ പാർത്ഥിപന്റെ ശിഷ്യനാണ് കിരൺ. രചന നിർവ്വഹിച്ചിരിക്കുന്നത്, പൃഥിരാജ് നായകനായ ഹൊറർ ചിത്രം 'എസ്ര'യുടെ സഹരചയിതാവായ മനു ഗോപാലാണ്. ഒലാല മീഡിയയുടെ ബാനറിൽ അബീൽ അബൂബേക്കറാണ് 'രാ' യുടെ നിർമ്മാതാവ്.പി.ആർ.ഒ.പി.ആർ.സുമേരൻ

ടെലിവിഷൻ റിലീസിനൊരുങ്ങി 'ഓപ്പറേഷൻ ജാവ'

തിയെറ്ററുകളിൽ വലിയ തരംഗം സൃഷ്ടിച്ച ജനപ്രിയ സിനിമ ഓപറേഷൻ ജാവ മലയാളികളുടെ ഇഷ്ടവിനോദ ചാനലായ സീ കേരളം ചാനലിലൂടെ മേയ് 15ന് വൈകീട്ട് ഏഴിന് പ്രേക്ഷകരുടെ സ്വീകരണമുറികളിലെത്തുന്നു. നവാഗത സംവിധായകൻ തരുൺ മൂർത്തി ഒരുക്കിയ ഈ സിനിമ പ്രേക്ഷകരുടേയും നിരൂപകരുടേയും പ്രശംസനേടിയിരുന്നു. സമകാലിക സാമൂഹിക പ്രശ്നങ്ങളെ കോർത്തിണക്കി പോലീസിന്റെ കുറ്റാന്വേഷണ രീതികളെ മികച്ച രീതിയിൽ ആവിഷ്ക്കരിച്ചതിലൂടെ ഏറെ ശ്രദ്ധയും ഈ ചിത്രം നേടിയിരുന്നു.ഇന്നു മുതൽ, കൃഷ്ണൻകുട്ടി പണി തുടങ്ങി, വൂൾഫ് എന്നീ ഹിറ്റ് ചിത്രങ്ങളുടെ ആദ്യ ടെലിവിഷൻ ടെലികാസ്റ്റിനു ചാനലിന് ലഭിച്ച വമ്പൻ സ്വീകാര്യതയ്ക്ക് ശേഷമെത്തുന്ന ഓപറേഷൻ ജാവയും കുടുംബപ്രേക്ഷകരെ പ്രീതിപ്പെടുത്തുമെന്നുറപ്പാണ്

ബാലു വർഗീസ്, ഇർഷാദ്, ബിനു പപ്പു, മാത്യു തോമസ് ,സുധി കോപ്പ, ദീപക് വിജയൻ, ലുക്ക്മാൻ, പി ബാലചന്ദ്രൻ, വിനായകൻ, ധന്യ അനന്യ, മമിത ബൈജു, പ്രശാന്ത് അലക്സാണ്ടർ തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഛായാഗ്രഹണം ഫായിസ് സിദ്ദിഖ്. ജെയ്ക്സ് ബിജോയ് ആണ് സംഗീതം നൽകിയിരിക്കുന്നത്.

സിറ്റിയുടെ പരാജയത്തിൽ അഗ്വേറോ മാപ്പു പറഞ്ഞു

ലണ്ടൻ: ചെൽസിക്കെതിരെ മാഞ്ചസ്റ്റർ സിറ്റി പരാജയപ്പെട്ടതിൽ വലിയ പങ്ക് സ്ട്രൈക്കറായ സെർജിയോ അഗ്വേറോക്ക് ആയിരുന്നു. രണ്ടാം പകുതിക്ക് തൊട്ടു മുമ്പ് മാഞ്ചസ്റ്റർ സിറ്റിയെ 2-0ന് മുന്നിലെത്തിക്കാനുള്ള അവസരം അഗ്വേറോക്ക് ലഭിച്ചിരുന്നു.

പക്ഷെ പെനാൽറ്റി കിക്ക് എടുത്ത അഗ്വേറോയ്ക്കു പിഴച്ചു. ഇത് ചെൽസിക്ക് ഊർജ്ജം നൽകുകയും അവർ രണ്ടാം പകുതിയിൽ തിരിച്ചടിച്ച് സിറ്റിയെ തോൽപ്പിക്കുകയും ചെയ്തു.പെനാൽറ്റി നഷ്ടപ്പെടുത്തിയതിൽ അഗ്വേറോ മത്സര ശേഷം മാപ്പു പറഞ്ഞു. താൻ ആരാധകരെയും തന്റെ ടീമംഗങ്ങളെയും നിരാശപ്പെടുത്തി എന്നും അതിൽ മാപ്പു പറയുന്നു എന്നും സെർജിയോ അഗ്വേറോ പറഞ്ഞു. ഇന്നലെ സിറ്റി വിജയിച്ചിരുന്നു എങ്കിൽ അവർക്ക് ലീഗ് കിരീടം ഉറപ്പിക്കാമായിരുന്നു. അഗ്വേറോ പെനാൽറ്റി നഷ്ടപ്പെടുത്തിയതിൽ താരത്തെ കുറ്റം പറയില്ല എന്നും പെനാൽറ്റിയിൽ പരാജയപ്പെടുന്നത് ഒക്കെ സ്വാഭാവികമാണെന്നും പെപ് ഗ്വാർഡിയോള പറഞ്ഞു.

ചാംപ്യൻസ് ലീഗ് ഫൈനലിന്റെ ഡ്രസ് റിഹേഴ്സൽ

സിറ്റിയെ മറിച്ച് ചെൽസി

സിറ്റിക്കെതിരേ റീസ് ജയിംസിന്റെ മുന്നേറ്റം.

ലണ്ടൻ: ചാംപ്യൻസ് ലീഗ് ഫൈനലിന്റെ ഡ്രസ് റിഹേഴ്സൽ എന്നു കരുതപ്പെട്ടിരുന്ന പോരാട്ടത്തിൽ ചെൽസി മാഞ്ചസ്റ്റർ സിറ്റിയെ മറിച്ചു. മാഞ്ചസ്റ്റർ സിറ്റിക്ക് ലീഗ് കിരീടം ഉറപ്പിക്കാൻ ഇനിയും കാത്തിരിക്കണം. വിജയിച്ചാൽ ലീഗ് കിരീടം നേടാമായിരുന്നു എങ്കിലും ചെൽസിക്ക് മുന്നിൽ ഒരിക്കൽക്കൂടി പെപ് ഗ്വാർഡിയോളയുടെ ടീമിന് കാലിടറി. എത്തിഹാദ് സ്റ്റേഡിയത്തിൽ നടന്ന മത്സരം ഇഞ്ചുറി ടൈമിലെ ഗോളിന്റെ കരുത്തിൽ 2-1ന് ചെൽസി വിജയിക്കുകയായിരുന്നു. ആദ്യ പകുതിയിൽ അഗ്വേറോ ഒരു പെനാൾട്ടി നഷ്ടപ്പെടുത്തിയത് കളിയിൽ നിർണായകമായി.ആദ്യ പകുതിയിൽ സ്റ്റെർലിങ് ആണ് മാഞ്ചസ്റ്റർ സിറ്റിയെ മുന്നിൽ എത്തിച്ചത്. 43-ാം മിനുട്ടിൽ ക്രിസ്റ്റൻസന്റെ മോശം ഡിഫൻഡിംഗ് മുതലാക്കി ഗബ്രിയേൽ ജീസസ് ചെൽസി ബോക്സിലേക്ക് മുന്നേറി. അവിടെ നിന്ന് ജീസുസ് അഗ്വേറോക്ക് പാസ് നൽകി. അഗ്വേറൊയുടെ ഫസ്റ്റ് ടച്ച് പാളി എങ്കിലും സ്റ്റെർലിംഗ് പന്ത് വലയിലേക്ക് എത്തിച്ച് സിറ്റിക്ക് ലീഡ് നൽകി.

ഈ ഗോളിന് പിന്നാലെ 45-ം മിനുട്ടിൽ സിറ്റിക്ക് ലീഡ് ഇരട്ടിയാക്കാൻ അവസരം ലഭിച്ചു. പക്ഷെ കിട്ടിയ പെനാൽറ്റി അഗ്വേറോ എടുത്തെങ്കിലും മെൻഡിയുടെ കൈകളിൽ പന്ത് സുരക്ഷിതമായിരുന്നു.രണ്ടാം പകുതിയിൽ സമനില നേടാൻ ചെൽസി ശ്രമിച്ചു. 63-ാം മിനുട്ടിൽ അവരുടെ ശ്രമങ്ങൾ ഫലം കണ്ടു. അസ്പിലികെറ്റയുടെ പാസിൽ നിന്ന് ഒരു ഇടൻ കാലൻ ഷോട്ടിലൂടെ ഹകിം സിയെച് ചെൽസിക്ക് സമനില നേടിക്കൊടുത്തു. ഈ ഗോൾ ഉൾപ്പെടെ രണ്ടാം പകുതിയിൽ ചെൽസി തന്നെ ആയിരുന്നു മികച്ചു നിന്നത്. വലതു വിങ്ങിലൂടെ റീസ് ജെയിംസിന്റെ മുന്നേറ്റങ്ങൾ സിറ്റി ഡിഫൻസിന് തലവേദന ആയി.

78-ാം മിനിറ്റിൽ വെർണറിലൂടെയും 80-ാം മിനുട്ടിൽ ഹുഡ്സൺ ഒഡോയിയിലൂടെയും ചെൽസി വല കുലുക്കി എങ്കിലും രണ്ടും ഓഫ്സൈഡ് ആയിരുന്നു.എന്നാൽ ചെൽസി ഇതിൽ ഒന്നും തളർന്നില്ല. ഇഞ്ചുറി ടൈമിൽ അലോൺസോയിലൂടെ ചെൽസി വിജയ ഗോൾ നേടി. 93-ാം മിനുട്ടിൽ വെർണറിന്റെ പാസിൽ നിന്ന് അലോൺസോ ആണ് സിറ്റിക്ക് വിജയം നൽകിയ ഗോൾ നേടിയത്.

ഈ പരാജയം സിറ്റിയുടെ കിരീടത്തിനായുള്ള കാത്തിരിപ്പ് നീട്ടും. പക്ഷെ ചെൽസിയുടെ ചാമ്പ്യൻസ് ലീഗ് യോഗ്യതയ്ക്ക് ഇത് വലിയ ഊർജ്ജമാവുകയും ചെയ്യും. ഈ രണ്ട് ടീമുകളും മൂന്ന് ആഴ്ച കഴിഞ്ഞു ചാമ്പ്യൻസ് ലീഗ് ഫൈനലിൽ വീണ്ടും ഏറ്റുമുട്ടും.ലീഗിൽ ഒന്നാമതുള്ള സിറ്റിക്ക് 80 പോയിന്റാണ് ഇപ്പോൾ ഉള്ളത്. രണ്ടാമതുള്ള മാഞ്ചസ്റ്റർ യുണൈറ്റഡിന് 67 പോയിന്റും. ഇനി സിറ്റിക്ക് അവശേഷിക്കുന്നത് 3 മത്സരങ്ങളിൽ നിന്ന് മൂന്ന് പോയിന്റ് നേടുകയോ മാഞ്ചസ്റ്റർ യുണൈറ്റഡ് ഒരു മത്സരം പരാജയപ്പെടുകയോ ചെയ്താൽ സിറ്റിക്ക് കിരീടം നേടാം. ചെൽസി 64 പോയിന്റുമായി ലീഗിൽ മൂന്നാം സ്ഥാനത്തേക്ക് മുന്നേറി

മികച്ച നായകൻ അസ്ഹർ: പ്രസാദ്

ബംഗളൂരു: താൻ കൂടെ കളിച്ചിട്ടുള്ളവരിൽ കൂടുതൽ മികച്ച ക്യാപ്റ്റൻ മുഹമ്മദ് അസ്ഹറുദ്ദീനായിരുന്നുവെന്ന് മുൻ ഫാസ്റ്റ് ബൗളർ വെങ്കിടേഷ് പ്രസാദ്. താരങ്ങൾക്കു ഒരുപാട് സ്വാതന്ത്ര്യം അദ്ദേഹം നൽകിയിരുന്നുവെന്ന് പ്രസാദ് പറഞ്ഞു. എനിക്കു വേണമെങ്കിൽ വളരെ തന്ത്രപരമായി പ്രതികരിക്കാൻ കഴിയും. മൂന്നു പേരും അവരുടേതായ രീതിയിൽ വ്യത്യസ്തരായിരുന്നുവെന്ന് എനിക്കു ഈസിയായി പറയാം. പക്ഷെ ഞാൻ അസ്ഹറിന്റെ കീഴിൽ കളിക്കുമ്പോഴാണ് കൂടുതൽ സന്തോഷവാനായിരുന്നത്. കാരണം ബൗളിങ്ങിനിടെ ബോൾ എറിഞ്ഞു തന്ന ശേഷം എങ്ങനെയുള്ള ഫീൽഡിങ് ക്രമീകരണമാണ് നിങ്ങൾക്കു വേണ്ടതെന്നു ചോദിച്ചിരുന്ന ക്യാപ്റ്റനായിരുന്നു അസ്ഹർ. ഞാൻ ഫീൽഡിങ് ക്രമീകരണം നടത്തിയാൽ അതിന് അനുസരിച്ച് ബൗൾ ചെയ്യാനുള്ള ഉത്തരവാദിത്വവും എനിക്കുണ്ടായിരുന്നതായി പ്രസാദ് വിശദമാക്കി.

സച്ചിൻ, ഗാംഗുലി എന്നിവർക്കു കീഴിൽ കളിച്ചിരുന്നപ്പോഴും തനിക്കു ഒരു പ്രശ്നവുമുണ്ടായിട്ടില്ലെന്നു അദ്ദേഹം പറയുന്നു. പക്ഷെ ഇവരേക്കാൾ കൂടുതൽ സ്വാതന്ത്ര്യം നൽകിയ ക്യാപ്റ്റൻ അസ്ഹറാണെന്നും പ്രസാദ് വിലയിരുത്തി. അസ്ഹർ ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റനായിരിക്കെയാണ് ഞാൻ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചിട്ടുള്ളത്. പക്ഷെ സച്ചിൻ, ഗാംഗുലി എന്നിവരുമായി പിണക്കമൊന്നുമുണ്ടായിരുന്നില്ല. അവരുടെ ക്യാപ്റ്റൻസി ശൈലി അസ്ഹറിന്റേതു പോലെയായിരുന്നില്ല. അസ്ഹർ ഹൈദരാബാദുകാരനാണ്, ഞാനാവട്ടെ കർണാടകക്കാരനും. രണ്ടു സ്ഥലങ്ങളും തമ്മിൽ വലിയ ദൂരമില്ല. അതുകൊണ്ടു തന്നെ ഞങ്ങൾക്കു പരസ്പരം നന്നായി അറിയാമായിരുന്നു.

ആഭ്യന്തര ക്രിക്കറ്റിൽ ഞാനും അസ്ഹറും വ്യത്യസ്ത ടീമുകളിൽ പരസ്പരം ഏറ്റുമുട്ടിയിട്ടുണ്ട്, ചിലപ്പോൾ ഒരേ ടീമിൽ ഒരുമിച്ചും കളിച്ചിട്ടുണ്ട്. ഇതാണ് ഞങ്ങൾ തമ്മിലുള്ള പരസ്പരധാരണയും അടുപ്പവുമെല്ലാം വളർത്തിയെടുത്തതെന്നും പ്രസാദ് വിശദീകരിക്കുന്നു. നിലവിലെ ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോലിയെയും മുൻ ഇതിഹാസം സച്ചിനെയും കുറിച്ചും അദ്ദേഹം അഭിപ്രായം തുറന്നു പറയുകയും ചെയ്തു. 1994 മുതൽ 2001 വരെ നീണ്ട അന്താരാഷ്ട്ര കരിയറിൽ മുഹമ്മദ് അസ്ഹറുദ്ദീൻ, സച്ചിൻ ടെണ്ടുൽക്കർ, സൗരവ് ഗാംഗുലി തുടങ്ങിയ ക്യാപ്റ്റൻമാർക്കു കീഴിൽ അദ്ദേഹം കളിച്ചിട്ടുണ്ട്. 90കളിൽ ജവഗൽ ശ്രീനാഥിനോടൊപ്പം മികച്ച പേസ് ബൗളിങ് കൂട്ടുകെട്ടുണ്ടാക്കാൻ പ്രസാദിനായിരുന്നു. ഏറെക്കാലം ഇന്ത്യൻ പേസാക്രമണത്തിനു ചുക്കാൻ പിടിച്ചത് ഈ ജോടികളായിരുന്നു ഇന്ത്യക്കു വേണ്ടി 33 ടെസ്റ്റുകളിലും 166 ഏകദിനങ്ങളിലും പ്രസാദ് കളിച്ചിട്ടുണ്ട്. യഥാക്രമം 96ഉം 196ഉം വിക്കറ്റുകളും അദ്ദേഹത്തിനു ലഭിച്ചു.

ചരിത്രം പിറന്നു, ബയേൺ മ്യൂണിക്കിന് ഒമ്പതാം കിരീടം

ബയേൺ ലീഗ

മ്യൂണിക്: ബുണ്ടസ്‌ലിഗയിൽ ചരിത്രനേട്ടവുമായി തുടർച്ചയായി ഒമ്പതാം തവണയും കിരീടം നേടി ബയേൺ മ്യൂണിക്ക്. ബൊറൂസിയ ഡോർട്ട്മുണ്ടിനോട് 3-2ന് ലെപ്സിഗ് പരാജയപ്പെട്ടതോടെയാണ് ബയേൺ കിരീടം ഉറപ്പാക്കിയത്. തൊട്ടുപിന്നാലെ മോഡ്ചൻഗ്ലാഡ്ബാക്കിനെ എതിരില്ലാത്ത ആറു ഗോളിനു പരാജയപ്പെടുത്തിയ ബയേൺ കിരീടനേട്ടം ആവേശഭരിതമാകക്കി. ര

ണ്ടാം സ്ഥാനക്കാരേക്കാൾ 13 പത്ത് പോയന്റ് മുന്നിലാണ് ബയേൺ ഇപ്പോൾത്തന്നെ ഉള്ളത്. ബയേണിന്റെ തോമസ് മുള്ളർ, ഡേവിഡ് അലാബ എന്നിവർ പത്ത് ബുണ്ടസ്‌ലിഗ കിരീടനേട്ടമുള്ള ആദ്യ കളിക്കാരായി മാറും. ചരിത്രത്തിൽ മുപ്പതാം തവണയാണ് ബയേൺ കിരീടം നേടുന്നത്.ബാക്കിയുള്ള എല്ലാ മത്സരവും ലൈപ്സിഗ് വിജയിച്ചാലും അവർക്ക് 70 പോയിന്റ് മാത്രമെ ആവുകയുള്ളൂ. ബയേണിന്റെ തുടർച്ചയായ ഒമ്പതാം ബുണ്ടസ് ലീഗ കിരീടമാണ് ഇത്. 2012-13 സീസൺ മുതൽ ബയേൺ മാത്രമെ ബുണ്ടസ് ലീഗ നേടിയിട്ടുള്ളൂ.

ഒമ്പതു ലീഗ് കിരീടമുള്ള നുൻബർഗും, 8 ലീഗ് കിരീടം ഉള്ള ഡോർട്മുണ്ടും ആണ് ബയേണ് പിന്നിലുള്ളത്. ക്ലബ് വിടാൻ ഒരുങ്ങുന്ന പരിശീലകൻ ഹാൻസി ഫ്ലിക്കിന് ഇത് ഒരു വർഷത്തിനിടയിലെ ഏഴാം കിരീടവുമാണ്.

ആവേശത്തോടെ ബയേണും ജയിച്ചു

ജർമ്മനിയിൽ ബയേൺ മ്യൂണിക്കിന്റെ ആറാട്ട് ആയിരുന്നു അക്ഷരാർഥത്തിൽ കണ്ടത്. കളി തുടങ്ങും മുൻപ് തന്നെ തുടർച്ചയായ ഒൻപതാം കിരീടം നേടിയ ബയേൺ മ്യൂണിക്ക് കളിക്കളത്തിൽ ഗോൾ മഴ പെയ്യിച്ചാണ് കളിയവസാനിപ്പിച്ചത്. എതിരില്ലാത്ത ആറ് ഗോളിനാണ് ബൊറുസിയ മോഡ്ചൻഗ്ലാഡ്ബാക്കിനെ ബയേൺ മ്യൂണിക്ക് പരാജയപ്പെടുത്തിയത്. റോബർട്ട് ലെവൻഡോസ്കി ഹാട്രിക്ക് നേടിയപ്പോൾ മുള്ളർ, കോമൻ, സാനെ എന്നിവരാണ് ഗോളടിച്ചത്. കളിയുടെ രണ്ടാം മിനുട്ടിൽ തന്നെ ലെവൻഡോസ്കി ഗോളിലൂടെ ബയേൺ ഗോൾ വേട്ട ആരംഭിച്ചു.

പിന്നാലെ മുള്ളറും രണ്ടാം ലെവൻഡോസ്കി ഗോളും കോമനും സ്കോർ ചെയ്തപ്പോൾ ആദ്യ പകുതിയിൽ നാല് ഗോളിന്റെ ലീഡ് ബയേൺ നേടി.അതേ സമയം 75 ആം മിനുട്ടിൽ ബയേണിന്റെ നിയാൻസു ചുവപ്പ് കാർഡ് വാങ്ങി പുറത്തായി. എന്നാൽ 10 പേരുമായി കളിച്ചിട്ടും ബയേൺ ആറ് ഗോളുകൾ അടിച്ച് കളി അവസാനിപ്പിച്ചു. ബയേണിന്റെ തുടർച്ചയായ ഒമ്പതാം ബുണ്ടസ് ലീഗ കിരീടമാണ് ഇത്. ബയേൺ മ്യൂണിക്ക് വിടാൻ ഒരുങ്ങുന്ന പരിശീലകൻ ഹാൻസി ഫ്ലിക്കിന് ഇത് ഒരു വർഷത്തിനിടയിലെ ഏഴാം കിരീടമാണ്.2012-13 സീസൺ മുതൽ ബയേൺ മാത്രമെ ബുണ്ടസ് ലീഗ നേടിയിട്ടുള്ളൂ. മൊത്തത്തിൽ ബയേണിന്റെ 31ആം ജർമ്മൻ ലീഗ് കിരീടമാണിത്.

ലെവൻഡോവ്സ്കി, മുള്ളർ, നോയർ എന്നിവർ

ലോക റെക്കോഡ് കാത്ത് ലെവൻഡോവ്സ്കി

ബയേണിന്റെ സൂപ്പർ താരം ലെവൻഡോവ്സ്കി ലോക റെക്കോഡിനരികേ. ബയേണിനായി ഇനി രണ്ട് ഗോളുകൾ കൂടി നേടിയാൽ ലെവൻഡോവ്സ്കിക്ക് ഇതിഹാസ താരം ഗെർദ് മുള്ളറിന്റെ റെക്കോർഡ് മറികടക്കാനാകും.ഒരു സീസണിൽ ഏറ്റവും കൂടുതൽ ബുണ്ടസ് ലീഗ് ഗോൾ എന്ന റെക്കോർഡ് ഇപ്പോൾ ഇതിഹാസ താരം ജെർദ് മുള്ളറുടെ പേരിലാണ്.

40 ഗോളുകൾ ആണ് മുള്ളർ നേടിയിട്ടുള്ളത്. ലെവൻഡോസ്കിക്ക് ഈ സീസൺ ബുണ്ടസ് ലീഗയിൽ ഇതുവരെ 39 ഗോളുകൾ ഉണ്ട്. ഇനി ബയേണ് ബാക്കിയുള്ളത് ആകെ 2 മത്സരങ്ങളും. ഈ രണ്ട് മത്സരങ്ങളിൽ രണ്ട് ഗോളുകൾ മതി ലെവൻഡോവ്സ്കിക്ക് ഈ റെക്കോർഡ് മറികടക്കാൻ. ഈ സീസണിൽ ഒരു മാസത്തോളം പരുക്കേറ്റ് പുറത്തിരുന്നിട്ടും ഈ റെക്കോർഡിനടുത്ത് എത്താൻ ലെവൻഡോവ്സ്കിക്ക് ആയി എന്നത് തന്നെ അത്ഭുതമാണ്. റെക്കോർഡ് മറികടക്കാൻ ആയാൽ വലിയ സന്തോഷം നൽകും എന്നും എന്നാൽ അത് അത്ര എളുപ്പമല്ല എന്നും ഹാട്രിക്ക് നേടിയ ശേഷം ലെവൻഡോവ്സ്കി പറഞ്ഞു.

കിരീട നേട്ടം ആഘോഷിച്ച് ഇന്റർ മിലാൻ

മിലാൻ: ഇറ്റലിയിലെ ലീഗ് കിരീടം കഴിഞ്ഞ ആഴ്ച ഉറപ്പിച്ച ഇന്റർ മിലാൻ ആ കിരീട നേട്ടം ഒരു വലിയ വിജയത്തോടെ ആഘോഷിച്ചു. ഇന്ന് സാമ്പൊഡോറിയയെ നേരിട്ട ഇന്റർ മിലാൻ ഒന്നിനെതിരെ അഞ്ചു ഗോളുകളുടെ വൻ വിജയമാണ് സ്വന്തമാക്കിയത്. ഇരട്ട ഗോളുകളുമായി അലക്സിസ് സാഞ്ചസാണ് ഇന്ന് ഇന്ററിന്റെ വിജയ ശില്പിയായത്. ഇന്ന് മത്സരം ആരംഭിച്ച് നാലാം മിനുട്ടിൽ തന്നെ ഇന്റർ മിലാൻ ലീഡ് എടുത്തു. ഗാഗ്ലിയർദിനി ആയിരുന്നു ഗോൾ സ്കോറർ.26-ാം മിനുട്ടിലും 36ആം മിനുട്ടിലുമായിരുന്നു സാഞ്ചസിന്റെ ഗോളുകൾ. രണ്ടാം പകുതിയിൽ 61ആം മിനുട്ടിൽ പിനമൊണ്ടിയും 70ആം മിനുട്ടിൽ ഒരു പെനാൾട്ടിയിൽ നിന്ന് ലൗട്ടാരോ മാർട്ടിനസും ഇന്ററിനായി ഗോൾ നേടി. ഈ വിജയത്തോടെ ഇന്റർ മിലാന് 35 മത്സരങ്ങളിൽ നിന്ന് 85 പോയിന്റിൽ എത്തി. ബാക്കി മൂന്ന് മത്സരങ്ങളും വിജയിച്ച് 94 പോയിന്റിൽ എത്തുക ആകും ഇനി ഇന്ററിന്റെ ലക്ഷ്യം.

റാണി രാംപാലിനു കൊവിഡ് ഭേദമായി

ന്യൂഡൽഹി: ഇന്ത്യൻ വനിതാ ഹോക്കി ടീം ക്യാപ്റ്റൻ റാണി റാംപാലിനും ആറ് ടീമംഗങ്ങൾക്കും രണ്ട് സപ്പോർട്ട് സ്റ്റാഫിനും കൊവിഡ് ഭേദമായി. ബെംഗളൂരുവിലെ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സെന്ററിൽ ക്വാറന്റൈനിൽ കഴിയുകയായിരുന്നു ഇവർ. സവിത പുനിയ, ഷർമിള ദേവി, രജനി, നവജ്യോത് കൗർ, നവനീത് കൗർ, സുശീല എന്നിവരാണ് കൊവിഡ് ഭേദമായ മറ്റ് ടീം അംഗങ്ങൾ.ഏപ്രിൽ 24ന് ദേശീയ ക്യാമ്പിനായി ബെംഗളൂരുവിൽ എത്തിയപ്പോഴാണ് ഏഴ് കളിക്കാരും കൊവിഡ് പോസിറ്റീവായത്.

കഴിഞ്ഞ രണ്ടാഴ്ചയായി പ്രതിസന്ധി ഘട്ടത്തിലൂടെ കടന്ന് പോവുമ്പോൾ തന്ന പിന്തുണയ്ക്ക് എല്ലാവരോടും നന്ദി പറയുന്നതായി റാണി റാംപാൽ ടിറ്ററിൽ കുറിച്ചു.എല്ലാവരും ജാഗ്രതയോടെ ഇരിക്കണമെന്നും മഹാമാരിയെ ചെറുത്തുതോൽപ്പിക്കാൻ രാജ്യത്തിന് സാധിക്കട്ടെയെന്നും റാണി റാംപാൽ കൂട്ടിച്ചേർത്തു.-

റയൽ കിരീട പ്രതീക്ഷയിൽ

ബാഴ്സ-അത്‌ലറ്റിക്കോ മത്സരം സമനിലയിൽ

ബാഴ്സ താരം മെസിയും അത്‌ലറ്റിക്കോ താരം സുവാരസും മത്സരശേഷം

മാഡ്രിഡ്: ലാലിഗ കിരീട പോരാട്ടത്തിലെ ഏറ്റവും നിർണായക മത്സരത്തിൽ ലീഗിലെ ഒന്നാം സ്ഥാനക്കാരായ അത്‌ലറ്റിക്കോ മാഡ്രിഡും രണ്ടാം സ്ഥാനക്കാരായ ബാഴ്സലോണയും സമനിലയിൽ പിരിഞ്ഞു. ആവേശകരമായ മത്സരം ആണ് ആരാധകർ പ്രതീക്ഷിച്ചത് എങ്കിലും വിരസമായ ഗോൾ രഹിത സമനില ആണ് ബാഴ്സലോണയുടെ ഹോം ഗ്രൗണ്ടിൽ പിറന്നത്.ഇരു ടീമുകളും വളരെ കരുതലോടെയാണ് മത്സരത്തെ സമീപിച്ചത്. പരാജയം ഇരു ടീമുകളുടെയും ലീഗ് പ്രതീക്ഷ ഇല്ലാതാക്കും എന്നത് കൊണ്ട് തന്നെ രണ്ടു ടീമുകളും ഡിഫൻസിലാണ് ശ്രദ്ധിച്ചത്. ആദ്യ പകുതിയിൽ അവസരങ്ങൾ വിരളമായിരുന്നു. മെസിയുടെ ഒരു ഒറ്റയ്ക്കുള്ള കുതിപ്പായിരുന്നു ബാഴ്സലോണയുടെ ഏറ്റവും മികച്ച അവസരം. അത് സമർത്ഥമായി ഒബ്ലക് തടഞ്ഞു.

സുവാരസിനെ മുന്നിൽ നിർത്തി കളിച്ച അത്‌ലറ്റിക്കോയ്ക്കും അധികം അവസരങ്ങൾ സൃഷ്ടിക്കാനായില്ല. അവസരങ്ങൾ സൃഷ്ടിച്ചപ്പോഴൊക്കെ മറുവശത്ത് ടെർ സ്റ്റേഗനും നല്ല സേവുകളുമായി മതിലായി നിന്നു. 69-ാം മിനുട്ടിൽ അറോഹോയിലൂടെ ബാഴ്സലോണ വലകുലുക്കി എങ്കിലും ലൈൻ റഫറി ഓഫ് സൈഡ് വിളിച്ചു. അറ്റാക്ക് ശക്തമാക്കാൻ അത്‌ലറ്റിക്കോ മാഡ്രിഡ് ജോ ഫെലിക്സിനെയും ബാഴ്സലോണ ഡെംബലയെയും ഇറക്കി എങ്കിലും കാര്യം ഒന്നുമുണ്ടായില്ല. 90-ാം മിനുട്ടിൽ കിട്ടിയ ഫ്രീകിക്ക് മെസ്സി എടുത്തത് ഗോൾ പോസ്റ്റിന് ഉരുമ്മി പുറത്ത് പോയതോടെ സമനിലയിൽ കളി അവസാനിച്ചു. അടുത്ത മത്സരത്തിൽ റയൽ മാഡ്രിഡ് സെവിയ്യയെ തോൽപ്പിച്ചാൽ റയൽ ലീഗിൽ ഒന്നാം സ്ഥാനത്ത് എത്തും. ഇപ്പോൾ 77 പോയിന്റുമായി അത്‌ലറ്റിക്കോ മാഡ്രിഡ് ഒന്നാം സ്ഥാനത്തും 75 പോയിന്റുമായി ബാഴ്സലോണ രണ്ടാമതും ആണ്. ഒരു മത്സരം കുറവ് കളിച്ച റയൽ മാഡ്രിഡിന് 74 പോയിന്റാണ് ഉള്ളത്. ഇനി റയലിന് നാലു മത്സരങ്ങളും ബാഴ്സക്കും അത്‌ലറ്റിക്കോ മാഡ്രിഡിനും മൂന്ന് മത്സരങ്ങളുമാണ് ലീഗിൽ ബാക്കിയുള്ളത്.-

ബംഗളൂരു എഫ്സി കർഫ്യൂ ലംഘിച്ചു: എഎഫ്സി കപ്പ് മാറ്റി

മുംബൈ: എ എഫ് സി കപ്പ് നീട്ടിവെക്കാൻ എ എഫ് സി തീരുമാനിച്ചു. ബംഗളൂരു എഫ് സി താരങ്ങൾ കൊറോണ പ്രോട്ടോക്കോൾ ലംഘിച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആണ് ഇപ്പോൾ ഗ്രൂപ്പ് മത്സരങ്ങൾ നീട്ടിവെക്കേണ്ട അവസ്ഥയിൽ എത്തിയത്. ഗ്രൂപ്പ് ഇ മത്സരങ്ങൾക്കായി മാൽഡീവ്സിലേക്ക് പോകേണ്ടിയിരുന്ന മോഹൻ ബഗാനോട് യാത്ര മാറ്റുവെക്കാൻ എ എഫ് സി ആവശ്യപ്പെട്ടു. ബെംഗളൂരു എഫ് സിയും ഈഗിൾസും തമ്മിലുള്ള പ്ലേ ഓഫ് മത്സരവും ഇപ്പോൾ പ്രതിസന്ധിയിലായി.മാലദ്വീപിൽ എത്തിയ ബെംഗളൂരു എഫ് സി താരങ്ങളിൽ ചിലർ കർഫ്യൂ ലംഘിച്ച് പുറത്ത് ഇറങ്ങിയതാണ് പ്രശ്നമായത്. ബെംഗളൂരു എഫ് സിയെ ഇന്ത്യയിലേക്ക് മടക്കി അയക്കാൻ ആണ് മാൽഡീവ്സ് ഗവണ്മെന്റിന്റെ തീരുമാനം. വിദേശ താരങ്ങളാണ് പ്രോട്ടോക്കോൾ ലംഘിച്ചത് എന്നും താൻ ഇതിൽ മാപ്പു പറയുന്നു എന്നും ബെംഗളൂരു ക്ലബ് ഉടമ പാർത ജിൻഡാൽ ടിറ്ററിൽ പറഞ്ഞു. ബെംഗളൂരു എഫ് സിക്ക് എതിരെ നടപടി ഉണ്ടാകും എന്നാണ് കരുതപ്പെടുന്നത്.



ബാർട്ടിയെ അട്ടിമറിച്ച് സബലേങ്കയ്ക്ക് മാഡ്രിഡ് ഓപ്പൺ

മാഡ്രിഡ്: ലോക ഒന്നാം നമ്പർ താരം ആഷ്‌ലി ബാർട്ടിയെ അട്ടിമറിച്ച് ബെലാറസിന്റെ അരിന സബലേങ്ക മാഡ്രിഡ് ഓപ്പൺ ടെന്നീസിൽ കിരീടം നേടി. ക്ലേ കോർട്ടിൽ അടിപതറാറുള്ള സബലേങ്ക ഇത്തവണ ഭയമില്ലാതെ തകർപ്പൻ പ്രകടനം നടത്തിയാണ് വിജയം സ്വന്തമാക്കിയത്. താരത്തിന്റെ ആദ്യ മാഡ്രിഡ് ഓപ്പൺ കിരീടവിജയമാണിത്. 6-0, 3-6, 6-4 എന്ന സ്കോറിനാണ് വിജയിച്ചത്.23കാരിയായ സബലേങ്ക ഇത് വരെ ഒരു ഗ്ലാന്റ്സ്ലാം ടൂർണമെന്റിലും നാലാം റൌണ്ടിലപ്പുറം പോയിട്ടില്ല. ഇപ്പോൾ മാഡ്രിഡ് ഓപ്പൺ വിജയത്തോടെ സബലേങ്ക ഫ്രഞ്ച് ഓപ്പണിൽ വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ഈ മാസം തന്നെയാണ് പാരീസിൽ ഫ്രഞ്ച് ഓപ്പൺ നടക്കാൻ പോവുന്നത്.വിജയം നേടിയ സബലേങ്കയെ അഭിനന്ദിക്കുകയും വാനോളം പുകഴ്ത്തുകയും ചെയ്താണ് ഒന്നാം നമ്പർ താരം ബാർട്ടിയും മടങ്ങിയത്.-

സ്കൂൾ സീസൺ കച്ചവടമില്ല ചെറുകിട വ്യാപാരികളും വ്യവസായികളും പ്രതിസന്ധിയിൽ

കൊച്ചി: കൊവിഡ് വ്യാപനം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ജൂൺ ഒന്നിന് സ്കൂൾ തുറക്കേണ്ടെന്ന് കേരള സർക്കാർ തീരുമാനിച്ചതോടെ തുടർച്ചയായി രണ്ടാം വർഷവും കേരളത്തിലെ സ്കൂൾ സീസൺ കച്ചവടം ഇല്ലാതെയായി. ഓണം, പെരുന്നാൾ, വിഷു സീസണുകൾ പോലെ കോടികളുടെ വിപണിയായിരുന്നു കേരളത്തിൽ സ്കൂൾ തുറക്കൽ സീസണും. മക്കളുടെ വിദ്യാഭ്യാസത്തിനായി പണം ചെലവിടാൻ കേരളത്തിലെ ഭൂരിഭാഗം പേരും മടിക്കാറില്ല.

അതുകൊണ്ടുതന്നെ സംസ്ഥാനത്തെ ഉൾഗ്രാമങ്ങളിലെ കടകളിൽ പോലും 2500-3000 രൂപ വിലയുള്ള സ്കൈ ബാഗുകൾ പോലും സ്കൂൾ സീസണിൽ നല്ല രീതിയിൽ വിറ്റുപോയിരുന്നു. അസംഘടിത മേഖലയിൽ നിന്നുവരുന്ന നോട്ട് ബുക്കുകൾക്കൊപ്പം ഐടിസിയുടെ ക്ലാസ്മേറ്റ്, കാമലിൻ തുടങ്ങിയ ബ്രാൻഡഡ് നോട്ടു ബുക്കുകളും വൻതോതിൽ വിറ്റഴിഞ്ഞിരുന്നു. മഴയുള്ള ദിവസവും ഇല്ലാത്ത ദിവസവും അണിഞ്ഞ് സ്കൂളിൽ പോകാനായി ഏറ്റവും ചുരുങ്ങിയത് രണ്ട് ജോഡി പാദരക്ഷകൾ കുട്ടികൾക്കായി സ്കൂൾ തുറക്കുന്നതിനേ മുമ്പേ മാതാപിതാക്കൾ വാങ്ങിയിരുന്നു. വാട്ടർബോട്ടിൽ, പൗച്ച് തുടങ്ങി അമ്പതോളം ഉത്പന്നങ്ങളാണ് സ്കൂൾ വിപണിയിൽ നിറഞ്ഞിരുന്നത്. ക്ലാസുകൾ ഓൺലൈൻ ആയതോടെ കുടയ്ക്ക് മുതൽ നോട്ട് ബുക്കിന് വരെ വിൽപ്പന കുത്തനെ ഇടിഞ്ഞു. കൊവിഡിന്റെ തീവ്രവ്യാപനം മുന്നിൽ കണ്ട് ഈ വർഷം വ്യാപാരികൾ സ്റ്റോക്കുകൾ എടുക്കാത്തതുകൊണ്ട് നഷ്ടം കുറവാണെന്ന് മാത്രം. പക്ഷേ, ഇത്തരം സീസണൽ കച്ചവടം നടത്തി ഉപജീവനമാർഗം കണ്ടെത്തുന്ന ആയിരക്കണക്കിനാളുകൾക്ക് വലിയ തിരിച്ചടിയുമായി.

ഡയറക്റ്ററേറ്റ് ഒഫ് ജനറൽ എഡ്യൂക്കേഷൻ നൽകുന്ന കണക്കുപ്രകാരം ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസുകളിൽ 33.27 ലക്ഷം കുട്ടികളാണ് 2019-20ൽ പഠിക്കുന്നത്. സർക്കാർ, എയ്ഡഡ് സ്കൂൾ വിദ്യാർഥികളുടെ മാത്രം കണക്കാണിത്. അൺ എയ്ഡഡ് സ്കൂൾ വിദ്യാർഥികൾ, കോളെജ് വിദ്യാർഥികൾ എന്നിവർ കൂടിവരുമ്പോൾ സംഖ്യ ഇതിലും കൂടും. ഈ വലിയ വിദ്യാർഥി വിപണിയാണ് തിരിച്ചു പിടിക്കാൻ കഴിയാതെ ഈ വർഷവും കൈവിട്ടു പോയത്.

കേരളത്തിലെ വിപണി സ്കൂൾ കച്ചവടം കഴിഞ്ഞാൽ ഓണക്കാലം വരെ ഒരുതരം മയക്കത്തിലാകുമായിരുന്നു. മാതാപിതാക്കൾ കൈയിലുള്ളതെല്ലാം തൂത്തുപെറുക്കിയാണ് മക്കൾക്കായി എല്ലാം ഒരുക്കിയിരുന്നത്. പുതിയ വസ്ത്രങ്ങൾ മുതൽ, സ്കൂൾ യൂണിഫോമിന് പുറമേയാണിത്, എല്ലാം പുതിയത് വാങ്ങിയാണ് മക്കളെ സ്കൂളിൽ വിട്ടിരുന്നത്. പിന്നീട് മൂന്ന്, നാല് മാസം അവരുടെ കൈയിൽ പണമുണ്ടാകില്ല. കേരളത്തിലെ വിപണിയും മയക്കത്തിലാകും. വർഷങ്ങളായി ഓണവിപണിയ്ക്ക് കേരളത്തിൽ കാര്യമായ തിളക്കമില്ല. ഇപ്പോൾ സ്കൂൾ വിപണിയും പോയി.

കോടികളുടെ നഷ്ടം

കൊവിഡ് കാലത്തിന് മുമ്പ് കേരളത്തിലെ വൻകിട കുട നിർമാതാക്കളായ പോപ്പിയും ജോൺസും കൂടി 200 കോടി രൂപയുടെ കുടകളാണ് സീസണിൽ വിറ്റഴിച്ചിരുന്നത്. മുപ്പതോളം വരുന്ന മറ്റ് കുട നിർമാതാക്കൾ മൊത്തം മറ്റൊരു 100 കോടി രൂപയുടെ കുടകൾ കൂടി വിറ്റിരുന്നു. 300 കോടി രൂപയുടെ കുട വിപണിയിൽ നല്ലൊരു ശതമാനവും വിദ്യാർഥികളുടേതായിരുന്നു. കുടകൾ വീട്ടിലിരുന്ന് ഉണ്ടാക്കി ഉപജീവന മാർഗം കണ്ടെത്തിയവരുടെ കാര്യവും കഷ്ടത്തിലായി.

വിപണിയിൽ നിന്നു പോയത് 45 ലക്ഷം പ്ലാസ്റ്റിക് സ്കൂൾ ബാഗ്

തൃശൂർ കേന്ദ്രമായുള്ള ബാഗിധാരി എന്ന എൻജിഒയുടെ 2019ലെ കണക്കനുസരിച്ച് 45 ലക്ഷം പ്ലാസ്റ്റിക് സ്കൂൾ ബാഗുകളാണ് ആ വർഷം കേരളത്തിൽ വിറ്റത്. ബാഗൊന്നിന് ശരാശരി 400 രൂപ കണക്കാക്കിയാൽ ഏറ്റവും ചുരുങ്ങിയത് 180 കോടിയുടെ സ്കൂൾ ബാഗ് ബിസിനസാണ് നടന്നിരുന്നത്. ഈ വിൽപ്പന മൊത്തത്തിൽ ഇല്ലാതെയായി. സ്കൂൾ തുറക്കുമ്പോൾ വിൽപ്പനയിൽ മുന്നിൽ നിന്നിരുന്ന ഷൂസ് ഇപ്പോൾ കടകളിൽ കെട്ടികിടക്കുകയാണ്. കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്നുള്ള 115 പാദരക്ഷ നിർമാണ യൂണിറ്റുകൾക്ക് സ്കൂൾ തുറക്കാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഷൂസിന് പകരം, ചെരുപ്പുകൾ ധരിച്ചായിരുന്നു കുട്ടികൾ സ്കൂളിൽ പോയിരുന്നത്. ഷൂ നിർബന്ധമായ സ്കൂളുകളിലും മഴയുള്ള ദിവസങ്ങളിൽ ചെരുപ്പ് ഉപയോഗിക്കാൻ അനുവദിച്ചിരുന്നു.

സ്കൂൾ തുറക്കാത്തതിനാൽ കഷ്ടത്തിലായത് കൈത്തറി യൂണിഫോം നെയ്തുകാരും തയ്യൽക്കാരുമാണ്. യൂണിഫോം വിപണിയിൽ മഫത്‌ലാൽ പോലുള്ള വൻകിട ബ്രാൻഡുകളുണ്ട്. 2019ലെ കണക്കനുസരിച്ച് സർക്കാർ സ്കൂളിലെ 8.5 ലക്ഷം വിദ്യാർഥികൾക്ക് 42 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം സർക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്നു. സ്കൂളുകൾ അടച്ചിട്ടതോടെ ആയിരകണക്കിന് കൈത്തറി തൊഴിലാളികളാണ് ഇപ്പോൾ നട്ടം തിരിയുന്നത്.

ഇറക്കുമതിക്ക് നടപടികളുമായി നോർക്ക റൂട്ട്സ്

തിരുവനന്തപുരം: വിദേശ രാജ്യങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും കൊവിഡ് ദുരിതാശ്വാസ ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ നോർക്ക റൂട്ട്സ്. നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ഇളങ്കോവന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ പ്രത്യേക സെൽ രൂപീകരിച്ചു. കൊവിഡ് ദുരിതാശ്വാസ ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ നികുതി ഇളവ് പ്രഖ്യാപിച്ച പശ്ചാത്തലത്തിലാണ് നടപടി.

ഉത്പന്നങ്ങളുടെ കയറ്റിറക്ക് സുഗമമാക്കാൻ പ്രവാസി അസോസിയേഷനും മറ്റ് വിദേശ ദാതാക്കൾക്കുമായി നോർക്ക റൂട്ട്സ് പ്രത്യേക മാർഗനിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. റംഡെസിവർ, ആക്റ്റീവ് ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ, ട്യൂബിങ് എന്നിവ ഉൾപ്പെടുന്ന ഓക്സിജൻ കോൺസെൻട്രേറ്റർ, മെഡിക്കൽ ഓക്സിജൻ, വാക്വം പ്രഷർ, ക്രയോജനിക് ഓക്സിജൻ എയർ സെപ്പറേഷൻ യൂണിറ്റുകൾ, ഓക്സിജൻ ഉത്പാദിപ്പിക്കാവുന്ന ഉപകരണങ്ങൾ, കംപ്രസറുകൾ ഉൾപ്പെടുന്ന വെന്റിലേറ്ററുകൾ, ഐസിയു വെന്റിലേറ്ററുകൾക്ക് വേണ്ടിയുള്ള നോൺ ഇൻവാസീവ് വെന്റിലേഷൻ ഓറോനേസൽ മാസ്ക്, നേസൽ മാസ്ക് തുടങ്ങിയ ഉത്പന്നങ്ങൾക്കാണ് കേന്ദ്രസർക്കാർ നികുതി ഇളവ് പ്രഖ്യാപിച്ചത്. വിദേശ രാജ്യങ്ങളിൽ നിന്ന് സൗജന്യ വിതരണത്തിനായി ഇറക്കുമതി ചെയ്യുന്ന ദുരിതാശ്വാസ സാമഗ്രികൾക്കുള്ള ഐജിഎസ്ടിയും നേരത്തേ കേന്ദ്രസർക്കാർ ഒഴിവാക്കിയിരുന്നു. ജൂൺ 30 വരെയുള്ള ഇറക്കുമതികൾക്കാണ് ഇളവ്.

ഇളവുകളുമായി എൽഐസി

മുംബൈ: കൊവിഡ് ദുരന്തം കണക്കിലെടുത്ത് ലൈഫ് ഇൻഷുറൻസ് കോർപപറേഷൻ (എൽഐസി), ഇൻഷുറൻസ് ക്ലെയിമിനുള്ള ഡെത്ത് സർട്ടിഫിക്കറ്റ് വ്യവസ്ഥകളിൽ ഇളവ് വരുത്തി. ആശുപത്രിയിൽ മരണം സംഭവിക്കുന്ന സംഭവങ്ങളിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മരണ സർട്ടിഫിക്കറ്റിനു പകരം ആശുപത്രികളിൽനിന്നുള്ള രേഖകൾ സ്വീകരിക്കുമെന്ന് എൽഐസി അറിയിച്ചു. ഇവ എൽഐസി ക്ലാസ്1 ഓഫിസറോ മുതിർന്ന ഡവലപ്മെന്റ് ഓഫിസറോ സാക്ഷ്യപ്പെടുത്തിയാൽ മതി. ഇവയ്ക്കൊപ്പം, സംസ്കാരം നടത്തിയതു തെളിയിക്കുന്ന രേഖയും വേണം.

എം.എ. യൂസഫലി അഞ്ച് കോടി നൽകി

കൊച്ചി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലുലു ഗ്രൂപ്പ് ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ എം.എ. യൂസഫലി അഞ്ച് കോടി രൂപ നൽകും. കൊവിഡ് വ്യാപനം തുടങ്ങിയ കഴിഞ്ഞ മാർച്ചിൽ 10 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് യൂസഫലി നൽകിയിരുന്നു.

ഹാൾമാർക്കിങ് നടപടികൾ വേണ്ടെന്ന് മുംബൈ ഹൈക്കോടതി

ന്യൂഡൽഹി: നിർബന്ധിത ഹാൾമാർക്കിങ് സംബന്ധിച്ച ബിഐഎ (ബിഐഎസ് ആക്റ്റ്, 2016) ചട്ടങ്ങൾ പാലിക്കാത്ത ജ്വല്ലറി സ്ഥാപനങ്ങൾക്കെതിരേ നടപടികളെടുക്കുന്നതു തടഞ്ഞുകൊണ്ട് മുംബൈ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ച് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. പരിശോധനാ സൗകര്യങ്ങളുടെയും ഹാൾമാർക്കിങ് കേന്ദ്രങ്ങളുടെയും സൗകര്യം കുറവായ സാഹചര്യത്തിൽ ബ്യൂറോ ഒഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബിഐഎസ്) തത്കാലം തുടർനടപടികൾ എടുക്കരുതെന്നാണ് ഉത്തരവ്.

പുതിയ ചട്ടം അനുസരിച്ച് സ്വർണാഭരണങ്ങൾ സൂക്ഷിക്കുന്നതിനോ വിൽക്കുന്നതിനോ മുമ്പായി ഹാൾമാർക്ക് ചെയ്യുന്നത് നിർബന്ധിതമാണ്. ഇത് 2021 ജൂൺ ഒന്നു മുതൽ പ്രാബല്യത്തിൽ വരും. നിലവിലെ സാഹചര്യത്തിൽ ഇത് ഇന്ത്യയിലെ ലക്ഷക്കണക്കിന് ചെറുകിട ജ്വല്ലറികൾക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചേക്കും. ഓൾ ഇന്ത്യ ജെം ആൻഡ് ജ്വല്ലറി ഡൊമസ്റ്റിക് കൗൺസിൽ (ജിജെസി) സമർപ്പിച്ച റിട്ട് ഹർജിയിലാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. രാജ്യത്തെ 733 ജില്ലകളിൽ 488 ജില്ലകളിലും ഹാൾമാർക്കിങ് കേന്ദ്രങ്ങളില്ല.

കൊവിഡ്
ആർബിഐ നടപടികൾ 17ന് തുടങ്ങും

മുംബൈ: കൊവിഡ് പ്രതിസന്ധി നേരിടാൻ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കും അസംഘടിത വിഭാഗങ്ങൾക്കും വായ്പ നൽകാൻ സ്മോൾ ഫിനാൻസ് ബാങ്കുകൾക്ക് താഴ്ന്ന നിരക്കിൽ പണം ലഭ്യമാക്കാൻ റിസർവ് ബാങ്ക് നടത്തുന്ന ലേലങ്ങളിൽ ആദ്യത്തേത് 17ന് നടക്കും. കഴിഞ്ഞ ദിവസം റിസർവ് ബാങ്ക് പ്രഖ്യാപിച്ച നയത്തിന്റെ ഭാഗമാണ് റിപ്പോ നിരക്കിൽ സ്മോൾ ഫിനാൻസ് ബാങ്കുകൾക്കു പണം ലഭ്യമാക്കുന്നത്.

17ന് 10,000 കോടി രൂപയാണ് ലേലത്തിനു വയ്ക്കുക. ബാങ്കുകൾക്ക് ഒരു കോടി മുതൽ മുകളിലേക്കുള്ള തുകയ്ക്ക് അപേക്ഷിക്കാം. 10,000 കോടി പൂർണമായും ബാങ്കുകൾ സ്വീകരിച്ചില്ലെങ്കിൽ ബാക്കി വരുന്ന തുക അടുത്ത മാസത്തെ ലേലത്തിൽ ചേർക്കും. ഒക്റ്റോബർ 31 വരെയാണ് പദ്ധതി കാലാവധി. അതുവരെ എല്ലാ മാസവും ലേലമുണ്ടാകും. ബാങ്കുകൾ ഈ തുക, കൊവിഡിന്റെ സാമ്പത്തിക ആഘാതം നേരിടുന്ന വ്യവസായങ്ങൾക്കും വ്യക്തികൾക്കുമേ വായ്പയായി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്. 10 ലക്ഷം രൂപയാണ് പരമാവധി വായ്പ. റിസർവ് ബാങ്കിൽ നിന്നു വായ്പയെടുത്ത് 30 ദിവസത്തിനകം, ആ തുക ഉപയോക്താക്കൾക്കു വായ്പയായി നൽകണം. വാണിജ്യ ബാങ്കുകൾക്കു റിസർവ് ബാങ്ക് നൽകുന്ന ഹ്രസ്വകാല വായ്പയുടെ പലിശ നിരക്കായ റിപ്പോ ഇപ്പോൾ 4 ശതമാനമാണ്.

കുടക്കാലമില്ല, കമ്പനികൾക്ക് തിരിച്ചടി

ചേർത്തല: കൊവിഡ് രണ്ടാം തരംഗത്തിലെ ലോക്ഡൗൺ കൂടി എത്തിയതോടെ കേരളത്തിലെ കുട വിപണി തുടർച്ചയായി രണ്ടാം വർഷത്തിലും നഷ്ടത്തിൽ. സംസ്ഥാനത്ത് ഒരു വർഷം മുഴുവൻ വിറ്റുപോകുന്ന കുടയുടെ 70 ശതമാനത്തിന്റെയും വിൽപ്പന നടക്കുന്നത് സ്കൂൾ സീസണിലാണ്. ഇത്തവണയും അത് ഉണ്ടാവില്ലെന്ന് ഉറപ്പായി.

ഏപ്രിൽ - മെയ് മാസങ്ങളിലാണ് കുടകൾ നിർമാണശാലകളിൽ നിന്ന് മൊത്തവിതരണം ചെയ്യുന്നത്. കേരളത്തിലെ വിപണിയിൽ രണ്ടു വർഷം മുമ്പത്തെ കണക്ക് നോക്കിയാൽ 250 കോടിയുടെ വ്യാപാരം നടന്നിരുന്ന മേഖലയാണ് കുട വിപണി. മൺസൂണിന് മുമ്പുള്ള പൊടിപൊടിക്കുന്ന കുട കച്ചവടത്തിൽ നല്ലൊരു ശതമാനവും സംഭാവന ചെയ്തിരുന്നത് വിദ്യാർഥികളാണ്. വിപണിയെ അമ്പരപ്പിക്കുന്ന നൂതന മോഡലുകൾ ഓരോ മലയാളിയുടെയും മനസിൽ പതിയുന്ന പരസ്യ ജിംഗിളുകളിലൂടെയാണ് കേരളത്തിലെ മുൻനിര കുട കമ്പനികൾ അവതരിപ്പിച്ചിരുന്നത്. സ്കൂൾ കുട വിപണി നഷ്ടമായതോടെ എന്ത് ചെയ്യണമെന്ന് അറിയാത്ത അവസ്ഥയിലാണ് ആ മേഖലയിലെ കമ്പനികൾ. ചൈന, തായ്‌വാൻ എന്നിവിടങ്ങളിൽ നിന്നുവരുന്ന ഘടകങ്ങൾ കുടിൽ വ്യവസായത്തിലൂടെ നിർമിച്ചെടുക്കുന്ന രീതിയാണ് കുട നിർമാതാക്കൾ പിന്തുടരുന്നത്. ആലപ്പുഴ ജില്ലയിലും സംസ്ഥാനത്തെ മറ്റ് പ്രമുഖ കുട നിർമാണ കമ്പനികളുടെ ഭാഗമായും ഇത്തരത്തിൽ നിരവധി കുടിൽ വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. അതെല്ലാം അടച്ചുപൂട്ടലിന്റെ വക്കിലാണ്.

പരസ്യ പെരുമഴയില്ല

സവിശേഷമായ ബ്രാൻഡിങ്, പരസ്യ തന്ത്രങ്ങൾ കൊണ്ട് കേരളത്തിലെ കുട വിപണി ദേശീയ തലത്തിൽ തന്നെ ശ്രദ്ധ നേടിയതാണ്. പോപ്പിയും ജോൺസും ഓരോ സീസണിലും അവതരിപ്പിക്കുന്ന പുതിയ മോഡലുകളും അവർ കുട വിപണിയിൽ കൊണ്ടുവരുന്ന പുത്തൻ പ്രവണതകളും എന്നും പുതുമ നിറഞ്ഞതായിരുന്നു. ടെലിവിഷൻ ചാനലുകളിൽ കുടയുടെ പരസ്യവും കാണാനില്ല. കാലവർഷത്തിന് മുൻപ് കോടികളുടെ പരസ്യങ്ങൾ നിറയുന്ന അവസ്ഥയും ഇന്നില്ല.

ഹെൽത്ത് കെയർ ഇടിഎഫുമായി ഐസിഐസിഐ

മുംബൈ: ആരോഗ്യസംരക്ഷണ മേഖലയിൽ നിക്ഷേപിക്കാൻ ആഗ്രഹിക്കുന്നവർക്കായി ഐസിഐസിഐ പ്രുഡൻഷ്യൽ മ്യൂച്ചൽ ഫണ്ട് പുതിയ ഹെൽത്ത് കെയർ ഇടിഎഫ് അവതരിപ്പിച്ചു. ന്യൂ ഫണ്ട് ഓഫർ (എൻഎഫ്ഒ) മെയ് 14 വരെ ലഭ്യമാകും.

ആരോഗ്യ സംരക്ഷണ മേഖലയിലെ മുൻനിര കമ്പനികളിൽ നിക്ഷേപിക്കാൻ അവസരം നൽകുന്ന ഒരു ഓപ്പൺ എൻഡഡ് എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടാണിത്. നിഫ്റ്റി ഹെൽത്ത് കെയർ ഇൻഡക്സാണ് ഫണ്ട് പിന്തുടരുന്നത്. ആരോഗ്യസംരക്ഷണ മേഖലയിലുണ്ടാകുന്ന നേട്ടത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് നല്ലതാണിത്. വളരെ വേഗത്തിൽ വളർന്നു കൊണ്ടിരിക്കുന്ന 20 ഹെൽത്ത് കെയർ കമ്പനികളാണ് നിഫ്റ്റി ഹെൽത്ത് കെയർ സൂചികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സൺ ഫാർമസ്യൂട്ടിക്കൽ ഇൻഡസ്ട്രീസ്, ഡോ. റെഡ്ഡീസ് ലാബോറട്ടറീസ്, ഡിവിസ് ലാബോറട്ടറീസ്, സിപ്ല, അപ്പോളോ ഹോസ്പിറ്റൽ എന്റർപ്രൈസസ് എന്നിവയാണ് സൂചികയിൽ മുൻ നിരയിലുള്ള കമ്പനികൾ.

പ്രൈം ഡേ വിൽപ്പന മാറ്റിവച്ചതായി ആമസോൺ



കൊച്ചി: രാജ്യത്ത് കൊവിഡ് പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ വാർഷിക പ്രൈം ഡേ വിൽപ്പന മാറ്റിവച്ചതായി ആമസോൺ ഇന്ത്യ അറിയിച്ചു. ഇന്ത്യയിലെ മാത്രമല്ല കാനഡയിലെയും പ്രൈം ഡേ വിൽപ്പന താത്കാലികമായി മാറ്റിവച്ചിട്ടുണ്ട്. പുതിയ തിയതി കമ്പനി ഉടൻ അറിയിക്കും. പുതിയ പ്രൈം വരിക്കാരെ ആകർഷിക്കുന്നതിനായാണ് ആമസോൺ എല്ലാ വർഷവും രണ്ട് ദിവസത്തെ പ്രൈം ഡേ വിൽപ്പന നടത്തുന്നത്.

ഓഫറിന്റെ ഭാഗമായി സ്മാർട്ട്ഫോണുകൾ, ലാപ്ടോപ്പുകൾ എന്നിവ ആകർഷകമായ വിലയ്ക്കാണ് ആമസോൺ പ്രൈം അംഗങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നത്. ഉത്പന്നങ്ങൾക്ക് എക്സ്ക്ലൂസീവ് ഡിസ്കൗണ്ട് നേടാനും ഓർഡറുകൾ രണ്ട് ദിവസത്തിനുള്ളിൽ ഡെലിവർ ചെയ്യാനും പ്രൈം അംഗങ്ങൾക്ക് സാധിക്കും. സാധാരണ ജൂലൈയിലാണ് പ്രൈം ഡേ വിൽപ്പന നടക്കാറുള്ളത്. എന്നാൽ കൊവിഡ് കേസുകൾ വർധിച്ചു വരുന്നതിനാൽ ഇത്തവണ ഷെഡ്യൂൾ ചെയ്ത തിയതിയിൽ വിൽപ്പന നടക്കില്ല. കൊവിഡിന്റെ പശ്ചാത്തലത്തിൽ നിരവധി സ്മാർട്ട്ഫോൺ കമ്പനികൾ ലോഞ്ചിങ് പരിപാടികൾ മാറ്റിവച്ചിട്ടുണ്ട്. മെയ് നാലിന് റിയൽമി എക്സ് 7 മാക്സും 43 ഇഞ്ച് 4 കെ ടിവിയും പുറത്തിറക്കാൻ തീരുമാനിച്ചിരുന്നെങ്കിലും കൊവിഡ് പ്രതിസന്ധി കണക്കിലെടുത്ത് ഇത് മാറ്റിവയ്ക്കുകയായിരുന്നു. കൂടാതെ റിയൽമിയുടെ വാർഷികാഘോഷ പരിപാടികളും മാറ്റിവച്ചതായി സിഇഒ മാധവ് ഷെത്ത് അറിയിച്ചു.

തിരിച്ചടിയിൽ വസ്ത്രനിർമാണ മേഖല

കൊച്ചി: കൊവിഡ് രണ്ടാം തരംഗം ആഭ്യന്തര വസ്ത്ര നിർമാണ മേഖലയെയും കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അവശ്യവസ്തുക്കളുടെ വിൽപ്പനയല്ലാതെ മറ്റൊന്നും ലോക്ഡൗൺ കാലത്ത് നടക്കില്ല. അതുകൊണ്ടുതന്നെ ഇത് ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് വസ്ത്ര വ്യാപാര മേഖലയേയും വസ്ത്ര നിർമാണ മേഖലയേയുമാണെന്നാണ് വിലയിരുത്തൽ.

ലോക്ഡൗൺ തുടരുന്നതിനാൽ വസ്ത്രങ്ങൾക്കുള്ള ഡിമാൻഡ് കുറയുകയാണ്. ഇപ്പോൾ തന്നെ ഓർഡറുകളിൽ വലിയ കുറവ് വന്നിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. ഈ സാഹചര്യത്തിൽ ജോലിക്കാരുടെ എണ്ണം കുറയ്ക്കാനൊരുങ്ങുകയാണ് വൻകിട വസ്ത്രനിർമാതാക്കൾ. 77 ശതമാനത്തോളം വരുന്ന ആഭ്യന്തര വസ്ത്രി നിർമാതാക്കൾ 25 ശതമാനം ജീവനക്കാരെ കുറയ്ക്കാൻ ഒരുങ്ങുകയാണെന്നാണ് റിപ്പോർട്ട്. ഒന്നാം തരംഗം ഒന്നടങ്ങിയപ്പോൾ ലഭിച്ച ഓർഡറുകളിൽ 50 ശതമാനത്തോളം ഓർഡറുകൾ ഇപ്പോൾ തന്നെ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വസ്ത്ര നിർമാതാക്കൾ പറയുന്നു. 72 ശതമാനത്തോളം നിർമാതാക്കളുടേയും സ്ഥിതി ഇത് തന്നെയാണ്.

കേരളത്തിൽ ഓണം കഴിഞ്ഞാൽ വസ്ത്രവ്യാപാര മേഖല ഏറ്റവുമധികം പ്രതീക്ഷയർപ്പിക്കുന്ന ഈദുൽ ഫിത്തർ ഇത്തവണ ലോക്ഡൗണിൽ ആയിരിക്കുകയാണ്. സാധാരണ ഗതിയിൽ കേരളത്തിൽ നിന്ന് വൻ ഓർഡറുകൾ ഉണ്ടാകേണ്ടതാണ്. ലോക്ഡൗൺ തുടങ്ങിയതോടെ അത് ഇല്ലാതായി.

ലോക്ഡൗണിൽ അടിതെറ്റി പഴം വിപണി

കൊച്ചി: നിയന്ത്രണങ്ങൾ കർശനമാക്കിയതോടെ പഴം വിപണിയിൽ ആശങ്ക. പഴക്കടകളിൽ കാര്യമായ കച്ചവടം നടക്കുന്നില്ല. മഴക്കാലമായതോടെയാണ് വിൽപ്പന കുറഞ്ഞത്. നോമ്പു കാലമായിരുന്നിട്ടും കച്ചവടത്തിൽ വർധനയുണ്ടായില്ല. കടകളിലാകട്ടെ വിവിധ പഴങ്ങൾ വിറ്റഴിയാതെ ഇരിപ്പുണ്ട്.

കവലകളിലെയും വഴിവക്കിലെയും പഴക്കടകൾ ലോക്ഡൗണിൽ തുറന്നു പ്രവർത്തിച്ചെങ്കിലും ആവശ്യക്കാരില്ല. മാമ്പഴക്കാലമായതിനാൽ പഴക്കടകളിലെ പ്രധാന ഇനമാണ് വിവിധ തരത്തിലുള്ള മാമ്പഴം. മിക്ക ഇനങ്ങളും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്നവയാണ്. പെട്ടെന്ന് കേടുവരുന്നതിനാൽ നഷ്ടം നേരിടേണ്ടി വരുമെന്നാണ് കച്ചവടക്കാർ പറയുന്നത്. മറ്റു പഴങ്ങൾക്കും ആവശ്യക്കാരില്ല. ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ കച്ചവടം കുറഞ്ഞതോടെ മൊത്തക്കച്ചവടക്കാരും ആശങ്കയിലാണ്. ലോക്ഡൗൺ മുൻകൂട്ടി അറിഞ്ഞെങ്കിലും സ്റ്റോക്ക് ഉണ്ടായിരുന്നത് വിറ്റഴിക്കാൻ കഴിയാഞ്ഞതാണ് പ്രതിസന്ധിയ്ക്കു കാരണമായിരിക്കുകയാണ്. അടച്ചുപൂട്ടൽ കണക്കിലെടുത്ത് കഴിഞ്ഞ ദിവസം ആവശ്യക്കാർ കൂട്ടമായി എത്തിയതോടെ മിക്ക പച്ചക്കറി കടകളും കാലിയായി. ഇനി ഒരാഴ്ച കാലം ആളുകൾ എത്തില്ലെന്ന ഉറപ്പിൽ അധിക സംഭരണവും നടത്തിയില്ല.

ഇനി ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് ബാങ്കിങ് ഇടപാടുകൾ നടത്താം

കൊച്ചി: ഉപഭോക്താക്കൾക്ക് അടിയന്തിര ബാങ്കിങ് സേവനങ്ങൾ ഉറപ്പാക്കാൻ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യ (എസ്ബിഐ) രണ്ട് കസ്റ്റമർ കെയർ നമ്പറുകൾ പുറത്തിറക്കി. കൊവിഡ് കേസുകൾ വർധിച്ചുവരുന്നതിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ ചിലയിടങ്ങളിൽ ലോക്ഡൗൺ ഏർപ്പെടുത്തിയതോടെ ബാങ്ക് ബ്രാഞ്ചുകൾ സന്ദർശിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഗണിച്ചാണ് എസ്ബിഐ ഉപഭോക്താക്കൾക്കായി രണ്ട് ടോൾ ഫ്രീ കോൺടാക്റ്റ് നമ്പറുകൾ പുറത്തിറക്കിയത്.

ഉപഭോക്താക്കളോട് സുരക്ഷിതരായി വീട്ടിലിരിക്കാനും ആവശ്യമുള്ള സേവനങ്ങൾ ബാങ്ക് ലഭ്യമാക്കുമെന്നും എസ്ബിഐ ടിറ്ററിലൂടെ അറിയിച്ചു. ബാങ്ക് ബ്രാഞ്ചുകൾ സന്ദർശിക്കാതെ സമ്പർക്കരഹിതമായി ഇടപാടുകൾ നടത്താൻ കൂടിയാണ് ബാങ്ക് ഇത്തരത്തിലുള്ള പുതിയ സംവിധാനം അവതരിപ്പിച്ചത്. 1800 112 211, 1800 425 3800 എന്നിവയാണ് ടോൾ ഫ്രീ കോൺടാക്റ്റ് നമ്പറുകൾ. ഉപഭോക്താക്കൾക്ക് ഈ നമ്പറുകൾ ഉപയോഗിച്ച് വിവിധ സേവനങ്ങൾ ആക്സസ് ചെയ്യാൻ കഴിയും. രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ നിന്ന് ഈ നമ്പറിലേക്ക് വിളിക്കുന്നതിലൂടെ എസ്ബിഐ ഉപഭോക്താക്കൾക്ക് അക്കൗണ്ട് ബാലൻസ് പരിശോധിക്കാൻ കഴിയും. കൂടാതെ അവസാന അഞ്ച് ഇടപാടുകൾ പരിശോധിക്കാനും എടിഎം കാർഡ് തടയാനും വീണ്ടും ഇഷ്യൂ ചെയ്യാനുമുള്ള അഭ്യർഥന സമർപ്പിക്കാനും എടിഎം അല്ലെങ്കിൽ ഗ്രീൻ പിൻ ജനററ്റ് ചെയ്യാനുമൊക്കെ ഈ ടോൾ ഫ്രീ നമ്പറുകൾ ഉപയോഗിക്കാം.

ടാറ്റ വാഹനങ്ങൾക്ക് വില കൂടും

കൊച്ചി: ടാറ്റാ മോട്ടോഴ്സ് പാസഞ്ചർ വാഹനങ്ങളുടെ വില വർധിപ്പിച്ചു. മോഡലും വേരിയന്റും അനുസരിച്ച് ടാറ്റാ കാറുകളുടെ വില ശരാശരി 1.8 ശതമാനം വർധിപ്പിച്ചതായി കമ്പനി അറിയിച്ചു. മെയ് 8 ശനിയാഴ്ച മുതലാണ് വില കൂട്ടിയത്. അതേസമയം മെയ് ഏഴിനോ അതിനു മുമ്പോ ടാറ്റയുടെ വാഹനങ്ങൾ ബുക്ക് ചെയ്ത ഉപഭോക്താക്കളെ വില വർധനവ് ബാധിക്കില്ല.

സ്റ്റീൽ, ലോഹങ്ങൾ, ഉരുക്ക് തുടങ്ങിയ ചരക്കുകളുടെ വിലയിലുണ്ടായ വർധനവാണ് വിലക്കയറ്റത്തിന് കാരണമായത്. കമ്പനിയുടെ 'പുതിയ ഫോറെവർ' ഉത്പന്നങ്ങൾ വിപണിയിൽ ശക്തമായ സ്വീകാര്യത നേടിക്കൊണ്ടിരിക്കുകയാണ്. ഉപയോക്താക്കൾക്ക് ബ്രാൻഡിന്മേലുള്ള വിശ്വാസത്തിന് നന്ദി അറിയിക്കുന്നതായും ടാറ്റ പാസഞ്ചർ വെഹിക്കിൾസ് ബിസിനസ് പ്രസിഡന്റ് ശൈലേഷ് ചന്ദ്ര പറഞ്ഞു. കൊവിഡിനെ തുടർന്നുള്ള പ്രതിസന്ധി കണക്കിലെടുത്ത് രാജ്യത്തെ നിരവധി കമ്പനികൾ നേരത്തെ വാഹനങ്ങളുടെ വില വർധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു.

ഇത് കണക്കിലെടുത്താണ് തെരഞ്ഞെടുത്ത മോഡലുകൾക്ക് വില വർധിപ്പിക്കാൻ ടാറ്റയും തീരുമാനിച്ചത്. ജനുവരിയിൽ ടാറ്റ മോട്ടോഴ്സ് വാണിജ്യ വാഹനങ്ങളുടെ വില വർധിപ്പിച്ചിരുന്നു. കൂടാതെ ഉപഭോക്താക്കളുടെയും ഡീലർമാരുടെയും വിതരണക്കാരുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സമഗ്രമായ ബിസിനസ് പ്ലാൻ ആരംഭിച്ചതായും കമ്പനി അറിയിച്ചിരുന്നു.

ലോക്ക്ഡൗൺ ഫലം കണ്ട് തുടങ്ങി

കോഴിക്കോട് മെഡിക്കൽ കോളെജിൽ 13000 കിലോലിറ്റർ ഓക്സിജൻ ടാങ്ക് പി.കെ. സ്റ്റീൽസിൽ നിന്ന് കൊണ്ടുവന്ന് സ്ഥാപിക്കുന്നതിന്റെ ദൃശ്യങ്ങൾ

ജില്ലയിൽ 3805 പേർക്ക് കൊവിഡ്

കോഴിക്കോട്:ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ ജില്ലയിലെ കൊവിഡ് പോസിറ്റീവാകുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. ഇതിനെ തുടർന്ന് വരും ദിവസങ്ങളിലും ലോക്ക്ഡൗൺ നിയന്ത്രണം കർശനമാക്കാൻ ജില്ലാ ഭരണകൂടവും പൊലീസും തീരുമാനിച്ചിരിക്കുകയാണ്.

ഈ ആഴ്ച്ച അവസാനത്തോടെ സ്ഥിതി നിയന്ത്രണ വിധേയമാക്കാമെന്നുള്ള കണക്ക് കൂട്ടലിലാണ് ഭരണകർത്താക്കൾ.

ജില്ലയിൽ ഇന്നലെ 3805 കൊവിഡ് പോസിറ്റീവ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദേശത്ത് നിന്ന് എത്തിയ ഒരാൾക്കും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരിൽ ഏഴു പേർക്കും പോസിറ്റീവായി.

56 പേരുടെ ഉറവിടം വ്യക്തമല്ല. സമ്പർക്കം വഴി 3741 പേർക്കാണ് രോഗം ബാധിച്ചത്. 13,413 പേരെ പരിശോധനക്ക്‌വിധേയരാക്കി. ജില്ലയിലെ കൊവിഡ് ആശുപത്രികൾ, എഫ്എൽടിസികൾ എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്ന 4341 പേർ കൂടി രോഗമുക്തി നേടി ആശുപത്രി വിട്ടു.

29.65 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. രോഗം സ്ഥിരീകരിച്ച് 51,715 കോഴിക്കോട് സ്വദേശികളാണ് ചികിത്സയിലുള്ളത്.ജില്ലയിൽ ഇതുവരെ ആകെ 19,32,271 സ്രവസാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 19,29,172 എണ്ണത്തിന്റെ പരിശോധനാ ഫലം ലഭിച്ചു.

ഇതിൽ 17,03,071 എണ്ണം നെഗറ്റീവ് ആണ്. 3,55,996 ആർ. ടി.പി. സി.ആർ, 7,16,570 ആന്റിജൻ, 26,955 ട്രൂനാറ്റ് ടെസ്റ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.ജില്ലയിൽ ഇതുവരെ 692828 പേർ കൊവിഡ് പ്രതിരോധ വാക്സിനെടുത്തു.

539789 ആളുകളാണ് ആദ്യ ഡോസ് സ്വീകരിച്ചത്. 153039 പേർ രണ്ട്ഡോസ് വാക്സിനും സ്വീകരിച്ചു. 252873 പുരുഷൻമാരും 286848 സ്ത്രീകളും 68 ട്രാൻസ്ജൻഡേഴ്സുമാണ് വാക്സിൻ സ്വീകരിച്ചത്.

658584 ഡോസ് കോവിഷീൽഡ് വാക്സിനും 34244 കോവാക്സിനുമാണ് ഇതുവരെ വിതരണം ചെയ്തത്.

ബാലുശേരി താലൂക്കാശുപത്രിയിൽ കൂടുതൽ ഓക്സിജൻ സിലിണ്ടറുകൾ ലഭ്യമാക്കി

കോഴിക്കോട്: കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ബാലുശേരി താലൂക്കാശുപത്രിയിൽ കൂടുതൽ ഓക്സിജൻ സിലിണ്ടർ എത്തിച്ചു.

താലൂക്കാശുപത്രിയിൽ നിയുക്ത എംഎൽഎ അഡ്വ: കെ.എം. സച്ചിൻ ദേവ് കഴിഞ്ഞ ദിവസം സന്ദർശനം നടത്തിയിരുന്നു.

താലൂക്കാശുപത്രി അടിയന്തര സാഹചര്യത്തിൽ കൊവിഡാശുപത്രിയായി മാറ്റുകയാണെങ്കിൽ ഏഴ് ഓക്സിജൻ സിലിണ്ടർ കൂടി അധികമായി ആവശ്യമാണെന്ന് മെഡിക്കൽ ഓഫീസർ എംഎൽഎയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് കെഎംഎസ്സിഎൽ വെയർഹൗസ് മുഖേന ജംബോ ഓകസിജൻ സിലിണ്ടർ ഉൾപ്പെടെ ഏഴ് സിലിണ്ടറുകൾ താലൂക്കാശുപത്രിയിൽ ലഭ്യമാക്കിയത്.

13000 കിലോലിറ്റർ ശേഷിയുള്ള ഓക്സിജൻ ടാങ്ക് സ്ഥാപിച്ചു

കോഴിക്കോട്: കൊവിഡ് പ്രതിരോധത്തിന് പുത്തൻ കാൽവെപ്പുമായി ജില്ലാ ഭരണകൂടം. ജില്ലയിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്താൻ മെഡിക്കൽ കോളെജ് ആശുപത്രിയിൽ 13 കിലോ ലിറ്റർ ശേഷിയുള്ള ഓക്സിജൻ ടാങ്ക് ജില്ലാകലക്റ്റർ എസ്. സാംബശിവ റാവുവിന്റെ നേതൃത്തിൽ സ്ഥാപിച്ചു. പി.കെ സ്റ്റീൽസാണ് താൽക്കാലിക സഹായമായി ടാങ്ക്കമൈാറിയത്.

ജില്ലയിലെ ഓക്സിജന്റെ ലഭ്യതയും വിതരണവും ഉറപ്പാക്കാൻ യുദ്ധകാലടിസ്ഥാനത്തിലുള്ള നടപടികളാണ് ജില്ലാ ഭരണകൂടം സ്വീകരിച്ചുവരുന്നത്. കൊവിഡ് രോഗികളുടെ വർധനവ് തുടരുകയാണെങ്കിൽ പിഎംഎസ്എസ്വ ബ്ലോക്കിൽ ഓക്സിജൻ പര്യാപ്തമാവാത്ത സാഹചര്യമുണ്ടായേക്കാം എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണിത്.

മുൻകരുതൽ എന്ന നിലയിൽ ജില്ലാ ഭരണകൂടം പി.കെ സ്റ്റീൽസുമായി ബന്ധപ്പെട്ട് 13 കിലോ ലിറ്റർ ഓക്സിജൻ സംഭരണടാങ്ക് താത്കാലികമായി ഏറ്റെടുക്കുകയായിരുന്നു.

ടാങ്ക് കൃത്യതയോടെയും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചും ഹെവി മെഷീനറിയുടെ സഹായത്തോടെ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഏറ്റെടുത്തത്. സൗജന്യമായാണ് യുഎൽസിസിഎസ് പ്രവൃത്തി നടത്തിയത്.

ജില്ലയിലെ 51 കൊവിഡ് ആശുപത്രികളിൽ 823 കിടക്കകൾ ഒഴിവ്

കോഴിക്കോട്: കൊവിഡ് രോഗികളെ പ്രവേശിപ്പിക്കുന്നതിനായി സജ്ജമാക്കിയ ജില്ലയിലെ 51 കൊവിഡ് ആശുപത്രികളിൽ ഒഴിവുള്ളത് 823 കിടക്കകൾ. 65 ഐസിയു കിടക്കകളും 22 വെന്റിലേറ്ററുകളും ഒഴിവുണ്ട്.. ഓക്സിജൻ ലഭ്യതയുള്ള 359 കിടക്കകളും ഒഴിവാണ്.

13 ഗവൺമെന്റ് കൊവിഡ് ആശുപത്രികളിലായി 220 കിടക്കകൾ, 17 ഐസിയു, 13 വെന്റിലേറ്റർ, 189 ഓക്സിജൻ ഉള്ള കിടക്കകൾ എന്നിവയാണ് ബാക്കിയുള്ളത്. 10 സി.എഫ്.എൽ. ടി.സികളിലായി ആകെയുള്ള 916 കിടക്കകളിൽ 484 എണ്ണം ഒഴിവുണ്ട്.

എസ്. എൽ. ടി.സികളായ ലക്ഷദ്വീപ് ഗസ്റ്റ് ഹൗസിൽ 41 കിടക്കകളും , കാരപ്പറമ്പ് ഹോമിയോ കോളെജിൽ 23 എണ്ണവും, എൻ. ഐ. ടി എം. ബി. എ ഹോസ്റ്റളിൽ 199 കിടക്കകളുമാണ് ഒഴിവുള്ളത്. 79 ഡോമിസിലറി കെയർ സെന്ററുകളിൽ ആകെയുള്ള 1750 കിടക്കകളിൽ 1396 എണ്ണം ഒഴിവുണ്ട്.

ദേശീയപാതാ കൊളപ്പുറത്ത് തിരൂരങ്ങാടി എസ്ഐ പി.കെ.അഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ പൊലീസ് പരിശോധന നടത്തുന്നു

തിരൂരങ്ങാടിയിൽ 125 വാഹനങ്ങൾക്കെതിരെ പിഴ

തിരൂരങ്ങാടി: കൊവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ കർമ്മ സജ്ജരായി മാറുകയാണ് തിരൂരങ്ങാടി പൊലീസ്.

കൊവിഡ് വ്യാപനം മൂലം പ്രഖ്യാപിച്ച ലോക്ക്ഡൗണിൽ നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തലും ബോധവത്കരണവുമായാണ് പൊലീസ് രംഗത്ത്. തിരൂരങ്ങാടി പൊലീസ് ഇന്നലെ വിവിധയിടങ്ങളിൽ നടത്തിയ പരിശോധനയിൽ മാസ്ക്ക് ധരിക്കാത്ത് 25 പേർക്കെതിരെ കേസെടുത്തു.അനധികൃതമായി പുറത്തിറക്കിയ 125 ഓളം വാഹനങ്ങൾക്കെതിരെ പിഴ ചുമത്തി.

കൂടാതെ കടകളിലും മറ്റും പരിശോധന നടത്തി കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കാൻ നിർദേശം നൽകുകയും, കടകളിൽ നിൽക്കേണ്ട സാമൂഹ്യ അകലങ്ങൾ അടയാളപ്പെടുത്തി നൽകുകയും, കച്ചവടക്കാർക്ക് ബോധവൽക്കരണം നൽകുകയും ചെയ്തു.

ആവശ്യമില്ലാതെ പുറത്തിറങ്ങി നടക്കുന്നവരെ താക്കീത് ചെയ്തു.

നിയമലംഘനം: 673 കേസുകൾ കൂടി

കോഴിക്കോട്: ജില്ലയിൽ ‌കൊവിഡ് നിയന്ത്രണങ്ങൾ ലംഘിച്ചതിന്റെ പേരിൽ 673 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. സാമൂഹിക അകലം പാലിക്കാത്തതിനും പൊതുസ്ഥലങ്ങളിൽ കൂട്ടംകൂടി നിന്നതിനും കടകൾ കൃത്യസമയത്ത് അടയ്ക്കാത്തതിന്റെയും പേരിൽ നഗര പരിധിയിൽ 56 കേസുകളും റൂറലിൽ 41 കേസുകളുമാണെടുത്തത്. മാസ്ക് ധരിക്കാത്തതിന്റെ പേരിൽ നഗര പരിധിയിൽ 473 കേസുകളും റൂറലിൽ 103 കേസുകളുമെടുത്തു. ഇവരിൽ നിന്ന് പിഴ ഈടാക്കി.

പരിശോധനകർശനമാക്കി

തേഞ്ഞിപ്പലം : ലോക്ഡൗണിന്റെ പശ്ചാചാത്തലത്തിൽ വാഹന പരിശോധന കർശനമാക്കി പൊലീസ്. ഇന്നലെ 75 പേർക്കെതിരെയാണ് കേസെടുത്തത്. അനാവശ്യമായി കറങ്ങി നടന്നതിന്നും കൃത്യമായി മാസക് ധരിക്കാത്തവർക്കുമെതിരയൊണ് പൊലീസ് നടപടി. ഇതിൽ 45 പേർ ഫൈന് അടക്കുകയും ഫൈന് അടക്കാൻ തത്ക്കാലം പണം ഇല്ലാത്തവരെ നോട്ടീസ് നൽകി പിന്നീട് അടക്കാമെന്നതിൽ വിട്ടയക്കുകയായിരുന്നു. പിന്നീട് 3 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു .

സുരക്ഷിതരായി ഇരിക്കാം, സുരക്ഷിതരായി പഠിക്കാം

കോഴിക്കോട്: 'സുരക്ഷിതരായി ഇരിക്കാം, സുരക്ഷിതരായി പഠിക്കാം' എന്ന മുദ്രാവാക്യവുമായി ഇംഗ്ലീഷ് ഗ്രാജ്വേറ്റ്സ് അസോസിയേഷൻ, ഭാഷാ നൈപുണ്യ വികസനത്തിനായി നടത്തുന്ന കർമ്മ പരമ്പരയായ 'ലേപ്പ്' ന്റെ (ലാംഗ്വേജ് എക്യുസിഷൻ പ്രോഗ്രാം) മൂന്നാമത്തെ ശില്പശാല 'കേറ്റ്' എന്ന പേരിൽ നടന്നു. കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്റ്റർ മനോജ് മണിയൂർ ഉദ്ഘാടനം ചെയ്തു. കോവിഡ് മഹാമാരിയുടെ ഈ കാലത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലെ വിടവ് നികത്താൻ ഇംഗ്ലീഷ് ഗ്രാജ്വേറ്റ്സ് അസോസിയേഷൻ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

വടയക്കണ്ടി നാരായണൻ അധ്യക്ഷം വഹിച്ചു. ടിപി ജോൺസൺ, പൗലോസ് മറ്റമന, സുനൈന മേനോൻ, പാർവ്വതി രാജീവ്, ഹരിപ്രിയ ഹേമന്ത്, റോസ് മേരി അഗസ്റ്റിൻ, നിഷാദ് ആരോൺ ഷാജി, തുടങ്ങിയവർ സംസാരിച്ചു. ഓൺലൈന് ആയി നടന്ന ശില്പശാലക്ക് ഇംഗ്ലീഷ് സംസ്ഥാന തല റിസോഴ്സ് അധ്യാപിക കെ എ രേഖ നേതൃത്വം നൽകി. ആശയ വിനിമയത്തെ കുറിച്ച് ആയിരുന്നു പരിപാടി.

മഹാന്മാരെ കുറിച്ച് കുട്ടികളെ കൊണ്ട് സംസാരിപ്പിച്ചാണ് പരിപാടി തുടങ്ങിയത്. 'ജസ്റ്റ് എ മിനിറ്റ്' എന്ന പേരിൽ ലളിതമായ ഒരു വിഷയം നൽകി ഒരു മിനിറ്റ് നേരം അവരെക്കൊണ്ട് സംസാരിക്കുന്ന രീതി, പദസമ്പത്ത് വർധിപ്പിക്കുന്നതിനുള്ള കളികൾ തുടങ്ങി പരമാവധി കുട്ടികൾ സജീവമായി പങ്കാളികളാകുന്ന രീതിയിലായിരുന്നു ശില്പശാല.

ഇംഗ്ലീഷിനെ സ്നേഹിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടും, എന്തുകൊണ്ട് ഇംഗ്ലീഷ് അത്യാവശ്യമാണ് എന്ന് വിവരിച്ചു കൊണ്ടുമാണ് ശില്പശാല അവസാനിപ്പിച്ചത്.

കൊവിഡ് വാക്സിൻ ചലഞ്ചിലേക്ക് 25000 രൂപ നൽകും

മഞ്ചേരി :കൊവിഡ് വാക്സിൻ ചലഞ്ചിലേക്ക് പ്രഥമഗഡുവായി 25000 രൂപ നൽകാൻ സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ മലപ്പുറം ജില്ലാക്കമ്മിറ്റിയോഗം തീരുമാനിച്ചു.

ഓൺലൈനായി ചേർന്ന യോഗത്തിൽ പ്രസിഡണ്ട് ജെ ചെല്ലപ്പൻ അധ്യക്ഷനായിരുന്നു.

സെക്രട്ടറി സി വിജയലക്ഷ്മി റിപ്പോർട്ട് അവതരിപ്പിച്ചു.

സംസ്ഥാനക്കമ്മിറ്റി അംഗം ശിവശങ്കരൻ, തൃക്കുളം കൃഷ്ണൻകുട്ടി, എം എസ് ശിവരാമൻ, ചെള്ളിക്കുട്ടി, കെ ആർ. സുകുമാരൻ, എം എസ് മോഹനൻ, ഹൈമാവതി പ്രസംഗിച്ചു.



പുതുപ്പാടി ഗ്രാമ പഞ്ചായത്തിൽ പട്ടിക വർഗ കുടുംബങ്ങളിലെ മുഴുവൻ ആളുകളെയും ആന്റിജൻ ടെസ്റ്റ് നടത്തി. കോളനികളിലും ക്യാമ്പിലുമായാണ് ടെസ്റ്റ് നടത്തിയത്. 7 പേർ പോസിറ്റീവ് ആയി. ഇവരെ ഡിസിസിയിലേക്കുമാറ്റി സമ്പർക്കമുള്ളവരെ ഹോം കോറന്റീൻ ചെയ്തു.

കൊവിഡ് കേന്ദ്രത്തിലേക്ക് ഭക്ഷണസാധനങ്ങൾ നൽകി റഫീഖ്

തേഞ്ഞിപ്പലം : മൂന്നിയൂർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചേളാരി പോളി ടെക്നിക്കിൽ ആരംഭിച്ച കോവിഡ് രോഗികളുടെ കേന്ദ്രത്തിലേക്ക് പഞ്ചായത്ത് പതിനാലാം വാർഡ് മെമ്പർ എൻ.എം. റഫീഖ് ഭക്ഷണ സാധനങ്ങൾ നൽകി മാതൃകയായി. കൊവിഡ് രോഗികളുടെ കൊറന്റൈന് കാലാവധി കഴിയുന്നത് വരെ ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ മുഴുവൻ സാധനങ്ങളുമാണ് സ്വന്തം ചെലവിൽ നൽകിയത്.

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് വീക്ഷണം മുഹമ്മദ് വിതരണം ചെയ്തു. മൂന്നിയൂർ മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് കീഴേടത്ത് മൊയ്തീൻ കുട്ടിയുടെ സാന്നിധ്യത്തിൽ മൂന്നാം വാർഡ് കോൺഗ്രസ് കമ്മറ്റിക്ക് വേണ്ടി വാർഡ് മെമ്പർ അത്തേക്കാട്ട് രമണിയും , ബ്ലോക് കോൺഗ്രസ് സെക്രട്ടറി സി കെ ഹരിദാസൻ , എ ഗീത എന്നിവർ ചേർന്ന് ഏറ്റ് വാങ്ങി.ചടങ്ങിൽ വാർഡ് യൂത്ത് കോൺഗ്രസ് പ്രസിഡന്റ് എം സവീഷ് മണ്ഡലം കോൺഗ്രസ് വൈസ് പ്രസിഡന്റ് എം പി മുഹമ്മദ് കുട്ടി പതിനാലാം വാർഡ് കോൺഗ്രസ് പ്രസിഡന്റ് ചെമ്പൻ റഷീദ് എം രവീന്ദ്രൻ ടി സതീശൻ എ ഗംഗാധരൻ എന്നിവർ പങ്കെടുത്തു.

കെ.സുരേന്ദ്രൻ അനുശോചിച്ചു

കോഴിക്കോട്: മാതൃഭൂമി സീനയർ ചീഫ് റിപ്പോർട്ടർ വിപിൻ ചന്ദിന്റെ മരണത്തിൽ ബിജെപി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ അനുശോചിച്ചു. കേരളത്തിലെ ദൃശ്യമാദ്ധ്യമരംഗത്തെ ജനപ്രിയമായ മുഖമായിരുന്നു വിപിൻചന്ദ്. ഇന്ത്യാവിഷനിൽ ജോലി ചെയ്യുന്ന കാലം മുതൽ വിപിനുമായി ഊഷ്മളമായ ബന്ധമായിരുന്നു. അദ്ദേഹത്തിന്റെ അകാല വിയോഗം ഏറെ ഞെട്ടലുണ്ടാക്കുന്നു. വിപിനിന്റെ കുടുംബത്തിന്റെയും സഹപ്രവർത്തകരുടേയും ദുഖത്തിൽ പങ്കുചേരുന്നതായും സുരേന്ദ്രൻ അറിയിച്ചു.

അശരണർക്ക് അന്നവുമായി കണ്ണൂർ ജില്ലാ പഞ്ചായത്ത്

കണ്ണൂർ:കൊവിഡ് ലോക്ക്ഡൗണിൽ നാടെങ്ങും അടഞ്ഞുകിടക്കവെ തെരുവിൽ കഴിയുന്ന ഭിക്ഷാടകർക്കും അലഞ്ഞു തിരിയുന്നവർക്കും ആശ്വാസമായി ജില്ലാ പഞ്ചായത്ത് അധികൃതരെത്തി.കഴിഞ്ഞ ദിവസം ലോക്ക ഡൗണിൽ ഭക്ഷണം കിട്ടാതാവുന്ന യാചകർക്കും മറ്റുള്ളവർക്കും ഭക്ഷണമെത്തിച്ചു കൊടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകണമെന്ന് മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടിരുന്നു.ഇതിന്റെ ഭാഗമായാണ് കണ്ണൂർ നഗരത്തിലെ യാചകർക്ക് ഞായറാഴ്ച്ച ഉച്ചയ്ക്ക് ഭക്ഷണമെത്തിച്ച് കൊടുക്കാൻ ജില്ലാ പഞ്ചായത്ത് തയ്യാറായത്.

പണയ സ്വർണ്ണം
വിൽക്കാൻ
മേഘ ഗോൾഡ്
9895251871

അടവുകൾ പയറ്റി പരാജയപ്പെട്ടവർ ദളിത് ആക്റ്റിവിസ്റ്റുകളെക്കൂടി തെറ്റിദ്ധരിപ്പിക്കുന്നു: കെ.കെ. ഹനീഫ

തേഞ്ഞിപ്പലം : കാലിക്കറ്റ് സർവകലാശാലയിലെ അധ്യാപക നിയമനങ്ങളെക്കുറിച്ച് വസ്തുതകളുടെ പിൻബലമില്ലാതെ ആരോപണങ്ങൾ ഉയർത്തി അടവുകൾ എല്ലാം പയറ്റി പരാജയട്ടവർ ദളിത് ആക്റ്റിവിസ്റ്റുകളെ കൂടി തെറ്റി ദ്ധരിപ്പിക്കുന്നതായ് ഇടത് സിൻഡിക്കേറ്റ് അംഗം കെ.കെ. ഹനീഫ പത്രകുറിപ്പിലൂടെ വ്യക്തമാക്കി.

കാലിക്കറ്റ് സവ്വകലാശാലയിലെ സംവരണ അട്ടിമറിക്കെതിരെ പ്രതികരിച്ച് ലേഖനമെഴു തിയ ദളിത് അധ്യാപകനെതിരെ സർവ്വകലാശാല വിശദീകരണം ചോദിച്ച് കഴിഞ്ഞ ദിവസം മെമ്മോ നൽകിയിരുന്നു. ഇതിനെതിരെ ചില വ്യക്തികളും സംഘടനകളും മാധ്യമങ്ങളിലും സോഷ്യൽമീ ഡിയായിലും പ്രതിക രിച്ചതിന്റെ അടിസ്ഥാനത്തിലാണ് സിൻഡിക്കേറ്റംഗത്തിന്റെ മറുപടി.

കാലിക്കറ്റ് സർവ്വകലാശാല ചരിത്രവിഭാഗം അസോസിയേറ്റ് പ്രൊഫസറും ദളിത് ചിന്തകനും എഴുത്തുകാരനും പ്രഭാഷകനുമാ യ ഡോ.കെ എസ് മാധവനെതിരെ യാണ് കാലിക്കറ്റ് സർവ്വകലാശാല കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുന്നത്. എന്നാൽ ചില നിക്ഷിപ്ത താല്പര്യങ്ങളോടെ അടിസ്ഥാനര ഹിതമായ ആരോപണങ്ങൾ സർവകലാശാലയുടെ ഭാഗമായി നിൽക്കുന്ന അക്കാദമിക മികവ് പുലർത്തുന്ന ധിഷണശാലികളിൽ നിന്നുതന്നെ അവയ്ക്കെതിരെ ഉണ്ടാവുന്നത്

അത്യന്തം വേദനാ ജനകമാണ്. കാലിക്കറ്റിലെ അധ്യാപക നിയമനം സംബന്ധിച്ച് നടക്കുന്ന വസ്തുതാ വിരുദ്ധമായ പ്രചരണങ്ങൾക്ക് സമൂഹത്തിന്റെ പൊതുബോധത്തെ സ്വാധീനിക്കാ നുതകുംവിധം ആധികാരികത കല്പിച്ചുകൊടുക്കുന്നതിൽ ചിലർ ബോധപൂർവം പങ്കാളികളാവുന്നു. സിൻഡിക്കേറ്റഗം വാർത്താ കുറിപ്പിൽ വ്യക്തമാക്കുന്നു.

സർവ്വകലാശാല ജാതി വിവേചനം കാണിക്കുന്നതിന് തെളിവ്: റഷീദ് അഹമ്മദ്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനത്തിലെ സംവരണം സംബന്ധിച്ച് ഗവേഷണ ഫലത്തെ അടിസ്ഥാനമാക്കി പത്രത്തിൽ ലേഖനമെഴുതിയതിന് ഡോ. കെ.എസ്. മാധവന് കാരണം കാണിക്കൽ നോട്ടീസ് നൽകിയത് സർവ്വകലാശാലയുടെ ജാതി വിവേ ചനത്തിന്റെ തെളിവാണെന്നും നടപടി ഉടൻ പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് യുഡിഎഫ് സിൻഡിക്കേറ്റ് അംഗം ഡോ. റഷീദ് അഹമ്മദ് വൈസ് ചാൻസലർക്ക് കത്ത് നൽകി.

സർവ്വകലാശാല മുൻ അദ്ധ്യാപകനും ബഷീർ ചെയർ വിസിറ്റിംഗ് പ്രൊഫസറുമായ ഡോ.പി.കെ. പോക്കറോടൊത്ത് എഴുതിയ ലേഖനത്തിന്റെ പേരിൽ ഡോ. മാധവനെതിരെ മാത്രമാണ് സർവ്വകലാശാല അച്ചടക്ക നടപടി ആരംഭിച്ചത്. സർവ്വകലാശാലക്ക് കീഴിലെ ബഷീർ ചെയർ മേധാവിയായ പോക്കർക്കെതിരെ ഇതുവരെനടപടിയൊന്നുംഉണ്ടായി ട്ടില്ല.

ഡോ.മാധവനോടുള്ള ഈ വിവേചനം അദ്ദേഹം പട്ടിക വിഭാഗത്തിൽപെട്ടവനായത് കൊണ്ടാണ് എന്നാണ് കരുതേണ്ടത്. സർവ്വകലാശാലയെ അവമതിക്കുന്ന ഒന്നും ലേഖനത്തിലുണ്ടായിരുന്നില്ല.

എന്നിട്ടും സർവ്വകലാശാലയെ അപകീർത്തിപ്പെടുത്തി എന്ന് ആരോപിക്കുകയും പ്രസ്തുത കുറ്റം മുഴുവൻ ഡോ.മാധവന്റെ മാത്രം തലയിൽ ചാർത്തുകയും സഹ എഴുത്തുകാരനെ വെറുതെ വിടുകയും തുടർന്ന് കഴിഞ്ഞ ദിവസം സർവ്വകലാശാല പത്രക്കുറിപ്പിറക്കിയത് ജാതി വേട്ടയാണ്.

ഇത് വഴി ഡോ. മാധവനെ മാനസികമായി പീഡിപ്പിക്കുകയാണ്.കാരണം കാണിക്കലിന് കൃത്യസ മയത്ത് മറുപടി നൽകിയിട്ടുംപട്ടിക വിഭാഗം അധ്യാപകനെ ഇത്തരത്തിൽ പൊതുജന മാധ്യമങ്ങളിൽ അപമാനിക്കു ന്നതും മാനസികമായി പീഡിപിക്കുന്നതും പട്ടിക വിഭാഗ സംരക്ഷണ നിയമപ്രകാരം ജാമ്യമില്ലാ കുറ്റമാണ്. അതിനാൽ, സർവ്വകലാശാലക്ക് കൂടുതൽ നാണക്കേട് വരുത്താതെ വൈസ് ചാൻസലറും രജിസ്ട്രാറും മാധവനെതിരായ നീക്കങ്ങൾ അവസാനിപ്പിക്കണമെന്ന് സിൻഡിക്കേ റ്റംഗം കത്തിലൂടെ ആവശ്യപെട്ടു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 14, Issue No.126 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com